

4418
D.S. 52

# അടിസ്ഥാന വിദ്യാഭ്യാസം

മഹാത്മാഗാന്ധി

4418
9552

# അടിസ്ഥാനവിദ്യാഭ്യാസം

പ്രസാധകന്മാർ

**സാഹിത്യപ്രവർത്തക സഹകരണ സംഘം ലിമിററഡ്**

[Malayalam]

# ATISTHANA VIDYABHYASAM

(BASIC EDUCATION)

By

M. K. GANDHI

Translated by

S. V. KRISHNA WARRIER

First Impression February 1958

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

PRINTED WITH THE PERMISSION OF NAVAJIVAN TRUST

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
KOTTAYAM KERALA STATE

Rs. 2·25

# അടിസ്ഥാനവിദ്യാഭ്യാസം


എം. കെ. ഗാന്ധി

വിവർത്തകൻ

എസ്. വി. കൃഷ്ണവാരിയർ



4418



നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം — തിരുവനന്തപുരം

വില ക. 2·25

## എസ്. വി. കൃഷ്ണവാരിയരുടെ

## തർജ്ജമകൾ

സത്യഗ്രഹാശ്രമത്തിൻെറ ഇതിഹാസം—ഗാന്ധി

ഹിന്ദ്സ്വരാജ്—ഗാന്ധി

ഗാന്ധിവിചാരദോഹനം—മശ്രുവാലാ

ഗീതാപ്രവചനം—ആചാര്യവിനോബാ

സ്ഥിതപ്രജ്ഞദർശനം ,,

കുട്ടികളുടെ ബാപ്പുജി—ജുഗത്റാം ദുബെ

ആഹാരവും പോഷണവും—ജാവർഭായ് പട്ടേൽ

ബാപുസ്മരണകൾ—ബാലകൃഷ്ണകാലെൽക്കർ

മാനവതാസരിത്ത്—ജി. വി. മാവലങ്കർ

പുതിയ അടിസ്ഥാനത്തിലുള്ള
വിദ്യാഭ്യാസം—കാക്കാ കാലെൽക്കർ

ഗോഖലെ—എൻെറ രാഷ്ട്രീയഗുരു—ഗാന്ധി

അടിസ്ഥാനവിദ്യാഭ്യാസം—മഹാത്മാ ഗാന്ധി

മഹാദേവദേശായി—നഹരിഭായിപരീഖ്

S778 B547 76/57-58 CRB 131

# വിഷയവിവരം

അദ്ധ്യായം ഭാഗം

ഒരു വാക്ക്

അവതാരിക

പ്രസാധകക്കുറിപ്പ്

ഖണ്ഡം ഒന്ന്: പുതിയ വിദ്യാഭ്യാസം

1 പുതിയ വിദ്യാഭ്യാസത്തിൻെറ ആവശ്യകത 17
2 തൊഴിൽമുഖേന വിദ്യാഭ്യാസം 25
3 ബുദ്ധിയുടെ വികാസമോ ദുർവ്യയമോ? 30
4 ദേശീയവിദ്യാഭ്യാസത്തിൻെറ മൗലികവസ്തുതകൾ 34
5 സാക്ഷരതയുടെ കാര്യമോ? 38
6 'നയി താലീം'കൊണ്ടു പ്രതീക്ഷിക്കുന്നതു് 40

ഖണ്ഡം രണ്ടു്: അടിസ്ഥാനവിദ്യാഭ്യാസസമ്മേളനം

7 വിദ്യാഭ്യാസസമ്മേളനത്തിൻെറ മുമ്പിലുള്ള പ്രശ്നങ്ങൾ 41
8 പ്രാഥമികപ്രശ്നം 45
9 യന്ത്രയുഗം 55
10 വിദ്യാഭ്യാസസമ്മേളനം 56
11 സമ്മേളനത്തിൻെറ സമാപനം 57
12 ഒരടി മുമ്പോട്ടു് 58

ഖണ്ഡം മൂന്നു്: സ്വാവലംബനവിദ്യാഭ്യാസം

13 വിദ്യാഭ്യാസവും മദ്യനികുതിയും 62
14 വിദ്യാഭ്യാസപ്രഹേളിക 67
15 സ്വാവലംബനവിദ്യാഭ്യാസം 69
16 സ്വാവലംബനവിദ്യാഭ്യാസത്തെപ്പറ്റിയ കൂടുതൽസംഭാഷണങ്ങൾ 74
17 സ്വാവലംബനവിദ്യാലയങ്ങൾ 79
18 അലസചിന്തനമല്ല; പ്രത്യക്ഷപ്രവർത്തനം 89
19 ബോമ്പായിലെ പ്രാഥമികവിദ്യാഭ്യാസം 96
20 സ്വാവലംബനമല്ല ഉരകല്ലു് 102
21 നിഗമനങ്ങൾ 103

## ഖണ്ഡം നാലു്: അദ്ധ്യാപകന്മാർ


22 ഒരഭ്യത്ഥന 105
23 പ്രാഥമികാദ്ധ്യാപകന്മാരാവാനുള്ള അപേക്ഷകരോട്ടു് 105
24 അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിലെ അദ്ധ്യാപകന്മാരോട്ടു് 107
25 അഹിംസാത്മകമായ അടിസ്ഥാനം 109
26 അടിസ്ഥാനവിദ്യാഭ്യാസത്തിന്നുള്ള അദ്ധ്യാപകന്മാർ 112


## ഖണ്ഡം അഞ്ചു്: വിമശ്നങ്ങളും വിശദീകരണങ്ങളും


27 സമത്ഥനം 114
28 ചില വിമശ്നങ്ങൾക്കു മറുപടി 120
29 ഒരമേരിക്കക്കാരനിൽ ഉണ്ടായ പ്രതികരണം 127
30 മതപഠനം 132
31 അടിസ്ഥാനവിദ്യാഭ്യാസപദ്ധതി തീച്ചൂളയിൽ—I 135
32 അടിസ്ഥാനവിദ്യാഭ്യാസപദ്ധതി തീച്ചൂളയിൽ—II 145
33 പടിഞ്ഞാറുനിന്നുള്ള ഒരിറക്കുമതിയല്ല 150
34 മദ്ധ്യസംസ്ഥാനത്തിലേ തദ്ദേശസ്ഥാപനങ്ങൾ നേതൃത്വം നല്കുന്നു 152
35 തക്ലിയും കളിക്കോപ്പുകളും 158
36 അക്ഷരജ്ഞാനവും കൈത്തൊഴിലും 160
37 ശരീരശ്രമവും ബുദ്ധിവികാസവും 161
38 ബേസിക്സ്കൂളിൽ പഠിച്ച ഒരു കുട്ടിയുടെ ഗുണങ്ങൾ 163
39 മന്ത്രിമാരുടെ സമ്മേളനത്തിലെ പ്രശ്നങ്ങൾ 164
40 മാതൃഭാഷയും ഇംഗ്ലീഷും 171
41 നവീനവിദ്യാഭ്യാസത്തിൽ മരുന്നിന്റെ സ്ഥാനം 172
42 വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെകൂടെ 175


## ഖണ്ഡം ആറു്: അനുഭവങ്ങൾ


43 നൂല്നൂല്പും സ്വഭാവശുദ്ധിയും 186
44 മരുഭൂമിയിലെ മരുപ്പച്ച 189
45 കൈത്തൊഴിലുകൾമുഖേന വിദ്യാഭ്യാസം 191


## ഖണ്ഡം ഏഴു്: പോസ്റ്റ്ബേസിക് എഡ്യുക്കേഷൻ


46 കോൺഗ്രസ്മന്ത്രിമാരും പോസ്റ്റ്ബേസിക് എഡ്യുക്കേഷനും 194
47 പുതിയ സവ്വകലാശാലകൾ 198

# ഒരു വാക്ക്

മഹാത്മജിയുടെ 'ബേസിക് എഡ്യുക്കേഷൻ' എന്ന പുസ്തകം മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്യണമെന്നാവശ്യപ്പെട്ടപ്പോൾ ഞാനതു സ്വീകരിച്ചതു് അല്പം സങ്കോചത്തോടു കൂടിയാണു്. ഞാൻ ചില തർജ്ജമകളൊക്കെ കൈരളിയുടെ തൃപ്പാദത്തിൽ സമർപ്പിച്ചിട്ടുണ്ടു്. പക്ഷേ, അവയിൽ ഒന്നൊഴികെ എല്ലാം ഹിന്ദിയിൽനിന്നുള്ളവയാണു്. ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്യുന്ന കാര്യം താരതമ്യേന അധികം വിഷമമാണു്. മഹാത്മജിയുടെ ഭാഷയാകട്ടെ സരളവും ലളിതവുമാണു്. അദ്ദേഹം ഓരോ പദവും വളരെ ആലോചിച്ചാണ് പ്രയോഗിച്ചിട്ടുള്ളതു്. ഞാൻ തർജ്ജമയിൽ കഴിയുന്നത്ര ഉചിതമായ പദങ്ങൾ തിരഞ്ഞെടുക്കാൻ പരിശ്രമിച്ചിട്ടുണ്ടു്. അതു തികച്ചും സഫലമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. ചില ദിക്കിലെല്ലാം ഇതിലെ ഭാഷ 'തർജ്ജമ മലയാള'മായിട്ടുണ്ടെന്നു സമ്മതിച്ചേക്കാം. എന്നാലും, ആശയം എവിടേയും ചോർന്നുപോയിട്ടില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്. ഈ പുസ്തകത്തിലെ ഭാഷ ശരിപ്പെടുത്താൻ സഹായിച്ച സുഹൃത്തുക്കളോടും ഈ പുസ്തകത്തിനു് ഒരവതാരിക എഴുതിത്തന്ന ശ്രീ. ശങ്കരപ്പിള്ള (പ്രിൻസിപ്പാൾ, പോസ്റ്റ് ഗ്രാഡ്യുവേറ്റ് ബേസിക് ട്രെയിനിങ് കോളേജ്, രാമവർമ്മപുരം, തൃശ്ശൂർ) അവർകളോടും ഞാൻ അതീവ കൃതജ്ഞനാണു്.

ഞാൻ വളരെക്കാലമായി ആഗ്രഹിച്ചിരുന്ന ഈ കൃത്യം ചെയ്യാൻ അവസരമുണ്ടാക്കിത്തന്നതിനു് സാഹിത്യപ്രവർത്തകസഹകരണസംഘത്തോടു് എനിക്കുള്ള സീമാതീതമായ കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തുന്നു.

ഞാൻ ആനക്കര ഗവർമ്മേണ്ടു ബേസിക് ട്രെയിനിങ് സ്കൂളിലെ ഒരദ്ധ്യാപകനാണു്. എൻെറ ഉദ്യോഗവൃമായി ഈ പുസ്തകത്തിന്നു് ഒരു ബന്ധവുമില്ല.

വിവർത്തകൻ

4418

# അവതാരിക

മഹാത്മാഗാന്ധി അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററി എഴുതിയിട്ടുള്ള ലേഖനങ്ങളുടെ ഒരു സമാഹാരം നവജീവൻ ട്രസ്റ്റ് "Basic Education" എന്ന പേരുകൊടുത്തു് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥത്തിൻെറ മലയാള വിവത്തനമാണു് ഈ പുതിയ പ്രസിദ്ധീകരണം. അടിസ്ഥാന വിദ്യാഭ്യാസത്തെപ്പററിയുള്ള പ്രാമാണികഗ്രന്ഥങ്ങളിൽ അദ്വിതീയമായ സ്ഥാനമാണു് ഇതിന്നുള്ളതു്. നിലവിലുള്ള വിദ്യാഭ്യാസരീതിയെ ശാസ്ത്രീയമായി അപഗ്രഥനം ചെയ്തു് അതിൻെറ ദോഷവശങ്ങൾ ചൂണ്ടിക്കാണിച്ചു് ന്യൂനതകൾ പരിഹരിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു് ദേശീയവും സമഗ്രവുമായ ഒരു വിദ്യാഭ്യാസപദ്ധതി ആസൂത്രണം ചെയ്യുകയാണു് മഹാത്മജി ഈ ലേഖനങ്ങളിൽക്കൂടി സാധിച്ചിട്ടുള്ളതു്. അതിനാൽ, വിദ്യാഭ്യാസപ്രവത്തകരും പൊതുജനങ്ങളും അവശ്യം വായിച്ചിരിക്കേണ്ട വിദ്യാഭ്യാസഗ്രന്ഥങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്നാണിതെന്നു് നിസ്സംശയം പറയാം. അമൂല്യമായ ഈ പുസ്തകം കൈരളിക്കു കാഴ്ചവെച്ച ശ്രീ. എസ്. വി. കൃഷ്ണവാരിയരും അതിൻെറ പ്രസിദ്ധീകരണഭാരം ഏറെറടുത്ത സാഹിത്യപ്രവത്തക സഹകരണസംഘവും അഭിനന്ദനമർഹിക്കുന്നു.

1937 ലാണു് മഹാത്മജി തൻെറ ദേശീയവിദ്യാഭ്യാസപദ്ധതിക്കു രൂപംകൊടുത്തതു്. വർദ്ധയിലെ മാർവാറി വിദ്യാലയത്തിന്റെ രജതജൂബിലിയാഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ വിദ്യാഭ്യാസസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് മഹാത്മജി ചെയ്ത പ്രസംഗത്തിൽ നൂതനവിദ്യാഭ്യാസത്തിൻെറ ചില മൗലികതത്വങ്ങൾ അവതരിപ്പിക്കപ്പെട്ടു:

1. എല്ലാ കുട്ടികൾക്കും സൗജന്യമായും നിർബന്ധമായും ഏഴുകൊല്ലത്തേക്കു വിദ്യാഭ്യാസം നല്കണം.

2. വിദ്യാഭ്യാസം നല്കുന്നതു് മാതൃഭാഷാമുഖേനയാവണം.

3. ഉത്പാദനപരമായ ഒരു തൊഴിലിൽക്കൂടി വിദ്യാഭ്യാസം നടത്തണം; ആ വിദ്യാഭ്യാസത്തിന്നു് കുട്ടികളുടെ പരിസരവുമായി അഭേദ്യമായ ബന്ധം ഉണ്ടായിരിക്കണം.

4. തൊഴിലിൽനിന്നു കിട്ടുന്ന ആദായംകൊണ്ടു ക്രമേണ അദ്ധ്യാപകരുടെ ശമ്പളം നല്കാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഈ തത്വങ്ങൾ സമ്മേളനം സ്വീകരിക്കുകയും അവയ്ക്കനുയോജ്യമായ ഒരു പാഠ്യക്രമം ആസൂത്രണം ചെയ്യുന്നതിന്നു സുപ്രസിദ്ധ വിദ്യാഭ്യാസചിന്തകനായ ഡാക്ടർ സാക്കിർ ഹുസെയ്ൻ അദ്ധ്യക്ഷനായി ഒരു കമ്മിററി രൂപവത്കരിക്കയും ചെയ്തു. ഈ കമ്മിററിയുടെ റിപ്പോർട്ടിലാണ് പിൽക്കാലത്തു് 'അടിസ്ഥാനവിദ്യാഭ്യാസപദ്ധതി' എന്നപേരിൽ പ്രസിദ്ധമായ വർദ്ധാപദ്ധതിക്കു വ്യക്തമായ ഒരു രൂപം നല്കപ്പെട്ടതു്. ഇതിനെത്തുടൎന്നു് 'ഹരിപുരി' യിൽ ചേൎന്ന കോൺഗ്രസ്സ് മഹാസമ്മേളനം വർദ്ധാവിദ്യാഭ്യാസപദ്ധതിയെ നമ്മുടെ ദേശീയവിദ്യാഭ്യാസപദ്ധതിയായി അംഗീകരിച്ചു. കോൺഗ്രസ്സ് അധികാരത്തിൽവന്ന ചില സംസ്ഥാനങ്ങളിലെ ചില വിദ്യാലയങ്ങളിൽ വർദ്ധാവിദ്യാഭ്യാസപദ്ധതി നടപ്പിൽവരുത്തുകയും പരീക്ഷണം വിജയപ്രദമായിക്കണ്ടതിനാൽ രാജ്യവ്യാപകമായതോതിൽ അതിനെ പ്രചരിപ്പിക്കാൻ വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും ഉണ്ടായി. എന്നാൽ, 1939-ൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി കോൺഗ്രസ്സ് അധികാരത്തിൽനിന്നു വിരമിക്കുകയും തൽഫലമായി വർദ്ധാപദ്ധതിക്കു സൎക്കാരിൽനിന്നുള്ള പ്രോത്സാഹനം ഇല്ലാതാകയും ചെയ്തു. എന്നാൽ, സേവാഗ്രാംമുതലായ കേന്ദ്രങ്ങളിലും മററും പരീക്ഷണം വിജയപ്രദമായിത്തന്നെ നടന്നുവന്നു. തന്മൂലം പ്രസ്തുതപദ്ധതിയുടെ മേന്മകൾ വിദ്യാഭ്യാസവിചക്ഷണന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. 1944-ൽ കേന്ദ്രഗവമ്മേണ്ടിന്റെ വിദ്യാഭ്യാസോപദേശകസമിതി ആസൂത്രണം ചെയ്ത യുദ്ധാനന്തരവിദ്യാഭ്യാസവികസനപദ്ധതിയിൽ അടിസ്ഥാനവിദ്യാഭ്യാസത്തിന്നു് ഉചിതമായ നിലയും വിലയും കൊടുത്തിട്ടുണ്ടു്. പ്രൈമറിഘട്ടത്തിൽ നമ്മുടെ ദേശീയവിദ്യാഭ്യാസം മഹാത്മാഗാന്ധി വിഭാവനംചെയ്ത രീതിയിലുള്ള അടിസ്ഥാനവിദ്യാഭ്യാസമായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുമുണ്ടു്.

1947-ൽ ഭാരതം സ്വതന്ത്രമാവുകയും അതിനെത്തുടൎന്നു കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് അധികാരത്തിൽ വരികയും ചെയ്തതോടുകൂടി അടിസ്ഥാനവിദ്യാഭ്യാസം നമ്മുടെ അംഗീകൃതവിദ്യാഭ്യാസമായി വളരാൻ തുടങ്ങി. ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളിൽ അടിസ്ഥാനവിദ്യാഭ്യാസത്തിന്റെ പുരോഗമനത്തിന്നുവേണ്ട പരിപാടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്.

കഴിഞ്ഞ 20 കൊല്ലത്തെ ശാസ്ത്രീയമായ പരീക്ഷണങ്ങളുടെ ഫലമായി അടിസ്ഥാനവിദ്യാഭ്യാസപദ്ധതിക്കു് വ്യക്തവും കാലോചിതവുമായ രൂപം സിദ്ധിച്ചിട്ടുണ്ടെന്നു പറയാം. ആദ്യകാലത്തു് കൈത്തൊഴിൽ

കേന്ദ്രമായി ആരംഭിച്ച വിദ്യാഭ്യാസപരിപാടികളിൽ മൗലികമായ പല മാററങ്ങളും ഇപ്പോൾ വരുത്തിയിട്ടുണ്ട്. വിദ്യാഭ്യാസം ജീവിതത്തിന്നുവേണ്ടിയാണെന്നും വിദ്യ അഭ്യസിക്കേണ്ടതു് ജീവിതത്തിലൂടേയാണെന്നും വിദ്യാഭ്യാസത്തിൻെറ കാലഘട്ടം ജീവിതംമുഴുവനും നീണ്ടുനില്ക്കുമെന്നും ഇപ്പോൾ സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ 'ജീവിതത്തിന്നുവേണ്ടി ജീവിതത്തിൽക്കൂടെ ജീവിതകാലംമുഴുവനുമുള്ള ഒരു വിദ്യാഭ്യാസപരിപാടിയാണു് അടിസ്ഥാനവിദ്യാഭ്യാസം.'

ഈ തത്ത്വങ്ങൾക്കു് അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു് സമഗ്രമായി കരുപ്പിടിപ്പിച്ചിട്ടുള്ള ഒരു പദ്ധതിയാണു് ഇപ്പോൾ ബേസിക്‌വിദ്യാലയങ്ങളിൽ സ്വീകരിച്ചിട്ടുള്ളതു്. കുട്ടിയുടെ വ്യക്തിത്വത്തിൻെറ നാനാമുഖമായ വളർച്ചയെ ലാക്കാക്കി അവന്റെ ആത്മവൈശിഷ്ട്യത്തെ വികസിപ്പിച്ചു് ഒരു വ്യക്തി എന്ന നിലയിലും സമുദായത്തിലെ ഉത്തരവാദപ്പെട്ട അംഗമെന്ന നിലയിലും തൻെറ കടമകൾ നിറവേററുന്നതിന്നും തൻെറ മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിന്നും ഉള്ള കഴിവുകൾ അവനു പ്രദാനം ചെയ്യുന്നതിനാണു് ബേസിക് വിദ്യാലയങ്ങൾ നിലകൊള്ളുന്നതു്. ഇതിന്നായി ജീവിതത്തെ അപഗ്രഥനം ചെയ്തു സുപ്രധാനങ്ങളായ പ്രവൎത്തനങ്ങൾക്കെല്ലാം വിദ്യാലയത്തിന്റെ അനുദിന പരിപാടികളിൽ സ്ഥലം അനുവദിച്ചിട്ടുണ്ടു്. പഞ്ചമുഖമായ ഒരു പ്രവൎത്തനപരിപാടിയാണു് ഇതിന്നായി സ്വീകരിച്ചിട്ടുള്ളതു്. ശുചിത്വത്തോടും ആരോഗ്യത്തോടുംകൂടി ജീവിക്കാനും, ആഹാരം വസ്ത്രം എന്നീ സുപ്രധാന ജീവിതാവശ്യങ്ങളിൽ സ്വയംപര്യാപ്തത നേടാനും, ഏതെങ്കിലും ഒരു തൊഴിൽ സമൎത്ഥമായി ചെയ്യാൻ കുശലതനേടാനും, ഒരു ഉത്തമ പൗരനെന്ന നിലയിൽ തൻെറ ചുമതലകൾ നിർവഹിക്കാനും അവകാശങ്ങൾ സംരക്ഷിക്കാനും വേണ്ട കഴിവുകൾ പ്രദാനം ചെയ്യാനും സാംസ്കാരികമായും കലാപരമായും വ്യക്തിക്കുള്ള കഴിവുകൾ വളൎത്താനും ഈ പരിപാടികൾ സഹായിക്കുന്നു. ഇങ്ങനെ ശാരീരികമായും മാനസികമായും ആത്മീയമായും ഓരോ വ്യക്തിയും വളരുന്നതിന്നുള്ള സാഹചര്യങ്ങൾ വിദ്യാലയം നല്കുന്നു. ഈ പ്രവൎത്തനപരിപാടികളോടനുബന്ധിച്ചു്, സാധാരണ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന ഭാഷ, കണക്കു്, ധാതുശാസ്ത്രം, സാമൂഹ്യശാസ്ത്രം, കല മുതലായ വിഷയങ്ങളും പഠിപ്പിച്ചുവരുന്നു. ഇങ്ങനെ നിലവിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിൻെറ നല്ല വശങ്ങളെല്ലാം സ്വീകരിച്ചുകൊണ്ടു് അവയിൽ മനഃശാസ്ത്രപരമായും സാമൂഹ്യശാസ്ത്രപരമായും വേണ്ട പരിഷ്കാരങ്ങൾ വരുത്തി, സുചിന്തിതമായ ഒരു പഠനക്രമമാണു് ബേസിക്‌വിദ്യാലയങ്ങൾ സ്വീകരിച്ചിട്ടുള്ളതു്.

വിദ്യാഭ്യാസം ജീവിതകാലമത്രയും നീണ്ടുനില്ക്കണമെന്ന തത്ത്വത്തെ അടിസ്ഥാനമാക്കി ബേസിക് വിദ്യാഭ്യാസത്തിൻെറ വ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിൽ പോകാൻ പ്രായമാവാത്ത കുട്ടികൾക്കുവേണ്ടി പ്രി-ബേസിക് സ്കൂളുകളും, എട്ടുവർഷത്തെ ബേസിക് വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്കുവേണ്ടി പോസ്റ്റ്ബേസിക്സ്കൂളുകളും, സർവ്വകലാശാലാവിദ്യാഭ്യാസസ്ഥാപനങ്ങൾക്കു തുല്യമായി റൂറൽ ഇൻസ്റ്റിട്യൂട്ടുകളും ഇപ്പോൾ സ്ഥാപിതമായിട്ടുണ്ട്. ഇവകൂടാതെ വയോജനവിദ്യാഭ്യാസത്തിന്നു ബേസിക് വിദ്യാഭ്യാസപദ്ധതിയിൽ അതിപ്രധാനമായ സ്ഥാനം അനുവദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ജീവിതത്തിൻെറ എല്ലാ ഘട്ടത്തിലുമുള്ളവർക്കും പ്രയോജനം ലഭിക്കുന്നതിന്നുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള ഒരു വിദ്യാഭ്യാസപദ്ധതിയാണ് ഇതു്.

അടിസ്ഥാനവിദ്യാഭ്യാസത്തെപ്പററിയുള്ള തെററിദ്ധാരണകൾ നീക്കി അതിൻെറ മൗലികതത്ത്വങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്നതിന്നായി ഇന്ത്യാഗവർമ്മേണ്ടിൻെറ കേന്ദ്രവിദ്യാഭ്യാസോപദേശകസമിതി ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഈ പദ്ധതിയുടെ എട്ടു മൗലികതത്ത്വങ്ങൾ എടുത്തുപറഞ്ഞിരിക്കുന്നു.

1. ബേസിക് വിദ്യാഭ്യാസം ജീവിതത്തിന്നുവേണ്ടി ജീവിതത്തിൽക്കൂടെയുള്ള വിദ്യാഭ്യാസമാണ്. അതിൻെറ ലക്ഷ്യം അക്രമരഹിതവും ചൂഷണരഹിതവും വർഗ്ഗഹീനവുമായ ഒരു സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിക്കുകയാണ്. അതുകൊണ്ടത്രെ സൃഷ്ടിപരവും ഉത്പാദനപരവും ഉപയോഗപ്രദവുമായ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ചു് വിദ്യാഭ്യാസം നല്കണമെന്നു പറയുന്നതു്.

2. ഏതെങ്കിലും ഒരു തൊഴിൽ കാര്യക്ഷമമായി പഠിക്കുമ്പോൾ അതിനോടനുബന്ധിച്ചു് വസ്തുനിഷ്ഠമായ ജ്ഞാനം കുട്ടികൾക്കു കിട്ടുന്നതിന്നു പുറമെ അവരുടെ ആത്മവൈശിഷ്ട്യവും സ്വഭാവവും അഭിവൃദ്ധിപ്പെടുന്നു; സാമൂഹ്യമായി ഉപയോഗമുള്ള ഏതു പ്രവൃത്തിയോടും അവർക്കു താത്പര്യം തോന്നുന്നു. തൊഴിലിൽനിന്നു ലഭിക്കുന്ന വസ്തുക്കൾകൊണ്ടു് വിദ്യാലയത്തിൻെറ നടത്തിപ്പിന്നുള്ള ചെലവിൻെറ ഒരംശം വഹിക്കാനോ, കുട്ടികൾക്കു് ഉച്ചയ്ക്കു് ആഹാരം കൊടുക്കാനോ, സ്കൂൾ യൂനിഫോറം ഉണ്ടാക്കാനോ, ഏതാനും ചില സ്കൂളുപകരണങ്ങൾ സംഭരിക്കാനോ സാധിക്കുന്നു.

3. തൊഴിൽഅഭ്യസനം സർവ്വപ്രധാനമാണെങ്കിലും നല്ല തൊഴിലാളികളെ സൃഷ്ടിക്കുകയല്ല ബേസിക് വിദ്യാഭ്യാസത്തിൻെറ മൗലികമായ ലക്ഷ്യം. അതിൽ തൊഴിലിന്നുള്ള സാമർത്ഥ്യം സമ്പാദിക്കുന്നതിന്നു സുപ്രധാനമായ ഒരു സ്ഥാനമുണ്ടെന്നതു വിസ്മരിച്ചുകൂടാ.

4. അടിസ്ഥാനത്തൊഴിലായി സ്വീകരിക്കുന്ന തൊഴിലിന്നു വിദ്യാഭ്യാസപരമായ കഴിവുകൾ വേണ്ടുന്നത്ര ഉണ്ടായിരിക്കണം. തൊഴിലിന്റെ വിദ്യാഭ്യാസസാധ്യതകൾ ബുദ്ധിപരമായ വളർച്ചയ്ക്കു സഹായകമാവണം. അത്തരം തൊഴിലുകളേ സ്വീകരിക്കാവൂ. നൂല്പോ നെയ്ത്തോ പഠിപ്പിച്ചതുകൊണ്ടുമാത്രം ഒരു വിദ്യാലയം ബേസിക് സ്കൂളാവുകയില്ല.

5. ബേസിക് വിദ്യാഭ്യാസപദ്ധതിയിൽ മററുതരത്തിലുള്ള ഏതു നല്ല വിദ്യാഭ്യാസസമ്പ്രദായത്തിലുമുള്ളവണ്ണം പ്രവൎത്തനം, അനുഭവം, നിരീക്ഷണം എന്നിവയുമായി ബന്ധപ്പെട്ടിരിക്കണം, വിജ്ഞാനം. ഇതിലേക്കായി തൊഴിൽ, പ്രകൃതിപരിസരം, സാമൂഹ്യപരിസരം എന്നീ മൂന്നു കേന്ദ്രങ്ങളെ മുൻനിൎത്തിയാണ് അനുബന്ധപഠനം നിൎവ്വഹിക്കേണ്ടതു്. ചിലപ്പോൾ സിലബസ്സിലെ ചില ഭാഗങ്ങൾ പ്രസ്തുത കേന്ദ്രങ്ങളോട് അനുബന്ധപ്പെടുത്തിപ്പഠിപ്പിക്കാൻ സാധിക്കാതെ വന്നേക്കാം. അപ്പോൾ സാധാരണ നല്ല സ്കൂളുകളിൽ ചെയ്യുന്നതുപോലെ യുക്തമായ രീതിയുപയോഗിച്ച് ആ ഭാഗങ്ങൾ പഠിപ്പിക്കണം.

6. ബേസിക് വിദ്യാലയങ്ങളിൽ തൊഴിലിന്നു പ്രാധാന്യം കൊടുക്കുന്നതുകൊണ്ട് പുസ്തകങ്ങൾക്കു സ്ഥാനമില്ലെന്നു കരുതുന്നതു് ശരിയല്ല. ജ്ഞാനസമ്പാദനത്തിന്നുള്ള ഏകമാൎഗ്ഗം പുസ്തകമാണെന്ന വിചാരവും ശരിയല്ല. ഗ്രന്ഥങ്ങളും ഗ്രന്ഥാലയങ്ങളും മററു വിദ്യാലയങ്ങളിലുള്ളതുപോലെ ബേസിക് വിദ്യാലയങ്ങളിലും അത്യാവശ്യമാണ്.

7. ബേസിക് വിദ്യാഭ്യാസസമ്പ്രദായം വിദ്യാലയവും സമുദായവുംതമ്മിൽ ദൃഢമായ ഒരു ബന്ധം പരിപാലിക്കാൻവേണ്ടി നിലകൊള്ളുന്നു. തന്മൂലം വിദ്യാൎത്ഥികളിൽ സാമൂഹ്യബോധവും സഹകരണമനോഭാവവും വളൎത്താൻ കഴിയും. ഒരു സമുദായമെന്ന നിലയിൽ ജീവിതവ്യാപാരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവൎത്തനങ്ങളെ സംഘടിപ്പിക്കുന്നതാവണം വിദ്യാലയം എന്ന ഉദ്ദേശ്യത്തെ ഫലപ്രാപ്തിയിൽ കൊണ്ടുവരാൻ ബേസിക് വിദ്യാഭ്യാസത്തിന്നു സാധിക്കുന്നു.

8. ബേസിക് വിദ്യാഭ്യാസം ഗ്രാമപ്രദേശങ്ങൾക്കു മാത്രമേ പററുകയുള്ളു എന്നു കരുതുന്നതു ശരിയല്ല. നഗരങ്ങളിലും അതു നടപ്പാക്കണം. അതിലേക്കു സമുചിതമായ അടിസ്ഥാനത്തൊഴിലും സിലബസ്സും സ്വീകരിക്കാൻ വിരോധമില്ല. എന്നാൽ, അടിസ്ഥാനവിദ്യാഭ്യാസ ആദൎശങ്ങളും രീതികളും ഒരു മാററവും വരുത്താതെ സംരക്ഷിക്കേണ്ടതാണ്.

മഹാത്മജി എഴുതിയ ലേഖനങ്ങളിൽ പ്രതിപാദിതങ്ങളായ ആശയങ്ങൾ, കേന്ദ്രഗവൎമ്മേണ്ടിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള ലഘുലേഖ

യിൽനിന്നു മേലുദ്ധരിച്ച അഭിപ്രായങ്ങളുടെ വെളിച്ചത്തിൽ ഗ്രഹിക്കേണ്ടതാണു്.

ഈ ഗ്രന്ഥത്തെപ്പോലെത്തന്നെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് സാക്കിർ ഹുസെയ്ൻ കമ്മിറ്റിയുടെ റിപ്പോർട്ടു്. അതും മലയാളത്തിലേക്കു് വിവർത്തനംചെയ്തു പ്രസിദ്ധപ്പെടുത്താൻ ശ്രീ. വാരിയരും പ്രസാധകരും ഉദ്യമിക്കുമെന്നാശിക്കുന്നു.

എ. ശങ്കരപ്പിള്ള, M. A., M. Ed., B. Ed.

## പ്രസാധകക്കുറിപ്പ്

ഗാന്ധിജി ഇന്ത്യയ്ക്കായി ഒരു പുതിയതരം വിദ്യാഭ്യാസം പുറത്തിറക്കിയതു് അടുത്തകാലത്തുമാത്രമാണെങ്കിലും അദ്ദേഹത്തിന്നു വളരെക്കാലമായി വിദ്യാഭ്യാസത്തെസ്സംബന്ധിച്ചു് സുനിശ്ചിതവും വിപ്ലവകരവുമായ അഭിപ്രായങ്ങളുണ്ടായിരുന്നു. താൻ വളരെക്കൊല്ലം മുമ്പു് തെക്കേആഫ്രിക്കയിൽ സ്ഥാപിച്ച 'ടാൾസ്റ്റായ് ഫാറ'ത്തിലെ കുട്ടികൾക്കു നല്കിയ വിദ്യാഭ്യാസത്തിൽ തന്റെ ആശയങ്ങളെ പ്രവൃത്തിയിൽ കൊണ്ടുവരാൻ പരിശ്രമിച്ചിട്ടുണ്ടെന്നു് അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ടു്. അന്നുമുതൽ സഹപ്രവൎത്തകന്മാൎക്കും (അവരുടെ) കുട്ടികൾക്കുമായി അദ്ദേഹം ഇന്ത്യയിൽ സ്ഥാപിച്ച കോളനികളിലെല്ലാം ആ വിദ്യാഭ്യാസസമ്പ്രദായം തുടൎന്നുവന്നു. അതിനാൽ, 1937–ൽ അദ്ദേഹം ഇന്ത്യയിൽ വിപുലമായ തോതിൽ പ്രചരിപ്പിച്ച നയീതാലീം (നവീനവിദ്യാഭ്യാസം) അദ്ദേഹത്തിന്നു പുതുതായിരുന്നില്ല. അതു തികച്ചും മുപ്പതുകൊല്ലം ചെറുസംഘങ്ങളിൽ പ്രത്യക്ഷമായി പ്രയോഗിച്ചു നോക്കിയതും അനുഭവത്തിൽനിന്നു് ഉപയോഗപ്രദമാണെന്നു കണ്ടതുമാണു്.

ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഏൎപ്പെടുത്തിയതും ഇംഗ്ലീഷിനെ മാധ്യമമാക്കിക്കൊണ്ടുള്ളതുമായ കേവലവിദ്യാഭ്യാസം ഗവൎമ്മേണ്ടിന്നാവശ്യമായ ഗുമസ്തന്മാരെ സൃഷ്ടിക്കാനുള്ളതായിരുന്നു. അതു് പ്രതിഭയ്ക്കു പ്രചോദനമോ ഉത്പാദനത്തിൽ കുശലതയോ നല്കാൻ പൎയ്യാപ്തമായ ഒന്നായിരുന്നില്ല. അതു് പഠിച്ചവരെ സാധാരണക്കാരിൽനിന്നകററി. അവരുടെ പഠിപ്പു് പൊതുജനങ്ങൾക്കു് ഒരുവിധത്തിലും ഉപയോഗമില്ലാത്ത നിലയിലായിത്തീൎന്നു. ബ്രിട്ടീഷുകാർ പണ്ടത്തെ ഗ്രാമസംഘടനയെ നശിപ്പിക്കുകയും വിദേശത്തുണ്ടാക്കിയ സാധനങ്ങളെ

ക്കൊണ്ടു് ഗ്രാമങ്ങൾ നിറസ്സുകയും ചെയ്തതോടുകൂടി ഗ്രാമക്കാർ ഒറ്റപ്പെടാൻതുടങ്ങി. അവരുടെ തൊഴിലുകൾ നഷ്ടപ്പെട്ടു. അവക്കു് നിസ്സഹായതയും സ്തംഭനവും അനുഭവപ്പെട്ടു. ക്രമേണ അവർ തൊഴിലില്ലായ്മയിലേയ്ക്കും ദാരിദ്ര്യത്തിലേയ്ക്കും നൈരാശ്യത്തിലേയ്ക്കും ആണ്ടുഃപായി. സാധുക്കളെ ബലികഴിച്ചിട്ടും സ്വാത്ഥംസാധിക്കുന്നതിന്നുള്ള ഒരുപകരണമായിട്ടാണു് പഠിച്ചവർ തങ്ങളുടെ വിദ്യാഭ്യാസത്തെ വീക്ഷിച്ചതു്. ഈ പരിതഃസ്ഥിതിയിൽ രാഷ്ട്രത്തെ രക്ഷപ്പെടുത്തുന്നതിന്നുള്ള ഏകമാൎഗ്ഗം ഗ്രാമസമ്പദ്‌വ്യവസ്ഥയെ പുനരുദ്ധരിക്കുകയും വിദ്യാഭ്യാസത്തെ അതിനോടു് ബന്ധപ്പെടുത്തുകയുമാണു് എന്നു ഗാന്ധിജി കണ്ടു. അതിന്നു്, വിദ്യാഭ്യാസം ഗ്രാമവ്യവസായങ്ങളെ ആധാരമാക്കിക്കൊണ്ടാവണമെന്നു് അദ്ദേഹം ദൃഢമായി വിശ്വസിച്ചു. കുട്ടിക്കു് (തത്തദ്വിഭവങ്ങളുടെ) ഉത്പാദകനാവാൻ പര്യാപ്തമായ ശിക്ഷണം നല്കണം. എന്നാൽ, കുട്ടികളെ കേവലം സാമ്പത്തികലക്ഷ്യങ്ങൾ സാധിക്കാനുള്ള ഉപകരണങ്ങളാക്കുക എന്ന അപരാധം ഗാന്ധിജി ചെയ്യുയില്ല. കാരണം, അദ്ദേഹം അവക്കു് മേല്ക്കുമേൽ അഭിവൃദ്ധിയുണ്ടാവണമെന്നാഗ്രഹിച്ചിരുന്ന ആളാണു്. തന്മൂലം, വിദ്യാഭ്യാസം ഒരു കൈത്തൊഴിലിനെ ആധാരമാക്കിക്കൊണ്ടായിരിക്കണമെങ്കിലും കുട്ടിയുടെ കൈകൾക്കെന്നപോലെ അവന്റെ ഹൃദയത്തിന്നും ബുദ്ധിക്കും ശിക്ഷണം നല്കണമെന്നു് ഗാന്ധിജി നിഷ്കർഷിച്ചു. ഇന്നേവരെ ചെയ്തതുപോലെ ജീവിതത്തിൽനിന്നകന്നു് വിദ്യാലയത്തോടുമാത്രം ബന്ധപ്പെട്ടതും ഒരു വിദേശഭാഷവഴിയുള്ളതുമായ വിദ്യാഭ്യാസം നല്കിയാൽപോരാ. വിദ്യാഭ്യാസത്തിന്നു് ഒരു ഉദ്ദേശ്യമുണ്ടായിരിക്കണം; വിദ്യാഭ്യാസം, കുട്ടിയുടെ മാതൃഭാഷാമുഖേനയാവണം; കുട്ടിയുടെ സാമുദായികവും സാംസ്കാരികവുമായ ചുററുപാടുകളോടു് സജീവമായ ബന്ധമുള്ളതായിരിക്കണം. പോരാ, അതു് അവയെ കേന്ദ്രമാക്കിക്കൊണ്ടുള്ളതുതന്നെയാവണം.

ഇങ്ങനെ, വിദ്യാഭ്യാസംമുഖേന നമ്മുടെ നാശോന്മുഖമായ സാമ്പത്തികസാംസ്കാരികജീവിതത്തെ പുനരുദ്ധരിക്കാനാഗ്രഹിച്ചിരുന്നുവെങ്കിലും ഒരു കൈത്തൊഴിൽമുഖേന വിദ്യാഭ്യാസം നല്കണമെന്നു പറയാൻ ഗാന്ധിജിയെ പ്രേരിപ്പിച്ചതു മറെറാരു കാര്യമാണ്. ഇന്നു ലോകത്തിലെങ്ങും കാണുന്നതുപോലെ യന്ത്രപരിഷ്കാരം ഒരു രാഷ്ട്രത്തിൻെറ വലിയ വലിയ വിഭാഗങ്ങളേയും വ്യാവസായികമായി പിന്നണിയിലുള്ളവരേയും അടിമത്തത്തിലേക്കു നയിക്കുകയും അവരെ ചൂഷണം ചെയ്യുന്നതിന്നു് കാരണമായിത്തീരുകയും ചെയ്യുന്നു എന്നദ്ദേഹത്തിന്നു് ബോധ്യപ്പെട്ടിരുന്നു. സ്വാതന്ത്ര്യത്തിലേക്കും സ്വാശ്രയത്തിലേക്കും നയിക്കുന്നതിന്നുപകരം ഈ യന്ത്രപരിഷ്കാരം തൊഴിലാളികളേയും സാധാരണക്കാരേയും അടിമത്തത്തിലേക്കും രാഷ്ട്രത്തിൻേറയോ വ്യവസായത്തിൻേറയോ ഭാരവാഹികളായ ഏതാനുംപേരുടെ ആശ്രിതാവസ്ഥയിലേക്കും നയിച്ചിരുന്നു. അത്രയുമല്ല, രാഷ്ട്രങ്ങൾക്കുതമ്മിൽ നിരന്തരമത്സരത്തിന്നും ലോകമഹായുദ്ധങ്ങൾക്കും എല്ലാവരുടേയും നാശത്തിന്നും അതു കാരണമായിത്തീൎന്നു. അതിനാൽ, നമ്മുടെ നാട്ടിലെ ജനങ്ങൾക്കുള്ള ഏകരക്ഷാമാൎഗ്ഗം വമ്പിച്ചതോതിലുള്ള വ്യവസായങ്ങളപേക്ഷിച്ച് ചെറിയ തോതിലുള്ള ഗ്രാമവ്യവസായങ്ങളെ ആധാരമാക്കിക്കൊണ്ടുള്ള സാമ്പത്തികജീവിതമാണെന്നു് അദ്ദേഹം വിശ്വസിച്ചു. അതാണു് നമ്മെ ശാന്തിയിലേക്കും സ്വാതന്ത്ര്യത്തിലേക്കും നയിക്കുക. അതുകൊണ്ടേ പ്രവൃത്തിചെയ്യുന്നവൻെറ ശക്തിയും കഴിവുകളും അഭിവൃദ്ധിപ്രാപിക്കു എന്നദ്ദേഹത്തിന്നു തീൎച്ചയുണ്ടായിരുന്നു. യന്ത്രംമുഖേന വിഭവങ്ങൾ വർദ്ധിപ്പിക്കുകമാത്രം ചെയ്യുന്നതിനെ അപേക്ഷിച്ച് വ്യക്തിയുടെ—അവൻ എത്ര എളിയവനോ ദുർബലനോ ആവട്ടെ—സ്വാതന്ത്ര്യവും വികാസവുമാണു് അദ്ദേഹം പ്രധാനമായി കരുതിയിരുന്നതു്. അതിനാൽ,

അദ്ദേഹം കുടിൽവ്യവസായങ്ങളേയും കൃഷിയേയും ആധാരമാക്കിക്കൊണ്ടുള്ള ഗ്രാമജീവിതത്തെ പുനഃസ്ഥാപിക്കാനാഗ്രഹിച്ചു. ജനങ്ങൾ നല്ല അയൽവാസികളെപ്പോലെ സമാധാനപൂർവ്വം ഗ്രാമത്തിലെ എല്ലാവരുടേയും നന്മക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്ന ഒരു നല്ല കാലത്തെ അദ്ദേഹം വിഭാവനം ചെയ്തുകൊണ്ടിരുന്നു. അതിന്നു കുട്ടികളെ തയാറാക്കുന്നതിന്നുള്ള വിദ്യാഭ്യാസം തീർച്ചയായും ഒരു കൈത്തൊഴിലിനെ ആധാരമാക്കിക്കൊണ്ടുള്ളതായിരിക്കണം. അതിനാൽ, അദ്ദേഹത്തിൻെറ വിദ്യാഭ്യാസപദ്ധതി അഹിംസയേയും, ഏററവും അടിയിലുള്ളവരുടെ—അനാഥരുടെ—ക്ഷേമത്തേയും ആധാരമാക്കിക്കൊണ്ടുള്ളതാണു്.

സ്വാതന്ത്ര്യം, പ്രജാധിപത്യം, സമാധാനം, എന്നിവയെപ്പററിയെല്ലാം ആധുനികലോകം വാചാലതയോടെ സംസാരിക്കുന്നുണ്ടു്. എന്നാൽ, സാമ്പത്തികഭദ്രതയിൽ ഇവയുടെ അസ്തിവാരം ശരിയായും ഉറപ്പായും ഇടാഞ്ഞാൽ ഇവയൊന്നും നിലനില്ക്കില്ല എന്നു ലോകം മനസ്സിലാക്കിയിട്ടുള്ളതായിത്തോന്നുന്നില്ല. നാം സാമ്പത്തികക്ഷേത്രത്തിൽ വിതയ്ക്കുന്നതെന്തോ അതാണു കൊയ്യുക. ഈ തത്ത്വം മറേറതൊരാളേക്കാളും അധികം സ്പഷ്ടമായി ഗാന്ധിജി കണ്ടു. വളരെയധികം സാധനങ്ങളുണ്ടാക്കുക എന്നതാണു നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ ലക്ഷ്യമെങ്കിൽ നമുക്കതുമാത്രമേ ഉണ്ടാവൂ. സ്വാതന്ത്ര്യമോ സമാധാനമോ ഉണ്ടാവില്ല. മറിച്ചു്, നാം ആരായുന്നതു സ്വാതന്ത്ര്യമോ സമാധാനമോ ആണെങ്കിൽ നമ്മുടെ സാമ്പത്തിക-സാമുദായിക-രാഷ്ട്രീയസംഘടനകളും വിദ്യാഭ്യാസപദ്ധതിയും എല്ലാം ആ വഴിക്കു തിരിച്ചുവിടണം. അതുനിമിത്തം ഭൗതികവസ്തുക്കൾ അല്പം കുറയുന്നതായാലും തരക്കേടില്ല. ഇന്നു മനുഷ്യരെല്ലാം ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന സമാധാനവും സ്വാതന്ത്ര്യവും നേടുകയെന്നതാണു ഗാന്ധിജിയുടെ വിദ്യാഭ്യാ

സപദ്ധതിയുടെ ഏകലക്ഷ്യം. അതുതന്നെയാണു് അതിന്റെ മേന്മ.

1. ഇംഗ്ലീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ വിദ്യാഭ്യാസത്തിന്റെ അപ്രായോഗികത;

2. ഗാന്ധിജി നാട്ടിൽ സ്ഥാപിക്കാനാഗ്രഹിച്ച അഹിംസാത്മകമായ സാമുദായികരചന—ഇവ രണ്ടുമാണു ഗാന്ധിജിയുടെ പദ്ധതിയുടെ പശ്ചാത്തലം. ഈ പദ്ധതിയെ പിന്നീടദ്ദേഹം നയീ താലീം (നവീന വിദ്യാഭ്യാസം) അഥവാ അടിസ്ഥാനവിദ്യാഭ്യാസം എന്നു വിളിച്ചുവന്നു.

ഈ പശ്ചാത്തലത്തെ പരിഗണിക്കാതിരുന്നാലും ഗാന്ധിജിയുടെ പദ്ധതി അതിന്നാധാരമായ വിദ്യാഭ്യാസസിദ്ധാന്തം ഹേതുവായിട്ടുതന്നെ നമ്മുടെ പരിഗണനയെ അർഹിക്കുന്നുണ്ടു്. ആ സിദ്ധാന്തം താഴെക്കൊടുക്കുന്നു:

(അ) വ്യക്തിയുടെ ശരിയായ വിദ്യാഭ്യാസം—അതായതു് അവന്റെ കഴിവുകളുടെ സർവ്വതോമുഖമായ വികാസം—ഏറ്റവും നന്നായി ലഭിക്കുന്നതു പ്രവർത്തനത്തിലൂടെയാണു്. ശരീരശാസ്ത്രപ്രകാരം ചിന്താശക്തി വികസിക്കുന്നതു പ്രവർത്തനത്തിന്നുള്ള ഒരു സഹായമായിട്ടു മാത്രമാണെന്നു്, ജീവപരിണാമശാസ്ത്രത്തെ മുൻനിർത്തി മനഃശാസ്ത്രജ്ഞന്മാർ നമ്മോടു പറയുന്നു. പ്രവർത്തനം നിമിത്തമുണ്ടാവുന്ന പ്രശ്നങ്ങളോടനുബന്ധപ്പെട്ടുകൊണ്ടാണു് അറിവും ഗ്രഹണശക്തിയും വർദ്ധിക്കുന്നതു് എന്ന അംനിഷേധ്യവും സുവിദിതവുമായ തത്ത്വത്തെ ആധാരമാക്കിക്കൊണ്ടുള്ളതാണു് ഗാന്ധിജിയുടെ വിദ്യാഭ്യാസപദ്ധതി. പ്രവർത്തനത്തോടു ബന്ധമില്ലാതെ മനസ്സിൽ കുത്തിച്ചെലുത്തുന്ന അറിവു പലപ്പോഴും ഓർമ്മശക്തിയിൽ ഒരു ഭാരമായിപ്പരിണമിക്കുന്നു. അത്തരം അറിവിനെ വിസ്മൃതിയിലേക്കു തള്ളിവിട്ടു നമ്മെ രക്ഷിക്കുന്നതിന്നു സഹായിക്കാൻ പ്രകൃതി വരുന്നില്ലെങ്കിൽ അതു ബുദ്ധിപരമായ അജീർണ്ണത്തിന്നു ഹേതുവായിത്തീരും.

(ആ) കൂടാതെ, കുട്ടിയിൽ ഒളിച്ചുകിടക്കുന്ന കഴിവുകളെ സമഗ്രമായി ആവിഷ്ക്കരിക്കുകയാണു വിദ്യാഭ്യാസമെങ്കിൽ അതു തീച്ച്യായും തൊഴിൽമുഖേനയാവണം. കാരണം, കുട്ടിയുടെ ചിന്താശക്തിയേയും സ്വഭാവശുദ്ധിയേയും കലാബോധത്തേയും ആവശ്യപ്പെടുന്ന സമസ്യകളെ അവൻെറ മുമ്പിൽ അവതരിപ്പിക്കുന്നതു് അവന്നു കൈകാൎയ്യം ചെയ്യാൻ കഴിയുന്ന തൊഴിലാണു്. സാധാരണ സ്കൂളുകളിൽ കേവലജ്ഞാനത്തിൻെറ പേരിൽ പലതും പഠിപ്പിക്കുന്നുണ്ടെങ്കിലും അതൊന്നും അന്യോന്യം ബന്ധപ്പെടുത്തിക്കൊണ്ടല്ല. ക്ലാസ്സുമുറിയിൽവെച്ചു്, കായികപ്രവൎത്തനത്തിനോടു തീരെ ബന്ധമില്ലാതെയാണു് മനസ്സിന്നു പരിശീലനം നല്കാൻ പരിശ്രമിക്കുന്നതു്; കായികപ്രവൃത്തികളിൽ, അതായതു് കയ്യിന്നും കണ്ണിന്നും പരിശീലനം നല്കുന്നതു മനസ്സിനോടു ബന്ധപ്പെടുത്താതെയാണു്; കലയിലും ധൎമ്മത്തിലും—അതായതു ഹൃദയത്തിന്നു്—പരിശീലനം നല്കുന്നതു മനസ്സിനോടും കായികപ്രവൃത്തികളോടും ബന്ധപ്പെടുത്താതെയാണു്. എന്നാൽ, ശിശു ഒരു ജൈവപിണ്ഡ(Organic unit)മാകയാൽ എല്ലാ കഴിവുകളേയും പരസ്പരം ബന്ധപ്പെടുത്തി ഏററവും നന്നായി വികസിപ്പിക്കാൻ പൎയ്യാപ്തമായ ഒരു പരിശീലനക്രമംകൊണ്ടേ അവനിൽ സമഞ്ജസവും സമതുലിതവുമായ വ്യക്തിത്വം ഉളവാക്കാൻ സാധിക്കൂ. വിഷയങ്ങളെ തരംതിരിക്കുകയും ഓരോന്നിലും പ്രത്യേകമായി വൈദഗ്ദ്ധ്യം നല്കുകയും ചെയ്യുന്ന ആധുനികകാലത്തു കുട്ടിയുടെ വിദ്യാഭ്യാസത്തിൽ സാമഞ്ജസ്യമുളവാക്കണമെന്നു ഗാന്ധിജി പറഞ്ഞതു് വളരെ അവസരോചിതമായിരുന്നു, അമൂല്യവുമായിരുന്നു.

നിർഭാഗ്യവശാൽ ഗാന്ധിജിക്കു തൻെറ അഭിപ്രായങ്ങളെ സുവ്യവസ്ഥിതമായ രൂപത്തിൽ വികസിപ്പിക്കാൻ സമയം കിട്ടിയില്ല. തത്ത്വങ്ങളെ ശബ്ദചമൽക്കാരത്തോടുകൂടി

വിവരിക്കുന്നതിൽ അദ്ദേഹം വിശ്വസിച്ചിരുന്നില്ല. അദ്ദേഹം തന്റെ ഏതു നിഗമനത്തേയും പ്രവൃത്തിയിൽ കൊണ്ടുവരാൻ പരിശ്രമിക്കുകയും ആ പ്രവർത്തനമാണു തന്റെ അഭിപ്രായങ്ങളുടെ സാർത്ഥകതയ്ക്കു പര്യാപ്തമായ പരീക്ഷണമെന്നു കരുതുകയും ചെയ്തു.

വായനക്കാരുടെ സൗകര്യത്തിന്നായി ഈ സമാഹാരത്തിൽ അദ്ദേഹത്തിന്റെ ലേഖനങ്ങളും ഭാഷണങ്ങളും ഖണ്ഡങ്ങളായി വേർതിരിച്ചിട്ടുണ്ട്, കഴിയുന്നത്ര കാലാനുക്രമത്തിൽ നല്കാനും പരിശ്രമിച്ചിട്ടുണ്ട്. "വിമർശനങ്ങളും വിശദീകരണങ്ങളും" എന്ന അഞ്ചാംഖണ്ഡം പ്രത്യേകം പ്രധാനവും രസകരവുമാണ്. കാരണം, അതിൽ സംശയങ്ങളേയും വിഷമതകളേയും മുൻനിർത്തിക്കൊണ്ടു ഗാന്ധിജി തന്റെ സിദ്ധാന്തത്തെ വിശദീകരിച്ചിട്ടുണ്ട്.

ബോംബെ

1–10–'50 — ഭരതൻ കുമരപ്പ

ശ്രീ കൃഷ്ണ വിലാസം
ഗ്രന്ഥശാല,
മലയിൻകീഴ്

# ഖണ്ഡം ഒന്നു്: പുതിയ വിദ്യാഭ്യാസം

## ഒന്നു്

## പുതിയ വിദ്യാഭ്യാസത്തിൻെറ ആവശ്യകത

പത്രാധിപർ: വിദ്യാഭ്യാസം എന്നതിൻെറ സാമാന്യാർത്ഥം അക്ഷരജ്ഞാനമെന്നാണു്. കുട്ടികളെ എഴുത്തും വായനയും കണക്കും പഠിപ്പിക്കുന്നതിനെ പ്രാഥമികവിദ്യാഭ്യാസം എന്നു വിളിച്ചുവരുന്നു. കർഷകന്മാർ തങ്ങളുടെ ഉപജീവനം സത്യസന്ധമായ മാർഗ്ഗത്തിലൂടെ സമ്പാദിക്കുന്നു. ആയാൾക്കു്, ലോകത്തെപ്പററിയ ഒരു സാമാന്യജ്ഞാനമുണ്ടു്; തൻെറ മാതാപിതാക്കളോടും കളത്രപുത്രാദികളോടും അയൽവാസികളോടും പെരുമാറേണ്ടതെങ്ങനെയെന്നറിയാം. ആയാൾ സദാചാരനിയമങ്ങളെ മനസ്സിലാക്കി അതനുസരിച്ചു ജീവിക്കുന്നു. എന്നാൽ, ആയാൾക്കു് തൻെറ പേരുപോലും എഴുതാനറിയില്ല. ആയാൾക്കു് അക്ഷരജ്ഞാനം നല്കി നിങ്ങൾ എന്തു ചെയ്യാനാണു് ഉദ്ദേശിക്കുന്നതു്? നിങ്ങൾക്കു് ആയാളുടെ സുഖം അല്പമെങ്കിലും അധികമാക്കാൻ സാധിക്കുമോ? തൻെറ ചെറുകുടിലിലെ ആ എളിയ ജീവിതത്തിൽ ആയാൾക്കു് അതൃപ്തിയുളവാക്കാൻ നിങ്ങളാഗ്രഹിക്കുന്നുണ്ടോ? നിങ്ങൾക്കു്

അങ്ങനെ ചെയ്യണമെങ്കിൽക്കൂടി ആയാൾക്കു് അത്തരം ഒരു വിദ്യാഭ്യാസം ആവശ്യമാവുകയില്ല. പാശ്ചാത്യചിന്തയുടെ പ്രവാഹത്തിൽപ്പെട്ട കാൎയ്യത്തിൻെറ ഗുണദോഷം ചിന്തിക്കാതെയാണു്, പൊതുജനങ്ങൾക്കു് ഇത്തരം വിദ്യാഭ്യാസം നല്കേണ്ടതാണു് എന്നു നാം നിശ്ചയിച്ചതു്.

ഇനി നമുക്കു് ഉപരിപഠനത്തിൻെറ കാൎയ്യം എടുക്കാം. ഭൂമിശാസ്ത്രം, ബീജഗണിതം, ക്ഷേത്രഗണിതം, ജ്യോതിശ്ശാസ്ത്രം മുതലായവയെല്ലാം ഞാൻ പഠിച്ചിട്ടുണ്ടു്. അതുകൊണ്ടു് എനിക്കോ എൻെറ അയൽവാസികൾക്കോ എന്തു പ്രയോജനമാണു് ഉണ്ടായിട്ടുള്ളതു്? ഞാനതൊക്കെ പഠിച്ചതു് എന്തിനായിട്ടാണു്? പ്രൊഫസർ ഹക്സ്ലേ വിദ്യാഭ്യാസത്തെ ഇപ്രകാരം നിൎവ്വചിച്ചിട്ടുണ്ടു്:

"സ്വന്തം ശരീരം ഒരു യന്ത്രമെന്നപോലെ തന്റെ ഇച്ഛാനുവൎത്തിയായി, അതിൻെറ പരമാവധി കഴിവുപയോഗിച്ചു് ആയാസരഹിതമായും സന്തോഷത്തോടുകൂടിയും പ്രവൎത്തിക്കത്തക്ക പരിശീലനം ഒരു മനുഷ്യന്നു് ചെറുപ്പത്തിൽത്തന്നെ കിട്ടിയിട്ടുണ്ടെങ്കിൽ ആയാൾ സാമാന്യം നല്ല വിദ്യാഭ്യാസം സിദ്ധിച്ച ആളാണെന്നു ഞാൻ കരുതും. ആയാളുടെ ബുദ്ധി തെളിവും സൗമ്യതയും ഉള്ളതായിരിക്കും, അടുക്കും മുറയുമുള്ള ആ യന്ത്രവിശേഷത്തിന്റെ എല്ലാ ഭാഗങ്ങൾക്കും തുല്യബലമുണ്ടായിരിക്കും; അതു് അനുസ്യൂതമായി പ്രവൎത്തിക്കാൻ പ്രാപ്തിയുള്ളതും ആയിരിക്കും... ആയാളുടെ മനസ്സു് പ്രകൃതിയുടെ മൗലികതത്ത്വങ്ങളെ സംഭരിച്ചിട്ടുള്ളതായിരിക്കും...ആയാളുടെ വികാരങ്ങൾ, ദൃഢമായ മനഃശക്തികൊണ്ടു് തൻെറ കോമളമനസ്സിൻെറ സേവനത്തിന്നു സന്നദ്ധമാവത്തക്കവിധത്തിൽ മെരുക്കപ്പെട്ടവയായിരിക്കും... ആയാൾ എല്ലാവിധ നീചതത്വങ്ങളേയും വെറുക്കാനും അന്യരെ തന്നെപ്പോലെ കരുതാനും

പഠിച്ചിരിക്കും. അത്തരം ഒരാൾക്ക്—മററാക്കുമല്ലാ—നല്ല വിദ്യാഭ്യാസം കിട്ടിയിട്ടുണ്ടെന്നു ഞാൻ കരുതുന്നു. കാരണം, ആയാൾ പ്രകൃതിനിയമങ്ങളെ അനുസരിച്ചാണു ജീവിക്കുന്നതു്. ആയാൾ പ്രകൃതിയേയും പ്രകൃതി ആയാളേയും ഏററവും നല്ല വിധത്തിൽ ഉപയോഗപ്പെടുത്തും."

ഇതാണു ശരിയായ വിദ്യാഭ്യാസമെങ്കിൽ, പ്രസ്തുത ശാസ്ത്രങ്ങൾ എന്റെ ഇന്ദ്രിയങ്ങളെ സ്വാധീനമാക്കാൻ എനിക്കു് ഒരിക്കലും സഹായകമായിട്ടില്ലെന്നു് ഞാൻ ശക്തിപൂർവ്വം പറയുന്നതാണു്. അതിനാൽ, പ്രാഥമികവിദ്യാഭ്യാസത്തെ എടുക്കുന്നതായാലുംശരി, ഉന്നതവിദ്യാഭ്യാസത്തെ എടുക്കുന്നതായാലുംശരി, അതു പ്രധാനകാര്യത്തിന്നു് അത്ര ആവശ്യമായിട്ടുള്ളതല്ല. അതു്, നമ്മെ യഥാർത്ഥമനുഷ്യരാക്കുന്നില്ല; കർത്തവ്യകർമ്മാനുഷ്ഠാനത്തിന്നും യോഗ്യരാക്കുന്നില്ല.

വായനക്കാരൻ: അതങ്ങനെയാണെങ്കിൽ എനിക്കങ്ങെയോടു മറെറാരുചോദ്യം ചോദിക്കാനുണ്ടു്. എന്നോടിതെല്ലാം പറയാൻ അങ്ങയെ പ്രാപ്തനാക്കുന്നതെന്താണു്? അങ്ങേക്കു്, ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഈ സംഗതികളെല്ലാം എന്നോടു വിവരിക്കാൻ സാധിക്കുമായിരുന്നുവോ?

പത്രാധിപർ: നിങ്ങൾ ഭംഗിയായി പറഞ്ഞു. എന്നാലെൻെറ ഉത്തരം വളരെ ലഘുവാണു്. എനിക്കു് ഉയർന്നതോ താണതോ ആയ വിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലായിരുന്നുവെങ്കിൽ എൻെറ ജീവിതം വ്യർത്ഥമാവുമായിരുന്നു എന്നു് ഞാൻ ഒരിക്കലും വിചാരിക്കുന്നില്ല. ഞാൻ സേവനംചെയ്യുന്നതു് എനിക്കു സംസാരിക്കാൻ സാധിക്കുന്നതുകൊണ്ടാണെന്നും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ, എനിക്കു സേവനംചെയ്യാൻ തീർച്ചയായും ആഗ്രഹമുണ്ടു്. അതു നിറവേററാൻ പരിശ്രമിക്കുന്നതിൽ എനിക്കു ലഭിച്ച വിദ്യാഭ്യാസത്തെ ഞാൻ

ഉപയോഗപ്പെടുത്തുന്നുണ്ടു്. ഞാനതിനെ സദുപയോഗപ്പെടുത്തുന്നുണ്ടെങ്കിൽത്തന്നെ അതു കോടിക്കണക്കായ ജനങ്ങളോടുള്ള പെരുമാററത്തിലല്ല. നിങ്ങളെപ്പോലുള്ള ദുർല്ലഭം ചിലരോടു പെരുമാറുമ്പോൾ മാത്രമേ അതു് ഉപയോഗപ്രദമാവുന്നുള്ളു. ഇതു് എൻെറ വാദത്തെ സമർത്ഥിക്കുന്നു. നിങ്ങളും ഞാനും ഈ തെററായ വിദ്യാഭ്യാസത്തിൻെറ പ്രഭാവത്തിന്നിരയായിട്ടുണ്ടു്. എന്നാൽ, ഞാനതിൻെറ ദോഷങ്ങളിൽനിന്നു രക്ഷപ്പെട്ടിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നു. ഞാൻ സ്വന്തം അനുഭവത്തിൽനിന്നുണ്ടായ ഗുണങ്ങളെ നിങ്ങൾക്കു നൽകാൻ പരിശ്രമിക്കുകയാണു്. അതിന്നിടയിൽ ഈ വിദ്യാഭ്യാസം എത്രമാത്രം ചീഞ്ഞളിഞ്ഞതാണെന്നു കാണിക്കുന്നു എന്നു മാത്രം.

കൂടാതെ, അക്ഷരജ്ഞാനം എല്ലാ പരിതഃസ്ഥിതിയിലും ചീത്തയാണെന്നു ഞാൻ പറയുന്നില്ല. അതിന്നു്, ഇല്ലാത്തതായ ഒരു പ്രാധാന്യം നല്കരുതെന്നേയുള്ളു. അതു നമ്മുടെ 'കാമധേനു'വല്ല. ശരിയായ സ്ഥാനത്തുവെച്ചാൽ അതുപയോഗപ്രദമാവാം. നാം, ഇന്ദ്രിയങ്ങളെ സ്വാധീനമാക്കുകയും നമ്മുടെ ധാർമ്മികവിശ്വാസങ്ങളെ ദൃഢീകരിക്കുകയുംചെയ്യുമ്പോൾ അതിന്നു സ്വതന്ത്രമായൊരു സ്ഥാനമുണ്ടു്. പിന്നെ ആ വിദ്യാഭ്യാസം സമ്പാദിക്കണമെന്നു തോന്നിയാൽ നമുക്കതിനെ സദുപയോഗപ്പെടുത്താൻ സാധിക്കും. അപ്പോൾ, ഒരു ഭൂഷണമെന്നനിലയ്ക്കു് അതു നമുക്കു യോജിച്ചതായിത്തീർന്നേക്കാം. ഇതിൽനിന്നു് ഈ വിദ്യാഭ്യാസത്തെ നിർബ്ബന്ധമാക്കേണ്ട ആവശ്യമില്ല എന്നു തെളിയുന്നു. നമുക്കു പണ്ടത്തെ 'ഗുരുകുല'സമ്പ്രദായംമതി. അതിൽ സ്വഭാവരൂപവത്ക്കരണത്തിന്നാണു് പ്രഥമസ്ഥാനം. പ്രാഥമികവിദ്യാഭ്യാസം, അതുതന്നെയാണല്ലോ. ആ അസ്ഥിവാരത്തിന്മേൽ നിർമ്മിച്ച ഒരു കെട്ടിടം ദീർഘകാലം നില്ക്കുന്നതാണു്.

വായനക്കാരൻ: അപ്പോൾ സ്വയംഭരണം സമ്പാദിക്കുന്നതിന്നു് ഇംഗ്ലീഷിന്റെ ആവശ്യം ഇല്ലെന്നാണു് അങ്ങയുടെ അഭിപ്രായം എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

പത്രാധിപർ: എന്റെ ഉത്തരം 'അതേ' എന്നും 'അല്ല' എന്നുമാണു്. കോടിക്കണക്കായ ജനങ്ങൾക്കു് ഇംഗ്ലീഷുവിദ്യാഭ്യാസം നല്കുക എന്നതിന്റെ താത്പര്യം അവരെ അടിമകളാക്കുക എന്നാണു്. മെക്കാളെപ്രഭു നടപ്പാക്കിയ വിദ്യാഭ്യാസം നമ്മെ അടിമകളാക്കിയിട്ടുണ്ടു്. അദ്ദേഹത്തിന്നു് അങ്ങനെ വല്ല ഉദ്ദേശ്യവുമുണ്ടായിരുന്നു എന്നു ഞാൻ സൂചിപ്പിക്കുന്നില്ല; പക്ഷേ, പരിണാമം അതായിട്ടുണ്ടു്. നമുക്കു സ്വയംഭരണത്തെപ്പററി ഒരു വിദേശഭാഷയിൽ സംസാരിക്കേണ്ടിവരുന്നു. അതുതന്നെ ഈ വിദ്യാഭ്യാസത്തിന്റെ എത്ര ശോചനീയമായ ഒരു വ്യാഖ്യാനമാണു്!

നമ്മുടെ നാട്ടിൽ നടപ്പുള്ള പദ്ധതികൾ പാശ്ചാത്യർ ഉപേക്ഷിച്ചവയാണെന്ന വസ്തുതയും മറന്നുകൂടാ. അവരുടെ ഇടയിലുള്ള അഭിജ്ഞന്മാർ വിദ്യാഭ്യാസസമ്പ്രദായത്തിൽ പല മാററങ്ങളും വരുത്തുന്നുണ്ടു്. നാം, അജ്ഞാനംനിമിത്തം അവരുപേക്ഷിച്ച പദ്ധതികളെ മുറുകെ പിടിക്കുന്നു. അവിടെ ഓരോ വിഭാഗവും പുരോഗമനത്തിന്നുള്ള മാർഗ്ഗം ആരാഞ്ഞുകൊണ്ടിരിക്കയാണു്. വെയിൽസ് ഇംഗ്ലണ്ടിന്റെ ഒരു ചെറിയ വിഭാഗമാണു്. ആ പ്രദേശത്തുകാർ വെൽഷ്ഭാഷാജ്ഞാനത്തെ പുനരുദ്ധരിക്കാൻ പരിശ്രമിച്ചുവരുന്നുണ്ടു്. ആ പ്രദേശത്തെ കുട്ടികളെക്കൊണ്ടു 'വെൽഷ്' ഭാഷ സംസാരിപ്പിക്കാൻവേണ്ടി നടത്തുന്ന പ്രസ്ഥാനത്തിൽ ഇംഗ്ലീഷ് ചാൻസലറായ മിസ്റ്റർ ലോയിഡ് ജാർജ്ജ് നേതൃത്വം നല്കുന്നുണ്ടു്. നമ്മുടെ സ്ഥിതിയെന്താണു്? നാം, ഇംഗ്ലീഷ് നല്ലപോലെ അറിയില്ലെങ്കിലും ആ ഭാഷയിൽത്തന്നെ കത്തെടപാടു നടത്തുന്നു. നമ്മുടെ നാട്ടിലെ എം. എ. ബിരുദധാരികൾപോലും

ണ്ടതിൽനിന്നു മുക്തരല്ല. നമ്മുടെ പല നേതാക്കന്മാരും തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കുന്നതു് ഇംഗ്ലീഷിലാണു്. നമ്മുടെ കോൺഗ്രസ്സിലെ കാൎയ്യങ്ങളെല്ലാം നടത്തുന്നതു് ഇംഗ്ലീഷിലാണു്. നമ്മുടെ ഏററവും നല്ല വൎത്തമാനപ്പത്രങ്ങൾ ഇംഗ്ലീഷിലാണു പ്രസിദ്ധപ്പെടുത്തുന്നതു്. ഈ നില ദീർഘകാലം തുടരുന്നതായാൽ നമ്മുടെ സന്താനങ്ങൾ നമ്മെ അപലപിക്കുകയും ശപിക്കുകയും ചെയ്യുമെന്നാണു ഞാൻ ദൃഢമായി വിശ്വസിക്കുന്നതു്.

ഇംഗ്ലീഷുവിദ്യാഭ്യാസം സ്വീകരിച്ചുകൊണ്ടു നാം രാഷ്ട്രത്തെ അടിമപ്പെടുത്തിയിട്ടുണ്ടെന്ന സംഗതി പ്രത്യേകം ഓൎമ്മവെയ്ക്കേണ്ടതാണു്. അതുനിമിത്തം നാട്ടിൽ കാപട്യം, ക്രൂരത മുതലായവ വർദ്ധിച്ചിട്ടുണ്ടു്. ഇംഗ്ലീഷു പഠിച്ച ഭാരതീയർ സ്വന്തം നാട്ടുകാരെ വഞ്ചിക്കാനും ഭയപ്പെടുത്താനും മടിച്ചിട്ടില്ല. നാം ഇപ്പോൾ പൊതുജനങ്ങൾക്കായി വല്ലതും ചെയ്യുന്നുണ്ടെങ്കിൽ അതവൎക്കു കൊടുക്കാനുള്ള കടത്തിൻെറ ഒരു ഭാഗം മാത്രം കൊടുത്തുതീൎക്കുകയാണു്.

എനിക്കൊരു കോടതിക്കു പോകണമെങ്കിൽ ഇംഗ്ലീഷു ഭാഷയെ മാദ്ധ്യമ(മീഡിയ)മാക്കേണ്ടിവരുന്നു. ഒരു ബാരിസ്റ്ററായാൽ എനിക്കെൻെറ മാതൃഭാഷ സംസാരിച്ചുകൂടാ. ഇതു വെറും മൂഢത്വമല്ലേ? ഇതു് അടിമത്തത്തിൻെറ ഒരടയാളമല്ലേ? ഇതിന്നു ഞാൻ കുററപ്പെടുത്തേണ്ടതു് ഇംഗ്ലീഷിനേയോ അല്ലാ എന്നെത്തന്നെയോ? ഇംഗ്ലീഷുഭാഷ പഠിച്ച നമ്മളാണ് ഇന്ത്യയെ അടിമയാക്കിയതു്. അതിനാൽ, അതിന്നു രാഷ്ട്രം ഇംഗ്ലീഷിനെയല്ല, നമ്മേയാണു ശപിക്കുക.

നിങ്ങളുടെ ഒടുവിലത്തെ ചോദ്യത്തിന്നുള്ള എൻെറ മറുപടി 'അതേ' എന്നും 'അല്ല' എന്നും ആണെന്നു ഞാൻ പറഞ്ഞുവല്ലോ. 'അതേ' എന്നു പറഞ്ഞതിൻെറ കാരണം വിവരിച്ചുകഴിഞ്ഞു. ഇനി 'അല്ല' എന്നു പറഞ്ഞതിന്റെ കാരണവും വിവരിക്കാം.

ഇംഗ്ലീഷുവിദ്യാഭ്യാസത്തെ തീരേ പരിത്യജിക്കാൻ സാധിക്കാത്തവിധത്തിൽ നാം ആധുനികപരിഷ്കാരമാകുന്ന രോഗത്താൽ അത്യധികം ഗ്രസ്തരായിരിക്കയാണു്. അതു കിട്ടികഴിഞ്ഞവർ ആവശ്യമായ ദിക്കിൽ അതിനെ സദുപയോഗപ്പെടുത്തട്ടെ. ഇംഗ്ലീഷുകാരോടും, ഇംഗ്ലീഷൊഴികെ മററൊരു പൊതുഭാഷയും അറിയാത്തവരായ ഇന്നാട്ടുകാരോടും പെരുമാറുന്നതിന്നു് ഇംഗ്ലീഷാവശ്യമാണു്. ഇംഗ്ലീഷുകാൎക്കുതന്നെ അവരുടെ പരിഷ്കാരത്തിൽ എത്രമാത്രം മടുപ്പുതോന്നിയിട്ടുണ്ടെന്നു മനസ്സിലാക്കുന്നതിനും അതാവശ്യമാണു്. അതിന്നെല്ലാം ഇംഗ്ലീഷുപഠിക്കുകയും ഉപയോഗിക്കുകയും ചെയ്യാം. എന്നാൽ, ഇംഗ്ലീഷുപഠിച്ചവരും തങ്ങളുടെ മക്കളെ സദാചാരതത്വങ്ങൾ പഠിപ്പിക്കുന്നതു മാതൃഭാഷമുഖേനയായിരിക്കണം, മാതൃഭാഷക്കു പുറമെ മറെറാരിന്ത്യൻഭാഷയും അവരെ പഠിപ്പിക്കണം. ഇതിന്നശേഷം വേണമെന്നു തോന്നിയാൽ അവർ ഇംഗ്ലീഷു പഠിച്ചുകൊള്ളട്ടെ. പക്ഷേ, അവസാനം അതിൻെറ ആവശ്യകത ഇല്ലാതാവണം. അതാണു നമ്മുടെ ലക്ഷ്യം. ആ വഴിക്കു പണം സമ്പാദിക്കാമെന്ന വിചാരം തീരേ ഉപേക്ഷിക്കണം. അങ്ങനെ പരിമിതമായ നിലയിൽ ഇംഗ്ലീഷുപഠിക്കുമ്പോൾക്കൂടി ആ ഭാഷവഴിക്കു് എന്തെല്ലാം പഠിക്കണം, എന്തെല്ലാം പഠിക്കരുതു് എന്നു നാം ആലോചിക്കണം. ഏതെല്ലാം ശാസ്ത്രങ്ങൾ പഠിക്കണം എന്നും മനസ്സിലാക്കണം. നാം ഇംഗ്ലീഷുബിരുദങ്ങളെ അവഗണിക്കാൻ തുടങ്ങിയാൽ ഉടനേ ഭരണാധികാരികൾ അവരുടെ ചെവി കൂൎപ്പിക്കുമെന്നു് അല്പം ആലോചിച്ചാൽ നിങ്ങൾക്കു മനസ്സിലാവുന്നതാണു്.

വായനക്കാരൻ: പിന്നെ എന്തുതരം വിദ്യാഭ്യാസമാണു് നല്ലേണ്ടതു്?

പത്രാധിപർ: അതിനെപ്പററി മുകളിൽ കുറഞ്ഞൊന്നു ചിന്തിച്ചുകഴിഞ്ഞു. എന്നാലും, നമുക്കു കുറച്ചുകൂടി ചിന്തിക്കാം.

നമുക്കു നമ്മുടെ എല്ലാ ഭാഷകളേയും പരിഷ്കരിക്കേണ്ട തുണ്ടു് എന്നാണു് എനിക്കു തോന്നുന്നതു്. ഏതെല്ലാം വിഷയങ്ങളാണു് അവമുഖേന പഠിക്കേണ്ടതെന്നു് ഇവിടെ വിസ്തരിക്കേണ്ടതില്ല. വിലയേറിയ ഇംഗ്ലീഷുപുസ്തകങ്ങളെ നാം ഇന്ത്യയിലെ വിവിധഭാഷകളിലേയ്ക്കു തർജ്ജമചെയ്യണം. പല ശാസ്ത്രങ്ങളും പഠിക്കുന്ന എന്ന നാട്യം നാം ഉപേക്ഷിക്കണം. മതപരമായ, അതായതു സദാചാരപരമായ, വിദ്യാഭ്യാസം പ്രഥമസ്ഥാനം വഹിക്കും. തൻെറ പ്രാദേശികഭാഷയ്ക്കു പുറമെ സംസ്കാരസമ്പന്നനായ ഏതൊരു ഭാരതീയനും ഹിന്ദുവാണെങ്കിൽ സംസ്കൃതവും, മുസൽമാനാണെങ്കിൽ അറബിയും, പാർസിയാണെങ്കിൽ പേർസ്യനും, എല്ലാവരും ഹിന്ദിയും അറിഞ്ഞിരിക്കണം. ഹിന്ദുക്കളിൽ ചിലക്കു് അറബിയും പേർസ്യനും മുസൽമാന്മാരിൽ ചിലക്കു് പേർസ്യനും സംസ്കൃതവും അറിഞ്ഞിരിക്കണം. ഉത്തരേന്ത്യയിലും പശ്ചിമേന്ത്യയിലും ഉള്ള പലരും തമിഴു പഠിക്കണം. ഇന്ത്യയുടെ സർവ്വവ്യാപകമായ ഭാഷ—പൊതുഭാഷ—ഹിന്ദിയായിരിക്കണം. അതു യുക്തംപോലെ പേർസ്യൻലിപിയിലോ നാഗരിലിപിയിലോ എഴുതാം. ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും തമ്മിൽ കൂടുതൽ അടുപ്പം ഉളവാക്കുന്നതിന്നായി രണ്ടു ലിപികളും പഠിക്കുന്നതാവശ്യമാണു്. ഇത്രയും ചെയ്യാൻകഴിഞ്ഞാൽ നമുക്കു് ഇംഗ്ലീഷുഭാഷയെ കുറച്ചുകാലത്തിന്നുള്ളിൽ നാട്ടിൽനിന്നു പുറത്താക്കാൻ സാധിക്കും. അടിമകളായ നമുക്കു് ഇതൊക്കെ ആവശ്യമാണു്. നമ്മുടെ അടിമത്തം ഹേതുവായി രാഷ്ട്രം അടിമയാക്കപ്പെട്ടു; നമ്മുടെ സ്വാതന്ത്ര്യംകൊണ്ടു് അതു സ്വതന്ത്രമാവുകയും ചെയ്യും.

വായനക്കാരൻ: മതപഠനത്തിൻെറ പ്രശ്നം വളരെ വിഷമംപിടിച്ചതാണു്.

പത്രാധിപർ: എന്നാലും, നമുക്കതുകൂടാതെ കഴിക്കുക

സാദ്ധ്യമല്ല. ഇന്ത്യ ഒരിക്കലും ഈശ്വരവിശ്വാസവിഹീനമാകയില്ല. വെറും നാസ്തികവാദം ഈ നാട്ടിൽ വളരുകയില്ല. ഈ കാര്യം തീർച്ചയായും വിഷമമേറിയതാണു്. മതപഠനത്തെപ്പററിയോർക്കുമ്പോൾ എൻെറ തല ചുററുന്നു. നമ്മുടെ മതാചാര്യന്മാർ കപടസംന്യാസികളും സ്വാത്ഥികളുമാണു്. നമുക്കവരെ സമീപിക്കേണ്ടിവരും. മുല്ലമാരും 'ദാസ്തൂര'ന്മാരും ബ്രാഹ്മണരും താക്കോൽ കൈവശംവെച്ചിരിക്കയാണു്. അവർക്കു ധാർമ്മികബുദ്ധി ഉളവാകാതിരിക്കുന്നതായാൽ നമുക്കു് ഇംഗ്ലീഷുവിദ്യാഭ്യാസംകൊണ്ടു ലഭിച്ചിട്ടുള്ള ശക്തി മതപഠനത്തിന്നായി വിനിയോഗിക്കേണ്ടിവരും. അതത്ര വിഷമമല്ല. സമുദ്രത്തിൻെറ വക്കുമാത്രമേ മലിനമാക്കപ്പെട്ടിട്ടുള്ളൂ. വക്കത്തുള്ളവരുടെ മാലിന്യമേ നീക്കം ചെയ്യേണ്ടതുള്ളൂ. ഈ തരത്തിൽ പെട്ടവരായ നമുക്കു് സ്വയം ആത്മശുദ്ധി വരുത്താം; കാരണം, എൻെറ റിമാർക്സ് കോടിക്കണക്കായ ജനങ്ങൾക്കു ബാധകമാകുന്നില്ല. ഇന്ത്യയെ അതിൻെറ പരിപാവനമായ പൂർവ്വസ്ഥിതിയിലേയ്ക്കു കൊണ്ടുപോകുന്നതിന്നായി നമുക്കങ്ങോട്ടു മടങ്ങേണ്ടിവരും.

ഹിന്ദ് സ്വരാജ്, അദ്ധ്യായം xviii

രണ്ടു്

## തൊഴിൽമുഖേന വിദ്യാഭ്യാസം

ഈയിടെ പല സംഭാഷണങ്ങൾക്കുമിടയിൽ ഗാന്ധിജി, ഈ പുതിയ വിദ്യാഭ്യാസപദ്ധതി തൻെറ മനസ്സിൽ രൂപമെടുത്തതെങ്ങനെയെന്നും തൻ്റെ ദൃഷ്ടിയിൽ തൊഴിലിനും വിദ്യാഭ്യാസത്തിനും തമ്മിലുള്ള ബന്ധമെന്തെന്നും വിവരിക്കുകയുണ്ടായി: "ഒരു പുതിയ പദ്ധതിയുടെ ആവശ്യകത എനിക്കു

നുഭവപ്പെടാൻ തുടങ്ങിയിട്ട കാലം കുറേയായി. ഞാൻ തെക്കേ ആഫ്രിക്കയിൽനിന്നു തിരിച്ചെത്തിയശേഷം എന്നെ കാണാൻ വന്ന നിരവധി വിദ്യാൎത്ഥികളിൽനിന്നു് ആധുനിക വിദ്യാഭ്യാസത്തിൻെറ പരാജയം എനിക്കു മനസ്സിലായി. അതിനാൽ, ഞാൻ കൈത്തൊഴിൽ പരിശീലനം ഏൎപ്പെടുത്തികൊണ്ടാണു് ആശ്രമപാഠശാല ആരംഭിച്ചതു്. അവിടെ തൊഴിൽപരിശീലനത്തിൽ കുറച്ചധികം നിഷ്കൎഷ കാണിച്ചിരുന്നു. അതിനാൽ, കുട്ടികൾക്കതിൽ മട്ടപ്പുതോന്നി. തങ്ങളെ അക്ഷരജ്ഞാനത്തിൽനിന്നു്, എന്നുവെച്ചാൽ സാധാരണ വിദ്യാഭ്യാസത്തിൽനിന്നു്, ഒഴിച്ചുനിൎത്തുകയാണു് എന്നും അവർ വിചാരിച്ചു. ആ ധാരണ തെററായിരുന്നു. കാരണം, അവൎക്കു കിട്ടിയ ആ അല്പമായ അറിവുപോലും സാധാരണ പാഠശാലകളിലെ കുട്ടികൾക്കു കിട്ടിയിരുന്നതിനേക്കാൾ അധികം കാൎയ്യക്ഷമമായിരുന്നു. എന്നാലും, അതെന്നെ ചിന്തിക്കാൻ പ്രേരിപ്പിച്ചു. നമുക്കു വേണ്ടതു് കൈത്തൊഴിലും അതിനോടുകൂടെ അക്ഷരജ്ഞാനവും അല്ല; പ്രത്യുത, കൈത്തൊഴിൽ മുഖേന അക്ഷരജ്ഞാനമാണു് എന്ന നിഗമനത്തിൽ ഞാൻ എത്തിച്ചേൎന്നു. അപ്പോൾ കൈത്തൊഴിൽപരിശീലനം ഒരു വിരസവൃത്തിയല്ലാതാവും; അക്ഷരജ്ഞാനത്തിൽ ഒരു പുതിയ സന്തുഷ്ടിയും ഉപയുക്തതയും വന്നുചേരുകയും ചെയ്യും.

"ഞങ്ങൾ ഇംഗ്ലീഷിനെ നിഷേധിക്കാൻ നിശ്ചയിച്ചു. കാരണം, ഇംഗ്ലീഷുവാക്കുകളും പദപ്രയോഗങ്ങളും ഓൎമ്മിക്കാനായി കുട്ടികളുടെ സമയം കണക്കിലേറെ ചെലവായിരുന്നു. എന്നാലും, അവൎക്കു പഠിച്ചതിനെ സ്വന്തം ഭാഷയിൽ പ്രകടിപ്പിക്കാനോ അദ്ധ്യാപകൻ പഠിപ്പിക്കുന്നതിനെ ശരിയായി പിന്തുടരാനോ കഴിഞ്ഞിരുന്നില്ല. മറുവശത്തു്, വെറും ഉദാസീനതനിമിത്തം അവർ തങ്ങളുടെ മാതൃഭാഷ മറക്കുകയും ചെയ്തു. ഈ രണ്ടു ദോഷങ്ങളേയും പരിഹരിക്കുന്നതിനുള്ള

ഏകമാർഗ്ഗം കൈത്തൊഴിൽമുഖേനയുള്ള വിദ്യാഭ്യാസമാണെന്നു് എനിക്കു ബോദ്ധ്യമായി.

"ഞാൻ ആദ്യത്തെ ദിവസംതന്നെ കുട്ടികളുടെ ബുദ്ധിപരമായ കഴിവുകളെ മനസ്സിലാക്കാൻ പരിശ്രമിക്കും, അവക്ക് എഴുത്തു്, വായന, ഭൂമിശാസ്ത്രം മുതലായവ എത്രകണ്ടറിയാമെന്നു പരിശോധിക്കും. പിന്നെ തക്ലി പ്രവേശിപ്പിച്ചു് അതുമുഖേന അവരുടെ അറിവിനെ വദ്ധിപ്പിക്കാൻ പരിശ്രമിക്കും. അങ്ങനെയാണു് ഞാൻ പഠിപ്പിക്കാൻ തുടങ്ങുക.

"മററു പല കൈത്തൊഴിലുകളും ഉള്ളതിൽനിന്നു ഞാൻ തക്ലി തിരഞ്ഞെടുത്തതെന്തിനു് എന്നു നിങ്ങൾ ചോദിച്ചേക്കാം. കാരണം, നാം പുതുതായി സ്വീകരിച്ച തൊഴിലുകളിൽ ഒന്നു നൂല്പാണു് (തക്ലിയാണു്). അതു വളരെക്കാലമായി നിലനിന്നുവന്നിട്ടും ഉണ്ടു്. അതിപ്രാചീനമായ ഒരുകാലത്തു്, നമ്മുടെ വസ്ത്രം മുഴുവനും തക്ലിനൂലുകൊണ്ടാണു നിൎമ്മിച്ചിരുന്നതു്. ചക്ക വന്നതു പിന്നീടാണു്. അതിൽ ഏററവും നേൎമ്മയായി നൂലുണ്ടാക്കുക സാധ്യമല്ല; അതിന്നു തക്ലിയിലേയ്ക്കുതന്നെ മടങ്ങേണ്ടിവരും. തക്ലി കണ്ടുപിടിച്ചതിൽ മനുഷ്യന്റെ ഗവേഷണചാതുര്യം അഭൂതപൂൎവ്വമായ ഔന്നത്യം പ്രാപിച്ചിട്ടുണ്ടു്. അതിൽ കൈവിരലുകളുടെ കുശലതയെ ഉത്തമമായ രീതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. പക്ഷേ, തക്ലി ഉപയോഗിച്ചിരുന്നതു് യാതൊരു 'പഠിപ്പും' ഇല്ലാത്ത തൊഴിലാളികളായിരുന്നു. അതിനാൽ, അതിന്റെ ഉപയോഗം ലുപ്തപ്രായമായിത്തീൎന്നു. നമുക്കു് തക്ലിയെ നന്നാക്കി വീണ്ടും പൂൎവ്വസ്ഥിതിയിലേയ്ക്കു കൊണ്ടുവരികയും, ഗ്രാമങ്ങളെ പുനരുദ്ധരിക്കുകയും പുനർവിരചിക്കുകയും വേണമെങ്കിൽ നാം കുട്ടികളുടെ വിദ്യാഭ്യാസം തക്ലികൊണ്ടാരംഭിക്കണം. അതിനാൽ, എന്റെ അടുത്ത പാഠം, നമ്മുടെ നിത്യജീവിതത്തിൽ തക്ലിക്കു് എന്തു സ്ഥാനമാണുണ്ടായിരുന്നതു് എന്നു പഠിപ്പിക്കുകയായി

രിക്കും. പിന്നെ ഞാൻ ചരിത്രത്തിലേയ്ക്കു കടക്കും. തക്ലി നശിച്ചതിൻെറ ചരിത്രം പഠിപ്പിച്ചുകൊണ്ടു് ഇന്ത്യാചരിത്രം ചുരുക്കി വിവരിച്ചുകൊടുക്കും. ഞാൻ പൂൎവ്വേന്ത്യാകമ്പനിയിൽനിന്നു് അഥവാ അതിന്നും മുമ്പുള്ള 'മുസ്ലീം പീരീഡി'ൽനിന്നു തുടങ്ങും. കമ്പനിക്കാരുടെ കച്ചവടച്ചരക്കായിരുന്ന ചൂഷണത്തെപ്പററിയും അവർ സുവ്യവസ്ഥിതമായ ഒരു രീതിയിൽ നമ്മുടെ പ്രധാനകൈത്തൊഴിലിൻെറ കഴുത്തു ഞെരുക്കുകയും അവസാനം അതിനെ കൊല്ലുകയും ചെയ്തതെങ്ങനെയെന്നതിനെപ്പററിയും വിവരിച്ചുകൊടുക്കും. പിന്നെ യന്ത്രശാസ്ത്രത്തിൽ ഒരു പാഠം—തക്ലിയുടെ നിൎമ്മാണം—പഠിപ്പിക്കും. ആരംഭത്തിൽ മണ്ണോ മാവോ (Flour) കുഴച്ചുരുട്ടി ഉണക്കിയ ശേഷം അതിൻെറ നടുവിലൂടെ ഒരു മുളയലകു കോൎത്താണു് തക്ലിയുണ്ടാക്കിയിരിക്കുക. ബംഗാളിലും ബീഹാറിലും ചില സ്ഥലങ്ങളിൽ അത്തരം തക്ലി ഇപ്പോഴും കാണുന്നുണ്ടു്. പിന്നെ മണ്ണുരുളയുടെ സ്ഥാനം 'ഓട്ടാമ്പ്ളി' (ഇഷ്ടികക്കഷണം) എടുത്തു. ഇപ്പോൾ ആ സ്ഥാനത്തു് ഇരുമ്പുകൊണ്ടോ പിത്തളകൊണ്ടോ ഉരുക്കുകൊണ്ടോ വട്ടുണ്ടാക്കുന്നു. കതിരിന്നു മുളയലകല്ലാ, ഉരുക്കുകമ്പിയാണു് ഉപയോഗിക്കുന്നതു്. ഇവിടേയും വട്ടിൻേറയും കതിരിൻേറയും വലുപ്പത്തേപ്പററി വിവരിക്കാം. എന്തിനാണു് അവ ഒരു നിശ്ചിതവലുപ്പത്തിലായിരിക്കുന്നതു്? എന്തുകൊണ്ടു വലുപ്പം അല്പം അധികമോ കുറച്ചോ ആയിക്കൂടാ? പിന്നെ പരുത്തിയെപ്പററി പഠിപ്പിക്കും. ഏതുതരം നിലത്താണു് പരുത്തിയുണ്ടാവുക, എത്രതരം പരുത്തികളുണ്ടു്, ഏതെല്ലാം രാജ്യങ്ങളിലാണു്—ഇന്ത്യയിൽ ഏതേതു സംസ്ഥാനങ്ങളിലാണു്—പരുത്തി ധാരാളമായി കൃഷി ചെയ്യുന്നതു് എന്നെല്ലാം പറഞ്ഞുകൊടുക്കും. അതിന്നു് ഏററവും പററിയ മണ്ണു് ഏതെന്നുംമററും വിവരിച്ചുകൊണ്ടു് പരുത്തിക്കൃഷിയെപ്പററിയ ഒരു പ്രാഥമികജ്ഞാനം നല്കാം. അതു നമ്മെ കൃഷിശാസ്ത്രത്തിലേയ്ക്കും പ്രവേശിപ്പിക്കും.

“വിദ്യാൎത്ഥികൾക്കു് ഇത്തരം വിദ്യാഭ്യാസം നല്കണമെങ്കിൽ അദ്ധ്യാപകന്മാൎക്കു് പല വിഷയങ്ങളിലും പരിപക്വമായ അറിവുണ്ടായിരിക്കണമെന്നു പറയേണ്ടതില്ല. നൂലിഴകളെണ്ണുക, നൂലിൻെറ നമ്പർ കാണുക, നൂല് കഴിയിൽ നിന്നെടുത്തു തുട്ടാക്കുക, അതു നെയ്ത്തുകാരന്നു കൊടുക്കാൻ തയാറാക്കുക, ഒരു പ്രത്യേകതരം തുണിക്കു പാവിൽ എത്ര ഇഴ വേണമെന്നു കണക്കാക്കുക എന്നീ പ്രവൃത്തികൾമുഖേന പ്രാഥമിക ഗണിതം മുഴുവനും പഠിപ്പിക്കാം. പരുത്തിക്കൃഷി തുടങ്ങി വസ്ത്രനിൎമ്മാണംവരെയുള്ള പ്രവൃത്തികൾക്കെല്ലാം—പരുത്തിക്കായ പറിക്കുക, കുരുക്കളയുക, പഞ്ഞിയടിക്കുക, നൂല്ക്കുക, (നൂലിന്നു) കഞ്ഞികൊടുക്കുക, നെയ്യുക മുതലായ പ്രവൃത്തികൾക്കെല്ലാം—അതതിനോടു ബന്ധമുള്ള യന്ത്രശാസ്ത്രം, ചരിത്രം, കണക്കു് മുതലായവയുണ്ടു്.

“കുട്ടികളെ പഠിപ്പിക്കുന്ന കൈത്തൊഴിൽമുഖേന അവൎക്കു ശരീരത്തിൻേറയും മനസ്സിൻേറയും ആത്മാവിൻേറയും പരിപൂൎണ്ണമായ ശിക്ഷണം നല്കുക എന്നതാണു് നമ്മുടെ ഉദ്ദേശ്യം. ഒരു കൈത്തൊഴിലിന്റെ എല്ലാ പ്രക്രിയകളും (Process) പഠിപ്പിച്ചുകൊണ്ടു് കുട്ടിയുടെ എല്ലാ കഴിവുകളേയും ആവിഷ്കരിക്കണം. കണക്കു്, ചരിത്രം, ഭൂമിശാസ്ത്രം മുതലായവയിൽ നിങ്ങൾ എടുക്കുന്ന പാഠങ്ങളെല്ലാം ആ തൊഴിലിനോടു ബന്ധപ്പെട്ടതായിരിക്കും.”

ഹരിജൻ, 11–6–’38

## മൂന്നു്

## ബുദ്ധിയുടെ വികാസമോ ദുർവ്യയമോ?

ഇതിന്നിടെ തിരുവിതാംകൂറിലും മദ്രാസ്സിലും നടത്തിയ പര്യടനത്തിന്നിടയിൽ എനിക്കു പരിചയപ്പെടാനിടവന്ന മിക്ക വിദ്യാത്ഥികളും 'ബുദ്ധിജീവി'കളും ബുദ്ധിയുടെ ദുർവ്യയത്തിന്റെ ഉദാഹരണങ്ങളുമായിരുന്നു. ആരും ബുദ്ധിവികാസത്തിന്റെ ഉദാഹരണമായിരുന്നില്ല. അതിന്നു കാരണം ആധുനികവിദ്യാഭ്യാസസമ്പ്രദായമാണു്. അതു ദുഷിച്ച വാസനകളെ പ്രോത്സാഹിപ്പിക്കുകയും മനസ്സിനെ തെററായ വഴിക്കു നയിക്കുകയും അതിന്റെ വികാസത്തെ സഹായിക്കുന്നതിന്നുപകരം തടയുകയും ചെയ്യുന്നു. സെയ്ഗോണിലെ എന്റെ പരീക്ഷണങ്ങൾ ഈ അഭിപ്രായത്തെ ദൃഢീകരിച്ചിട്ടുണ്ടു്. പക്ഷേ, അവ അപൂൎണ്ണങ്ങളാകയാൽ ഇപ്പോൾ എടുത്തു കാണിക്കുക സാദ്ധ്യമല്ല. ഞാൻ വിദ്യാഭ്യാസത്തെപ്പററി ഇവിടെ പ്രസ്താവിക്കാൻപോകുന്ന അഭിപ്രായങ്ങൾ 1904-ൽ തെക്കേ ആഫ്രിക്കയിലെ ഫിനിക്സു് സെററിൽമെന്റ് ആരംഭിച്ചകാലംമുതൽ എന്നിൽ അടിയുറച്ചുനില്ക്കുന്നവയാണു്.

ശരീരാവയവങ്ങളുടെ—കൈയു്, കാലു്, കണ്ണു്, കാതു്, മൂക്കു് മുതലായവയുടെ—ഉചിതമായ വ്യാപാരവും പരിശീലനവുംകൊണ്ടേ ശരിയായ ബുദ്ധിവികാസം ഉണ്ടാവൂ എന്നു് ഞാൻ വിശ്വസിക്കുന്നു. മറെറാരുവിധത്തിൽ പറഞ്ഞാൽ, കുട്ടിയുടെ ശരീരാവയവങ്ങളുടെ ബുദ്ധിപൂൎവ്വകമായ ഉപയോഗമാണു് അവന്റെ ബുദ്ധിയെ വികസിപ്പിക്കാനുള്ള ഉത്തമമാൎഗ്ഗം; അതു കൂടുതൽ വേഗം സാധിക്കുകയും അത്തരം ഉപയോഗംകൊണ്ടാണു്. പക്ഷേ, മനസ്സിന്റേയും ശരീരത്തിന്റേയും വികാസം ഒരുമിച്ചു സാധിക്കുകയും അതോടൊപ്പംതന്നെ ആത്മാവിന്നു് ഉണൎവ്വുണ്ടാകയും ചെയ്യാഞ്ഞാൽ മനോവി

കാസം സ്ഥായിയായിരിക്കയില്ല. അതിന്നു കാൎയ്യക്ഷമത കുറയും. ആദ്ധ്യാത്മികശിക്ഷണം എന്നതുകൊണ്ടു ഞാനുദ്ദേശിക്കുന്നതു് ഹൃദയവികാസമാണു്. അതിനാൽ, ശാരീരികവും ആദ്ധ്യാത്മികവുമായ കഴിവുകളോടൊപ്പം പുരോഗമിക്കുമ്പോഴേ മനസ്സിന്നു ശരിയായ, സൎവ്വതോമുഖമായ, വികാസം ഉണ്ടാവൂ. അവ മൂന്നും അവിഭാജ്യമായ ഒരു പൂൎണ്ണവസ്തുവാണു്. അതിനാൽ, പരസ്പരബന്ധമില്ലാതെ അവയെ ഒററയ്ക്കൊററയ്ക്കു് വികസിപ്പിക്കാമെന്നു വിചാരിക്കുന്നതു് വെറും വിഡ്ഢിത്തമാണു്.

ശരീരത്തിന്നും മനസ്സിന്നും ആത്മാവിന്നും തമ്മിൽ ശരിയായ യോജിപ്പില്ലാത്തതിന്റെ ദൂഷിച്ച പരിണാമങ്ങൾ സുസ്പഷ്ടമാണു്. അവ നമ്മുടെ ചുററുപാടുമുണ്ടു്. പക്ഷേ, തത്കാലത്തെ ദൂഷിച്ച സമ്പ്രദായം ഹേതുവായി നാമവയെ കാണുന്നില്ലെന്നുമാത്രം. നമ്മുടെ ഗ്രാമീണരുടെ കാൎയ്യം എടുക്കുക. കുട്ടിക്കാലംമുതല്ക്കേ, തങ്ങളുടെ കന്നുകാലികളെപ്പോലെ അവർ പ്രഭാതംമുതൽ പ്രദോഷംവരെ വയലുകളിൽ വേലചെയ്യുന്നു. അവർ ജീവിക്കുന്നതു് ആ കന്നുകാലികൾക്കിടയിലാണു്. അവർ യന്ത്രങ്ങളെപ്പോലെ എപ്പോഴും പണിയെടുത്തുകൊണ്ടിരിക്കുന്നു. അവർ ബുദ്ധി ഉപയോഗിക്കുന്നില്ല. അവൎക്കതിന്റെ ആവശ്യവുമില്ല. അവരുടെ ജീവിതം വെറും വിരസവൃത്തിയാണു്. അവൎക്കു ജീവിതത്തിൽ പറയത്തക്ക ഒരാശയുമില്ല. ബുദ്ധിയുടേയോ ഹൃദയത്തിന്റേയോ വികാസത്തിന്നു തീരെ സാദ്ധ്യതയില്ലാത്തതിനാൽ അവർ തിൎയ്യക്കുകളുടെ നിലയിലേയ്ക്കു് അധഃപതിച്ചിരിക്കുന്നു. അവരെസ്സംബന്ധിച്ചേടത്തോളം ജീവിതം പരിതാപകരമാംവണ്ണം കുഴപ്പംപിടിച്ചതാണു്. അവരതിനെ വാല്യംതുമ്പുമില്ലാതാക്കുകയുംചെയ്യുന്നു. മറുവശത്തു്, നമ്മുടെ നഗരങ്ങളിലെ സ്കൂളുകളിലും കാളേജുകളിലും വിദ്യാഭ്യാസമെന്നപേരിൽ പ്രചരിച്ചുവരു

ന്നതു് വാസ്തവത്തിൽ ബുദ്ധിയുടെ ദുർവ്യയമാണു്. അവിടെ കായികപ്രവത്തനത്തോട്ട തീരെ ബന്ധമില്ലാത്ത ഒരു വസ്തുവായിട്ടാണു് ബുദ്ധിവികാസത്തിനെ വീക്ഷിക്കുന്നതു്. എന്നാൽ, ശരീരത്തിൻെറ ആരോഗ്യം പാലിക്കുന്നതിന്നു് ഏതെങ്കിലും തരത്തിലുള്ള കായികാഭ്യാസം ആവശ്യമാണു്. അതിനാലവർ കൃത്രിമവും അന്യഥാ ഉപയോഗശൂന്യവുമായ ഒരു വ്യായാമപദ്ധതിമുഖേന അതു സാധിക്കാൻ വൃഥാ പ്രയത്നിക്കുന്നു. അതിൻെറ ഫലം അത്ര ദാരുണമല്ലെങ്കിലും അതീവ പരിഹാസ്യമാണു്. ഈ പദ്ധതിയനുസരിച്ചു് പഠിച്ചു പുറത്തുവരുന്ന ഒരു യുവാവിന്നു് കായികപ്രവൃത്തികളിൽ ഒരു സാധാരണതൊഴിലാളിയുടെ അടുത്തെങ്ങും നില്ക്കാൻ കഴിയില്ല. ആയാൾക്കു്, ദേഹംകൊണ്ടു ലഘുവായ വല്ല പണിയും ചെയ്യുമ്പോഴേക്കു് തലവേദനയുണ്ടാവുന്നു; അല്പം വെയിലു കൊള്ളുമ്പോഴേക്കു് തല തിരിയുന്നു. ഇതൊക്കെ സ്വാഭാവികമാണെന്നാണു് എല്ലാവരും കരുതുന്നതു്. ഹൃദയത്തിൻെറ കഴിവുകളുടെ കാൎയ്യം പറയുന്നതായാൽ അവ തനിയേ നശിക്കുന്നു, അല്ലെങ്കിൽ കാട്ടുചെടികളെപ്പോലെ യാതൊരു ക്രമവുമില്ലാതെ വളരുന്നു. അതിൻെറ ഫലം, സദാചാരപരവും ആദ്ധ്യാത്മികവുമായ അരാജകതയാണു്. അതു പ്രശംസനീയമാണെന്നു പരിഗണിക്കപ്പെട്ടുകയും ചെയ്യുന്നു!

ഇതിന്നു വിപരീതമായി മറെറാരു കുട്ടിയെ എടുക്കുക. ആരംഭംമുതല്ക്കുതന്നെ അവൻെറ ഹൃദയവികാസത്തിൻെറ കാൎയ്യത്തിൽ ശ്രദ്ധപതിപ്പിച്ചിട്ടുണ്ടു്. അവനെ വിദ്യാഭ്യാസാൎത്ഥം നൂല്പു്, ആശാരിപ്പണി, കൃഷി തുടങ്ങിയ ഉപയോഗപ്രദമായ ഒരു തൊഴിലിൽ ഏർപ്പെടുത്തുന്നുവെന്നും അവന്നു ചെയ്യാനുള്ള വിവിധജോലികളുടെ തത്വങ്ങളോട്ട ബന്ധപ്പെട്ട നിലയിൽ അവന്നു സമഗ്രമായ ജ്ഞാനം നല്കുന്നു എന്നും വിചാരിക്കുക. അതോടൊപ്പംതന്നെ അവൻ ഉപയോഗിക്കുന്ന

ഉപകരണങ്ങളുടെ നിമ്മാണവും ഉപയോഗക്രമവും അവന്നു മനസ്സിലാക്കിക്കൊടുക്കണം. അവന്നു നല്ല ആരോഗ്യമുള്ള ശരീരം മാത്രമല്ല ഉത്സാഹപൂണ്ണമായ ബുദ്ധിയും ഉണ്ടാവുന്നതാണ്. ആ ബുദ്ധി പാണ്ഡിത്യംമാത്രമുള്ളതായിരിക്കയില്ല; പ്രത്യുത, അനുഭവദ്വാരാ അടിയുറച്ചതും നിത്യേന പരീക്ഷിക്കപ്പെട്ടതും ആയിരിക്കും. അവൻെറ ബുദ്ധിവികാസത്തിൽ ഗണിതശാസ്ത്രത്തിൻേറയും തൻെറ തൊഴിൽ ബുദ്ധിപൂവ്വം കായ്യക്ഷമതയോടെ ചെയ്യുന്നതിന്നാവശ്യമായ എല്ലാ ശാസ്ത്രങ്ങളുടേയും ജ്ഞാനം ഉൾപ്പെട്ടും. ഇതിനോടുകൂടി ഒരു വിനോദമെന്നനിലയിൽ പുസ്തകപ്പഠിപ്പും ചേക്കുന്നതായാൽ അവന്നു പരിപൂണ്ണവും സവ്വതോമുഖവുമായ വിദ്യാഭ്യാസം ലഭിക്കുന്നതാണ്. അതിൽ ശരീരത്തിനും മനസ്സിനും ആത്മാവിനും തുല്യമായ പ്രാധാന്യമുണ്ടായിരിക്കും. മൂന്നും സമഗ്രമായും സമഞ്ജസമായും വികസിക്കുകയും ചെയ്യും. മനുഷ്യൻ വെറും ബുദ്ധിയോ, വെറും ഭൗതികശരീരമോ, വെറും ഹൃദയമോ (വെറും ആത്മാവോ) അല്ല. മൂന്നും ഒത്തുചേന്നാലേ മനുഷ്യൻ മനുഷ്യനാകയുള്ളു. അതാണ് വിദ്യാഭ്യാസത്തിൻെറ ശരിയായ അത്ഥശാസ്ത്രം. നമുക്കു സ്വാതന്ത്ര്യം കിട്ടിയശേഷമേ ഇത്തരം വിദ്യാഭ്യാസം നല്കാൻ സാധിക്കു എന്നു പറയുന്നതു വണ്ടിയുടെ പിന്നിൽ കുതിരയെ കെട്ടുന്നതുപോലെയായിരിക്കുമെന്നു ഞാൻ ഭയപ്പെടുന്നു.

കോടിക്കണക്കിൽ ജനങ്ങൾക്കു്, ഇങ്ങനെ ബുദ്ധിപൂവ്വം ചെയ്യുന്ന തൊഴിൽമുഖേന വിദ്യാഭ്യാസംനല്കാനും, എല്ലാവരും ഒരു പൊതുനന്മക്കാണ് ജീവിക്കുന്നതു് എന്ന ബോധമുളവാക്കാനും സാധിക്കുമെങ്കിൽ നമുക്കു കൂടുതൽവേഗം സ്വാതന്ത്ര്യം ലഭിക്കുന്നതാണ്.

ഹരിജൻ, 8–5–'37

## നാല്

## ദേശീയവിദ്യാഭ്യാസത്തിൻെറ മൗലികവസ്തുതകൾ

1937 മേയ് 22-ാംതീയതി 'തിഥാൽ' എന്ന സ്ഥലത്തുവച്ച് ഗുജറാത്തിലെ ദേശീയവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ ഒരു ചെറിയ സമ്മേളനം കൂട്ടുകയുണ്ടായി. സംയോജകൻ ക്ഷണക്കത്തോടൊപ്പം ഒരു പ്രശ്നാവലിയും അയച്ചിരുന്നു. അതിന്നു് ഒരു വിശദീകരണവും ആവശ്യമില്ല:

1. നമ്മുടെ ഗ്രാമങ്ങളുടെ ആവശ്യങ്ങൾക്കനുയോജിച്ചതും ഗ്രാമീണക്ക് ഏററവുമധികം ഗുണപ്രദവുമായ വിദ്യാഭ്യാസം ഏതാണു്? ആദ്യവിദ്യാഭ്യാസം എല്ലാ ഗ്രാമങ്ങളിലും പ്രചരിപ്പിക്കുന്നതെങ്ങനെ?

2. പൊതുജനങ്ങളുടെ നിരക്ഷരതയും അജ്ഞതയും ദൂരീകരിക്കുന്നതെങ്ങനെ?

3. ബുദ്ധിവികാസത്തിന്നു സാക്ഷരത അനുപേക്ഷണീയമാണോ? അക്ഷരവും വായനയും കണക്കും പഠിപ്പിച്ചുകൊണ്ടു ബോധനമാരംഭിക്കുന്ന സമ്പ്രദായം ബുദ്ധിവികാസത്തിന്നു ഹാനികരമാണോ?

4. കൈത്തൊഴിൽപരിശീലനം എല്ലാ ബോധത്തിന്റേയും കേന്ദ്രമാക്കുന്നതിൻെറ ആവശ്യകത.

5. ഇന്നത്തെ ദേശീയവിദ്യാലയങ്ങളുടെ ഭാവി.

6. എല്ലാ വിദ്യാഭ്യാസവും കുട്ടിയുടെ മാതൃഭാഷാമുഖേന നല്കുന്നതിന്നുള്ള സാധ്യത.

7. ഇന്നത്തെ സ്കൂളുകളിൽ ദേശീയവിദ്യാഭ്യാസത്തിന്റെ ഏതെല്ലാം മൗലികതത്വങ്ങളാണു കമ്മിയായിരിക്കുന്നതു്?

8. പ്രാഥമികവിദ്യാഭ്യാസത്തിൻെറയും സെക്കണ്ടറിവിദ്യാഭ്യാസത്തിൻെറയും പ്രാരംഭവർഷങ്ങളിൽ ഹിന്ദി-ഹിന്ദുസ്ഥാനി നിർബ്ബന്ധമാക്കുന്നതിൻെറ ആവശ്യകത.

ഈ പ്രശ്നങ്ങളെപ്പററി ഗാന്ധിജിയുടെ അഭിപ്രായം ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം നല്കിയ മറുപടിയുടെ സാരം താഴെ കൊടുക്കുന്നു:

"ഗ്രാമീണരുടെ ആവശ്യങ്ങൾക്കനുയോജിച്ച വിദ്യാഭ്യാസം നല്കണമെങ്കിൽ നാം *വിദ്യാപീഠത്തെ ഗ്രാമങ്ങളിലേക്കു കൊണ്ടുപോകണം; അദ്ധ്യാപകന്മാർക്കു പ്രായോഗികപരിശീലനം നല്കുന്നതിന്നായി അതിനെ ഒരു പരിശീലനകേന്ദ്രമാക്കി മാററണം. ഒരു നഗരത്തിൽവെച്ചു നടത്തുന്ന പരിശീലനകേന്ദ്രംമുഖേന അദ്ധ്യാപകന്മാർക്ക്, ഗ്രാമീണരുടെ ആവശ്യങ്ങൾക്കനുയോജിച്ച വിധത്തിൽ ബോധനം നല്കുക സാധ്യമല്ല. അവർക്കു ഗ്രാമങ്ങളുടെകാര്യത്തിൽ താത്പര്യമുണ്ടാക്കാനും സാധിക്കയില്ല. നഗരവാസികൾക്കു ഗ്രാമങ്ങളിൽ താത്പര്യമുളവാക്കുകയോ അവരെ ഗ്രാമങ്ങളിൽ പോയി പാക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നതു് അത്ര എളുപ്പമല്ല. സെയ്ഗോണിലെ അനുഭവം എൻെറ ഈ അഭിപ്രായത്തെ ദൃഢീകരിക്കുന്നുണ്ടു്. അവിടത്തെ ഒരുകൊല്ലത്തെ വാസം ഞങ്ങളെ ഗ്രാമീണരാക്കിയിട്ടുണ്ടെന്നോ പൊതുനന്മക്കായി ഞങ്ങളും അവരും ഒന്നായിത്തീന്നിട്ടുണ്ടെന്നോ ഉറപ്പിച്ചുപറഞ്ഞുകൂടാ.

"ഇനി പ്രാഥമികവിദ്യാഭ്യാസത്തിൻെറകാര്യം എടുക്കാം. അക്ഷരവും വായനയും എഴുത്തും പഠിപ്പിച്ചുകൊണ്ടു ബോധനം ആരംഭിക്കുന്നതു് അവരുടെ ബുദ്ധിവികാസത്തെ തടയുന്നു എന്നാണു് എൻെറ ഉറച്ചവിശ്വാസം. ചരിത്രം, ഭൂമിശാസ്ത്രം, മനഃകണക്കു്, നൂല്പുകല മുതലായവ മുഖേന ഞാനവരുടെ ബുദ്ധിയെ വികസിപ്പിക്കും. ഇവയിൽ ഒരു പ്രാഥമിക ജ്ഞാനമുണ്ടാവുന്നതുവരെ ഞാൻ അക്ഷരം പഠിപ്പിക്കുകയില്ല.

---

* സർവ്വകലാശാല. ഇവിടെ ഗുജറാത്തിവിദ്യാപീഠത്തെയാണു് വിവക്ഷിച്ചിരിക്കുന്നതു്. (വി.)

തക്ലിമുഖേനയോ ചക്രമുഖേനയോ ബുദ്ധിയെ വികസിപ്പിക്കാൻ കഴിയുന്നതെങ്ങനെ എന്നു ചോദിച്ചേക്കാം. പഠിപ്പിക്കുന്നതു വെറും യാന്ത്രികമായിട്ടല്ലെങ്കിൽ അവമുഖേന ആശ്ചര്യകരമാംവണ്ണം ബുദ്ധിവികാസം സാധിക്കാവുന്നതാണ്. കുട്ടിക്കു് ഓരോ പ്രക്രിയയുടേയും കാരണം മനസ്സിലാക്കിക്കൊടുക്കണം. തക്ലിയുടേയും ചക്രയുടേയും യന്ത്രശാസ്ത്രം വിവരിച്ചു കൊടുക്കണം; പരുത്തിയുടെ ചരിത്രവും അതിന്നു നാഗരികതയോടുള്ള സംബന്ധവും പറഞ്ഞുകൊടുക്കണം; പരുത്തി വിളയുന്ന സ്ഥലത്തേയ്ക്കു് അവനെ കൂട്ടിക്കൊണ്ടുപോകണം; താനുണ്ടാക്കിയ നൂലിഴകൾ എണ്ണാനും ആ നൂലിന്റെ സമാനതയും (ഒരുമേനിയും) ബലവും കണ്ടുപിടിക്കാനും അവനെ പഠിപ്പിക്കണം. ഇവമുഖേന നിങ്ങൾ അവന്റെ ശ്രദ്ധയെ ആകർഷിക്കുകയും അവന്റെ കൈകൾക്കും കണ്ണുകൾക്കും മനസ്സിന്നും ഒരേസമയത്തു ശിക്ഷണം നല്കുകയുംചെയ്യുന്നു. ഈ പ്രാഥമികപരിശീലനത്തിന്നു ഞാൻ ആറുമാസം നീക്കിവെയ്ക്കും. അപ്പോഴേയ്ക്കു കുട്ടി വായന പഠിക്കാൻ ഒരുങ്ങിയിരിക്കും. അവന്നു വേഗത്തിൽ വായിക്കാൻ പഠിയ്ക്കുകയും ചെയ്യും. അപ്പോഴേയ്ക്കു് അവന്നു ലഘുവായ ചിത്രങ്ങളും വരയ്ക്കാൻ സാധിക്കും. അങ്ങനെ ചില രേഖാചിത്രങ്ങളും പക്ഷികളുടേയുംമറ്റും ചിത്രങ്ങളും വരയ്ക്കാൻ പഠിച്ചാൽ ക്രമേണ അവൻ അക്ഷരങ്ങളുടെ ചിത്രങ്ങളും വരയ്ക്കും. അല്ലാതെ 'കറപറ' എന്നെഴുതുകയില്ല. എന്നെ അക്ഷരങ്ങൾ പഠിപ്പിച്ച ആ കുട്ടിക്കാലത്തെ ഞാനിപ്പോഴും ഓർക്കുന്നു. അതെന്തൊരു 'മുഷിപ്പ്'നായിരുന്നു എന്നെനിക്കറിയാം. എന്റെ ബുദ്ധി തുരുമ്പുപിടിക്കുന്നതെന്തുകൊണ്ടാണെന്നു് ആരും ശ്രദ്ധിച്ചില്ല. ഞാൻ ലേഖനവിദ്യ ഒരു ലളിതകലയാണെന്നു കരുതുന്നു. കുട്ടികളുടെമേൽ അക്ഷരം വെച്ചുകെട്ടുകയും അക്ഷരാഭ്യാസത്തെ പഠിപ്പിന്റെ ആരംഭമാക്കുകയുംചെയ്തു് ആ കലയെ നാം കൊന്നുകളയുന്നു. കാല

മാവുന്നതിന്നുമുമ്പു് അക്ഷരം പഠിപ്പിക്കുന്നതു് ആ കലയോടു ചെയ്യുന്ന അക്രമമാണു്. അതു കുട്ടികളുടെ വളർച്ചയെ തടയുന്നു.

"എന്റെ അഭിപ്രായത്തിൽ നാം വ്യസനിക്കുകയും ലജ്ജിക്കുകയും ചെയ്യേണ്ടതു് നിരക്ഷരതയിലല്ല, പ്രത്യുത, അജ്ഞതയിലാണു്. പ്രൗഢവിദ്യാഭ്യാസത്തിന്നു ഞാൻ കാര്യക്ഷമമായ ഒരു പദ്ധതി ആവിഷ്കരിക്കും. ഞാൻ സശ്രദ്ധം തിരഞ്ഞെടുത്ത അദ്ധ്യാപകന്മാരുടെ സഹായത്തോടുകൂടി ഏററവും ഉചിതമായ ഒരു പാഠ്യപദ്ധതിയുണ്ടാക്കുകയും അതനുസരിച്ചു ഗ്രാമത്തിലെ മുതിർന്നവരുടെ ബുദ്ധിയെ വികസിപ്പിക്കുകയും ചെയ്യും. ഞാനവർക്കു് അക്ഷരജ്ഞാനം നല്കുകയില്ല എന്നല്ല പറയുന്നതു്. വിദ്യാഭ്യാസത്തിൻെറ ഒരു വാഹനമെന്ന നിലയിൽ ഞാനതിനെ വിലമതിക്കുന്നുണ്ടു്. ഞാനതിനെ തിരസ്കരിക്കുകയോ അതിൻെറ മൂല്യത്തെ കുറയ്ക്കുകയോ ചെയ്യുന്നില്ല. പ്രൊഫസ്സർ ലാബക് അക്ഷരാഭ്യാസം സുകരമാക്കുന്നതിന്നു ചെയ്ത പ്രയത്നങ്ങളേയും, പ്രൊഫസ്സർ ഭാഗവത് അതിലേയ്ക്കു നല്കിയ മഹത്തായ സംഭാവനകളേയും ഞാനഭിനന്ദിക്കുന്നു. സൗകര്യംപോലെ സേവാഗ്രാമത്തിലേയ്ക്കു വരാനും തന്റെ കലയെ അവിടത്തെ സ്ത്രീപുരുഷന്മാരിലും കുട്ടികളിലും പരീക്ഷിച്ചുനോക്കാനും ഞാൻ പ്രൊഫസ്സർ ഭാഗവത്തിനോടപേക്ഷിച്ചിട്ടുണ്ടു്.

"വിദ്യാഭ്യാസത്തിൻെറ കേന്ദ്രമായി കൈത്തൊഴിൽ പഠിപ്പിക്കുന്നതിൻെറ ആവശ്യകതയുടേയും ആ നിലയിൽ അതിന്നുള്ള മൂല്യത്തിൻേറയും കാര്യത്തിൽ എനിക്കു് ഒരുതരം സംശയവും ഇല്ല. ഇന്ത്യയിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സ്വീകരിച്ചിട്ടുള്ള പദ്ധതിയെ ഞാൻ 'എഡ്യുക്കേഷൻ,' എന്നുവെച്ചാൽ മനുഷ്യനിലുള്ള നന്മകളെ ആവിഷ്കരിക്കുക, എന്നു പറയുകയില്ല. അതു മനസ്സിനെ വഷളാക്കുകയാണു്; ഏതോ

പ്രകാരത്തിൽ ബോധനം നല്കുകയാണ്. ഇതിന്നു പകരം ആരംഭംമുതൽക്കുതന്നെ ഗ്രാമത്തിലെ കൈത്തൊഴിലുകളെ കേന്ദ്രമാക്കി അവമുഖേന മനസ്സിന്നു ശിക്ഷണം നല്കുന്നതായാൽ അതു നല്ല അച്ചടക്കത്തോടെ ശരിയായവിധത്തിൽ മനസ്സിനെ വികസിപ്പിക്കും. അതിൻെറ ഫലമായിട്ട്, പ്രത്യക്ഷമായി ബുദ്ധിശക്തിയേയും പരോക്ഷമായി ആദ്ധ്യാത്മികശക്തിയേയും നിലനിർത്താൻ സാധിക്കും. ഇവിടേയും ഞാൻ ലളിതകലകളെ അവഗണിക്കുന്നു എന്നു വിചാരിച്ചുപോകരുതു്. പക്ഷെ, ഞാനവയെ അസ്ഥാനത്തുവെയ്ക്കുകയില്ല. അസ്ഥാനത്തുവെച്ച സാധനം അഴുക്കാണെന്ന ആപ്തവാക്യം പരമാർത്ഥമാണ്. ഞാൻ പറയുന്നതിന്നു തെളിവായി നമ്മുടെമേൽ കുമ്പാരമായി വന്നുവീഴുന്ന, ഒന്നിനും കൊള്ളാത്തതും അശ്ലീലവുംകൂടിയായ സാഹിത്യത്തെ എടുത്തുകാണിക്കാം. അതിൻെറ പരിണാമം ഏതു വഴിപോകുന്നെന്നും കാണാൻ കഴിയുന്നതാണ്."

ഹരിജൻ, 5–6–'37

അഞ്ച്

## സാക്ഷരതയുടെ കാര്യമോ?

ഞാൻ ഈ പത്രപംക്തികളിൽ പ്രതിപാദിച്ചുവരുന്ന വിദ്യാഭ്യാസസംബന്ധമായ (എൻെറ) ആശയങ്ങളെപ്പററി എനിക്കു പല അഭിപ്രായങ്ങളും കിട്ടിയിട്ടുണ്ട്. അവയിൽ ഏററവും പ്രധാനപ്പെട്ടവ ഈ പംക്തികളിൽ പ്രസിദ്ധിപ്പെടുത്താൻ സാധിക്കുമെന്നാശിക്കുന്നു. തത്കാലം, സാക്ഷരതയുടെ കാര്യത്തിൽ കാണുന്ന ഉപേക്ഷയ്ക്കുത്തരവാദി ഞാനാണെന്നു ധരിച്ച് ആവലാതിപ്പെടുന്ന ഒരു ലേഖകന്നു്—അദ്ദേഹം ഒരു പണ്ഡിതനാണ്—മറുപടിനല്കാനേ ഉദ്ദേശിക്കുന്നുള്ളൂ. എൻെറ

ലേഖങ്ങളിൽ അത്തരം വിശ്വാസത്തിന്നാധാരമായി ഒന്നും തന്നെ ഇല്ല. കാരണം, എൻെറ ആശയപ്രകാരമുള്ള സ്കൂളുകളിലേ കുട്ടികൾക്കു് കൈത്തൊഴിൽമുഖേന എല്ലാത്തരം ബോധനവും (ജ്ഞാനവും) ലഭിക്കുമെന്നു ഞാൻ പറഞ്ഞിട്ടില്ലേ? അതിൽ സാക്ഷരതയും ഉൾപ്പെട്ടുന്നുണ്ടു്. എൻെറ പദ്ധതിയിൽ അക്ഷരങ്ങൾ വരയ്ക്കുകയോ പകർത്തുകയോ ചെയ്യുന്നതിന്നുമുമ്പായി കൈകൊണ്ടു പണിയായുധങ്ങൾ ഉപയോഗിക്കാൻ ശീലിക്കുന്നതാണു്. ജീവിതത്തിലെ മററു കാര്യങ്ങളെ അറിയുന്നതുപോലെ കണ്ണുകൾ അക്ഷരങ്ങളുടേയും വാക്കുകളുടേയും ചിത്രങ്ങൾനോക്കി മനസ്സിലാക്കും, അഥവാ വായിക്കും. കാതുകൾ സാധനങ്ങളുടെ പേരും വാക്യങ്ങളുടെ അർത്ഥവും ഗ്രഹിക്കും. ആ പരിശീലനം മുഴുവനും പ്രതിസ്പന്ദാത്മകവും രസപ്രദവുമായിരിക്കും. തന്നിമിത്തം ഇന്നു നിലവിലുള്ള പദ്ധതികളിൽവെച്ചു് ഇതു് ശീഘ്രതമവും ആദായകരവുമായിരിക്കും. എൻെറ സ്കൂളിലെ കുട്ടികൾ എഴുതാൻ പഠിക്കുന്നതിനേക്കാൾ വേഗം വായിക്കാൻ പഠിക്കും. അവർ എഴുതാൻ തുടങ്ങുമ്പോൾ ഇന്നും ഞാൻ ചെയ്യുന്നതുപോലെ 'കറവറ' എന്നു വരയ്ക്കുകയില്ല. എൻെറ അദ്ധ്യാപകന്മാർക്കു നമസ്കാരം! (അവരുടെ കണ്ണിൽ മണ്ണിടാനാണു് ഞാനതെങ്കിലും ചെയ്തിരുന്നതു്.) നാം വസ്തുക്കളുടെ രൂപം ശരിയായവിധത്തിൽ ചിത്രീകരിക്കുന്നതുപോലെതന്നെ ആ കുട്ടികൾ അക്ഷരങ്ങളും ശരിയായ രൂപത്തിൽ പകർത്തും. എൻെറ സങ്കല്പത്തിലുള്ള സ്കൂളുകൾ എന്നെങ്കിലും നടപ്പിൽവരുന്നതായാൽ അവ വായനയുടെ കാര്യത്തിൽ ഏററവും പുരോഗമിച്ച സ്കൂളുകളോടുപോലും കിടപിടിക്കുന്നതാണു്. ഇന്നു ഭൂരിപക്ഷം കുട്ടികളും എഴുതുന്നതുപോലെ തെററായവിധത്തിലല്ല, മറിച്ചു് ശരിയായവിധത്തിലാണു് എഴുതേണ്ടതു് എന്ന സാമാന്യതത്ത്വം സ്വീകരിക്കുന്നതായാൽ എൻെറ സ്കൂളിലെ കുട്ടികൾ മുന്നണിയി

ലായിരിക്കും. സേഗോൺസ്കൂളിലെ കുട്ടികൾ പഴയ മാമൂൽരീതിയിലാണു് എഴുതുന്നതെന്നു് സമ്മതിച്ചേയ്ക്കാം. എന്റെ അഭിപ്രായത്തിൽ അവർ സ്ലേററും കടലാസ്സും കേട്ടുവരുത്തുകയാണു ചെയ്യുന്നതു്.

ഹരിജൻ, 28–8–'37

ആറു്

## 'നയി താലീം'കൊണ്ടു പ്രതീക്ഷിക്കുന്നതു്

(ഹിന്ദുസ്ഥാനി താലിമിസംഘം വർദ്ധയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന 'നയി താലീം' എന്ന മാസിക ആരംഭിച്ച അവസരത്തിൽ ഗാന്ധിജി അയച്ചുകൊടുത്ത സന്ദേശം.)

നയി താലീമിന്റെ (നവീന വിദ്യാഭ്യാസത്തിന്റെ) പുതുമ അഥവാ അപൂർവ്വത അറിഞ്ഞിരിക്കുന്നതാവശ്യമാണു്. പഴയ വിദ്യാഭ്യാസത്തിൽ നല്ലതായി എന്തെല്ലാമുണ്ടോ അതെല്ലാം നവീനവിദ്യാഭ്യാസത്തിൽ നിലനിത്തും; അതിനുപുറമെ ധാരാളം പുതിയ ഘടകങ്ങളും അതിലുണ്ടായിരിക്കും. നവീനവിദ്യാഭ്യാസം യഥാത്ഥത്തിൽ പുതുതാണെങ്കിൽ അതു നമ്മെ താഴെ എഴുതിയ ഫലങ്ങളിലേയ്ക്കു നയിക്കണം: നമ്മുടെ നൈരാശ്യഭാവന ആശയ്ക്കിടംകൊടുക്കണം; ദാരിദ്ര്യവും പട്ടിണിയും നീങ്ങി ഉപജീവനത്തിന്നുള്ള മാഗ്ഗം എല്ലാവക്കും സുലഭമാവണം: തൊഴിലില്ലായ്മ നീങ്ങി എല്ലാവക്കും തൊഴിൽ ലഭിക്കണം; മത്സരത്തിന്നുപകരം മൈത്രിയുണ്ടാവണം. അതു നമ്മുടെ സന്താനങ്ങളെ എഴുത്തും വായനയും അതോടൊപ്പം ഒരു തൊഴിലും അറിയാൻ പ്രാപ്തരാക്കണം, ആ തൊഴിൽമുഖേന അവർ എല്ലാ അറിവും സമ്പാദിക്കുകയും വേണം.

ഉത്തമാൻ ജയി, 14–10–'38

## ഖണ്ഡം രണ്ട്: അടിസ്ഥാനവിദ്യാഭ്യാസസമ്മേളനം

### ഏഴ്

### വിദ്യാഭ്യാസസമ്മേളനത്തിൻെറ മുമ്പിലുള്ള പ്രശ്നങ്ങൾ

വർദ്ധയിലെ മാർവാഡി ഹൈസ്കൂൾ—അടുത്ത അവസരത്തിൽ ഇതിൻെറ പേർ 'നവഭാരതവിദ്യാലയം' എന്നാക്കിയിട്ടുണ്ട്—അതിന്റെ രജതജൂബിലി ആഘോഷിക്കുകയാണ്. അതിൻെറ ഭാരവാഹികൾക്ക് ആ അവസരത്തിൽ, ഞാൻ ഈ പത്രപംക്തികളിൽ പ്രതിപാദിക്കുന്ന വിദ്യാഭ്യാസപദ്ധതിയെപ്പററി ചർച്ചചെയ്യുന്നതിന്നായി ദേശീയമനോഭാവമുള്ള വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരുടെ ഒരു ചെറിയ സമ്മേളനം വിളിച്ചുകൂട്ടുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു തോന്നി. കാര്യദർശി, ശ്രീ. ശ്രീമന്നാരായണ അഗർവാൾ അങ്ങനെ ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നതിൻെറ ഔചിത്യത്തെപ്പററി എന്നോടാലോചിക്കുകയും ഞാനതംഗീകരിക്കുന്നതായാൽ അതിൽ അദ്ധ്യക്ഷതവഹിക്കാൻ എന്നോടപേക്ഷിക്കുകയും ചെയ്തു. രണ്ടഭിപ്രായങ്ങളും എനിക്കിഷ്ടപ്പെട്ടു. അതിനാൽ ഒക്ടോബർ 22, 23 തീയതികളിൽ വർദ്ധയിൽവെച്ചു സമ്മേളനം നടക്കുന്നതാണ്. ക്ഷണിച്ചുവരുത്തിയവർ മാത്രമേ അതിൽ ഹാജരാകയുള്ളൂ. ഈ പ്രശ്നത്തിൽ താത്പര്യമുള്ളവരും, ചർച്ചക്കുപയോഗപ്രദമായ നിർദ്ദേശങ്ങൾ നല്കാൻ സാധിക്കുന്നവരുമായ ഏതാനുംപേർക്ക വേണ്ട സൗകര്യം മാത്രമേ ചെയ്തിട്ടുള്ളൂ. സമ്മേളനത്തിൽ നേരംപോക്കിന്നോ കാഴ്ചയ്ക്കോ ഒന്നുംതന്നെ ഉണ്ടാവില്ല. സന്ദർശകന്മാർക്ക പ്രവേശമില്ല. ഇതൊരു കാര്യാലോചനയോഗമായിരിക്കും. ഏതാനും പത്രപ്രതിനിധികൾക്കു ടിക്കററു നല്കുന്നതാണ്. ഒന്നോ രണ്ടോ പ്രതിനിധികളെ

തിരഞ്ഞെടുത്ത് എല്ലാവരും യോജിച്ച് റിപ്പോർട്ട തയ്യാറാക്കാൻ ഞാൻ പത്രക്കാരെ ഉപദേശിക്കുന്നു.

ഞാൻ ആത്മവിശ്വാസത്തോടും എന്നാൽ, വിനയത്തോടും തുറന്ന മനസ്സോടും കൂടിയാണ്—ആവശ്യാനുസൃതം പഠിക്കാനും, എൻെറ അഭിപ്രായങ്ങളെ പുനഃപരിശോധിക്കാനും, വേണ്ടിവന്നാൽ തിരുത്താനും, ഒരുങ്ങിക്കൊണ്ടാണ്—ഈ കാര്യത്തെ സമീപിക്കുന്നത്.

ഞാൻ സമ്മേളനത്തിൻെറ ആലോചനയ്ക്കുവേണ്ടി തയാറാക്കിയ പ്രസ്താവന—തത്കാലം എൻെറ മനസ്സിലുള്ളത്—താഴെക്കൊടുക്കുന്നു:

1. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി നാട്ടിൻെറ ആവശ്യകതകളെ ഒരുവിധത്തിലും പൂർത്തിയാക്കുന്നില്ല. ഉന്നതവിദ്യാഭ്യാസത്തിൻെറ എല്ലാ ശാഖകളുടെയും മാധ്യമം (മീഡിയം) ഇംഗ്ലീഷാണ്. അതു് ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച ന്യൂനപക്ഷത്തിന്നും ഒരുവിദ്യാഭ്യാസവും ലഭിക്കാത്ത ഭൂരിപക്ഷത്തിന്നും ഇടയിൽ ശാശ്വതമായ ഒരു മറയായിത്തീർന്നിട്ടുണ്ട്. ഇംഗ്ലീഷിന്നു നല്കിയ ഈ അമിതമായ പ്രാധാന്യം അഭ്യസ്തവിദ്യർക്കൊരു ഭാരമായി പരിണമിച്ചിരിക്കുന്നു. അതു മാനസികമായി അവരെ ജീവിതത്തിന്നു് അസമർത്ഥരാക്കുകയും സ്വന്തം നാട്ടിൽത്തന്നെ അപരിചിതരാക്കിത്തീർക്കുകയും ചെയ്തു. കൈത്തൊഴിൽപരിശീലനത്തിൻെറ അഭാവം അഭ്യസ്തവിദ്യരെ ഉത്പാദനപരമായ പ്രവൃത്തികൾക്ക് ഏറെക്കുറെ അസമർത്ഥരാക്കുകയും കായികമായി അവർക്കു ഹാനി വരുത്തുകയും ചെയ്തിരിക്കുന്നു. പ്രാഥമികവിദ്യാഭ്യാസത്തിന്നു ചെലവാക്കുന്ന പണം വെറുതെപോകയാണ് ചെയ്യുന്നത്. കാരണം, ആ പഠിച്ച സ്വല്പസംഗതികൾ വേഗം മറക്കുന്നു. ഗ്രാമത്തിൻെറ അഥവാ നഗരത്തിൻെറ നന്മയെ പരിഗണിക്കുമ്പോൾ അതിൻെറ വില തുച്ഛമാണ്, അഥവാ തീരെ ഇല്ല എന്നുതന്നെ

പറയാം. ഇന്നത്തെ വിദ്യാഭ്യാസപദ്ധതികൊണ്ടു വല്ല ലാഭവുമുണ്ടാവുന്നുണ്ടെങ്കിൽ അതു നാട്ടിലെ പ്രധാന നികുതിദായകനല്ല; അവൻെറ കുട്ടികൾക്കു് അതിൽനിന്നു് ഏറ്റവും കുറച്ചേ കിട്ടുന്നുള്ളു.

2. പ്രാഥമികവിദ്യാഭ്യാസത്തിൻെറ അവധി ചുരുങ്ങിയതു് ഏഴുകൊല്ലമാവണം. അതിൽ ഇംഗ്ലീഷൊഴികെ മെട്രിക്കുലേഷൻവരെ ലഭിക്കുന്ന എല്ലാ ജ്ഞാനവും ഉൾപ്പെടണം. അതിനുപുറമെ നല്ല ഉപയോഗപ്രദമായ ഒരു തൊഴിലും ഉണ്ടായിരിക്കണം.

3. ബാലികാബാലകന്മാരുടെ സൎവ്വതോമുഖമായ വികാസത്തെ ലക്ഷ്യമാക്കിക്കൊണ്ടു് കഴിയുന്നത്ര എല്ലാ പരിശീലനവും ആദായകരമായ ഒരു തൊഴിൽമുഖേന നല്കണം. മറെറാരുവിധത്തിൽ പറഞ്ഞാൽ കൈത്തൊഴിൽകൊണ്ടു് രണ്ടു കാൎയ്യങ്ങൾ സാധിക്കണം: ഒന്നു്, താനുണ്ടാക്കിയ സാധനങ്ങളെക്കൊണ്ടു് കുട്ടിക്കു പഠിപ്പിൻെറ ചെലവു നിൎവ്വഹിക്കാൻ കഴിയണം; രണ്ടു്, അതോടൊപ്പംതന്നെ, പഠിക്കുന്ന തൊഴിൽമുഖേന ബാലികയിൽ അഥവാ ബാലകനിൽ ഉള്ള സ്ത്രീയെ അഥവാ പുരുഷനെ പൂൎണ്ണമായി വികസിപ്പിക്കണം.

നിലം, കെട്ടിടം, ഉപകരണം മുതലായവയൊന്നും കുട്ടികളുടെ ഉത്പാദനത്തിൽനിന്നുണ്ടാവണമെന്നു് പ്രതീക്ഷിക്കുന്നതല്ല.

പരുത്തിരോമം, പട്ടു് മുതലായവ ശേഖരിക്കുന്നതുതുടങ്ങി (പരുത്തിയുടെ കാൎയ്യത്തിൽ) കരട്ടകളയൽ, കുരുക്കളയൽ, തന്തുക്കളെ വേർതിരിക്കൽ (കാർഡിങ്ങ്), നൂല്ക്കൽ, ചായം മുക്കൽ, കഞ്ഞിമുക്കൽ, പാവിടൽ, ഊരെഴപിരിക്കൽ, ഡിസൈൻ, എംബ്രോയ്ഡറി, തുന്നൽപ്പണി, കടലാസുനിർമ്മാണം, വെട്ടൽ, ബുക്ക്ബൈൻഡിങ്ങ്, അലമാറി മുതലായ വീട്ടു

സാമാനങ്ങളുണ്ടാക്കൽ, കളിക്കോപ്പുനിൎമ്മാണം, ചക്കരനിൎമ്മാണം മുതലായവയൊക്കെ വളരെ എളുപ്പത്തിൽ പഠിക്കാനും കൈകാൎയ്യംചെയ്യാനും കഴിയുന്ന തൊഴിലുകളാണെന്നതിൽ സംശയമില്ല. അവയ്ക്കായി അധികം പണം ചെലവാക്കേണ്ടി വരികയും ഇല്ല.

ഇത്തരം പ്രാഥമികവിദ്യാഭ്യാസംകൊണ്ടു ബാലികാബാലകന്മാൎക്കു തങ്ങളുടെ ഉപജീവനമാൎഗ്ഗം ഉണ്ടാക്കാൻ കഴിയണം. അതിന്നു് അവൻ പഠിച്ച തൊഴിലിൽ ജോലി നല്കുമെന്നു് സ്റ്റേററ് ഉറപ്പുകൊടുക്കണം, അല്ലെങ്കിൽ ഒരു നിശ്ചിതവിലയ്ക്കു് അവരുണ്ടാക്കിയ സാധനങ്ങൾ സ്റ്റേററ് എടുക്കണം.

4. ഉന്നതവിദ്യാഭ്യാസം സ്വകാൎയ്യപ്രയത്നത്തിന്നു വിട്ടുകൊടുക്കണം. അതു പലതരം കൈത്തൊഴിലുകൾ, അവയോടു ബന്ധപ്പെട്ട സാങ്കേതികകലകൾ, സാഹിത്യം, ലളിതകല തുടങ്ങിയ ദേശീയാവശ്യങ്ങൾ നിറവേററണം.

സ്റ്റേററ്വക സൎവ്വകലാശാലകൾ കേവലം പരീക്ഷനടത്തുന്ന കേന്ദ്രങ്ങളായിരിക്കും. പരീക്ഷയ്ക്കു ചുമത്തുന്ന ഫീസുകൊണ്ടുതന്നെ അവയുടെ ചെലവു നടത്താൻ കഴിയണം.

സൎവ്വകലാശാലകൾ എല്ലാത്തരം വിദ്യാഭ്യാസപ്രവൎത്തനങ്ങളേയും നിരീക്ഷിച്ചുകൊണ്ടിരിക്കും. വിദ്യാഭ്യാസത്തിന്റെ വിവിധഭാഗങ്ങൾക്കാവശ്യമായ പാഠ്യക്രമങ്ങൾ നിൎമ്മിക്കുകയും അംഗീകരിക്കുകയും ചെയ്യും. അതതു സ്ഥലത്തെ സൎവ്വകലാശാലയുടെ അനുമതികൂടാതെ സ്വകാര്യമായി ഒരു സ്കൂളും നടത്തരുതു്. യോഗ്യതയുടേയും പ്രാമാണികതയുടേയും കാൎയ്യത്തിൽ സംശയാതീതരായ വ്യക്തികളടങ്ങിയ ഏതു സംഘത്തിന്നും 'യൂനിവേർസിററി ചാർട്ടർ' നല്കണം. ഒരു കേന്ദ്രവിദ്യാഭ്യാസഡിപ്പാർട്ടു്മെൻറ് നടത്താനുള്ള ചെലവല്ലാതെ സൎവ്വകലാശാലകളുടെ നടത്തിപ്പിന്നായി സൎക്കാരിന്നു മറ്റൊരു ചെലവും വഹിക്കേണ്ടിവരരുതു്.

സ്റ്റേററാവശ്യങ്ങൾ നിറവേററുന്നതിന്നായി പരിശീലന കേന്ദ്രങ്ങൾ നടത്താനുള്ള ചുമതലയിൽനിന്നു സ്റ്റേററിനെ പ്രസ്തുത പദ്ധതി ഒഴിവാക്കുന്നില്ല.

ഈ പദ്ധതി പൂൎണ്ണമായി സ്വീകരിക്കുന്നതായാൽ ഇതു സ്റ്റേററിൻെറ ഏറ്റവും വലിയ ഒരു പ്രശ്നം—രാഷ്ട്രത്തിലെ യുവാക്കളെ, ഭാവിനിൎമ്മാതാക്കളെ തയാറാക്കുക എന്ന പ്രശ്നം—ലഘൂകരിക്കപ്പെട്ടുമെന്നു് അവകാശപ്പെട്ടുന്നുണ്ടു്.

ഹരിജൻ, 2–10–'37

## എട്ടു്
## പ്രാഥമികപ്രശ്നം

**(1937 ഒക്ടോബർ 22, 23 തീയതികളിൽ വർദ്ധയിൽവെച്ചു കൂടിയ വിദ്യാഭ്യാസസമ്മേളനത്തിലെ ഗാന്ധിജിയുടെ അദ്ധ്യക്ഷപ്രസംഗം.)**

തൻെറ ക്ഷണം സ്വീകരിച്ചു് സമ്മേളനത്തിന്നു വന്നവരോടെല്ലാം നന്ദി പറഞ്ഞതിന്നുശേഷം, താനവിടെ ഇരിക്കുന്നതു് അദ്ധ്യക്ഷൻെറ നിലയിലായാലുംശരി ഒരു സദസ്യൻെറ നിലയിലായാലുംശരി അവരെ ക്ഷണിച്ചിട്ടുള്ളതു് താൻ തയാറാക്കിയ പ്രസ്താവന*യെപ്പററി അവക്കുള്ള—വിശിഷ്യ അതിനെ എതിക്കുന്നവർക്കുള്ള—അഭിപ്രായവും അക്കാര്യത്തിൽ അവക്കു നല്ലാൻ കഴിയുന്ന ഉപദേശവും കേൾക്കാനാണു് എന്നു ഗാന്ധിജി പറഞ്ഞു. അദ്ദേഹം അവരോടു് അതിനെപ്പററി സ്വതന്ത്രമായും സ്പഷ്ടമായും പരിപൂൎണ്ണമായും അവിടെവെച്ചുതന്നെ ചർച്ചചെയ്യാനഭ്യർത്ഥിച്ചു. കാരണം, തൻെറ ആരോഗ്യസ്ഥിതി മോശമായിരിക്കയാൽ പന്തലിന്നു

* പ്രസ്താവന: ഏഴാം പ്രകരണം നോക്കുക.

പുറത്തുവെച്ച് അദ്ദേഹത്തിന്നവരെ കാണുക സാദ്ധ്യമല്ലാതായിത്തീന്നിരിക്കുന്നു.

ആ പ്രസ്താവനയിൽ പ്രാഥമികവിദ്യാഭ്യാസവും സർവ്വകലാശാലാവിദ്യാഭ്യാസവും ഉൾപ്പെട്ടുന്നുണ്ട്. പക്ഷേ, അവർ പ്രധാനമായി ചിന്തിക്കേണ്ടതു പ്രാഥമികവിദ്യാഭ്യാസത്തിൻെറ കാൎയ്യമാണ്. അദ്ദേഹം പ്രാഥമികവിദ്യാഭ്യാസത്തിൽ സെക്കണ്ടറിവിദ്യാഭ്യാസവും ഉൾപ്പെട്ടത്തിയിട്ടുണ്ട്. കാരണം, നമ്മുടെ ഗ്രാമങ്ങളിലെ ഒരു ചെറിയ വിഭാഗം ജനങ്ങൾക്കു മാത്രം വിദ്യാഭ്യാസമെന്ന പേരിൽ വല്ലതും കിട്ടുന്നുണ്ടെങ്കിൽ അതു പ്രാഥമികവിദ്യാഭ്യാസമാണ്. 1915 മുതൽ തൻെറ പര്യടനങ്ങൾക്കിടയിൽ അദ്ദേഹം അത്തരം അനവധി ഗ്രാമങ്ങൾ കണ്ടിട്ടുണ്ട്. അദ്ദേഹം ഗ്രാമീണബാലികാബാലകന്മാരുടെ ആവശ്യങ്ങളെപ്പററിയാണു സംസാരിക്കുന്നതു്. അവരിൽ ഭൂരിഭാഗവും അക്ഷരാഭ്യാസമില്ലാത്തവരാണ്. അദ്ദേഹത്തിനു കാളേജ്‌വിദ്യാഭ്യാസത്തിൻെറ അനുഭവമില്ല. പക്ഷേ, അദ്ദേഹം ശതക്കണക്കിൽ കാളേജ്‌വിദ്യാൎത്ഥികളോടു പരിചയപ്പെട്ടിട്ടുണ്ട്. അവരോടു സൗഹാർദ്ദമായി സംസാരിക്കുകയും കത്തെടപാടു നടത്തുകയും ചെയ്തിട്ടുണ്ട്; അവരുടെ ആവശ്യങ്ങളും, ജീവിതത്തിൽ അവൎക്കു നേരിടുന്ന പരാജയവും, അവരനുഭവിക്കുന്ന രോഗവും മനസ്സിലാക്കിയിട്ടുണ്ട്. എന്നിരുന്നാലും, സദസ്യർ പ്രാഥമികവിദ്യാഭ്യാസത്തിൻെറ കാൎയ്യത്തെപ്പററിയാണ് ചിന്തിക്കേണ്ടതു്. കാരണം, ആ പ്രശ്നം പരിഹരിച്ചാലുടനെ രണ്ടാമത്തെ പ്രശ്നവും, അതായതു് കാളേജുവിദ്യാഭ്യാസത്തിൻെറ പ്രശ്നവും പരിഹരിക്കപ്പെട്ടുന്നതാണ്.

### കൈത്തൊഴിൽമുഖേന വിദ്യാഭ്യാസം

ഇന്നത്തെ പ്രാഥമികവിദ്യാഭ്യാസപദ്ധതി വ്യൎത്ഥവ്യയം മാത്രമല്ല, ഹാനികരംകൂടിയാണെന്നാണ് അദ്ദേഹത്തിൻെറ

സുചിന്തിതമായ അഭിപ്രായം. മിക്ക കുട്ടികളും തങ്ങളുടെ രക്ഷിതാക്കന്മാരുടെ കുലത്തൊഴിലിന്നും നഷ്ടമായിട്ടാണു പരിണമിക്കുന്നതു്. അവർ ചീത്ത ശീലങ്ങൾ പഠിക്കുകയും പട്ടണപ്പരിഷ്ക്കാരത്തിൽ പെട്ടുപോകയും ചെയ്യുന്നു. അവക്കു സ്കൂളുകളിൽനിന്നു് അല്പമാത്രയിൽ വല്ലതും കിട്ടുന്നുണ്ടെങ്കിൽ അതു വിദ്യാഭ്യാസമല്ല മറെറന്തോ ആണു്. ഈ സ്ഥിതി പരിഹരിക്കാനുള്ള ഏകമാർഗ്ഗം കൈത്തൊഴിൽമുഖേന വിദ്യയഭ്യസിപ്പിക്കുകയാണെന്നു് അദ്ദേഹം വിചാരിച്ചു. അദ്ദേഹത്തിന്നു് അതിൽ അല്പം അനുഭവമുണ്ടു്. അദ്ദേഹം തെക്കേ ആഫ്രിക്കയിലെ ടാൾസ്റ്റോയ്ഫാറത്തിൽവെച്ചു തൻെറ മക്കളേയും വിഭിന്നജാതിമതസ്ഥരായ മററു കുട്ടികളേയും—അവരിൽ നല്ല കുട്ടികളും ചീത്ത കുട്ടികളും എല്ലാം ഉണ്ടായിരുന്നു—ചില കൈത്തൊഴിലുകൾ—ഉദാഹരണം: ആശാരിപ്പണി, ചെരുപ്പുതുന്നൽ* മുതലായവ—മുഖേന പഠിപ്പിച്ചിട്ടുണ്ടു്. തൻെറ സമയക്കുറവിനാലും കൃത്യാന്തരബാഹുല്യത്താലും തനിക്കുതന്നെയോ അവക്കോ തൃപ്തികരമായ വിധത്തിലുള്ള ഒരു വിദ്യാഭ്യാസം നല്കാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. എന്നാലും, തൻെറ കുട്ടികൾക്കോ അവിടെയുണ്ടായിരുന്ന മററു കുട്ടികൾക്കോ ഒന്നുംതന്നെ നഷ്ടമായിട്ടില്ലെന്നു് അദ്ദേഹം വിശ്വസിക്കുന്നുണ്ടു്.

അദ്ദേഹം സർവ്വപ്രധാനമായിക്കരുതുന്നതു കൈത്തൊഴിലുകളെയല്ല പ്രത്യുത കൈത്തൊഴിലുകൾമുഖേനയുള്ള വിദ്യാഭ്യാസത്തെയാണു്. സാഹിത്യം, ചരിത്രം, ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം മുതലായവയെല്ലാം തൊഴിൽമുഖേന പഠിപ്പിക്കണം. മദ്ധ്യകാലങ്ങളിൽ (Middle ages) തൊഴിലല്ലാതെ മറെറാന്നും പഠിപ്പിച്ചിരുന്നില്ല എന്നു പറഞ്ഞു് ഇതിനെ

* അദ്ദേഹം ചെരുപ്പു തുന്നാൻ പഠിച്ചതു കല്ലൻബക്കിനോടാണു്; കല്ലൻബക്കു്, ഒരു ട്രെപ്പിസ്റ്റ്മഠത്തിൽനിന്നും.

എതിർത്തേക്കാം. എന്നാൽ, അന്നത്തെ തൊഴിൽപരിശീലനം വിദ്യാഭ്യാസപരമായ ഉദ്ദേശ്യം സാധിക്കാൻ തീരെ അപര്യാപ്തമായിരുന്നു. ഇന്നു പലരും തങ്ങളുടെ കുലത്തൊഴിലുകൾ മറക്കുകയും ഗുമസ്തജോലി സ്വീകരിക്കുകയും ചെയ്യുന്നു. അവർ നാട്ടിൻപുറത്തിന്നു നഷ്ടമായിട്ടാണു പരിണമിക്കുന്നതു്. ഇതിൻഫലമായി എവിടെച്ചെന്നാലും സാധാരണഗ്രാമങ്ങളിൽ ഒരു നല്ല ആശാരിയേയോ കൊല്ലനേയോ കാണുക സാദ്ധ്യമല്ലാതായിരിക്കുന്നു. കൈത്തൊഴിലുകൾ ഏതാണ്ടു നശിച്ചു. ചക്രയെ അവഗണിക്കുകനിമിത്തം അതു ലങ്കാഷയറിലേയ്ക്കു നീക്കംചെയ്യപ്പെട്ടു. ഇംഗ്ലീഷുകാർ തങ്ങളുടെ ബുദ്ധിശക്തികൊണ്ടു് അതിനെ ഇന്നു കാണുന്ന നിലയിൽ വികസിപ്പിച്ചു. ഈ പറഞ്ഞതിന്നു വ്യവസായവത്ക്കരണത്തിൻെറ കാര്യത്തിൽ അദ്ദേഹത്തിന്നുള്ള അഭിപ്രായത്തോടു് ഒരു ബന്ധവുമില്ല.

### തക്ലി—ഉത്പാദനപരമായ ഒരു കളിക്കോപ്പു്

അതിന്നുള്ള പരിഹാരം ഇതാണു്: തൊഴിലിൻെറ കലയും ശാസ്ത്രവും പ്രായോഗികമായി പഠിപ്പിക്കുക, അതുമുഖേന വിദ്യാഭ്യാസം നല്കുക. ഉദാഹരണമായി തക്ലിന്തന്നെ എടുക്കാം. അതുമുഖേന പലതരം പരുത്തികൾ, ഇന്ത്യയിൽ കാണുന്ന പലതരം മണ്ണു്, ആ കൈത്തൊഴിൽ നശിച്ചതിൻെറ ചരിത്രം, അതിൻെറ രാഷ്ട്രീയകാരണങ്ങൾ—അതിൽ ഇന്ത്യയിലെ ബ്രിട്ടീഷുഭരണത്തിൻെറ ചരിത്രവും ഉൾപ്പെട്ടും—ഗണിതശാസ്ത്രം മുതലായവയെല്ലാം പഠിപ്പിക്കാം. അദ്ദേഹം തൻെറ പേരക്കുട്ടിയെ (കൊച്ചു മകനെ) ഈ വിധത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കയാണു്. തന്നെ പഠിപ്പിക്കുകയാണെന്നു് ആ കുട്ടിക്കു തീരെ തോന്നുന്നില്ല. കാരണം, അവൻ എപ്പോഴും കളിക്കുകയും ചിരിക്കുകയും പാട്ടുകയും ആണു ചെയ്യുന്നതു്.

അദ്ദേഹം തക്ലിയെ പ്രത്യേകം എടുത്തുപറഞ്ഞതിന്നു

കാരണമുണ്ടു്. അവക്തിനെപ്പററി എന്തുവേണമെങ്കിലും അദ്ദേഹത്തിനോടു ചോദിക്കാം. അദ്ദേഹത്തിന്നതുകൊണ്ടുപലതും ചെയ്യാനുണ്ടു്. അദ്ദേഹം അതിൻെറ ശക്തിയും അത്ഭുതകരമായ കഴിവും കണ്ടിട്ടുണ്ടു്. കൂടാതെ വിശ്വവ്യാപകമായി പഠിപ്പിക്കാൻ പററിയ ഒരു കൈത്തൊഴിലാണു് വസ്ത്രനിർമ്മാണം. അതിന്നുപുറമെ തക്ലിക്കു ചെലവും ചുരുക്കമാണു്. അതു തൻെറ മൂല്യത്തെ ആശിച്ചതിലുമധികം തെളിയിച്ചിട്ടുണ്ടു്. നാം നിർമ്മാണ(സൃഷ്ടി)പരിപാടി നടപ്പാക്കിയതിന്റെ അളവനുസരിച്ചു് ഏഴ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന്നു മന്ത്രിസഭ രൂപവത്കരിക്കാൻ കഴിഞ്ഞു. ആ മന്ത്രിസഭകളുടെ വിജയവും നാം ഈ പരിപാടി നടത്തുന്നതിൻെറ തോതിനെ ആശ്രയിച്ചിരിക്കും.

അദ്ദേഹം ഏഴുകൊല്ലത്തേക്കുള്ള ഒരു പദ്ധതിയാണു് നിർദ്ദേശിച്ചിട്ടുള്ളതു്. അതു് തക്ലിയെസ്സംബന്ധിച്ചേടത്തോളം നെയ്ത്തിൻെറ പ്രായോഗികജ്ഞാനത്തിൽ—അതിൽ ചായംമുക്കലും ചിത്രപ്പണിയും ഉൾപ്പെട്ടും—പര്യവസാനിക്കും. നമുക്കു നിർമ്മിക്കാൻ സാധിക്കുന്ന തുണിക്കു് ഇപ്പോൾത്തന്നെ ഉപഭോക്താക്കൾ തയ്യാറുണ്ടു്.

അദ്ധ്യാപകൻെറ ചെലവിന്നുവേണ്ട പണം വിദ്യാർത്ഥികളുടെ തൊഴിലിൽനിന്നുണ്ടാവണമെന്നു് അദ്ദേഹത്തിന്നു നിഷ്കർഷയുണ്ടു്. കാരണം, വിദ്യാഭ്യാസത്തെ നമ്മുടെ കോടിക്കണക്കിലുള്ള കുട്ടികളുടെ അടുത്തെത്തിക്കാൻ മറെറാരു മാർഗ്ഗവുമില്ല എന്നദ്ദേഹത്തിന്നു ബോദ്ധ്യമായിട്ടുണ്ടു്. വേണ്ടത്ര നികുതിയുണ്ടാവുന്നതുവരേയും വൈസറോയി പട്ടാളച്ചെലവു ചുരുക്കുന്നതുവരേയും നമുക്കു കാത്തിരിക്കുക സാദ്ധ്യമല്ല. തന്റെ പ്രാഥമികവിദ്യാഭ്യാസത്തിൽ ശുചീകരണതത്ത്വങ്ങൾ, ആഹാരശാസ്ത്രം, പോഷണം, സ്വാശ്രയശീലം, വീട്ടുവേലകളിൽ രക്ഷിതാക്കന്മാരെ സഹായിക്കൽ എന്നിവയെല്ലാം

ഉൾപ്പെട്ടമെന്നോക്കാൻ അദ്ദേഹം അവരോടാവശ്യപ്പെട്ടു. ഈ തലമുറയിലെ കുട്ടികൾക്കു് ശുചിത്വമോ സ്വാശ്രയമോ എന്തെന്നറിയില്ല. ആരോഗ്യത്തിൻെറ കാര്യത്തിൽ അവരെ മൂന്നാംതരത്തിൽ ഉൾപ്പെടുത്താം. അതിനാൽ, അദ്ദേഹം സംഗീതം,ഡ്രിൽ മുതലായവ മുഖേന നിർബന്ധമായ കായികപരിശീലനം നല്കും.

## ഏകമാർഗ്ഗം

പ്രാസംഗികനെ അക്ഷരാഭ്യാസത്തിന്നെതിരാണെന്നുപറഞ്ഞു് കുററപ്പെടുത്തുന്നുണ്ടു്. അതു വാസ്തവത്തിന്നു വിരുദ്ധമാണു്. അക്ഷരാഭ്യാസം നല്കേണ്ട മാർഗ്ഗം ഏതെന്നു കാണിക്കാനേ അദ്ദേഹം ഉദ്ദേശിക്കുന്നുള്ളു. സ്വാവലംബനവശത്തേയും ചിലർ എതിർക്കുന്നുണ്ടു്. പ്രാഥമികവിദ്യാഭ്യാസത്തിന്നു ലക്ഷക്കണക്കിൽ പണം ചെലവാക്കുന്നതിന്നുപകരം നാം കുട്ടികളെ ചൂഷണംചെയ്യുകയാണെന്നാണു് അവർ പറയുന്നതു്. ഇതുനിമിത്തം വമ്പിച്ചതോതിൽ നഷ്ടമുണ്ടാവുമെന്നും ഭയപ്പെടുന്നുണ്ടു്. എന്നാൽ ഈ ഭയം തെററാണെന്നു് അനുഭവത്തിൽനിന്നു തെളിഞ്ഞിട്ടുണ്ടു്. കുട്ടികളെ ചൂഷണംചെയ്യുന്നു,അഥവാ അവരുടെമേൽ ഭാരം വെച്ചുകെട്ടുന്നു എന്നാക്ഷേപിക്കുന്നവരോടു് അദ്ദേഹത്തിന്നു ചോദിക്കാനുള്ളതിതാണു്: കുട്ടികളെ വിനാശത്തിൽനിന്നു രക്ഷപ്പെടുത്തുന്നതു് അവരുടെമേൽ ഭാരം വെച്ചുകെട്ടുകയാണോ? തക്ലി ഒരു നല്ല കളിക്കോപ്പാണു്. ഉത്പാദനക്ഷമമായ ഒരു വസ്തുവാണെന്നതുകൊണ്ടു് അതു കളിക്കോപ്പല്ലാതാവുന്നില്ല. ഇന്നും കുട്ടികൾ തങ്ങളുടെ രക്ഷിതാക്കന്മാരെ കുറെയൊക്കെ സഹായിക്കുന്നുണ്ടു്. സെയ്ഗോണിലെ കുട്ടികൾക്കു് കൃഷിയുടെ വിശദവിവരങ്ങൾ അദ്ദേഹത്തേക്കാളധികം അറിയാം. കാരണം, അവർ രക്ഷിതാക്കന്മാരുടെകൂടെപ്പോയി വയലുകളിൽവേലചെയ്യുന്നുണ്ടു്. നൂല്ക്കാനും കൃഷിപ്രവൃത്തിയിൽ സഹായിക്കാനും

പ്രോത്സാഹിപ്പിക്കുന്നതോടൊപ്പംതന്നെ അവന്നു് രക്ഷി താക്കന്മാരോടു മാത്രമല്ല ബന്ധമുള്ളതു്, ഗ്രാമത്തോടും രാഷ്ട്ര ത്തോടുംകൂടിയുണ്ടു്, അവക്കുവേണ്ടിയും അവൻ സേവനം ചെ യ്യേണ്ടതാണു് എന്ന ബോധവും അവന്നുളവാക്കണം. അതാ ണു് ഏകമാർഗ്ഗം. സൗജന്യമായി വിദ്യാഭ്യാസം നല്കുന്നതു കൊണ്ടു് മന്ത്രിമാർ കുട്ടികളെ നിസ്സഹായരാക്കുകയാണു ചെ യ്യുന്നതു് എന്നാണദ്ദേഹം പറയുക. മറിച്ചു്, കുട്ടികൾ തങ്ങളു ടെ കായികാദ്ധ്വാനംകൊണ്ടുതന്നെ തങ്ങളുടെ വിദ്യാഭ്യാസ ത്തിൻെറ ചെലവിന്നുള്ള പണം നല്കുന്നതായാൽ അവർ കുട്ടികളെ ആത്മവിശ്വാസവും ധൈര്യവും ഉള്ളവരാക്കും. ഹി ന്ദുക്കൾക്കും മുസൽമാന്മാക്കും പാർസികൾക്കും ക്രിസ്ത്യാനികൾ ക്കും എല്ലാം ഈ പദ്ധതി ബാധകമായിരിക്കും. എന്തുകൊ ണ്ടാണു് മത(ധൎമ്മ)പഠനത്തിൽ നിഷ്കർഷ കാണിക്കാത്തതെ ന്നും അദ്ദേഹത്തോടു ചോദിക്കുന്നുണ്ടു്. കാരണം, അദ്ദേഹം അവരെ പഠിപ്പിക്കുന്നതു പ്രായോഗികധൎമ്മമാണു്, സ്വാശ്രയ ധൎമ്മമാണു്.

### നിർബന്ധസേവനം

അങ്ങനെ പരിശീലനംസിദ്ധിച്ച എല്ലാവർക്കും അവ രാവശ്യപ്പെടുന്നതായാൽ തൊഴിൽ (ഉദ്യോഗം) ഉണ്ടാക്കി ക്കൊടുക്കുന്നതു സ്റ്റേററിൻെറ കടമയാണു്. അദ്ധ്യാപകന്മാരു ടെ കാൎയ്യത്തിൽ പ്രൊഫസർ കെ. ടി. ഷാ നിർബന്ധസേ വാപദ്ധതി (Method of conscription) നിർദ്ദേശിച്ചിട്ടു ണ്ടു്. അദ്ദേഹം ഇററലിയിൽനിന്നും മററു രാജ്യങ്ങളിൽനിന്നും ഉദാഹരണങ്ങളെടുത്തു് അതിൻെറ മഹത്വം വിവരിച്ചിട്ടു ണ്ടു്. മുസോളിനിക്കു് ഇററലിയിലെ യുവാക്കളെ ദേശസേവ നത്തിന്നു സന്നദ്ധരാക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ നമുക്കെന്തു കൊണ്ടു് അതു സാധിക്കയില്ല. നമ്മുടെ യുവാക്കളെ, അവർ ജീവിതവ്യാപാരത്തിൽ ഏർപ്പെടുന്നതിന്നു മുമ്പായി ഒന്നോ

അതിലധികമോ കൊല്ലത്തെ നിർബന്ധസേവനത്തിന്നു ചേക്കുന്നതിനെ അടിമത്തമെന്നു പറയുന്നതു് ഉചിതമാണോ? കഴിഞ്ഞ 17 കൊല്ലങ്ങളിൽ നമ്മുടെ സ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ വിജയത്തിന്നു യുവാക്കൾ വളരെയധികം സംഭാവന ചെയ്തിട്ടുണ്ടു്. പ്രാസംഗികൻ യുവാക്കളോടു ജീവിതത്തിലെ ഓരോകൊല്ലം സ്വേച്ഛാപൂൎവ്വം രാഷ്ട്രസേവനത്തിന്നു സമൎപ്പിക്കാനാവശ്യപ്പെട്ടു. ഈ കാൎയ്യത്തിൽ നിയമനിൎമ്മാണം വേണ്ടിവരികയാണെങ്കിൽ അതു നിർബന്ധമായിരിക്കയില്ല. കാരണം, നമ്മുടെ പ്രതിനിധികളിൽ ഭൂരിപക്ഷം ആളുകളുടെ അനുമതികൂടാതെ അതു പാസ്സാക്കുക സാധ്യമല്ല.

അതിനാൽ, തൊഴിൽമുഖേന വിദ്യാഭ്യാസം നല്കുന്ന ഈ സമ്പ്രദായം അവൎക്ക ബോധ്യമാകുന്നുണ്ടോ എന്നു ഗാന്ധിജി ചോദിക്കും. അദ്ദേഹത്തെസ്സംബന്ധിച്ചേടത്തോളം സ്വാവലംബനമാണു് അതിൻെറ കാൎയ്യക്ഷമതയുടെ നികഷോപലം. ഏഴുകൊല്ലത്തിൻെറ അവസാനത്തിൽ കുട്ടികൾക്കു തങ്ങളുടെ പഠിപ്പിൻെറ ചെലവു നിൎവ്വഹിക്കാൻ കഴിയണം. അവർ കുടുംബത്തിലേ സമ്പാദിക്കുന്ന ഘടകമായിത്തീരുകയും ചെയ്യണം.

കാളേജുവിദ്യാഭ്യാസം മുഖ്യമായും പട്ടണങ്ങളെസ്സംബന്ധിക്കുന്ന ഒരു കാൎയ്യമാണു്. അതു പ്രാഥമികവിദ്യാഭ്യാസത്തെപ്പോലെ അത്ര വമ്പിച്ച ഒരു പരാജയമാണെന്നു് അദ്ദേഹം പറയുകയില്ല. എന്നാൽ അതിൻെറ ഫലവും സാമാന്യം നിരാശതാജനകമാണു്. ഒരു ബിരുദധാരിക്കെങ്കിലും തൊഴിലില്ലാതെ ഇരിക്കേണ്ടിവരുന്നതു് എന്തുകൊണ്ടാണു്?

അദ്ദേഹം തക്ലിയെ ഒരു പ്രത്യക്ഷോദാഹരണമായി നിൎദ്ദേശിച്ചിട്ടുണ്ടു്. കാരണം, വിനോബയ്ക്കു് അതിൽ വ്യാവഹാരികമായ അനുഭവം ധാരാളമുണ്ടു്. ആൎക്കെങ്കിലും വല്ല എതിൎപ്പുമുണ്ടെങ്കിൽ അതിന്നു മറുപടിപറയാൻ അദ്ദേഹം

അവിടെ സന്നിഹിതനായിട്ടുണ്ടു്. കാക്കാസാഹബിന്നും ചില തൊക്കെ പറയാൻ കഴിയും. എന്നാൽ, അദ്ദേഹത്തിൻെറ അനുഭവം അത്രതന്നെ പ്രയോഗാർജ്ജിതമല്ല, കൂടുതൽതാത്ത്വികമാണു്. അദ്ദേഹം ഗാന്ധിജിയുടെ ശ്രദ്ധയെ ആംസ്റ്റ്രോങ്ങിന്റെ 'ജീവിതത്തിന്നുള്ള വിദ്യാഭ്യാസം' എന്ന പുസ്തകത്തിലേക്കു്, വിശിഷ്യ അതിലേ 'കൈകളുടെ ശിക്ഷണം' എന്ന അദ്ധ്യായത്തിലേക്കു ക്ഷണിച്ചിട്ടുണ്ടു്. പരേതനായ മധുസൂദനദാസ് ഒരു വലിയ വക്കീലായിരുന്നു. നമ്മുടെ കൈകാലുകളെ ഉപയോഗിക്കാതിരുന്നാൽ നമ്മുടെ മസ്തിഷ്കം ദുർബലമായിത്തീരും, അഥവാ പ്രവർത്തിക്കുന്നതായാലും അതു ചെകുത്താൻെറ ആവാസമായിത്തീരും എന്നദ്ദേഹത്തിന്നു ബോധ്യപ്പെട്ടിരുന്നു. ടാൾസ്റ്റോയി പല കഥകളുംവഴിക്കു് ഈ പാഠം പഠിപ്പിച്ചിട്ടുണ്ടു്.

### അഹിംസയെ ആധാരമാക്കിയതു്

തൻെറ സ്വാവലംബനം പ്രാഥമികവിദ്യാഭ്യാസപദ്ധതിയുടെ അടിസ്ഥാനതത്ത്വങ്ങളിലേക്കു ശ്രോതാക്കളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഗാന്ധിജി ഉപസംഹരിച്ചു: നമ്മുടെ ഇടയിൽ സാമുദായികമത്സരങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്—അവ നമുക്കു പ്രത്യേകമാണെന്നല്ലപറയുന്നതു്. ഇംഗ്ലണ്ടിൽ 'റോസാപ്പൂയുദ്ധങ്ങൾ' ഉണ്ടായിട്ടുണ്ടു്. ഇന്നു ബ്രിട്ടീഷ് സാമ്രാജ്യത്വം ലോകത്തിൻെറ ശത്രുവാണു്. സാമുദായികമത്സരവും അന്താരാഷ്ട്രീയമത്സരവും ഇല്ലാതാവണമെങ്കിൽ ഞാനിവിടെ പ്രതിപാദിച്ച പദ്ധതിയനുസരിച്ചു കുട്ടികളെ വളർത്തിക്കൊണ്ടുവരണം. പരിശുദ്ധവും സുദൃഢവുമായ ഒരടിസ്ഥാനംകൊണ്ടാരംഭിച്ചാലേ അതു സാധിക്കൂ. എൻെറ പദ്ധതി ഉത്ഭവിച്ചതു് അഹിംസയിൽനിന്നാണു്. ഞാനിതു നിർദ്ദേശിച്ചതു രാഷ്ട്രം പരിപൂർണ്ണമായ മദ്യനിരോധം നടപ്പാക്കാൻ തീരുമാനിച്ചതിനോടു ബന്ധപ്പെട്ട നിലയിലാണു് എന്നതു

ശരിതന്നെ. പക്ഷേ, ഇവിടെ വരുമാനത്തിന്നു യാതൊരു കുറവുമില്ല, നമ്മുടെ ഖജാനയെല്ലാം നിറഞ്ഞിരിക്കുന്നുണ്ടു് എന്നു വിചാരിക്കുക. എന്നാലും, നാം കുട്ടികളെ നഗരവാസികളാക്കാനാഗ്രഹിക്കുന്നില്ലെങ്കിൽ നമുക്കു് ഈ പദ്ധതി അത്യന്താപേക്ഷിതമായിരിക്കും. നമുക്കവരെ നമ്മുടെ സംസ്കാരത്തിന്റേയും പരിഷ്ക്കാരത്തിന്റേയും നാടിന്റെ വൈശിഷ്ട്യത്തിന്റേയും ശരിയായ പ്രതിനിധികളാക്കണം. സ്വാവലംബനപ്രാഥമികവിദ്യാഭ്യാസപദ്ധതികൊണ്ടല്ലാതെ മറെറാന്നുകൊണ്ടും അതു സാധ്യമല്ല. നമുക്കു യൂറോപ്പു് ഒരുദാഹരണമല്ല. അവർ പരിപാടികൾ തയാറാക്കുന്നതു ഹിംസയെ ആധാരമാക്കിക്കൊണ്ടാണു്. അവർ വിശ്വസിക്കുന്നതു ഹിംസയിലാണു്. റഷ്യയുടെ നേട്ടങ്ങൾ നിസ്സാരമാണെന്നു ഞാൻ കരുതുന്നില്ല. പക്ഷേ, അതൊക്കെ ഹിംസയേയും ബലപ്രയോഗത്തേയും ആധാരമാക്കിക്കൊണ്ടുള്ളവയാണു്. ഇന്ത്യ ഹിംസയെ പരിത്യജിക്കാൻ തീരുമാനിക്കുന്നുണ്ടെങ്കിൽ ഈ വിദ്യാഭ്യാസപദ്ധതി അതിന്നാവശ്യമായ അനുശാസനത്തിന്റെ അവിഭാജ്യമായ ഒരു ഘടകമായിരിക്കും. ഇംഗ്ലണ്ടും അമേരിക്കയുംമറ്റും വിദ്യാഭ്യാസത്തിന്നായി ലക്ഷക്കണക്കിൽ പണംചെലവാക്കുന്നുണ്ടെന്നു നാം കേൾക്കുന്നു. പക്ഷേ, ആ പണം മുഴുവനും കിട്ടിയിട്ടുള്ളതു ചൂഷണംകൊണ്ടാണെന്ന വാസ്തവം നാം വിസ്മരിക്കുന്നു. അവർ ചൂഷണത്തെ ഒരു ശാസ്ത്രംതന്നെയാക്കിയിട്ടുണ്ടു്. ആ സ്ഥിതിക്കു് അവൎക്കു തങ്ങളുടെ കുട്ടികൾക്കു ചെലവേറിയ വിദ്യാഭ്യാസം നല്കാൻ കഴിയും. എന്നാൽ, ചൂഷണത്തെപ്പററി, നമുക്കു ചിന്തിക്കുക സാധ്യമല്ല, നാം ചിന്തിക്കുകയും ഇല്ല. അതിനാൽ, അഹിംസയെ ആധാരമാക്കിയ ഈ പദ്ധതിയല്ലാതെ നമുക്കു മറെറാരു മാൎഗ്ഗവുമില്ല.

ഹരിജൻ, 30-10-'37

## ഒൻപതു്

## യന്ത്രയുഗം

ചില വിമൎശനങ്ങൾക്കു മറുപടിനല്കിക്കൊണ്ടു ഗാന്ധിജി വൈകുന്നേരത്തെ യോഗം ആരംഭിച്ചു. തക്ലി ഒന്നുമാത്രമല്ല നമുക്കുള്ളതു്. പക്ഷേ, സാൎവ്വത്രികമാക്കാവുന്ന ഒന്നു് അതു മാത്രമാണു്. കടലാസ്സുനിൎമ്മാണം, പനഞ്ചക്കരനിൎമ്മാണം മുതലായ പല തൊഴിലുകളും ഉണ്ടു്. ഏതു സ്കൂളിന്നു് ഏതു തൊഴിലാണു് ഏററവും പററിയതു് എന്നു കണ്ടുപിടിക്കുന്നതു മന്ത്രിമാരുടെ ചുമതലയാണു്. യന്ത്രത്തിൽ ഭ്രമമുള്ളവൎക്കു് അദ്ദേഹം ഒരു താക്കീതു നല്കും. യന്ത്രത്തിന്നു പ്രാധാന്യം കൊടുക്കുന്നതായാൽ മനുഷ്യൻ യന്ത്രമായിത്തീരുക എന്ന ആപത്തു് വരാനിടയുണ്ടു്. യന്ത്രയുഗത്തിൽ ജീവിക്കാനാഗ്രഹിക്കുന്നവൎക്കു് ഈ പദ്ധതി ഉപയോഗശൂന്യമായിരിക്കും. എന്നാൽ, യന്ത്രങ്ങൾമുഖേന ഗ്രാമീണൎക്കെല്ലാം ഉപജീവനമാൎഗ്ഗം നല്കുക സാധ്യമല്ലെന്നും അദ്ദേഹം പറയും. 30 കോടി സജീവയന്ത്രങ്ങളുള്ളപ്പോൾ പുതിയ നിൎജ്ജീവയന്ത്രങ്ങളെ കൊണ്ടുവരാനാലോചിക്കുന്നതു് നിരൎത്ഥകമാണു്. ഈ വിദ്യാഭ്യാസപദ്ധതിയുടെ ആദൎശസംബന്ധമായ പശ്ചാത്തലം എന്തോ ആവട്ടെ, വിദ്യാഭ്യാസപരമായി ഇതു ശരിയാണു് എന്നു് സാക്കിർ ഹുസെയ്ൻ സാഹബ് പറയുകയുണ്ടായി. ആ വിചാരം ശരിയല്ല. 'പ്രോജക്ട് മെത്തേഡി'നെപ്പററി പഠിച്ച ഒരു സ്ത്രീ ഇതിനിടെ ഗാന്ധിജിയെ സന്ദൎശിക്കുകയുണ്ടായി. ആ മെത്തേഡിന്നും ഗാന്ധിജിയുടെ പദ്ധതിക്കും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു് അവർ പറഞ്ഞു. പക്ഷേ, സ്വയം ബോധ്യമാകാതെ തന്റെ പദ്ധതി സ്വീകരിക്കണമെന്നു് അദ്ദേഹം അവരോടു പറയുകയില്ല. നമ്മുടെ ആളുകൾ ആത്മാൎത്ഥതയോടെ പ്രവൎത്തിക്കുന്നതായാൽ ഈ സ്കൂളുകളിൽ ഉണ്ടാക്കപ്പെടുന്നതു് അടി

മകളായിരിക്കയില്ല; പ്രത്യുത കൎമ്മകുശലരായ തൊഴിലാളി (ശില്പി)കളായിരിക്കും. കുട്ടികളെക്കൊണ്ടു ചെയ്യിക്കുന്ന ഏതു പ്രവൃത്തിക്കും മണിക്കൂറിന്നു് അരയണവീതം മൂല്യമുണ്ടായിരിക്കണം.

എന്നാൽ, തന്നോടുള്ള ബഹുമാനംനിമിത്തം ആരും ഒന്നും സ്വീകരിക്കരുതെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം മരണത്തിൻെറ വാതില്ക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ആളുകളുടെ തൊണ്ടയിൽ എന്തെങ്കിലും കുത്തിയിറക്കാൻ അദ്ദേഹം സ്വപ്നത്തിൽപ്പോലും വിചാരിക്കയില്ല. പദ്ധതിയുടെ എല്ലാ വശങ്ങളെപ്പററിയും പൂൎണ്ണമായി ചിന്തിച്ചശേഷമേ ഏതൊരാളും അതു സ്വീകരിക്കാവൂ. കുറച്ചുദിവസം കഴിഞ്ഞാൽ അതു വലിച്ചെറിയേണ്ടിവരരുതു്. നാട്ടിലെ തൊഴിലില്ലാത്തവരെ സംരക്ഷിക്കാൻ കഴിയാഞ്ഞാൽ പിന്നെ അവിടത്തെ സക്കാരിന്നു് ഒരു വിലയുമില്ല എന്നു പ്രൊഫസർ ഷാ പറഞ്ഞതിനോടു് അദ്ദേഹം യോജിക്കുന്നുണ്ടു്. പക്ഷേ, 'ഡോൾസ്''(=ഭിക്ഷ) നല്കുന്നതു് തൊഴിലില്ലായ്മയുടെ പരിഹാരമാൎഗ്ഗമല്ല. അദ്ദേഹം നാട്ടിലെ ഓരോ ആൾക്കും തൊഴിലും, പണമല്ലെങ്കിലും ആഹാരവും നല്കും. ദൈവം നമ്മെ സൃഷ്ടിച്ചതു തിന്നാനും കുടിക്കാനും സുഖിക്കാനും അല്ല; പ്രത്യുത, വിയർപ്പൊഴുക്കി നമ്മുടെ ഭക്ഷണം സമ്പാദിക്കാനാണു്.

ഹരിജൻ, 30–10–'37

## പത്തു്

## വിദ്യാഭ്യാസസമ്മേളനം

### പ്രമേയങ്ങൾ

**സമ്മേളനം രണ്ടാമത്തെദിവസം താഴെ എഴുതിയ പ്രമേയങ്ങൾ പാസ്സാക്കി:**

1) ഈ സമ്മേളനത്തിൻെറ അഭിപ്രായത്തിൽ നാട്ടിലേ എല്ലാ കുട്ടികൾക്കും, ഏഴുകൊല്ലത്തെ, നിർബന്ധവും സൗജന്യവുമായ വിദ്യാഭ്യാസത്തിനു് ഏർപ്പാടുണ്ടായിരിക്കണം.

2) ബോധനത്തിൻെറ മാധ്യമം (മീഡിയം) മാതൃഭാഷയായിരിക്കണം.

3) ആ കാലത്തെ വിദ്യാഭ്യാസം മുഴുവനും ഏതെങ്കിലും കൈത്തൊഴിലിനെ കേന്ദ്രമാക്കിക്കൊണ്ടാവണം, ആ തൊഴിൽ തിരഞ്ഞെടുക്കുന്നതു് കുട്ടിയുടെ പരിതഃസ്ഥിതിയെ ആദരിച്ചുകൊണ്ടാവണം, കുട്ടിയുടെ ഗുണങ്ങൾ വികസിപ്പിക്കുന്നതും അവന്നു ശിക്ഷണം നല്കുന്നതും എല്ലാം ആ തൊഴിലിനോടു കഴിയുന്നത്ര ബന്ധപ്പെടുത്തിക്കൊണ്ടാവണം എന്നു മഹാത്മജി നിർദ്ദേശിക്കുന്നതിനോടു് ഈ സമ്മേളനം യോജിക്കുന്നു.

4) ഈ വിദ്യാഭ്യാസപദ്ധതിക്കു ക്രമേണ അദ്ധ്യാപകന്മാരുടെ വേതനത്തിന്നുള്ള വകയുണ്ടാക്കാൻ സാധിക്കുമെന്നു് സമ്മേളനം പ്രതീക്ഷിക്കുന്നു.

പിന്നീടു് ഈ പ്രമേയങ്ങളെ ആധാരമാക്കിക്കൊണ്ടു് ഒരു പാഠ്യപദ്ധതി തയ്യാറാക്കി ഒരു മാസത്തിന്നകം സമ്മേളനത്തിൻെറ അദ്ധ്യക്ഷന്നു സമർപ്പിക്കാൻ ഒരു കമ്മററിയെ നിയമിച്ചു.

ഹരിജൻ, 30–10–'37

## പതിനൊന്നു്

## സമ്മേളനത്തിൻെറ സമാപനം

ഗാന്ധിജി, സമ്മേളനനടപടികൾ അവസാനിപ്പിച്ചുകൊണ്ടു് അവിടെ വന്നു് തന്നോടു സഹകരിച്ച എല്ലാവരോ

ട്ടം താൻ നന്ദിയുള്ളവനാണെന്നു പറഞ്ഞു. ഇനിയും ഇത്തരം പല സമ്മേളനങ്ങളും വിളിച്ചുകൂട്ടേണ്ടിവരും, ഇതു് ആദ്യത്തേതാണു്. അതിനാൽ, ഇനിയും അവരുടെ സഹകരണത്തെ പ്രതീക്ഷിക്കുന്നുണ്ടു്. മാളവ്യജി അദ്ദേഹത്തിന്നു താക്കീതു നല്കിക്കൊണ്ടു് ഒരു കമ്പിയടിച്ചിരുന്നു. പക്ഷേ, സമ്മേളനത്തിൽ ഒന്നുംതന്നെ അവസാനമായി തീരുമാനിച്ചിട്ടില്ല. കാരണം, ഇതു് അന്വേഷകന്മാരുടെ ഒരു സമ്മേളനമാണു്. ഏതൊരാളേയും സമ്മേളനത്തിന്നു ക്ഷണിച്ചിട്ടുള്ളതു് നിർദ്ദേശങ്ങളും വിമർശനങ്ങളും നല്കുന്നതിനാണു്. അദ്ദേഹം ഒന്നുംതന്നെ പെട്ടെന്നു ചെയ്യാനുദ്ദേശിച്ചിട്ടില്ല. ദേശീയവിദ്യാഭ്യാസത്തിന്റേയും മദ്യനിരോധത്തിന്റേയും കാര്യങ്ങൾ നിസ്സഹകരണപ്രസ്ഥാനത്തെപ്പോലെതന്നെ പഴക്കമുള്ളവയാണു്. പക്ഷേ, ഈ വസ്തു ഇന്നത്തെ രൂപത്തിൽ അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭവിച്ചതു് നാടിന്റെ മാറിയ പരിതഃസ്ഥിതികളിലാണു്.

ഹരിജൻ, 30–10–'37

## പന്ത്രണ്ടു്

## ഒരടി മുമ്പോട്ടു്

വിദ്യാഭ്യാസസമ്മേളനത്തിന്റെ റിപ്പോർട്ടു് അന്യത്ര കാണാവുന്നതാണു്. അതു് എന്റെ പദ്ധതിയെ പൊതുജനങ്ങളുടേയും കോൺഗ്രസ്മന്ത്രിമാരുടേയും മുമ്പിൽ സമർപ്പിക്കുന്നതിന്റെ ഒരു പ്രധാനഘട്ടത്തെ കുറിക്കുന്നു. ഇത്രയധികം മന്ത്രിമാർ സമ്മേളനത്തിന്നു വന്നതു് ഒരു ശുഭലക്ഷണമാണു്. സ്വാവലംബനതത്വത്തെ—ഞാനതു വളരെ സങ്കുചിതമായ അർത്ഥത്തിലേ പറഞ്ഞിട്ടുള്ളു — കേന്ദ്രീകരിച്ചുകൊണ്ടാണു്

എതിരഭിപ്രായങ്ങളും വിമൎശനങ്ങളും ഉന്നയിക്കപ്പെട്ടതു്. അതിനാൽ, സമ്മേളനം വളരെ കരുതലോടുകൂടിയാണു് ആ പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു്. സമ്മേളനത്തിന്നു് ഒരജ്ഞാനസാഗരത്തിലാണു് സഞ്ചരിക്കേണ്ടിയിരുന്നതെന്നു പറയേണ്ടതില്ല. സദസ്യൎക്കു പൂൎവ്വപരിചയം തീരെയുണ്ടായിരുന്നില്ല. ആശയം നിൎദ്ദോഷമാണെങ്കിൽ അതു തനിയേ പ്രവൃത്തിയിൽ വരും. സ്വാവലംബനതത്ത്വത്തിൽ വിശ്വസിക്കുന്നവർ അതിന്നനുസരിച്ചു സ്കൂളുകൾ നടത്തി അതു തെളിയിക്കട്ടെ.

ഒരു കൈത്തൊഴിൽമുഖേന ഇംഗ്ലീഷൊഴികെ സെക്കണ്ടറിവിദ്യാഭ്യാസമടക്കമുള്ള സമ്പൂൎണ്ണമായ പ്രാഥമികവിദ്യാഭ്യാസം നല്കണമെന്ന കാൎയ്യത്തിനോടു് സമ്മേളനത്തിൽ ആശ്ചൎയ്യകരമായ യോജിപ്പുണ്ടായിരുന്നു. ഒരു കൈത്തൊഴിൽമുഖേന കുട്ടിയുടെ വ്യക്തിത്വം മുഴുവനും വികസിപ്പിക്കേണ്ടതുള്ളതിനാൽ സ്കൂളുകൾ തൊഴിൽശാലകളായി അധഃപതിക്കുമെന്ന ഭയം തനിയേ നശിക്കുന്നു. കാരണം, അവരെ പരിശീലിപ്പിക്കുന്ന തൊഴിലിൽ ഒരു നിശ്ചിതനിലവാരത്തിൽ കുശലത സമ്പാദിക്കുന്നതിന്നു പുറമേ അവർ പഠിക്കണമെന്നു പ്രതീക്ഷിക്കുന്ന മററുവിഷയങ്ങളിലും കുട്ടികൾ അത്രതന്നെ കുശലത കാണിക്കേണ്ടിവരും.

ഈ പദ്ധതി പ്രവൃത്തിയിൽ കൊണ്ടുവരാൻ കഴിയുന്നതെങ്ങനെ, ഓരോ കൊല്ലവും കുട്ടികൾ പഠിക്കണമെന്നു പ്രതീക്ഷിക്കുന്നതെന്തെല്ലാമാണു്, എന്നെല്ലാം സാക്കിർ ഹുസെയ്ൻ കമ്മററിയുടെ പ്രയത്നം വിശദീകരിക്കുന്നതാണു്.

സമ്മേളനത്തിൻെറ പ്രമേയങ്ങൾ മുൻകൂട്ടി നിൎണ്ണയിക്കപ്പെട്ടവയാണെന്നു ചിലർ ആക്ഷേപിക്കുന്നുണ്ടു്. അതിൽ ഒരു വാസ്തവവുമില്ല. നാട്ടിൻെറ നാനാഭാഗത്തുനിന്നും വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരെ വിളിച്ചുവരുത്തി, അവൎക്കു വിപ്ലവപരമെന്നു തോന്നുന്ന ഒരു പദ്ധതിയെപ്പററി, പെട്ടെന്നൊരഭി

പ്രായം പറയാനാവശ്യപ്പെട്ടുക തത്ക്കാലത്തെ പരിതഃസ്ഥിതിയിൽ സാധ്യമായിരുന്നില്ല. അതിനാൽ, അദ്ധ്യാപകന്മാരുടെ നിലയിൽ കൈത്തൊഴിൽപരിശീലനത്തിൽ അല്പമെങ്കിലും പരിചയമുള്ളവരെ മാത്രമേ സമ്മേളനത്തിന്നു ക്ഷണിച്ചിരുന്നുള്ളു. ദേശീയവിദ്യാഭ്യാസരംഗത്തിൽ എന്റെ ഒരുമിച്ചു പ്രവൎത്തിച്ചവർപോലും ഈ പുതിയ ആശയം അനുഭാവപൂർവ്വം സ്വീകരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. സാക്കിർ ഹുസെയ്ൻകമ്മററിയുടെ പ്രയത്നംമൂലം ഈ പദ്ധതി പരിപൂർണ്ണരൂപത്തിൽ പുറത്തുവരുമ്പോൾ ഇതിനെപ്പററി ആലോചിക്കാൻ കുറേക്കൂടി വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരെ തീർച്ചയായും ക്ഷണിക്കും. വല്ല വിദ്യാഭ്യാസശാസ്ത്രജ്ഞന്നും സഹായകമായ എന്തെങ്കിലും നിർദ്ദേശം നല്കാനുണ്ടെങ്കിൽ അതു് ഉടനേ വദ്ധയിലേക്കു്, കമ്മററിയുടെ സെക്രട്ടറിയും കൺവീനറുമായ ശ്രീ. ആര്യനായകത്തിന്നയച്ചുകൊടുക്കാൻ ഞാനഭ്യർത്ഥിക്കുന്നു.

ചെറുകുട്ടികളെ പഠിപ്പിക്കുന്ന പ്രവൃത്തി പുരുഷന്മാരെ അപേക്ഷിച്ചു് സ്ത്രീകൾക്കു്—അതും കന്യകമാരെ അപേക്ഷിച്ചു് അമ്മമാൎക്കു്—അധികം നന്നായിച്ചെയ്യാൻ കഴിയുമെന്നു് ഒരാൾ സമ്മേളനത്തിൽ പറയുകയുണ്ടായി. മറെറാരു പ്രകാരത്തിലും അതായതു പ്രൊഫസ്സർ ഷായുടെ നിർബ്ബന്ധസേവനവ്യവസ്ഥയിൽ വരുന്നതിന്നും അവരുടെ സ്ഥിതി കൂടുതൽ അനുകൂലമാണു്. എന്നാൽ, ഇതിന്നായി മുന്നോട്ടു വരുന്നവൎക്കു ശരിയായ ഒരു പരിശീലനം കഴിക്കേണ്ടിവരും. ഉപജീവനമാൎഗ്ഗം അന്വേഷിച്ചുകൊണ്ടിരിക്കുന്ന സഹോദരിമാർ ഒരു ഉദ്യോഗമാണെന്നു കരുതി ഈ പ്രസ്ഥാനത്തിൽ ചേരുന്നതുകൊണ്ടു് ഒരു പ്രയോജനവുമില്ല. അവർ, ഈ പദ്ധതിയെ സമീപിക്കുന്നതു് സേവനമനോഭാവത്തോടുകൂടിയായിരിക്കണം; ഇതിനെ തങ്ങളുടെ ജീവിതോദ്ദേശ്യമായിക്കരുതണം.

മറിച്ച് സ്വാത്ഥഭാവത്തോടെയാണ് ഇതിനെ സമീപിക്കുന്നതെങ്കിൽ അവക്ക പരാജയവും കഠിനമായ നൈരാശ്യവുമാണുണ്ടാവുക. ഇന്ത്യയിലെ സംസ്കാരസമ്പന്നകളായ മഹിളമാർ ഗ്രാമവാസികളോട്ട്, അവരുടെ സന്താനങ്ങൾമുഖേന, ഒത്തുചേരുന്നതായാൽ അത് ഭാരതഖണ്ഡത്തിലെ ഗ്രാമജീവിതത്തിൽ മഹത്തായ ഒരു നിശ്ശബ്ദവിപ്ലവം വരുത്തുന്നതാണ്. അവർ ഇതിനെ ആദരിക്കുമോ?

ഹരിജൻ, 30–10–'37

## ഖണ്ഡം മൂന്നു്: സ്വാവലംബനവിദ്യാഭ്യാസം

### പതിമ്മൂന്നു്

### വിദ്യാഭ്യാസവും മദ്യനികുതിയും

വിദ്യാഭ്യാസപ്രശ്നം ദൗർഭാഗ്യവശാൽ മദ്യപാനംമൂലമു ണ്ടാവുന്ന വരവുമായി കൂട്ടിക്കുഴച്ചിട്ടുള്ള ഒന്നാണു്! മദ്യനികുതി നിന്നുപോയാൽ വിദ്യാഭ്യാസത്തിന്നുള്ള പണം എവിടെ നിന്നു കിട്ടും? തീർച്ചയായും പുതിയ നികുതികൾ ചുമത്തുന്നതിന്നു പല മാർഗ്ഗങ്ങളുമുണ്ടു്. ഈ ദരിദ്രരാഷ്ട്രത്തിന്നുപോലും പുതിയ നികുതികൾ ചുമത്താൻ കഴിവുണ്ടെന്നു പ്രൊഫസ്സർ ഷായും ഖംഭാതയും കാണിച്ചിട്ടുണ്ടു്. സമ്പത്തുകളിന്മേൽ ഇനിയും വേണ്ടത്ര നികുതി ചുമത്തിയിട്ടില്ല. ലോകത്തിലെ മററു രാഷ്ട്രങ്ങളുടെ സ്ഥിതി എന്തോ ആവട്ടെ. ഇവിടെ അത്യധികം സമ്പത്തു കൈവശംവയ്ക്കാൻ വ്യക്തികളെ അനുവദിക്കുന്നതു് പൊതുജനങ്ങളോടു ചെയ്യുന്ന ഒരപരാധമായിക്കരുതണം. അതിനാൽ, ഒരു പരിധിക്കുമീതെയുള്ള സമ്പത്തിന്നു് എത്ര നികുതി ചുമത്തിയാലും അധികമാവില്ല. ഇംഗ്ലണ്ടിൽ ഒരു നിശ്ചിതസംഖ്യയ്ക്കുമീതെയുള്ള സമ്പാദ്യത്തിന്മേൽ 70 ശതമാനം വരെ നികുതി ചുമത്തുന്നുണ്ടെന്നു് എനിക്കറിയാം. ഇന്ത്യയിൽ അതിലും ഉപരിയായ ഒരു നികുതി ചുമത്താതിരിക്കാൻ ഒരു കാരണവും കാണുന്നില്ല. ഇവിടെ എന്തുകൊണ്ടു് മരണനികുതി (Death duties) ചുമത്തിക്കൂടാ? കോടീശ്വരന്മാരുടെ മക്കൾ പ്രായപൂർത്തിക്കുശേഷവും പിതൃസ്വത്തിന്നു് അവകാശികളാണു്. അതുനിമിത്തം അവക്കു നഷ്ടമാണുണ്ടാവുന്നതു്. രാഷ്ട്രത്തിന്നാവട്ടെ രണ്ടുവിധത്തിൽ നഷ്ടം നേരിടുന്നുണ്ടു്. കാരണം, ആ സ്വത്തുമുഴുവനും രാഷ്ട്രത്തിന്നധീനമാവേണ്ട

താണു്. കൂടാതെ, സമ്പത്തിന്നടിയിൽപ്പെട്ടു ഞെരുങ്ങുന്നതുകൊണ്ടു് അനന്തരാവകാശികളുടെ കഴിവുകൾ പൂർണ്ണമായി വികസിക്കുന്നില്ല. അതും രാഷ്ട്രത്തിന്നൊരു നഷ്ടമാണു്. മരണനികുതി ചുമത്താൻ സ്റ്റേററുഗവമ്മേണ്ടുകൾക്കധികാരമില്ല എന്നതു് എന്റെ വാദത്തിനെ ബാധിക്കുന്നില്ല.

ഒരു രാഷ്ട്രമെന്ന നിലയിൽ നാം വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നിലാണു്. അതുകൊണ്ടു നാം വിദ്യാഭ്യാസപ്രചാരണത്തിന്നു പണത്തിനെ മാത്രം ആശ്രയിച്ചിരിക്കുന്നതായാൽ ഈ തലമുറയിൽ ഒരു നിശ്ചിതകാലത്തിന്നുള്ളിൽ നമുക്കു രാഷ്ട്രത്തിനോടുള്ള കത്തവ്യം നിറവേററാൻ കഴിയുമെന്നാശിക്കുക സാദ്ധ്യമല്ല. അതിനാൽ, എന്റെ പ്രശസ്തിക്കു ഹാനിസംഭവിച്ചേക്കാനിടയുണ്ടെങ്കിലും ഞാൻ വിദ്യാഭ്യാസം സ്വാവലംബിയാവണമെന്നു് അഭിപ്രായപ്പെടാൻ ധൈര്യപ്പെട്ടു. വിദ്യാഭ്യാസം എന്ന പദത്തിന്നു ഞാൻ നല്കുന്ന അർത്ഥം, കുട്ടിയിലും മനുഷ്യനിലുമുള്ള കായികവും മാനസികവും ആദ്ധ്യാത്മികവുമായ എല്ലാ (മാനുഷിക)വൈശിഷ്ട്യങ്ങളേയും ആവിഷ്കരിക്കുക എന്നാണു്. അക്ഷരജ്ഞാനം വിദ്യാഭ്യാസത്തിന്റെ അന്തിമലക്ഷ്യമല്ല. അതു് ആരംഭംപോലുമല്ല. സ്ത്രീപുരുഷന്മാരെ സുശിക്ഷിതരാക്കാനുള്ള നിരവധി മാർഗ്ഗങ്ങളിൽ ഒന്നു മാത്രമാണു് അതു്. കേവലം അക്ഷരജ്ഞാനം വിദ്യാഭ്യാസമല്ല. അതിനാൽ, ഞാൻ ഉപയോഗപ്രദമായ ഒരു കൈത്തൊഴിൽ പഠിപ്പിച്ചുകൊണ്ടാണു് കുട്ടിയുടെ വിദ്യാഭ്യാസം ആരംഭിക്കുക. ആ നിമിഷംമുതല്ക്കുതന്നെ കുട്ടിക്കു് വിഭവോത്പാദനത്തിന്നു പ്രാപ്തിയുണ്ടാക്കുകയും ചെയ്യും. അങ്ങനെ എല്ലാ സ്കൂളുകളേയും സ്വാവലംബികളാക്കാൻ കഴിയും, ഈ സ്കൂളുകളിലെ ഉത്പന്നങ്ങൾ സ്റ്റേററ് എടുക്കും എന്നൊരു നിബന്ധന മാത്രം വേണം.

ഇത്തരം ഒരു വിദ്യാഭ്യാസപദ്ധതിമുഖേന മാനസികവും

ആദ്ധ്യാത്മികവുമായ വികാസം ഏററവുമധികം സാധിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു കാൎയ്യം മാത്രം ഓൎമ്മവെക്കണം. കൈത്തൊഴിലുകൾ പഠിപ്പിക്കുന്നതു് ഇന്നത്തെമാതിരി യാന്ത്രികമായിട്ടാവരുതു്, ശാസ്ത്രീയമായിട്ടാവണം. അതായതു്, കുട്ടിക്കു് ഓരോ പ്രക്രിയയുടേയും കാരണവും ശരിയായ രീതിയും അറിഞ്ഞിരിക്കണം. ഞാനിതെഴുതുന്നതു തീരെ ആത്മവിശ്വാസമില്ലാതെയല്ല. ഇതിന്നു പിന്നിൽ ധാരാളം സ്വാനുഭവമുണ്ടു്. പ്രവൎത്തകന്മാർ നൂല്നു പഠിപ്പിക്കുന്ന ദിക്കിൽ ഈ പദ്ധതി ഏറെക്കുറെ പൂൎണ്ണമായി അനുസരിക്കുന്നുണ്ടു്. ചെരുപ്പുകുത്തലും, നൂല്പുപോലും, ഈ രീതിയിൽ ഫലപ്രദമാംവണ്ണം ഞാൻ പഠിപ്പിച്ചിട്ടുണ്ടു്. ഈ പദ്ധതിയിൽ ചരിത്രം, ഭൂമിശാസ്ത്രം മുതലായവയുടെ അറിവിനെ അവഗണിച്ചിട്ടില്ല. ഈവക സംഗതികൾ വാമൊഴിയായി പഠിപ്പിച്ചാലാണു കൂടുതൽ നന്നായി മനസ്സിലാവുക എന്നെനിക്കനുഭവപ്പെട്ടിട്ടുണ്ടു്. എഴുത്തും വായനയുംമുഖേന നല്കാൻ കഴിയുന്നതിൻെറ പത്തിരട്ടി ജ്ഞാനം ഈ പദ്ധതിയിൽ നല്കാൻ സാധിക്കും. പിന്നെ, നെല്ലും പതിരും തിരിച്ചറിയാൻ സാധിക്കുകയും അവൻെറ അഥവാ അവളുടെ അഭിരുചികൾ വികസിക്കുകയും ചെയ്തതിന്നുശേഷം, കുട്ടിയെ അക്ഷരങ്ങളുടെ രൂപങ്ങൾ പഠിപ്പിക്കാം. ഇതു വിപ്ലവപരമായ ഒരു നിൎദ്ദേശമാണു്. പക്ഷേ, ഇതുകൊണ്ടു വളരെ അദ്ധ്വാനം കുറയ്ക്കാനും ദീൎഘകാലംകൊണ്ടു പഠിക്കുന്ന കാൎയ്യങ്ങൾ ഒരുകൊല്ലംകൊണ്ടു സമ്പാദിക്കാനും സാധിക്കും. അതായതു്, ഈ പദ്ധതി എല്ലാ പ്രകാരത്തിലും ആദായകരമായിരിക്കും, കുട്ടി തൻെറ കൈത്തൊഴിൽ പഠിക്കുന്നതോടൊപ്പം തീൎച്ചയായും കണക്കും പഠിക്കും.

ഞാൻ പ്രാഥമികവിദ്യാഭ്യാസത്തിന്നു് ഏററവുമധികം പ്രാധാന്യം നല്കുന്നു. എൻെറ അഭിപ്രായത്തിൽ അതു് ഇംഗ്ലീഷൊഴികെ ഇന്നത്തെ മെട്രിക്കുലേഷന്നു തുല്യമായിരിക്കണം.

കാളേജിൽ പഠിച്ചവരും ഇന്നു പഠിക്കുന്നവരുമായ എല്ലാവരും പെട്ടെന്നു തങ്ങളുടെ അറിവു മുഴുവനും മറന്നു എന്നു കരുതുക. ഈ ഏതാനുംലക്ഷം ആളുകളുടെ സ്മൃതിനാശംകൊണ്ടു നാട്ടിന്നുണ്ടായേക്കാവുന്ന നഷ്ടം, 30 കോടി ആളുകളെ ആവരണംചെയ്ത അന്ധകാരംകൊണ്ടുണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ നഷ്ടത്തിനോടു താരതമ്യപ്പെടുത്തുമ്പോൾ നിസ്സാരമാണ്. കേവലം നിരക്ഷരതയെ നോക്കി കോടിക്കണക്കിലുള്ള ഗ്രാമീണരുടെ അജ്ഞാനത്തിന്റെ ആഴം കണക്കാക്കുക സാദ്ധ്യമല്ല.

ഞാൻ കാളേജുവിദ്യാഭ്യാസത്തിൽ വിപ്ലവാത്മകമായ പരിവത്തനം വരുത്തുകയും അതിനെ രാഷ്ട്രത്തിന്റെ ആവശ്യകതകളോടു ബന്ധപ്പെടുത്തുകയും ചെയ്യും. മെക്കാനിക്കൽ എഞ്ചിനിയർമാക്കും മററും ചില ഡിഗ്രികളൊക്കെ ഉണ്ടായിരിക്കും. അവയെ വിഭിന്നവ്യവസായങ്ങളോടു കൂട്ടിച്ചേക്കും. തങ്ങൾക്കാവശ്യമായ ബിരുദധാരികളുടെ പരിശീലനത്തിന്നു വേണ്ട ചെലവ് അതതു സ്ഥാപനങ്ങൾ വഹിക്കണം. അങ്ങനെ സക്കാരിന്റെ മേൽനോട്ടത്തിൽ എഞ്ചിനിയർമാക്കു പരിശീലനം നല്കുന്നതിന്നുള്ള ഒരു കാളേജ് ടാട്ടാക്കമ്പനിക്കാർ നടത്തുമെന്നു പ്രതീക്ഷിക്കാം. അതുപോലെതന്നെ 'മില്ലുടമകൾ' തങ്ങൾക്കാവശ്യമായ ബിരുദധാരികളെ തയാറാക്കുന്നതിന്നായി ഒരു കാളേജ് നടത്തുന്നതാണ്. പേരെടുത്തു പറയാവുന്ന മററു വ്യവസായങ്ങളും അങ്ങനെ ചെയ്യുന്നതാണ്. വ്യാപാരികൾക്കും തങ്ങളുടേതായ ഒരു കാളേജ് ഉണ്ടായിരിക്കും. പിന്നെ ബാക്കിയാവുന്നതു് ലളിതകലകളും വൈദ്യവും കൃഷിയുമാണ്. ഇന്നു സ്വകാര്യമായി നടത്തുന്ന പല ആർട്ട്സ്കാളേജുകളും സ്വാവലംബികളാണ്. അതിനാൽ സ്റ്റേററ് സ്വന്തമായി കാളേജുകൾ നടത്തുന്നതു നിത്തൽചെയ്യും. മെഡിക്കൽകാളേജുകൾ ആസ്പത്രികളോടു കൂട്ടിച്ചേക്കും.

അവയ്ക്കു കൂടുതൽ പ്രചാരമുള്ളതു് ധനികക്കിടയിലാകയാൽ അവർ നല്കുന്ന സംഭാവനകൾകൊണ്ടു മെഡിക്കൽകാളേജു കൾ നടത്താൻ കഴിയുമെന്നു പ്രതീക്ഷിക്കാം. കൃഷി കാളേജു കൾക്കു് ആ പേരിന്നർഹതയുണ്ടാവണമെങ്കിൽ അവ സ്വാ വലംബികളാവണം. കൃഷികാളേജിൽ പഠിച്ച ചില ബി രുദധാരികളുടെ കാര്യത്തിൽ എനിക്കുണ്ടായ അനുഭവം വേദ നാജനകമാണു്. അവരുടെ അറിവു് ഉപരിപ്ലവമാണു്. അ വക്കു പ്രായോഗികമായ അനുഭവമില്ല. എന്നാൽ, രാഷ്ട്രത്തി ന്റെ ആവശ്യങ്ങളെ പൂർത്തിയാക്കുന്ന സ്വാവലംബികളായ കൃഷിസ്ഥലങ്ങളിൽവെച്ചു പരിശീലനം നല്കുന്നതായാൽ അ വിടെ പഠിക്കുന്നവക്കു് ഉദ്യോഗം കിട്ടിയതിന്നുശേഷം (തങ്ങ ളുടെ യജമാനന്മാരുടെ ചെലവിന്മേൽ) അനുഭവം നേടേണ്ട തായിവരില്ല.

ഇതു വെറുമൊരു സാങ്കല്പികചിത്രമല്ല. നാം നമ്മുടെ മാന സികമായ ആലസ്യം കൈവെടിയുന്നതായാൽ ഇതു്, കോൺ ഗ്രസ്സ്മന്ത്രിമാരേയും തന്നിമിത്തം കോൺഗ്രസ്സിനെത്തന്നെയും ഇന്നഭിമുഖീകരിച്ചിട്ടുള്ള വിദ്യാഭ്യാസപ്രശ്നത്തെ പരിഹരി ക്കുന്നതിന്നു തികച്ചും യുക്തിയുക്തവും വ്യാവഹാരികവുമായ ഒരു മാർഗ്ഗമാണെന്നു തെളിയും. ഇതിനിടെ ബ്രിട്ടീഷ്ഗവ ൎമ്മേണ്ടിന്നുവേണ്ടി ചെയ്ത പ്രഖ്യാപനങ്ങൾ യഥാർത്ഥമാണെ ങ്കിൽ മന്ത്രിമാർക്കു തങ്ങളുടെ പരിപാടികൾ പ്രവൃത്തിയിൽ കൊണ്ടുവരുന്നതിന്നു് സിവിൽസർവ്വീസിലെ ഉദ്യോഗസ്ഥ ന്മാരുടെ ബുദ്ധിചാതുര്യവും സംഘടനാശക്തിയും യഥേഷ്ടം ലഭിക്കുന്നതാണു്. അഭിപ്രായസ്ഥിരതയില്ലാത്ത ഗവർണ്ണർമാ രും വൈസറോയിമാരും നിർമ്മിക്കുന്ന പരിപാടികളെ പ്രവൃ ത്തിയിൽക്കൊണ്ടുവരാൻ പഠിച്ചിട്ടുള്ളവരാണു് ഈ ഉദ്യോഗ സ്ഥന്മാർ. നമ്മുടെ മന്ത്രിമാർ സുചിന്തിതവും സുനിശ്ചിതവു മായ ഒരു പരിപാടിയുണ്ടാക്കി അവരുടെ മുമ്പിൽ വെച്ചുകൊ

ടുക്കട്ടെ. ഈ ഉദ്യോഗസ്ഥന്മാർ തങ്ങളുടെപേരിൽ നല്കിയ വാഗ്ദാനത്തെ നിറവേററുകയും തങ്ങൾ തിന്നുന്ന ചോററിനോടു കൂറുള്ളവരാണെന്നു തെളിയിക്കുകയും ചെയ്യുമോ എന്നു നോക്കാം.

ഇനി ബാക്കിയുള്ളതു് അദ്ധ്യാപകന്മാരുടെ പ്രശ്നമാണു്. അഭ്യസ്തവിദ്യരായ സ്ത്രീപുരുഷന്മാരെ നിർബന്ധപൂർവ്വം ഈ പ്രവർത്തനത്തിന്നു ചേർക്കണമെന്നു് പ്രൊഫസർ കെ. ടി. ഷാ അഭിപ്രായപ്പെടുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നു. ആ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു് അദ്ദേഹമെഴുതിയ ലേഖം* അന്യത്ര കൊടുത്തിട്ടുണ്ടു്. അവരെ യോഗ്യതയനുസരിച്ചു് ഒരു നിശ്ചിതകാലത്തേയ്ക്കു്—അഞ്ചുകൊല്ലം എന്നു വെയ്ക്കുക—അദ്ധ്യാപനാർത്ഥം നിയമിക്കാം. അതിന്നു് രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതിക്കനുകൂലമായ നിലവാരത്തിലും അവരുടെ ആവശ്യത്തിന്നനുസരിച്ചവിധത്തിലും വേതനം നല്കുന്നതാണു്. ഇന്നു് ഉന്നതവിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരും പ്രൊഫസർമാരും ആവശ്യപ്പെടുന്ന വലിയ ശമ്പളം നിർത്തൽ ചെയ്യണം. ഇന്നു ഗ്രാമത്തിലുള്ള അദ്ധ്യാപകന്മാരെ നീക്കം ചെയ്തു് കൂടുതൽ പ്രാപ്തിയുള്ളവരെ നിയമിക്കുകയും വേണം.

ഹരിജൻ, 31–7–'37

## പതിന്നാലു്

## വിദ്യാഭ്യാസപ്രഹേളിക

"നമ്മുടെ കുട്ടികൾക്കു് വിദ്യാഭ്യാസം നല്കാൻ നമുക്കു മദ്യനികുതിയെയല്ലാതെ മറെറാന്നിനേയും ആശ്രയിക്കാനില്ല എന്ന വസ്തുതയിലാണു് പുതിയ പരിഷ്കാരത്തിൻെറ പരി

* ഹരിജൻ, 3-17-'37 നോക്കുക.

ഹാസ്യത കിടക്കുന്നതു്." കോൺഗ്രസ്സ്മന്ത്രിമാർ ഉദ്യോഗം സ്വീകരിച്ചതുമുതൽ ഈ വിഷയത്തെപ്പററി താൻ നല്കിക്കൊണ്ടിരുന്ന നിരവധി ഭാഷണങ്ങളിലൊന്നിൽ ഗാന്ധിജി പറഞ്ഞ വാക്കുകളാണു് മേലുദ്ധരിച്ചതു്. അദ്ദേഹം തുടന്നു: "അതാണു് വിദ്യാഭ്യാസപ്രഹേളിക. പക്ഷേ, അതു നമ്മെ അമ്പരപ്പിക്കരുതു്. നാമതിന്നു പരിഹാരം കാണണം. മറെറന്തു വില കൊടുക്കേണ്ടിവന്നാലും അതു നമ്മുടെ ആദർശമായ മദ്യനിരോധത്തിന്നു വിഘാതമാവുകയും അരുതു്. മദ്യനികുതി കിട്ടാഞ്ഞാൽ നമ്മുടെ കുട്ടികൾക്കു വിദ്യാഭ്യാസമേ കിട്ടില്ല എന്നു കരുതുന്നതു് ലജ്ജാവഹവും അപമാനകരവുമാണു്. അതുതന്നെ സംഭവിക്കുന്നതായാൽ 'അർദ്ധം ത്യജതി പണ്ഡിതഃ'—പണ്ഡിതൻ താരതമ്യേന ലഘുവായ ദോഷം ത്യജിക്കുന്നു—എന്ന ന്യായമനുസരിച്ചു് നാമതു സ്വീകരിക്കണം. നാം കണക്കുകളെക്കൊണ്ടു് അമ്പരക്കാതിരിക്കുകയും നമ്മുടെ കുട്ടികൾക്കു് ഇന്നു ലഭിക്കുന്ന അതേ വിദ്യാഭ്യാസംതന്നെ നല്കണമെന്ന വിചാരം ഉപേക്ഷിക്കുകയും ചെയ്യുന്നതായാൽ ഈ സമസ്യ നമ്മെ വിഷമിപ്പിക്കുകയില്ല." നമ്മുടെ നാട്ടിലെ വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരെല്ലാം ഒത്തുചേന്നാലോചിച്ചു് ചെലവു ചുരുങ്ങിയതും നമ്മുടെ വിശാലമായ ഗ്രാമീണജനതയുടെ ആവശ്യങ്ങളെ നിറവേററാൻ പററുന്നതുമായ ഒരു വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കണമെന്നു ഗാന്ധിജി ഊന്നിപ്പറയുന്നതിൻെറ താത്പര്യം ഇതിൽനിന്നു മനസ്സിലാവുന്നതാണു്.

"അപ്പോൾ അങ്ങുന്നു് സെക്കണ്ടറിവിദ്യാഭ്യാസം എന്നു പറയുന്നതിനെ ഉപേക്ഷിക്കുകയും മെട്രിക്കുലേഷൻവരെയുള്ള വിദ്യാഭ്യാസം മുഴുവനും ഗ്രാമവിദ്യാലയങ്ങളിൽത്തന്നെ നല്കുകയും ചെയ്യുമോ?" ഒരാൾ കൗതുകപൂവ്വം ചോദിച്ചു.

"ഉവ്വ്, തീച്ചയായും. മാതൃഭാഷയിലൂടെ രണ്ടുകൊല്ലം കൊണ്ടു പഠിക്കാൻ കഴിയുന്നതിനെ ഒരു വിദേശഭാഷയി

ലൂടെ ഏഴുകൊല്ലംകൊണ്ടു പഠിക്കാൻ സാധുവിദ്യാൎത്ഥികളെ നിർബന്ധിക്കുകയല്ലാതെ മറെറന്താണ് നിങ്ങളുടെ സെക്കണ്ടറിവിദ്യാഭ്യാസം? പാഠവിഷയങ്ങൾ ഒരു വിദേശഭാഷയിലൂടെ പഠിക്കുക എന്ന 'ഭേപടിസ്വപ്ന'ത്തിൽനിന്നു കുട്ടികളെ മുക്തരാക്കുവാൻ നിങ്ങൾ തീർച്ചയാക്കുകയും അവരുടെ കൈകാലുകൾ ലാഭകരമായ വിധത്തിൽ ഉപയോഗിക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നതായാൽ വിദ്യാഭ്യാസസമസ്യ ലഘൂകരിക്കപ്പെട്ടു. നിങ്ങൾക്കു യാതൊരു മനഃക്ലേശവും കൂടാതെ മദ്യനികുതി മുഴുവനും ഉപേക്ഷിക്കാം. പക്ഷേ, ആദ്യം അതുപേക്ഷിക്കാൻ തീരുമാനിക്കണം. പിന്നെ വിദ്യാഭ്യാസത്തിന്നു് ഏതെല്ലാം പ്രകാരത്തിൽ എന്തെല്ലാം ഏർപ്പാടു ചെയ്യണം എന്നാലോചിക്കണം. ഈ വലിയ കാൽവെപ്പോടുകൂടി ഇതാരംഭിക്കണം."

ഹരിജൻ, 21–8–'37

## പതിനഞ്ച്

## സ്വാവലംബനവിദ്യാഭ്യാസം

ഡാക്ടർ എ. ലക്ഷ്മീപതി എഴുതുന്നു:

"മിഷ്യനറിമാർ നടത്തുന്ന ചില സ്ഥാപനങ്ങൾ ഞാൻ കണ്ടിട്ടുണ്ടു്. അവിടെ സ്കൂളുകൾ പ്രവൎത്തിക്കുന്നതു് രാവിലെ മാത്രമാണു്. വൈകുന്നേരം മുഴുവനും കൃഷിയോ ഏതെങ്കിലും കൈത്തൊഴിലോ ചെയ്യുന്നതിന്നായി വിനിയോഗിക്കുന്നു. പ്രവൃത്തിയുടെ ഗുണവും അളവുമനുസരിച്ച് വിദ്യാൎത്ഥികൾക്കു് എന്തെങ്കിലും പ്രതിഫലവും നല്കുന്നുണ്ടു്. ഇങ്ങനെ സ്ഥാപനം ഏറെക്കുറെ സ്വാവലംബിയായിത്തീരുന്നു. വിദ്യാലയം വിടുമ്പോൾ വിദ്യാൎത്ഥികൾ

കരസ്ഥപിടിച്ചിട്ട മത്സ്യങ്ങളെപ്പോലെയാവുന്നില്ല. കാരണം, തങ്ങളുടെ ഉപജീവനമാൎഗ്ഗമെങ്കിലും ഉണ്ടാക്കുന്നതിന്നു പററിയ ഒരു കൈത്തൊഴിൽ അവർ പഠിച്ചിട്ടുണ്ട്. അത്തരം വിദ്യാലയങ്ങളിലെ അന്തരീക്ഷം വിദ്യാഭ്യാസവിഭാഗത്തിലെ മാമൂൽസ്കൂളുകളുടെ ഉന്മേഷരഹിതമായ ദിനചൎയ്യയിൽനിന്നു തീരെ വ്യത്യസ്തമാണെന്നു ഞാൻ കണ്ടിട്ടുണ്ട്. തങ്ങൾ ഉപയോഗപ്രദമായ ചിലതൊക്കെച്ചെയ്യു എന്ന വിചാരം ഹേതുവായി കുട്ടികൾ കൂടുതൽ ആരോഗ്യമുള്ളവരും സംതൃപ്തരുമായി കാണപ്പെടുന്നു. അവരുടെ ദേഹപ്രകൃതിയും കൂടുതൽ നന്നായിരിക്കുന്നുണ്ട്. കൃഷിപ്പണിയുള്ള കാലത്ത്—അവരുടെ ശക്തിമുഴുവനും വയലിലെ പ്രവൃത്തികൾക്കാവശ്യമായ കാലത്ത്—ഈ സ്കൂളുകൾ കുറച്ചുദിവസത്തേക്കു പൂട്ടിയിടുന്നു. നഗരങ്ങളിൽപ്പോലും വാസനാസമ്പന്നരായ കുട്ടികളെ പലതരം വ്യാപാരങ്ങളിലും തൊഴിലുകളിലും ഏർപ്പെടുത്താം. അതുകൊണ്ട് അവൎക്ക് ഒരുതരം വിനോദം ലഭിക്കുന്നതാണ്. രാവിലത്തെ ക്ലാസ്സുകൾക്കിടയിൽ അരമണിക്കൂർ ഒഴിവുനല്കി കുട്ടികൾക്കു ഭക്ഷണം കൊടുക്കാൻ ഏർപ്പാടുചെയ്യണം. ആവശ്യമോ ആഗ്രഹമോ ഉള്ള എല്ലാവൎക്കും അതിൽ പങ്കെടുക്കാം. അതുമുഖേന സാധുക്കുട്ടികളെ സ്കൂളിലേക്കു സന്തോഷപൂൎവ്വം ഓടിവരാൻ പ്രേരിപ്പിക്കുക സാധ്യമാണ്. ക്രമമായി സ്കൂളിലേക്കുപോകാൻ രക്ഷിതാക്കന്മാരും കുട്ടികളെപ്രേരിപ്പിക്കും.

"പകുതിദിവസം പ്രവൃത്തിയെടുക്കുന്ന ഇത്തരം സ്കൂളുകൾ ഏർപ്പെടുത്തുന്നതായാൽ ഇവയിലെ ഏതാനും അദ്ധ്യാപകന്മാരുടെ സേവനം പ്രത്യേക പ്രതിഫലമൊന്നും നല്കാതെ—ഗ്രാമത്തിൽ പ്രൗഢവിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്നു് ഉപയോഗപ്പെടുത്താം. അതുപോലെതന്നെ സ്കൂൾകെട്ടിടവും മറ്റുപകരണങ്ങളും ഉപയോഗപ്രദമാവും.

"ഞാൻ മതിരാശിയിലെ വിദ്യാഭ്യാസമന്ത്രിക്ക് ഒരു കത്തുകൊടുത്തിട്ടുണ്ട്. അതിൽ ഇന്നത്തെ തലമുറയുടെ ആരോഗ്യം മോശമായതിന്നു പ്രധാന കാരണം അനുചിതമായ അദ്ധ്യയനസമയമാണെന്നു പറഞ്ഞിട്ടുണ്ട്. എല്ലാ സ്കൂളുകളും കാളേജുകളും രാവിലെ ആറുമണിക്കും പതിനൊന്നുമണിക്കും ഇടയിൽ പ്രവൎത്തിക്കണമെന്നാണു് എന്റെ അഭിപ്രായം. പാഠശാലകളിൽ നാലുമണിക്കൂറുനേരം പഠിക്കുന്നതുകൊണ്ടു കാൎയ്യം സാധിക്കണം. ഉച്ചസമയത്തു വീട്ടിലിരിക്കണം. വൈകുന്നേരം കളികൾക്കും കായികാഭ്യാസങ്ങൾക്കുമായി വിനിയോഗിക്കാം. ആവശ്യമായവൎക്കു് എന്തെങ്കിലും തൊഴിലിൽ സ്വയം ഏൎപ്പെട്ടു് ഉപജീവനമാൎഗ്ഗം ഉണ്ടാക്കാം. ചിലൎക്കു തങ്ങളുടെ രക്ഷിതാക്കന്മാരെ അവരുടെ ജോലികളിൽ സഹായിക്കാം. ഇതുനിമിത്തം വിദ്യാൎത്ഥികൾക്കു് അമ്മയച്ഛന്മാരോടു കൂടുതൽ സമ്പൎക്കമുണ്ടാവും. അതവരുടെ പരമ്പരാഗതമായ തൊഴിലിന്റേയും ജന്മവാസനയുടേയും വികാസത്തിന്നു് അത്യന്താപേക്ഷിതമാണു്.

"കായികവികാസം രാഷ്ട്രനിൎമ്മാണമാണെന്നു കരുതുന്നതായാൽ ഇവിടെ നിൎദ്ദേശിച്ച മാററം, പ്രത്യക്ഷത്തിൽ വിപ്ലവപരമാണെങ്കിലും ഇന്ത്യയുടെ അന്തരീക്ഷത്തിന്നും ഇന്ത്യൻസമ്പ്രദായങ്ങൾക്കും അനുയോജിച്ചതാണു്. മിക്കവരും ഇതിനെ സ്വാഗതംചെയ്യും."

സ്കൂൾസമയം രാവിലെമാത്രമായിരിക്കണം എന്നു ഡാക്ടർ ലക്ഷ്മീപതി നിൎദ്ദേശിക്കുന്നതിനെ വിദ്യാഭ്യാസാധികൃതന്മാൎക്കു ശുപാൎശചെയ്യാനല്ലാതെ അതിനെപ്പററി ഒന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. സ്വാവലംബനവിദ്യാലയങ്ങളെപ്പററിയാണെങ്കിൽ അവയ്ക്കു തങ്ങളുടെ ചെലവു മുഴവനായോ ഭാഗികമായോ നടത്തുകയും തങ്ങളുടെ വിദ്യാൎത്ഥി

കളെ കൊള്ളാവുന്നവരാക്കുകയും വേണമെങ്കിൽ മറെറാന്നും ചെയ്യുക സാധ്യമല്ല. എന്നാലും, എൻെറ നിർദ്ദേശങ്ങൾ ചില വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരെ ഞെട്ടിപ്പിച്ചിട്ടുണ്ട്. കാരണം, അവൎക്ക് ആ പഴയ വഴിയല്ലാതെ മറെറാന്നും അറിയില്ല. വിദ്യാഭ്യാസം സ്വാവലംബിയാവണമെന്ന ആശയംതന്നെ അതിനെ വിലയില്ലാത്തതാക്കുന്നു എന്നാണവർ കരുതുന്നതു്. അതിൽ അവർ കാണുന്നതു ലാഭേച്ഛമാത്രമാണു്. ജൂതന്മാർ വിദ്യാഭ്യാസകാൎയ്യത്തിൽ നടത്തിയ പ്രവൎത്തനങ്ങളുടെ ഒരു വിവരണം ഞാനിതിനിടെ വായിക്കുകയുണ്ടായി. അതിൽ അവരുടെ സ്കൂളുകളിലെ തൊഴിൽപരിശീലനത്തെപ്പററി ലേഖകൻ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്:

"അതിനാൽ, തങ്ങളുടെ കൈകളുടെ അദ്ധ്വാനം സ്വയം മൂല്യമുള്ളതാണെന്നു് അവർ കാണുന്നു. ബുദ്ധിയുടെ സഹകരണംകൊണ്ടു കൈകളുടെ പ്രവൃത്തി ലഘുതരമായിത്തീരുന്നു; സ്വദേശസ്നേഹത്തിന്നായി അർപ്പിക്കപ്പെട്ടുമ്പോൾ അതിന്നു ശ്രേഷ്ഠതയും കൈവരുന്നു."

ശരിയായതരത്തിലുള്ള അദ്ധ്യാപകന്മാരെ കിട്ടുന്നതായാൽ നമ്മുടെ കുട്ടികൾക്കു തൊഴിലിൻെറ മാന്യത മനസ്സിലാക്കാൻ സാധിക്കും. അതു്, ബുദ്ധിവികാസത്തിൻെറ ഒരവാന്തരഭാഗവും അതു സാധിക്കുന്നതിന്നുള്ള ഒരു മാൎഗ്ഗവുമാണെന്നു് അവൎക്കനുഭവപ്പെട്ടും. സ്വപ്രയത്നംകൊണ്ടു തങ്ങളുടെ പരിശീലനത്തിൻെറ ചെലവു നിൎവ്വഹിക്കുന്നതു് അഭിമാനമാണെന്നു് അവർ കരുതും. കൈത്തൊഴിൽ പഠിക്കുന്നതു് ഉത്പാദനത്തിന്നുമാത്രംവേണ്ടിയല്ല, കുട്ടിയുടെ ബുദ്ധിയെ വികസിപ്പിക്കുന്നതിന്നുവേണ്ടിയുമാണു്—ഇതാണു് ഞാൻ പറഞ്ഞതിൻെറ സാരം. ഏഴുവയസ്സിന്നും പതിന്നാലുവയസ്സിന്നും ഇടയിലുള്ള എല്ലാ കുട്ടികളേയും സ്വന്തം ചുമതലയിലെടുത്തു രാഷ്ട്രം അവരുടെ മനസ്സിന്നും ശരീരത്തിന്നും ഉത്പാ

ദനപരമായ തൊഴിലുകൾമുഖേന ശിക്ഷണം നല്കുന്നതായാൽ ആ പൊതുവിദ്യാലയങ്ങൾ സ്വാവലംബികളാവണം, അല്ലെങ്കിൽ അവ വെറും വഞ്ചനയാണു്, അഥവാ അദ്ധ്യാപകന്മാർ തനി വിഡ്ഢികളാണു് എന്നു പറയേണ്ടിവരും.

കേവലം യന്ത്രങ്ങളെപ്പോലെയല്ലാതെ ഓരോ ആൺകുട്ടിയും പെൺകുട്ടിയും ബുദ്ധിപൂർവ്വം പ്രവർത്തിക്കുന്നു എന്നും വിദഗ്ദ്ധമായ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ഇത്തരം സംഘടിതപ്രയത്നത്തിൽ താത്പര്യം കാണിക്കുന്നു എന്നും വിചാരിക്കുക. ആദ്യത്തെ കൊല്ലത്തെ പരിശീലനത്തിന്നുശേഷംതന്നെ ഒരു കുട്ടിയുടെ ഒരു മണിക്കൂർനേരത്തെ പ്രയത്നത്തിന്നു് ഒരണവീതം വിലയുണ്ടായിരിക്കണം. അങ്ങനെ ദിവസേന 4 മണിക്കൂറുവീതം 26 ദിവസമുള്ള ഒരു മാസത്തിൽ ഓരോ കുട്ടിയും 6 ക. 8 ണ. സമ്പാദിച്ചിരിക്കും. ലക്ഷക്കണക്കിൽ വിദ്യാർത്ഥികളെ അങ്ങനെ ആദായകരമാംവണ്ണം പ്രവർത്തിപ്പിക്കുക സാദ്ധ്യമാണോ എന്നതാണു പ്രശ്നം. ഒരു കൊല്ലത്തെ പരിശീലനത്തിന്നുശേഷം കമ്പോളത്തിൽ മണിക്കൂറിന്നു് ഒരണവീതം വിലയുള്ള തൊഴിൽ എടുക്കാൻ സാധിക്കുന്ന വിധത്തിൽ കുട്ടികളുടെ പ്രയത്നശക്തിയെ ഉപയോഗപ്പെടുത്താനാവാത്ത പക്ഷം നാം ബുദ്ധിപരമായി 'ദീവാളികുളിച്ച'വരാണെന്നു കരുതാം. ഇന്ത്യയിലെവിടേയും ഗ്രാമവാസികൾ മണിക്കൂറിൽ ഒരണവീതം സമ്പാദിക്കുന്നില്ലെന്നു് എനിക്കറിയാം. അതിന്നു രണ്ടു കാരണങ്ങളാണുള്ളതു്. ഒന്നു്: ഉള്ളവക്കും ഇല്ലാത്തവക്കും ഇടയിലുള്ള വലുതായ വിടവിനോടു നാം ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു. രണ്ടു്: നഗരവാസികൾ, ഗ്രാമങ്ങളെ ചൂഷണംചെയ്യുന്നതിൽ ഒരുപക്ഷേ, തങ്ങളറിയാതെ ബ്രിട്ടീഷുകാരുടെക്കൂടെ കൂടിയിട്ടുണ്ടു്.

ഹരിജൻ, 11–9–'37

## പതിനാറ്

## സ്വാവലംബനവിദ്യാഭ്യാസത്തെപ്പററിയ കൂടുതൽ സംഭാഷണങ്ങൾ

തന്റെ ആരോഗ്യസ്ഥിതി മോശമായിരുന്നിട്ടും—വളരെയധികം വിശ്രമം ആവശ്യമായിരുന്നിട്ടും—ഗാന്ധിജി വിദ്യാഭ്യാസവിഷയത്തെപ്പറ്റി ചിന്തിക്കുകയോ, പുതിയ പരിക്ഷണത്തെ വിജയകരമാക്കുന്നതിൽ സഹകരിക്കാനാഗ്രഹിക്കുകയോ ചെയ്യുന്ന ഏതൊരാളോടും തന്റെ സ്വാവലംബനവിദ്യാഭ്യാസത്തിൻെറ സിദ്ധാന്തത്തെപ്പറ്റി ചർച്ചചെയ്യാൻസന്നദ്ധത കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതിയെ പരിഗണിച്ചു ചർച്ചകൾ പ്രായേണ ചുരുക്കമായിരുന്നു, സംക്ഷിപ്തവുമായിരുന്നു. എന്നാലും, ഗാന്ധിജി ഓരോ അവസരത്തിലും പുതുതായി ഒരാശയം പ്രകടിപ്പിച്ചിരുന്നു. സംസാരിക്കുമ്പോഴൊക്കെ അദ്ദേഹത്തിന്നു പുതിയ വല്ല നിർദ്ദേശവും (അഥവാ ഒരു പുതിയ വെളിച്ചം) നല്കാനുണ്ടായിരുന്നു. അങ്ങനെ ഒരിക്കൽ, സ്വാവലംബനവിദ്യാഭ്യാസത്തെപ്പററിയ ആശയം തൻെറ മനസ്സിൽ ഉദിച്ചതെങ്ങനെയെന്നു് അദ്ദേഹം വിവരിക്കുകയുണ്ടായി. കഴിയുന്നവേഗം മദ്യനിരോധം നടപ്പാക്കണമെന്ന ആവശ്യത്തിൽനിന്നാണു് ഈ പദ്ധതി ഉടലെടുത്തതെന്ന ധാരണ ശരിയല്ലെന്നു് അദ്ദേഹം സ്പഷ്ടമാക്കി. “രണ്ടും പരസ്പരാശ്രയമില്ലാത്ത ആവശ്യങ്ങളാണു്,” അദ്ദേഹം പറഞ്ഞു: “നികുതിയുണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി എല്ലാദിക്കിലും മദ്യനിരോധം നടപ്പാക്കണം എന്ന വിശ്വാസത്തോടെ നിങ്ങൾ കാര്യം ആരംഭിക്കണം. അതുപോലെതന്നെ, ഇന്ത്യയിലെ ഗ്രാമങ്ങളുടെ ആവശ്യങ്ങളെ പരിഗണിക്കുമ്പോൾ ഇവിടെ വിദ്യാഭ്യാസം നിർബന്ധമാക്കണമെങ്കിൽ അതിനെ സ്വാവലംബിയാക്കണം എന്നു ബോധ്യംവരികയും വേണം.”

"ആദ്യത്തേ കാൎയ്യത്തിൽ എനിക്ക് അഗാധമായ വിശ്വാസമുണ്ട്." ചർച്ചയിൽ പങ്കുകൊണ്ടിരുന്ന ഒരു വിദ്യാഭ്യാസപ്രവൎത്തകൻ പറഞ്ഞു: "എന്നെസ്സംബന്ധിച്ചേടത്തോളം മദ്യനിരോധത്തിന്നു് അതിൻേറതായ ഒരു ലക്ഷ്യമുണ്ട്. ഞാൻ അതുതന്നെ ഒരു വലിയ വിദ്യാഭ്യാസമാണെന്നു കരുതുന്നു. അതിനാൽ, മദ്യനിരോധത്തെ സഫലമാക്കുന്നതിന്നായി ഞാൻ വിദ്യാഭ്യാസത്തെ ഉപേക്ഷിക്കുകപോലും ചെയ്യാം. പക്ഷേ, മറേറകാൎയ്യം എനിക്ക് അത്ര ബോധ്യമാവുന്നില്ല. വിദ്യാഭ്യാസത്തെ സ്വാവലംബിയാക്കാൻ കഴിയുമെന്നു് എനിക്കിപ്പോഴും ബോധ്യമാവുന്നില്ല."

"അവിടേയും നിങ്ങൾ വിശ്വാസത്തോടെ ആരംഭിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ പ്രത്യക്ഷമായി പ്രവൎത്തിക്കാൻ തുടങ്ങുമ്പോൾ അതിന്നുള്ള മാൎഗ്ഗവും സാധനവും എല്ലാം തനിയേ കൈവരും. ഇത്ര വൈകിയവേളയിലാണു് ഈ കാൎയ്യം തോന്നിയതെന്നോൎത്തു ഞാൻ വ്യസനിക്കുന്നു. അല്ലെങ്കിൽ ഞാൻതന്നെ ഈ പരീക്ഷണം നടത്തിനോക്കുമായിരുന്നു. ഇനിയും, ദൈവാനുഗ്രഹമുണ്ടെങ്കിൽ, വിദ്യാഭ്യാസം സ്വാവലംബിയാവാമെന്നു കാണിക്കുന്നതിന്നു ഞാൻ ആവുന്നതെല്ലാം ചെയ്യുന്നതാണു്. നാളിതുവരെ മറേറാരോ കാൎയ്യങ്ങൾക്കായി—ഒരുപക്ഷേ, ഇത്രതന്നെ പ്രാധാന്യമുള്ള കാൎയ്യങ്ങൾക്കായി—എൻെറ സമയം മുഴുവനും വിനിയോഗിക്കപ്പെട്ടു. സെയ്ഗോണിലെ താമസമാണു് എന്നിൽ ഈ വിശ്വാസം ഉളവാക്കിയതു്. നാം ഇന്നുവരെ കുട്ടികളുടെമനസ്സിൽ പലതരം അറിവുകളും കുത്തിച്ചെലുത്തുന്നതിലാണു് നമ്മുടെ ശക്തിയെല്ലാം കേന്ദ്രീകരിച്ചതു്. അവരുടെ മനസ്സിന്നു പ്രചോദനമോ വികാസമോ നല്കണമെന്നു നാം ഒരിക്കലും വിചാരിച്ചിട്ടില്ല. നമുക്ക്, ഈ സമ്പ്രദായം നിൎത്തൽചെയ്യണം, കുട്ടികൾക്കു തൊഴിൽമുഖേന ഉത്തമശിക്ഷണം നല്കണം; ഈ

കാൎയ്യത്തിൽ നമ്മുടെ ശക്തി കേന്ദ്രീകരിക്കണം. തൊഴിലിനെ അപ്രധാനമായ ഒരു പ്രവൎത്തനമായി കരുതിയാൽ പോരാ, ബുദ്ധിവികാസത്തിന്നുള്ള മുഖ്യസാധനമായിട്ടുതന്നെ കരുതണം.''

''എനിക്കതും മനസ്സിലാവുന്നുണ്ടു്. പക്ഷേ, അതുകൊണ്ടു സ്കൂളിൻെറ ചെലവു നടത്തണമെന്നു വിചാരിക്കുന്നതെന്തിനാണു്.''

''അതുകൊണ്ടാണു് അതിൻെറ മൂല്യത്തെ അളക്കുക. പതിന്നാല്വയസ്സായ കുട്ടിയെ, എന്നുവെച്ചാൽ ഏഴുകൊല്ലത്തെ പഠിപ്പുപൂൎത്തിയാക്കിയ കുട്ടിയെ, സമ്പാദിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽ സ്കൂളിൽനിന്നു പുറത്തേക്കയക്കണം. ഇപ്പോഴും സാധുക്കുട്ടികൾ അമ്മയച്ഛന്മാൎക്കു സഹായകമാവുന്നുണ്ടു്. അതിൻെറ അടിയിലുള്ള ഭാവന ഇതാണു്: 'ഞാൻ ഒരുമിച്ചു പ്രവൎത്തിചെയ്യാഞ്ഞാൽ എൻെറ അമ്മയച്ഛന്മാർ എന്താണു് ഭക്ഷിക്കുക, എനിക്കെന്താണു് ഭക്ഷിക്കാൻ തരിക?' ഈ ഭാവനയുണ്ടാവുന്നതുതന്നെ, ഒരു വിദ്യാഭ്യാസമാണു്. അതുപോലെതന്നെ ഏഴുവയസ്സായ കുട്ടിയെ രാഷ്ട്രം ഏറെറടുക്കുകയും ഏഴുകൊല്ലം പരിശീലനം നല്കിയശേഷം സമ്പാദിക്കുന്ന ഒരംഗമാക്കി കുടുംബത്തിന്നു് തിരികെ കൊടുക്കുകയും ചെയ്യുന്നു. ഇത്തരം വിദ്യാഭ്യാസം നല്കുന്നതോടൊപ്പം നിങ്ങൾ തൊഴിലില്ലായ്മയുടെ മുരട്ടമറിക്കുകയാണു ചെയ്യുന്നതു്. നിങ്ങൾ, കുട്ടിയെ ഒരു തൊഴിൽ പഠിപ്പിക്കുന്നു; അതിൻെറ ചുററില്വമായി അവൻെറ മനസ്സു്, ശരീരം, കൈയെഴുത്തു്, കലാബോധം മുതലായ എല്ലാത്തിനേയും വികസിപ്പിക്കുന്നു. താൻ പഠിക്കുന്ന തൊഴിലിൽ ആ കുട്ടി വിദഗ്ദ്ധനായിരിക്കും.''

''ഒരു കുട്ടി ഖാദിനിൎമ്മാണത്തിൻെറ കലയും ശാസ്ത്രവുമാണു് (വിദ്യാഭ്യാസത്തിൻെറ മാധ്യമമായി) സ്വീകരിക്കുന്നതു്

എന്നു കരുതുക. അതു പഠിക്കാൻ അവന്നു് ഏഴുകൊല്ലം വേണ്ടിവരുമെന്നു് അങ്ങുന്നു വിചാരിക്കുന്നുണ്ടോ?''

“ഉവ്വു്. പഠിക്കുന്നതു് യാന്ത്രികമായിട്ടല്ലെങ്കിൽ തീർച്ചയായും വേണ്ടിവരും. നാം ചരിത്രമോ ഭാഷയോ പഠിക്കുന്നതിന്നു് ഇത്രയധികം കൊല്ലം ചെലവാക്കുന്നതെന്തിനാണു്? ഈ വിഷയങ്ങൾക്കു് ഇന്നേവരെ ഒരു കൃത്രിമമഹത്ത്വം നല്കിയിരുന്നു. അതിനെക്കാൾ താഴ്ന്നതാണോ കൈത്തൊഴിലിന്റെ മഹത്ത്വം?''

“പക്ഷേ, അങ്ങുന്നു് നൂല്പിനെപ്പററിയും നെയ്ത്തിനെപ്പററിയും മാത്രമേ വിചാരിക്കുന്നുള്ളു. അങ്ങുന്നു് എല്ലാ സ്കൂളുകളേയും നെയ്ത്തുശാലകളാക്കാനാണു് ഭാവം എന്നു തോന്നിപ്പോകുന്നു. ഒരു കുട്ടിക്കു് താല്പര്യം നെയ്ത്തിലല്ല, മറേറതെങ്കിലും വിഷയത്തിലാണു് എന്നു വരാമല്ലോ.''

“ശരിതന്നെ. അപ്പോൾ അവനെ മറെറാരു കൈത്തൊഴിൽ പഠിപ്പിക്കും. പക്ഷേ, ഒരേസ്കൂളിൽ പലതരം കൈത്തൊഴിലുകൾ പഠിപ്പിക്കുകയില്ല. ഒരദ്ധ്യാപകന്നു് 25 വിദ്യാർത്ഥികൾ വീതം ഉണ്ടായിരിക്കണം. എത്ര അദ്ധ്യാപകന്മാരുണ്ടോ, 25 കുട്ടികളുള്ള അത്രയും ക്ലാസ്സുകൾ അഥവാ സ്കൂളുകൾ ഉണ്ടാവാം. ഈ ഓരോ സ്കൂളും ആശാരിപ്പണി, കൊല്ലപ്പണി, തോൽ ഊറയ്ക്കിടൽ, ചെരുപ്പുകുത്തൽ മുതലായ ഏതെങ്കിലും ഒരു കൈത്തൊഴിലിൽ വിദഗ്ദ്ധമായ പരിശീലനം നല്കും—ഇതാണു് എന്റെ ആശയം. ഈ ഓരോ കൈത്തൊഴിൽമുഖേനയും വിദ്യാർത്ഥികളുടെ മനസ്സിനെ വികസിപ്പിക്കുകയാണു് ചെയ്യുന്നതെന്നു് നിങ്ങൾ ഓർമ്മവെയ്ക്കണം. ഞാൻ മറെറാരു കാര്യത്തിലും നിഷ്കർഷവെയ്ക്കും. നിങ്ങൾ നഗരങ്ങളെ വിട്ടു് ഗ്രാമങ്ങളിൽ കേന്ദ്രീകരിക്കണം. അതൊരു സമുദ്രമാണു്. നഗരങ്ങൾ ആ സമുദ്രത്തിലെ വെറും തുള്ളികളാണു്. അതിനാ

ലാണു് ഇഷ്ടകനിർമ്മാണം മുതലായ തൊഴിലുകളെപ്പറ്റി ചിന്തി ക്കുക സാധ്യമല്ല എന്നു പറയുന്നതു്. ഗ്രാമീണർ, സിവിൽ എഞ്ചിനീയർമാരോ മെക്കാനിക്കൽ എഞ്ചിനീയർമാരോ ആവാനാഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ ഏഴുകൊല്ലത്തെ പഠന ത്തിന്നുശേഷം ഉന്നതവിദ്യാഭ്യാസത്തിന്നോ പ്രത്യേകവിദ്യാ ഭ്യാസത്തിന്നോ ഉള്ള കാളേജുകളിലേയ്ക്കു പോകണം.

"ഞാൻ മറെറാരുകാര്യംകൂടി ഊന്നിപ്പറയട്ടെ. നാം കു ടിൽവ്യവസായങ്ങളെപ്പററി നിസ്സാരമായിട്ടാണു് സംസാരി ക്കാറുള്ളതു്. കാരണം, വിദ്യാഭ്യാസവും കൈത്തൊഴിൽ പരി ശീലനവും വ്യത്യസ്തമാണെന്നു നാം ധരിച്ചിട്ടുണ്ടു്. കൈത്തൊ ഴിൽ ഒരു നിസ്സാരവസ്തുവാണെന്നു കണക്കാക്കിയതിനാലും വർണ്ണവ്യവസ്ഥയെ വല്ലാതെ വികൃതമാക്കിത്തീർത്തതിനാലും നാം തൊഴിലാളികളെ—നെയ്ത്തുകാർ നൂല്പുകാർ, ആശാരി, മൂശാരി, കൊല്ലൻ, കരുവാൻ, തട്ടാൻ മുതലായവരെ— താണവരെന്നു്, അടിമകളെന്നു്, കണക്കാക്കാൻ തുടങ്ങി. ബുദ്ധിശക്തി ആവശ്യമില്ലാത്ത എന്തോ നിസ്സാരവസ്തുവാ ണു് കൈത്തൊഴിൽ എന്ന ധാരണനിമിത്തം നമുക്കിവി ടെ ക്രോംപ്ടന്മാരോ ഹാർഗ്രീവ്മാരോ ഉണ്ടായിട്ടില്ല. ഈ വക തൊഴിലുകൾ പഠിപ്പിനെപ്പോലെതന്നെ സ്വതന്ത്രമൂല്യ മുള്ളവയാണെന്നു കണക്കാക്കിയിരുന്നുവെങ്കിൽ നമ്മുടെ ഈ തൊഴിലാളികൾക്കിടയിൽ വലിയ കണ്ടുപിടുത്തക്കാർ ഉണ്ടാ വുമായിരുന്നു. സ്പിന്നിങ്ങ്ജന്നിയാണു് ജലശക്തിയേയും അ നേകായിരം ആളുകളെ തൊഴിലില്ലാത്തവരാക്കിത്തീർത്ത യന്ത്ര ങ്ങൾ നിർമ്മിക്കുന്നതിന്നുവേണ്ട മററു സാധനങ്ങളേയും കണ്ടു പിടിക്കാൻ കാരണമായിത്തീർന്നതു്. എന്റെ അഭിപ്രായ ത്തിൽ അതൊരു പൈശാചികതയായിരുന്നു. ഗ്രാമങ്ങളിൽ ത്തന്നെ നമ്മുടെ ശക്തി കേന്ദ്രീകരിച്ചാൽ, ഒരു തൊഴിൽ നല്ല പോലെ പഠിക്കുന്നതുകൊണ്ടു സമ്പാദിക്കാൻ സാധിക്കുന്ന

നിർമ്മാണകുശലത, ഗ്രാമീണരെയെല്ലാം പ്രോത്സാഹിപ്പിക്കുകയുംഅവരുടെ ആവശ്യങ്ങൾക്ക് സാമൂഹ്യരൂപത്തിൽ സഹായകമായിത്തീരുകയും ചെയ്യുന്നതാണെന്നു കാണാവുന്നതാണ്.

ഹരിജൻ, 18–9–'37

പതിനേഴ്

## സ്വാവലംബനവിദ്യാലയങ്ങൾ

"നമ്മുടെ സാമ്പത്തികസ്ഥിതിയുടെ മുഖ്യമായ അംശം വിഭവങ്ങളുടെമേലുള്ള ജനസംഖ്യയുടെ സമ്മർദ്ദമാണ്. ഉദാഹരണം, ഇന്ത്യയിൽ തരിശായിക്കിടക്കുന്ന വിസ്തൃതഭൂവിഭാഗങ്ങളില്ല. നമുക്ക് കാളനികളോ വളരെയധികം മൂലധനമോ ഇല്ല. അതിനാൽ, നമ്മുടെ വിഭവങ്ങളെ ഉപയോഗപ്പെടുത്താനുള്ള ചുമതല വിദഗ്ദ്ധന്മാരെമാത്രം ഏല്പിക്കേണ്ടതാണ്. നൂറു കൃഷിക്കാർ അങ്ങുമിങ്ങും കിടക്കുന്ന നൂറുകഷണം ഭൂമിയിൽ കൃഷിചെയ്താൽ അമ്പതുപേർക്കുള്ള ഭക്ഷണമേ ഉണ്ടാവൂ. ആ കഷണങ്ങൾതന്നെ കൂട്ടിച്ചേർത്ത് 20 പേർ—അതിൽ ഒരു വളവിദഗ്ദ്ധനും ഒരു സസ്യരക്ഷാവിദഗ്ദ്ധനും ഒരു ജലസേചന എഞ്ചിനീയറും ഉൾപ്പെടും—കൃഷിചെയ്യുന്നതായാൽ അവിടെ ഒരു നൂറുപേർക്കുള്ള ഭക്ഷണം ഉണ്ടാക്കാൻകഴിയും. തൊഴിലാളിയുടെ കുടുംബജീവിതത്തിന്നോ സ്വാതന്ത്ര്യത്തിന്നോ ഹാനിതട്ടാതെ അവൻെറ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നു കണ്ടുപിടുത്തങ്ങളുടെ സഹായത്താൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ എണ്ണം കുറയ്ക്കുന്നതു് ഇന്നൊരത്യാവശ്യമായിത്തീർന്നിരിക്കുന്നു. അമ്പതാമത്തെ വയസ്സിൽ ജോലിയിൽനിന്നു വിരമിക്കാൻ ജനങ്ങളെ നിർബന്ധിക്കുന്നതു് നഷ്ടത്തിന്നിടയാവുന്ന ഒരു പരിഹാരമാർഗ്ഗമാണ്. കാരണം, സാധാ

രണമനുഷ്യന്റെശാരീരികവും മാനസികവുമായ പ്രവണതകൾ ആ പ്രായത്തിന്നുശേഷമാണ് പ്രബലമായിരിക്കുക. വേണ്ടത്ര ഒരുങ്ങുന്നതിന്നുമുമ്പായി ജീവിതത്തിലേയ്ക്കു പ്രവേശിക്കുന്നതിൽനിന്നു ജനങ്ങളെ തടയുകയാണ് ശരിയായ പരിഹാര മാർഗ്ഗം.

"നാം അല്പം വിശാലമായി വീക്ഷിക്കുന്നതായാൽ ഇന്ത്യയുടെ സാമ്പത്തികാധഃപതനത്തിന്നുള്ള കാരണം പ്രവർത്തകന്മാർ കാലേക്കൂട്ടി ജീവിതത്തിൽ പ്രവേശിക്കുന്നതാണെന്നു തീർച്ചയായും കാണാം. ഒരാശാരി തന്റെ മകനെ കുട്ടിക്കാലം മുതല്ക്കുതന്നെ പണി പഠിപ്പിക്കാൻ തുടങ്ങുന്നു. അവൻ പത്തു പന്ത്രണ്ടു വയസ്സാവുമ്പോഴേയ്ക്കു തന്റെ സമ്പാദനക്ഷമതയുടെ പരമാവധി പ്രാപിക്കുകയും ഏറെത്താമസിയാതെ ഗൃഹസ്ഥാശ്രമം സ്വീകരിച്ച് സ്വതന്ത്രമായി ജോലിചെയ്യാനാരംഭിക്കുകയും ചെയ്യുന്നു. തന്നിമിത്തം ഉത്പാദനത്തിലോ വിതരണത്തിലോ പുതിയ പദ്ധതികൾ കണ്ടുപിടിക്കാൻ അവന്നു കഴിയുന്നില്ല. ആ അപക്വമനസ്സിന്നു വ്യാവസായികപരിശീലനം നല്കുമ്പോൾ അതു വളർച്ചമുട്ടി മുരടിച്ചുപോകുന്നു. സാമ്പത്തികദൃഷ്ട്യാ പ്രവൃത്തിക്കുള്ള മഹത്ത്വം മനസ്സിലാക്കാൻ അവന്നു സാധിക്കുന്നില്ല. അത്തരം ഒരു പ്രവർത്തകനെ ഏതൊരാൾക്കും ചൂഷണംചെയ്യാം. തന്റെ ചുരുങ്ങിയ സമ്പാദ്യം കൊണ്ട് അവൻ ആ ഇടുങ്ങിയ പരിധിക്കുള്ളിൽ ഒരു കൂപമണ്ഡൂകമായിട്ട്, ജീവിതം നയിക്കുകയും കുടുംബത്തെ വർദ്ധിപ്പിക്കുകയുംചെയ്തുകൊണ്ട് സംതൃപ്തിയടയുന്നു. ഹിന്ദുസ്ഥാനത്തിൽ കാണുന്ന സങ്കുചിതത്വം, അല്പസന്തുഷ്ടി, ഭാഗ്യവാദം, ജാതിവ്യത്യാസം, മദ്യം, ഓപ്പിയം മുതലായവയ്ക്കെല്ലാം മൂലകാരണം ഇത്തരം ജീവിതവൃത്തിയാണ്. ഞാൻ സിലോണിലെ തോട്ടങ്ങൾ സന്ദർശിച്ചപ്പോൾ എന്നെ ഏററവുമധികം വേദനിപ്പിച്ചതു് അവിടെ ചെറുകുട്ടികളെക്കൊണ്ടു ജോലിചെ

യ്യിക്കുന്ന സമ്പ്രദായമാണു്. അവിടെ സ്കൂളുകളുണ്ടു്. പക്ഷേ, രക്ഷിതാക്കന്മാർക്കു തങ്ങളുടെ കുട്ടികളെ ജോലിയിലേർപ്പെടുത്തുന്നതിൽ പ്രത്യേകം താത്പര്യമുണ്ടു്. മുതിർന്നവർ തങ്ങളുടെ പ്രവൃത്തികൾ ഇളയതലമുറയുടെ തലയിൽ വെച്ചുകെട്ടാൻ പരിശ്രമിക്കുകയാണു്. വ്യക്തികൾക്കു ലാഭകരമാണെങ്കിലും സമുദായത്തിന്നു ഹാനികരമായ (ഇത്തരം) പ്രവൃത്തികൾ തടയുന്നതു സ്റ്റേററിന്റെ കർത്തവ്യമാണു്. പ്രകൃതിവിഭവങ്ങളെ ശരിയായി ഉപയോഗപ്പെടുത്താൻ പര്യാപ്തമായത്ര ജനങ്ങളില്ലാത്ത ഒരു രാജ്യമാണു് സിലോൺ. അവിടെപ്പോലും കുട്ടികളെക്കൊണ്ടു ജോലിചെയ്യിക്കുന്നതിനെ സാധൂകരിക്കാൻ സാധിക്കുന്നില്ല. ആ സ്ഥിതിക്കു് ഇന്ത്യയിൽ അതിനെ സാധൂകരിക്കാമോ? ഇവിടെ കുട്ടികളെ ജോലിയിൽ വെയ്ക്കുന്നതു മുതിർന്നവർക്കു ജോലിയില്ലാതാക്കുകയാണു്.

"പദാർത്ഥങ്ങൾ നിർമ്മിക്കുകയും വില്ക്കുകയുംചെയ്യുന്ന സ്വാവലംബനവർക്ക്ഷാപ്പ്സ്കൂളുകൾമുഖേന വിദ്യാഭ്യാസം നല്ലാമെന്നു വിചാരിക്കുന്നതു വെറും വ്യാമോഹമാണു്. പ്രത്യക്ഷവ്യവഹാരത്തിൽ അതു നിയമസാധുതയുള്ള 'ചൈൽഡ് ലേബർ' (കുട്ടികളുടെ പ്രവൃത്തി) അല്ലാതെ മററൊന്നുമല്ല. ഉദാഹരണമായി ഒരു സ്കൂൾ നൂല്നൂല്പു് തിരഞ്ഞെടുത്തു എന്നു വിചാരിക്കുക. ആ നൂല്പുചക്രം തിരിക്കുന്നതു് ക്രമേണ ഒരു യാന്ത്രികക്രിയയായിത്തീരുന്നു. ഒരു പാവിന്നു് എത്ര നൂല്വേണം എന്നു നോക്കി കണക്കും, പരുത്തിയുടെ വളർച്ചയും പരുത്തികൃഷിയിൽ വരുത്തുന്ന പരിഷ്കാരവും നിരീക്ഷിച്ചു് ഭൂമിശാസ്ത്രവും ചരിത്രവും പഠിപ്പിക്കാമെന്നു് 'ഹരിജൻ'പത്രാധിപർ പറയുന്നതിനോടു യോജിക്കുക സാധ്യമല്ല. ഒരിക്കലോ രണ്ടുപ്രാവശ്യമോ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നതുകൊണ്ടു് മനസ്സിന്നു പ്രോത്സാഹനം ലഭിച്ചേക്കാം. എന്നാൽ, വളരെ കൊല്ലങ്ങളോളം അതു ദിവസേന ആവർത്തിക്കുന്നതായാൽ

മനസ്സ് മരവിക്കും. പിന്നെ ഒരേവിധത്തിലേ ചിന്തിക്കാൻസാധിക്കു എന്ന നില വരും. മനുഷ്യൻ ജീവിതപരിവർത്തനത്തിൽ വിജയിയാവുന്നതു് പ്രത്യേകകഴിവുകൾ സമ്പാദിക്കുന്നതുകൊണ്ടല്ല, പ്രത്യുത, അവന്നു് എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന വിവിധയാഥാൎത്ഥ്യങ്ങളെ നേരിടാൻ പര്യാപ്തമായ ഒരു സാമാന്യസംസ്കാരം ഉള്ളതുകൊണ്ടാണു്. കണ്ണു്, കാതു് കൈയ് മുതലായവയുടെ പരിശീലനം വളരെ ആവശ്യമാണു്. കായികാദ്ധ്വാനം എല്ലാ സ്കൂളുകളിലും നിർബന്ധമാക്കണം. എന്നാൽ, കരപരിശീലനമെന്നു പറയുന്നതു് മസ്തിഷ്കപരിശീലനമാണു് എന്ന വാസ്തവം മറന്നുകൂടാ. വിദ്യയഭ്യസിപ്പിക്കാനാഗ്രഹിക്കുന്ന ഏതൊരു സ്കൂളും വില്പനക്കു പററിയ പദാൎത്ഥങ്ങൾ നിൎമ്മിക്കാനുള്ള ആഗ്രഹം ഉപേക്ഷിക്കണം. സ്കൂളിൽ കുട്ടികൾക്കു പരീക്ഷണം നടത്തുന്നതിന്നും നശിപ്പിക്കുന്നതിന്നും പലതരം അസംസ്കൃതപദാൎത്ഥങ്ങളും ഉപകരണങ്ങളും നല്കണം. നഷ്ടം അനിവാര്യമാണു്. ഇക്കഴിഞ്ഞതലക്കം ഹരിജനിൽ ശ്രീ.നരഹരിപരീഖ നല്കിയ സംഖ്യകൾ സശ്രദ്ധം പഠിക്കുന്നതായാൽ ഒരു തൊഴിലിൽമാത്രം വൈദഗ്ദ്ധ്യം നേടുകയും മുതിൎന്നവരെ പരിശീലിപ്പിക്കുകയുംചെയ്യുന്ന സ്കൂളുകളിൽപ്പോലും ഗണ്യമായ നഷ്ടം നേരിടുമെന്നു് മനസ്സിലാവുന്നതാണു്. സയൻസ്കാളേജുകളെന്നപോലെ തൊഴിൽപരിശീലനകേന്ദ്രങ്ങളും (സ്കൂളുകളും) പരീക്ഷണങ്ങൾ നടത്താനും വിഭവങ്ങൾ നശിപ്പിക്കാനുമുള്ള സ്ഥലങ്ങളാണു്. പരിമിതമായ വിഭവങ്ങൾമാത്രമുള്ള, ഇന്ത്യയെപ്പോലുള്ള ഒരു രാജ്യം ഇത്തരം സ്ഥാപനങ്ങൾ ദുർലഭമായേ ആരംഭിക്കാവൂ. അവ പ്രധാനകേന്ദ്രങ്ങളിലായിരിക്കയുംവേണം. അയോദ്ധ്യയിൽനിന്നും ഗോരഖ്പൂരിൽനിന്നും മററും വിദ്യാൎത്ഥികളെ തിരഞ്ഞെടുത്തു് തോലുറയ്ക്കിടാൻ പഠിക്കുന്നതിന്നായി കാൺപൂരിലേയ്ക്കയയ്ക്കുന്നതു് നാട്ടിന്നൊരു നഷ്ടമല്ല. എന്നാൽ, പാഠ

ശാലകൾ കണക്കില്ലാതെ ആരംഭിച്ചാൽ അതൊരു നഷ്ടമായിരിക്കും.

"മറെറാരുതരത്തിലുള്ള നഷ്ടത്തെ സാധാരണമായി ആരും മനസ്സിലാക്കുന്നില്ല. പ്രൗഢവയസ്കനായ ഒരു വിദഗ്ദ്ധ തൊഴിലാളിക്കു പരിഷ്കരിച്ച ഉപകരണങ്ങളുപയോഗിച്ച് ഒരുറാത്തൽ പഞ്ഞികൊണ്ടു നാലുപേക്കു വേണ്ട വസ്ത്രം ഉണ്ടാക്കാൻ കഴിയുമെങ്കിൽ അത്ര വിദഗ്ദ്ധനല്ലാത്ത ഒരാൾക്ക് അതുകൊണ്ടു രണ്ടുപേർക്കുള്ള വസ്ത്രംതന്നെ കഷ്ടിയായേ ഉണ്ടാക്കാൻ സാധിക്കൂ. അതായതു്, ഇന്ത്യയിൽ എല്ലാവരേയും വസ്ത്രം ധരിപ്പിക്കുന്നതിന്നു് സാധാരണ ആവശ്യമായതിൽ ഇരട്ടി സ്ഥലം പരുത്തിക്കൃഷിക്കായി നീക്കിവെക്കേണ്ടിവരും. മററു വാക്കുകളിൽ പറഞ്ഞാൽ, വിദഗ്ദ്ധരല്ലാത്ത തൊഴിലാളികളെ നിയമിക്കുന്നതായാൽ ഇന്ത്യയിലെല്ലാവക്കും ആവശ്യമായ വസ്ത്രം നിമ്മിക്കുന്നതിന്നു് എത്ര സ്ഥലം വേണ്ടിവരുമോ അത്രയും സ്ഥലത്തു് അവരുടെ വസ്ത്രത്തിന്നു വേണ്ട പരുത്തിയും ഭക്ഷണത്തിന്നുവേണ്ട ധാന്യങ്ങളും ഉത്പാദിപ്പിക്കാൻ കഴിയും; തൊഴിലാളികൾ കുശലരായിരിക്കണമെന്നു മാത്രം.

"ഈ നഷ്ടത്തിന്നു മൂന്നാമതൊരു വശവും ഉണ്ടു്, അതും മനസ്സിലാക്കണം. സ്കൂൾക്കുട്ടികൾക്കു പലതരം വിചിത്രവസ്തുക്കൾ നിമ്മിക്കാൻ സാധിക്കുമെന്നു പറയുന്നു. ഒരു സാങ്കേതികവിദ്യാലയത്തിൽനിന്നു പഠിച്ചുപോന്ന ഒരു വിദ്യാർത്ഥി 'പ്ലൈവുഡ്'കൊണ്ടു് കളിക്കോപ്പുണ്ടാക്കുന്നതു് ഇതിനിടെ ഞാൻ കാണുകയുണ്ടായി. അയാൾ ഉപയോഗിച്ചിരുന്ന മരം, ആണികൾ, ഉപകരണങ്ങൾ മുതലായവയൊക്കെ വിദേശങ്ങളിൽനിന്നു വന്നവയായിരുന്നു. അത്തരം വ്യവസായങ്ങൾ വിദേശവസ്തുക്കൾക്കു് പണ്ടില്ലാതിരുന്ന സ്ഥലത്തുപോലും കമ്പോളം ഉണ്ടാക്കിക്കൊടുക്കുകയാണു് ചെയ്യുന്നതു്. നമുക്കി

വിടെ പ്ലൈവുഡ് ഉണ്ടാക്കാമെന്നു വാദിച്ചേക്കാം. ഇന്ത്യയിൽ അതിന്നാവശ്യമായ മരം വെച്ചുണ്ടാക്കുന്നതിന്നു് അമേരിക്കയിലെന്നപോലെ ഉപയോഗശൂന്യമായ നിലം അത്രയധികമില്ല. ഉപയോഗപ്രദമല്ലാത്ത വസ്തുക്കൾ നിർമ്മിക്കുന്നതിന്നായി അസംസ്കൃതപദാർത്ഥങ്ങളും മൂലധനവും ചെലവാക്കുന്നതിനെ തടയണം. അതിനെ ഒരിക്കലും പ്രോത്സാഹിപ്പിച്ചുകൂടാ.

"കോമളമനസ്കരായ വിദ്യാർത്ഥികൾ വെറും പണത്തിന്റേതല്ലാതെ മൂല്യങ്ങളുടേതായ—വിചാരങ്ങളുടേയും ആദർശങ്ങളുടേതുമായ—അന്തരീക്ഷത്തിൽ ജീവിക്കണം. സ്കൂളുകളുടേയും കാളേജുകളുടേയും അന്തരീക്ഷം അത്തരത്തിലുള്ളതായിരിക്കണം. ആ പ്രായത്തിൽ ഉത്പാദനം, വില്പന, സമ്പാദനം മുതലായവയെ ആദർശമായി മുമ്പിൽ വെക്കുന്നതായാൽ അവരുടെ വളർച്ചക്കു തടസ്സം നേരിടും; ലോകത്തിൽ സമൃദ്ധിക്കിടയിൽ ദാരിദ്ര്യം അനുഭവപ്പെടുന്ന ഇന്നത്തെ സ്ഥിതി തുടരുകയും ചെയ്യും. ശ്രീരാമകൃഷ്ണപരമഹംസർ തൊഴിൽപരിശീലനത്തിന്നു തീരെ വിലകല്പിച്ചിരുന്നില്ല എന്നതും സ്മരണീയമായ ഒരു സംഗതിയാണു്,

"നമുക്കു വിദ്യാഭ്യാസകാലത്തിന്റെ ദൈർഘ്യം കുറക്കാൻ—കുട്ടി ഏഴുകൊല്ലംകൊണ്ടു പഠിക്കുന്നതു് രണ്ടുകൊല്ലംകൊണ്ടു പഠിപ്പിക്കാൻ—കഴിയുമെന്നു കരുതുന്നതു് വെറും വ്യാമോഹമാണു്. കുട്ടിയുടെ മനസ്സു് എന്തെങ്കിലും കുത്തിനിറക്കാൻ പററിയ ഒരു ഒഴിഞ്ഞ ഭരണിയല്ല. പതിനാറു വയസ്സിൽ പഠിക്കാൻസാധിക്കുന്ന ഒരു കാര്യം എട്ടുവയസ്സിൽ പഠിക്കാൻ കുട്ടിക്കു കഴിയില്ല. അവൻ അതിന്നു പരിശ്രമിക്കയുമരുതു്. കാലതാമസത്തിന്നുകാരണം വിദേശഭാഷയല്ല. ജനങ്ങൾ വിചാരിക്കുന്നത്ര സമയം നാം അതിന്നുവേണ്ടി ചെലവാക്കുന്നില്ല. ഉപന്യാസമെഴുത്തു് മാനസികവും വൈകാരിക

വുമായ ഒരു പരിശീലനമാണു്. അത്തരം പരിശീലനം സാവധാനത്തിലായിരിക്കുന്നതു് അവശ്യം ആവശ്യകമാണു്. ഇംഗ്ലണ്ടിലെ സ്കൂളുകളിൽ കരിക്കുലത്തിലേ ഓരോ വിഷയത്തിനും നീക്കിവെച്ച സമയം താഴെപ്പറയുംപ്രകാരമാണു്:

(The year's Book of Education എന്ന പുസ്തകത്തിൽനിന്നെടുത്തതു്.)

| | | മണിക്കൂർ |
|---|---|---|
| അസംബ്ലി, റജിസ്ട്രേഷൻ, മതപഠനം | ... | $2\frac{1}{2}$ |
| ഇംഗ്ലീഷ് (വായന, എഴുത്തു്, വ്യാകരണം, ഉപന്യാസം ഇവയടക്കം) | ... | 10 |
| കണക്കു് | ... | $5\frac{1}{2}$ |
| ചരിത്രവും ഭൂമിശാസ്ത്രവും | ... | 3 |
| ശാസ്ത്രവും കലയും (കൈത്തൊഴിൽ പരിശീലനമടക്കം) | ... | 3 |
| കായികപരിശീലനവും സംഘടിത വിനോദങ്ങളും | ... | $3\frac{1}{2}$ |
| ആകെ | | $27\frac{1}{2}$ |

"ബോധനത്തിന്നു നീക്കിവെച്ച സമയത്തിൽ പകുതി ഇംഗ്ലീഷിന്നു കിട്ടുന്നുണ്ടു്. കൂടാതെ ഓരോ പാഠവും ഒരിംഗ്ലീഷുപാഠമാണെന്നു് എടുത്തുപറയേണ്ടിയിരിക്കുന്നു. ഒരു ഭാഷ എത്രകണ്ടധികം സമ്മിശ്രമാണോ അതിൻെറ പഠനം എത്രകണ്ടു പരിപൂർണ്ണമാണോ അത്രകണ്ടധികം സ്പഷ്ടമായി നമ്മുടെ ബുദ്ധി വികസിക്കുന്നതാണു്. മനസ്സിനെ വികസിപ്പിക്കാനുപയോഗിക്കുന്ന മാർഗ്ഗങ്ങൾ അനുത്പാദകവും, പാഴ്ച്ചെലവുള്ളതും, മന്ദവുമാണെന്നു തോന്നിയേക്കാം. പക്ഷേ, വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം മനസ്സിനെ ശക്തിപ്പെടുത്തുകയും സാമുദായികജീവിതം സുസാധമാവത്തക്കവിധത്തിൽ മനഃശാസ്ത്രപരമായി സംവിധാനം ചെയ്യുകയുമാണു് എന്നു്

ഓമ്മവെക്കണം. സ്കൂളുകൾ മനുഷ്യരെ മാത്രമല്ല പദാർത്ഥങ്ങളേയും ഉത്പാദിപ്പിക്കണം എന്നു നാം ആവശ്യപ്പെടാതിരിക്കുക.

"ചുരുക്കിപ്പറഞ്ഞാൽ സ്കൂളുകളെ സമൃദ്ധമാക്കുന്ന സമയത്തുതന്നെ രാഷ്ട്രത്തെ 'ദീവാളി'യുമാക്കുന്നതരത്തിലുള്ള സ്വാവീക്ഷണത്തോടുകൂടിയ നയം സ്വീകരിക്കുന്നതു തെററായ അർത്ഥശാസ്ത്രമാണു്.

ഒരു പ്രൊഫസർ"

ഇതു് ഒരു സുപ്രസിദ്ധ വിശ്വവിദ്യാലയത്തിലെ ഒരു പ്രൊഫസറിൽനിന്നു കിട്ടിയതാണു്. ഇതൊന്നിച്ച് ലേഖകൻ ഒപ്പിട്ട ഒരു കത്തും ഉണ്ടായിരുന്നു. എന്നാൽ, ലേഖനത്തിൽ ഒപ്പില്ല. അതിനാൽ, ഞാൻ ലേഖകൻെറ പേർ ഇവിടെ കൊടുക്കുന്നില്ല. കൂടാതെ വായനക്കാക്ക് വിഷയമല്ലാതെ ലേഖകനെ അറിഞ്ഞിട്ടു കാര്യമില്ലല്ലോ. വേരുറച്ച വിശ്വാസങ്ങളാൽ മനുഷ്യൻെറ കാഴ്ച മങ്ങിപ്പോകുന്നതെങ്ങനെയെന്നു കാണിക്കാൻ ഇതൊരു നല്ല ഉദാഹരണമാണു്. ലേഖകൻ എൻെറ പദ്ധതി മനസ്സിലാക്കാൻ പരിശ്രമിച്ചിട്ടില്ല. എൻെറ ഭാവനയിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളെ സിലോണിലെ തോട്ടങ്ങളിലെ അദ്ധ-അടിമകളായ കുട്ടികളോടു താരതമ്യപ്പെടുത്തുമ്പോൾ അദ്ദേഹം സ്വയം അധിക്ഷേപിക്കുകയാണു് ചെയ്യുന്നതു്. ആ കുട്ടികളെ വിദ്യാർത്ഥികളായി പരിഗണിക്കുന്നില്ലെന്നു് അദ്ദേഹം വിസ്മരിക്കുന്നു. അദ്ധ്വാനം അവരുടെ ശിക്ഷണത്തിൻെറ ഒരംശവുമല്ല. ഞാൻ വിഭാവനംചെയ്യുന്ന സ്കൂളുകളിൽ കുട്ടികൾക്കു് ഇംഗ്ലീഷൊഴികെ സാധാരണ ഒരു ഹൈസ്കൂളിലെ കുട്ടികൾക്കു ലഭിക്കുന്ന എല്ലാ പഠിപ്പും ലഭിക്കും. കൂടാതെ, ഡ്രിൽ, സംഗീതം, ചിത്രമെഴുത്തു് ഉപയോഗപ്രദമായ ഒരു കൈത്തൊഴിൽ എന്നിവയും ലഭിക്കുന്നതാണു്. ഈ സ്കൂളുകളെ യന്ത്രശാലകളെന്നു വിളിക്കു

ന്നതു നിരവധി യാഥാർത്ഥ്യങ്ങളെ അവഗണിക്കാൻ വാശി യോടെ വെമ്പുകയാണു്. ഇതു് കരങ്ങനെയല്ലാതെ മറ്റൊരു ജന്തുവിനേയും കണ്ടിട്ടില്ലാത്ത ഒരാൾ മനുഷ്യന്റെ വർണ്ണന—അതും ഭാഗികമായി മാത്രം—കണ്ടു് കുരങ്ങിനോടു ചില സാമ്യങ്ങളുള്ളതിനാൽ മനുഷ്യനെ കുരങ്ങൻ എന്നു വിളിക്കുന്നതുപോലെയാണു്. ഞാനവകാശപ്പെടുന്നതു മുഴുവനും സാധിക്കുമെന്നു പ്രതീക്ഷിച്ചുകൂടാ എന്നൊരു താക്കീതു് ജനങ്ങൾക്കു നല്കുകയാണു് അദ്ദേഹം ചെയ്തിരുന്നതെങ്കിൽ അതു് ഉചിതമായേനേ. എന്നാൽ, താക്കീതും ആവശ്യമില്ല. കാരണം, അതു ഞാൻതന്നെ പറഞ്ഞിട്ടുണ്ടു്.

എന്റെ നിർദ്ദേശം പുതുതാണെന്നു ഞാൻ സമ്മതിക്കുന്നു. പക്ഷേ, പുതുമ ഒരപരാധമല്ല. അതിന്റെ പിന്നിൽ അത്രയധികം അനുഭവമില്ല എന്നും സമ്മതിക്കാം. എന്നാലും, വിശ്വാസപൂർവ്വം പ്രവർത്തിക്കുന്നതായാൽ എന്റെ പദ്ധതി വിജയപ്രദമാവുമെന്നു വിചാരിക്കാൻ സഹപ്രവർത്തകരുടേയും എന്റേയും അനുഭവം എന്നെ പ്രേരിപ്പിക്കുന്നുണ്ടു്. പരാജയത്തിൽ ചെന്നവസാനിക്കുന്നതായാലും ഇതുകൊണ്ടു രാഷ്ട്രത്തിന്നു് ഒരു നഷ്ടവും വരാനില്ല. മറിച്ചു്, അല്പമെങ്കിലും വിജയം ലഭിക്കുന്നതായാൽ അതുകൊണ്ടുണ്ടാവുന്ന ലാഭം അപാരമായിരിക്കയും ചെയ്യും. പ്രാഥമികവിദ്യാഭ്യാസത്തെ സൗജന്യവും നിർബ്ബന്ധവും അതോടൊപ്പം ഫലപ്രദവുമാക്കാൻ മറ്റൊരുവഴിക്കും സാധിക്കയില്ല. ഇന്നത്തെ പ്രാഥമികവിദ്യാഭ്യാസം ഒരു കെണിയും വ്യാമോഹവുമാണെന്നതു നിർവ്വിവാദമാണു്.

**ശ്രീ. നരഹരിപരീഖിന്റെ കണക്കു് ഈ പദ്ധതിയെ സാധിക്കുന്നത്ര പിന്താങ്ങണമെന്ന ഉദ്ദേശ്യത്തോടുകൂടി തയാറാക്കിയതാണു്. അതിൽനിന്നു് അവസാനമായി ഒരു തീരുമാനം എടുക്കുക സാദ്ധ്യമല്ല. എന്നാലും, അതു് പ്രോത്സാഹ**

ജനകമാണു്. ഉത്സാഹമുള്ള ഒരാൾക്കു് മുമ്പോട്ടുപോകാനാവശ്യമായ വിവരങ്ങൾ അതിൽനിന്നു കിട്ടുന്നതാണു്. ഏഴുകൊല്ലം എന്നതു് എൻെറ പദ്ധതിയിലെ മാററിക്കൂടാത്ത ഒരംഗമല്ല. ഞാൻ ലക്ഷ്യമാക്കിയിട്ടുള്ള ബുദ്ധിനിലവാരത്തിലെത്താൻ കൂടുതൽ കൊല്ലം വേണ്ടതായി വന്നേക്കാം. ബോധനകാലം കുറച്ചുകൂടി നീട്ടിയതുകൊണ്ടു രാഷ്ട്രത്തിന്നു് ഒരു നഷ്ടവും വരാനില്ല. എൻെറ പദ്ധതിയിലെ മാറ്റിക്കൂടാത്ത അംഗങ്ങൾ താഴെ കൊടുക്കുന്നു:

1) പൂർണ്ണരൂപത്തിൽ എടുത്ത ഒരു തൊഴിൽ അഥവാ അനേകം തൊഴിലുകൾ ഒരു ബാലികയുടെ അഥവാ ബാലകൻെറ സർവ്വതോമുഖമായ വികാസത്തിന്നു് ഏററവും പററിയ മാധ്യമമാണു്: അതിനാൽ, പാഠ്യക്രമം മുഴുവനും തൊഴിൽപരിശീലനത്തിന്നുചുററും നെയ്തെടുക്കണം.

2) ഈ സങ്കല്പത്തിന്നനുസരിച്ചുള്ള പ്രാഥമികവിദ്യാഭ്യാസം സമ്പൂർണ്ണമായെടുക്കുന്നതായാൽ തീർച്ചയായും സ്വാവലംബിയായിരിക്കും. ആദ്യത്തെ കൊല്ലത്തേയും ഒരുപക്ഷേ, രണ്ടാമത്തെ കൊല്ലത്തേയും പഠനം തികച്ചും സ്വാവലംബിയായില്ലെന്നുവരാം. ഇവിടെ പ്രാഥമികവിദ്യാഭ്യാസം എന്നു പറഞ്ഞതിൻെറ താത്പര്യം മേൽ വിവരിച്ചതാണു്.

കണക്കും മററു വിഷയങ്ങളും തൊഴിലുകൾമുഖേന പഠിപ്പിക്കുന്നതിൻെറ സാധ്യതയെ പ്രൊഫസർ ചോദ്യംചെയ്തിരിക്കുന്നു. അദ്ദേഹം സംസാരിക്കുന്നതു് അനുഭവമില്ലാതെയാണു്. എനിക്കു് അനുഭവത്തിൽനിന്നുതന്നെ സംസാരിക്കാൻ സാധിക്കും. ടാൾസ്റ്റായ്ഫാറത്തിൽ (ട്രാൻസ്‌വാൾ) എൻെറ ചുമതലയിലുണ്ടായിരുന്ന കുട്ടികൾക്കു് സർവ്വതോമുഖമായ വികാസംനല്ലാൻ എനിക്കു് ഒരു വിഷമവും ഉണ്ടായിരുന്നില്ല. അവിടെ ഏതാണ്ടു് എട്ടുമണിക്കൂർ നേരത്തെ കൈത്തൊഴിൽ

പരിശീലനമുണ്ടായിരുന്നു. ആ പരിശീലനമായിരുന്നു വിദ്യാഭ്യാസത്തിൻെറ കേന്ദ്രബിന്ദു. ഒന്നോ പരമാവധി രണ്ടോ മണിക്കൂറുനേരത്തെ പുസ്തകപ്പഠിപ്പേ ഉണ്ടായിരുന്നുള്ളു. കുഴികുത്തുക, ഭക്ഷണം പാകംചെയ്യുക, കക്കൂസുവൃത്തിയാക്കുക, ചെരുപ്പുകുത്തുക, മരപ്പണിചെയ്യുക, ദൂതുപോവുക മുതലായവയായിരുന്നു അവരുടെ തൊഴിലുകൾ. അവിടെ ആറുമുതൽ പതിനാറുവയസ്സുവരെ പല പ്രായത്തിലുമുള്ള കുട്ടികൾ ഉണ്ടായിരുന്നു. അതിന്നുശേഷം ആ പരീക്ഷണം കൂടുതൽ പുഷ്ടിപ്പെട്ടിട്ടുണ്ട്.

ഹരിജൻ, 18–9–'37

പതിനെട്ട്

## അലസചിന്തനമല്ല; പ്രത്യക്ഷപ്രവൎത്തനം

ശ്രീ. ജി. എസ്. അരുണ്ടെയ്ൽ 'ഓറിയൻറ് ഇല്ലസ്ട്രേററഡ് വീക്കിലി'ക്കുവേണ്ടി എഴുതിയ ഒരു ലേഖത്തിൻെറ കോപ്പി എനിക്ക് മുൻകൂട്ടി അയച്ചുതന്നിരിക്കുന്നു. അതോടൊപ്പം താഴെക്കൊടുത്ത കത്തും അയിച്ചിട്ടുണ്ട്:

"നമ്മുടെനാട്ടിലെ വിദ്യാഭ്യാസം നാളിതുവരെ നടന്നപോലെ കൃത്രിമമായാൽ പോരാ ഒരു യാഥാൎത്ഥ്യമാവണം എന്നൊരാഗ്രഹം അങ്ങുന്നു പ്രകടിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 30 കൊല്ലമായി ഇന്ത്യയിലെ വിദ്യാഭ്യാസത്തോട്ട് സജീവബന്ധംപുലൎത്തിപ്പോന്ന ഒരാളെന്ന നിലയിൽ ഞാൻ 'ഓറിയൻറ് ഇല്ലസ്ട്രേറ്റഡ് വീക്കിലി'യിൽ പ്രസിദ്ധപ്പെടുത്താൻ പോകുന്ന ഒരു ലേഖം ഇതാ അയയ്ക്കുന്നു. ഇതു് ഒരളവിൽ അങ്ങയുടെ അഭിപ്രായത്തെ പ്രതിനിധീകരിക്കുന്നുണ്ടായിരിക്കാം. നമുക്ക് ഒരു ദേശീയവിദ്യാഭ്യാസപദ്ധതിയുണ്ടാ

യിരിക്കണമെന്നും അതു നല്ലനിലയിൽ നടപ്പാക്കാൻ അതതു സംസ്ഥാനത്തിലെ വിദ്യാഭ്യാസമന്ത്രിമാർ പ്രയത്നിക്കണമെന്നും ഞാനാശിക്കുന്നു. ഇവിടെ വിദ്യാഭ്യാസപരമായ പല പ്രവൎത്തനങ്ങളും സ്വതന്ത്രമായി നടത്തപ്പെടുന്നുണ്ട്. എന്നാൽ, വിദ്യാഭ്യാസത്തിന്റെ മഹത്തുക്കളായ സിദ്ധാന്തങ്ങളെ താമസംകൂടാതെ പ്രഖ്യാപിക്കണം, ആ അടിസ്ഥാനത്തിൽ ഗവൎമ്മേണ്ടിന്നും നാട്ടുകാൎക്കും തമ്മിൽ സാമാന്യമായ ഒരു ബന്ധം ഉണ്ടാവണം, എല്ലാവരും ഉടനടി യോജിച്ചു പ്രവൎത്തിക്കുകയും വേണം എന്ന് എനിക്കു തോന്നുന്നു."

ഞാൻ ആ ലേഖത്തിൽനിന്നു വളരെ പ്രധാനവും സന്ദൎഭോചിതവുമായ ചില അഭിപ്രായങ്ങൾ മാത്രം ഉദ്ധരിക്കാം. എങ്ങനെ ആരംഭിക്കണം എന്ന പ്രശ്നത്തെപ്പററി ചിന്തിച്ചതിന്നുശേഷം അദ്ദേഹം പറയുന്നു:

"ദേശീയവിദ്യാഭ്യാസത്തിന്റെ മൗലികസിദ്ധാന്തങ്ങൾ എന്തെല്ലാമായിരിക്കണമെന്നു നിൎദ്ദേശിക്കാൻ ഇവിടെ സ്ഥലം അനുവദിക്കുന്നില്ല. ബാലികാബാലകന്മാരെസ്സംബന്ധിച്ചേടത്തോളമെങ്കിലും സ്കൂൾരംഗത്തിലെ—നാം ക്രമേണ സ്കൂൾ കാളേജ് എന്ന അനാവശ്യമായ വ്യത്യാസം ദൂരീകരിക്കുമെന്നു് ഞാനാശിക്കുന്നു—ആദ്യവസാനമുള്ള തത്ത്വം പ്രവൎത്തനമായിരിക്കണം.

"ചിന്തയ്ക്കു് എത്രതന്നെ ഉത്തേജനം നല്കുന്നതായാലും അതു് പ്രവൎത്തനത്തിൽ പരിണമിക്കുന്നില്ലെങ്കിൽ വ്യൎത്ഥമാണു്. വികാരം ഭാവന എന്നിവയെപ്പററിയും ഇതുതന്നെ പറയാം. ഇവയെ വിദ്യാഭ്യാസത്തിന്റെ ആധുനികപദ്ധതികളിൽപ്പോലും ആപത്കരമാംവണ്ണം ഉപേക്ഷിച്ചിരിക്കയാണു്. ഇന്ത്യയ്ക്കാവശ്യമായിട്ടുള്ളതു് തന്റെ യുവാക്കളെല്ലാം പ്രവൎത്തകരാവുകയാണു്. അവർ വിദ്യാഭ്യാസ

ദ്വാരാ തങ്ങളുടെ സ്വഭാവത്തെപ്രവർത്തനത്തിലേയ്ക്കു്, പ്രത്യക്ഷമായ കുശലതയിലേയ്ക്കു്, സേവനത്തിലേയ്ക്കു് പരിഭാഷപ്പെടുത്താൻ യോഗ്യതയുള്ളവരാവണം. പരിതഃസ്ഥിതി ഹേതുവായോ പാരമ്പര്യം ഹേതുവായോ ജീവിതത്തിൽ ഏതു രംഗത്തിൽ പ്രവേശിക്കേണ്ടിവന്നാലും അവിടെ നല്ലപോലെ പ്രവർത്തിക്കാൻ കഴിവുള്ള പൗരന്മാരാണു് ഇന്ത്യയ്ക്കാവശ്യമായിട്ടുള്ളതു്. ഏതൊരു വിഷയവും ജീവിതത്തിന്റെ നിയമം ക്രമം ഉദ്ദേശ്യം എന്നിവയെ പ്രകടിപ്പിക്കുന്നുണ്ടു്. കടുത്ത വാസ്തവികതകളെ നേരിടുമ്പോൾ അദ്ധ്യാപകന്മാർ ഇതു വിസ്മരിക്കരുതു്. നമ്മുടെ ബൗദ്ധികലോകത്തിലുള്ളതു് വാസ്തവികതകളല്ല; പ്രത്യുത ലോകാചാരങ്ങളാണു് എന്ന സംഗതി അവർ ഓർമ്മവെയ്ക്കണം. ശാസ്ത്രം തന്റെ പുരോഗതിയിൽ നിശ്ചയത്തിൽനിന്നു സംശയത്തിലേയ്ക്കു നീങ്ങുക എന്ന നീണ്ട അടിയാണു് വെച്ചിട്ടുള്ളതെന്നു് സർ ആർതർ എഡിംഗ്ടൻ പറഞ്ഞതു് പരമാർത്ഥമാണു്. അതിനാൽ, നമ്മുടെ വിദ്യാഭ്യാസം, അതിന്റെ എല്ലാ വാസ്തവികതകളും വിദ്യാർത്ഥികളുടെ മനസ്സിൽ ലഘുവായി വിശ്രമംകൊള്ളാൻ കാരണമായിത്തീരണം; അവയെ മറ്റെല്ലാററിനേക്കാളും അധികമായ സ്വഭാവശുദ്ധിയെ വർദ്ധിപ്പിക്കാൻ ഉപയോഗപ്പെടുത്തണം. സ്വഭാവശുദ്ധിയാണു് വ്യക്തികളുടേയും രാഷ്ട്രത്തിന്റേയും സുരക്ഷിതമായ അസ്ഥിവാരം.

"സ്വഭാവത്തിന്നു് ഉത്തേജനം സിദ്ധിക്കുമ്പോൾ പ്രവർത്തനത്തിന്നുള്ള ആഗ്രഹം തീക്ഷ്ണമാവുന്നു. അതു സ്വാവലംബനം സ്വയംത്യാഗം എന്നീ ഉഭയമാർഗ്ഗങ്ങളിലും വ്യാപരിക്കും. നാം ഭൂമാതാവിനോടു കഴിയുന്നത്ര അടുക്കാനും, കൃഷിയജ്ഞംകൊണ്ടു മാതാവിനെ പൂജിക്കാനും ആവശ്യങ്ങളെ ലഘൂകരിക്കാനും ആഗ്രഹങ്ങളെ ശുദ്ധീകരിക്കാനും

ആഗ്രഹിക്കുന്നു. എന്നുവെച്ചാൽ ഭൂമാതാവിന്നു് ഒരുതരത്തിലും ഭാരമാവരുതെന്നു് ആഗ്രഹിക്കുന്നു. ഭൂമാതാവിൻെറ ഏതൊരു സന്താനത്തിന്നും മാതാവിൽനിന്നു പ്രത്യക്ഷമായി എന്തെങ്കിലും പോഷണം ഗ്രഹിക്കുന്നതിന്നുള്ള കഴിവുണ്ടായിരിക്കണം എന്നാണു് ഞാനാശിക്കുന്നതു്. അതിനാൽ, നമ്മുടെ ഏതുതരം വിദ്യാഭ്യാസത്തിൻേറയും—നഗരങ്ങളിലെ വിദ്യാഭ്യാസത്തിൻെറപോലും—ഒരു ഭാഗമായി ഭൂമാതാവിനോടു പ്രത്യക്ഷസമ്പക്കമുണ്ടാവണമെന്നു് ഞാനാഗ്രഹിക്കും.

"ഇന്നു വിദ്യാഭ്യാസത്തെ ഇത്ര നിരത്ഥകമാക്കിത്തീത്തിട്ടുള്ള മാമൂൽവിചാരങ്ങളിൽനിന്നു നാം വിട്ടുമാറണം; നമ്മുടെ മന്ത്രിമാരുടെ അനുകൂലമായ ആഭിമുഖ്യത്തിൽ യഥാത്ഥമായ ഒരു വിദ്യാഭ്യാസപദ്ധതി നടപ്പാക്കണം. അതു വെറും ബോധനമായിരിക്കയില്ല. നാം വിദ്യാഭ്യാസത്തിൻെറ കാലോചിതങ്ങളല്ലാത്ത രൂപങ്ങളിലും പദ്ധതികളിലും പെട്ടുകിടക്കുകയാണു്. അതിനാൽ, ഞാൻ ഗാന്ധിജി പ്രതിപാദിക്കുന്ന സ്വാവലംബനവിദ്യാഭ്യാസത്തെ ഹൃദയപൂവ്വം സ്വാഗതം ചെയ്യുന്നു. അദ്ദേഹം നിർദ്ദേശിക്കുന്നത്ര മുന്നോട്ടുപോകാൻ നമുക്കെല്ലാം സാധിക്കുമെന്നു് എനിക്കു നല്ല തീച്ചയില്ല. ഏഴുകൊല്ലത്തെ വിദ്യാഭ്യാസം പൂത്തിയാക്കിയ ഒരു യുവപൗരനെ 'ഒരു സമ്പാദിക്കുന്ന ഘടകമാക്കി പുറത്തയയ്ക്കണം' എന്നു പറയുന്നതിനോടു ഞാൻ തികച്ചും യോജിക്കുന്നുണ്ടു്. ഏതൊരാൾക്കും ഭാഗികമായി വിദ്യാഭ്യാസത്തിലൂടെ തൻെറ നിമ്മാണ(സൃഷ്ടി)കുശലതയെ മനസ്സിലാക്കാൻ സാധിക്കണം. കാരണം, അവനും ഈശ്വരൻെറ വികാസോന്മുഖമായ ഒരു കലയാണു്. അതിനാൽ, അവനിൽ ഈശ്വരൻെറ സവ്വോൽക്കൃഷ്ടഗുണം; എന്നുവെച്ചാൽ സൃഷ്ടിക്കാനും പ്രവത്തിക്കാനുമുള്ള ശക്തി അവശ്യം

ഉണ്ടായിരിക്കും. ഇവയെ ഉണത്താൻ കഴിയാഞ്ഞാൽ പിന്നെ വിദ്യാഭ്യാസംകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? അതു സാധിക്കാത്തതു് ബോധനമായിരിക്കാം, എന്നാൽ വിദ്യാഭ്യാസമല്ല.

"തലയിലുള്ളത്ര തലച്ചോറു് നമ്മുടെ കൈകളിലും ഉണ്ടു്. വളരെക്കാലമായി തലയിലുള്ള ബുദ്ധിയാണു് നമ്മുടെ ദൈവം. നമ്മെസ്സംബന്ധിച്ചേടത്തോളം ബുദ്ധി സ്വേച്ഛാധിപതിയും സർവ്വാധികാരിയും ആയിരിക്കയാണു്. പുതിയ സംവിധാനത്തിൽ അതു നമ്മുടെ നിരവധി ഭൃത്യന്മാരിൽ ഒന്നായിത്തീരണം. നമ്മുടെ ജീവിതത്തെ സരളവും ലഘുവും ആക്കുകയും നമ്മെ പ്രകൃതിസൗന്ദര്യത്തിൻെറ എളിമയുടെ നേരെ നയിക്കുകയും കൈകൊണ്ടു ജീവിക്കാൻസഹായിക്കുകയുംചെയ്യുന്ന എല്ലാ തൊഴിലുകളേയും—കലാകാരൻെറ തൊഴിലിനേയും ശില്പിയുടെ തൊഴിലിനേയും കൃഷിക്കാരൻെറ തൊഴിലിനേയും എല്ലാം അഭിവൃദ്ധിപ്പെടുത്താൻ നാം പഠിക്കണം.

"ഇത്തരം വിദ്യാഭ്യാസമാണു് സിദ്ധിച്ചിരുന്നതെങ്കിൽ, എനിക്കു് ഇതിലധികം സന്തുഷ്ടവും ഫലപ്രദവുമായ ഒരു ജീവിതം നയിക്കാൻ സാധിക്കുമായിരുന്നു."

ഒരു സാധാരണക്കാരൻെറ നിലയിൽ സാധാരണക്കാരായ വായനക്കാക്കുവേണ്ടി ഞാൻ പറഞ്ഞിരുന്നതിനെ ഒരു വിദ്യാഭ്യാസശാസ്ത്രജ്ഞൻെറ നിലയിൽ ഡാക്ടർ അരുണ്ടെയ്ൽ വിദ്യാഭ്യാസവിദഗ്ദ്ധന്മാക്കും രാഷ്ട്രത്തിലെ യുവാക്കളുടെ സ്വഭാവരൂപവത്കരണത്തിൻെറ ചുമതലയുള്ളവർക്കുംവേണ്ടി പറഞ്ഞിരിക്കയാണു്. സ്വാവലംബനവിദ്യാഭ്യാസത്തെപ്പററിയ വിചാരത്തെ അദ്ദേഹം സമീപിക്കുന്നതിൽ കാണിക്കുന്ന മുൻകരുതൽ എന്നെ ആശ്ചര്യപ്പെടുത്തുന്നില്ല. എന്നെസ്സംബന്ധിച്ചേടത്തോളം അതാണു്—സ്വാവലംബന

മാണു്—സവ്വപ്രധാനമായതു്. കഴിഞ്ഞ 40 കൊല്ലമായി ചീല്ലിന്നിടയിലൂടെ മങ്ങിക്കണ്ടിരുന്നതു് ഇന്നു്, ഈ വൈകിയവേളയിലാണു്, പരിതഃസ്ഥിതികളുടെ സമ്മർദ്ദം ഹേതുവായി ഞാൻ സ്പഷ്ടമായി കാണാൻതുടങ്ങിയിരിക്കുന്നതു്. അതാണു് വേദനാജനകമായ സംഗതി.

ഞാൻ ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കെതിരായി 1920-ൽ ശക്തിയായി സംസാരിച്ചിട്ടുണ്ടു്. ഇന്നു് ഏഴു സംസ്ഥാനത്തിലെ മന്ത്രിമാർ—ഇവരിൽ പലരും എന്റെ സഹപ്രവത്തകന്മാരും നാട്ടിന്റെ സ്വാതന്ത്ര്യത്തിന്നുള്ള മഹാസമരത്തിൽ എന്റെകൂടെ യാതനകൾ സഹിച്ചവരുമാണു്—മുഖേന ഒരു ചുരുങ്ങിയ നിലയിലാണെങ്കിലും എന്റെ പദ്ധതി നടപ്പാക്കാൻ എനിക്കൊരവസരം ലഭിച്ചിരിക്കയാണു്. ഇന്നത്തെ വിദ്യാഭ്യാസം അടിമുതൽ മുടിവരെ തെററാണെന്ന ആരോപണം വാസ്തവമാണെന്നു തെളിയിക്കാൻ അപ്രതിരോധ്യമായ ഒരാഹ്വാനം ലഭിച്ചതുപോലെയാണു് എനിക്കു തോന്നുന്നതു്. ഞാൻ ഈ പത്രംമുഖേന പ്രതിപാദിക്കാൻ പരിശ്രമിക്കുന്ന കാര്യം—എനിക്കതു ശരിയായി നിവ്വഹിക്കാൻ കഴിയുന്നില്ലെന്നു സമ്മതിച്ചേക്കാം—ആദ്യം ഒരു ഇടിമിന്നൽപോലെയാണു് കണ്ടതു്. എന്നാൽ, ഇന്നു് അതിന്റെ സത്യം ശരിയായി ദർശിക്കാൻ കഴിയുന്നുണ്ടു്. അതിനാൽ, ഈ കാര്യത്തിൽ പ്രത്യേകമായി ഒരു സ്വാത്ഥതാത്പര്യവും ഇല്ലാത്തവരും തുറന്ന മനസ്സോടുകൂടിയവരുമായ വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരോടു് ഞാനവതരിപ്പിച്ച രണ്ടു സംഗതികൾ പഠിക്കാൻ അഭ്യത്ഥിച്ചുകൊള്ളട്ടെ. മുൻനിണ്ണയങ്ങളോ മാമൂൽവിചാരങ്ങളോ അവരുടെ ചിന്താസരണിയെ തടയരുതെന്നു് ആദ്യമേ പറഞ്ഞേക്കാം. ഞാൻ എഴുതുന്നതിനെപ്പററിയോ പറയുന്നതിനെപ്പററിയോ ചിന്തിക്കുമ്പോൾ സാങ്കേതികാത്ഥത്തിലും സാമാന്യാത്ഥത്തിലും വിദ്യാഭ്യാസത്തിൽ എനിക്കുള്ള

അജ്ഞത അവരുടെ നിഗമനത്തെ ബാധിക്കരുതെന്നു ഞാനഭ്യൎത്ഥിക്കുന്നു. പലപ്പോഴും അറിവു കുട്ടികളിൽനിന്നും ശിശുക്കളിൽനിന്നുമാണു് വരുന്നതു് എന്നു പറയാറുണ്ടു്. ഒരുപക്ഷേ, അതു കാവ്യമയമായ ഒരതിശയോക്തിയായിരിക്കാം. എന്നാൽ, ചിലപ്പോഴതു ശിശുക്കളിൽനിന്നു വരുന്നുണ്ടു് എന്നതു് ഒരു പരമാൎത്ഥമാണു്. വിദഗ്ദ്ധന്മാർ അതിനെ മിനുക്കുകയും അതിന്നു ശാസ്ത്രീയരൂപം നല്കുകയും ചെയ്യുന്നു. അതിനാൽ, എന്റെ നിർദ്ദേശങ്ങളെ, അവയുടെ ഗുണങ്ങളെമാത്രം പരിഗണിച്ചുകൊണ്ടു പരിശോധിക്കാൻ ഞാൻ അപേക്ഷിക്കുന്നു. അവയെ ഞാനിവിടെ ഒരിക്കൽക്കൂടി ആവൎത്തിക്കാം. ഈ പത്രത്തിൽ ഇതിന്നുമുമ്പെഴുതിയ വിധത്തിലല്ല, പ്രത്യുത, ഈ വരികൾ പറഞ്ഞുകൊടുക്കുമ്പോൾ എനിക്കു തോന്നുന്ന ഭാഷയിൽ:

(1) ഇന്നു മെട്രിക്കുലേഷൻവരെ പഠിക്കുന്ന എല്ലാ വിഷയങ്ങളും ഏഴുകൊല്ലത്തെ പ്രാഥമികവിദ്യാഭ്യാസത്തിൽ ഉൾപ്പെടണം. ഇംഗ്ലീഷുമാത്രം ഉണ്ടായിരിക്കയില്ല. പക്ഷേ, കുട്ടികളുടെ മനസ്സിനെ—എല്ലാവിധ അറിവുകളിലും—വികസിപ്പിക്കുന്നതിന്നുള്ള വാഹനമായ ഒരു കൈത്തൊഴിൽ ഉണ്ടായിരിക്കുന്നതാണു്. ഇന്നു പ്രാഥമികവിദ്യാഭ്യാസം മദ്ധ്യമവിദ്യാഭ്യാസം ഹൈസ്കൂൾവിദ്യാഭ്യാസം എന്ന പേരുകളിൽ അറിയുന്നതിൻെറയെല്ലാം സ്ഥാനം ഇതു വഹിക്കണം.

(2) ഈ വിദ്യാഭ്യാസം ആദ്യംമുതൽ അവസാനംവരെ എടുക്കുന്നതായാൽ സ്വാവലംബിയായിരിക്കും; സ്വാവലംബനമാണു് അതിൻെറ വാസ്തവികതയുടെ നികഷോപലം.

ഹരിജൻ, 2–10–'37

ശ്രീ ... വിലാസം

## പത്തൊമ്പതു്

## ബോമ്പായിലെ പ്രാഥമികവിദ്യാഭ്യാസം

ഇതേവരെ പ്രാഥമികവിദ്യാഭ്യാസത്തെപ്പററിയ ചർച്ചകളിലെല്ലാം ഞാൻ ഗ്രാമങ്ങളുടെ കാര്യമാണു പറഞ്ഞിരുന്നതു്. അതു് ആലോചനാപൂർവ്വം ചെയ്തതാണു്. കാരണം, ഇന്ത്യയിലെ ഭൂരിഭാഗം ജനങ്ങളും ഗ്രാമങ്ങളിലാണു നിവസിക്കുന്നതു്. ഗ്രാമങ്ങളുടെ പ്രശ്നം സഫലതാപൂർവ്വം ലഘൂകരിക്കുന്നതു് നഗരങ്ങളുടെ പ്രശ്നം ലഘൂകരിക്കുകയാണു്. ബോമ്പെ നഗരത്തിലെ പ്രാഥമികവിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ തത്പരനായ ഒരു സുഹൃത്തു താഴെ എഴുതിയ പ്രശ്നം ഉന്നയിച്ചിരിക്കുന്നു:

"ഇപ്പോൾ കോൺഗ്രസ്സുമന്ത്രിമാർ പ്രാഥമികവിദ്യാഭ്യാസത്തിന്നു പണം കണ്ടുപിടിക്കുന്ന കാര്യത്തിൽ നിമഗ്നരായിരിക്കയാണു്. പ്രാഥമികവിദ്യാഭ്യാസത്തെ സ്വാവലംബിയാക്കണം എന്ന മുറവിളി ഇന്നു നാടെങ്ങും മുഴങ്ങുന്നുണ്ടു്. അതിനാൽ, ബോമ്പായെപ്പോലുള്ള ഒരു നഗരത്തിൽ അതു് എങ്ങനെ, എത്രകണ്ടു സാധിക്കാമെന്നു പരിശോധിക്കുന്നതു സർവ്വഥാ ഉചിതമായിരിക്കും. ബോമ്പെനഗരസഭയുടെ, പ്രാഥമികവിദ്യാഭ്യാസത്തിന്നുള്ള വാർഷികബജററ് 35 ലക്ഷം ഉറുപ്പികക്കും 36 ലക്ഷം ഉറുപ്പികക്കും ഇടയിലാണത്രെ. എന്നാൽ, ബോമ്പായിൽ നിർബന്ധപ്രാഥമികവിദ്യാഭ്യാസം നടപ്പാക്കണമെങ്കിൽ ഇതിനോടു് എത്രയോലക്ഷം ഉറുപ്പികകൂടിച്ചേർക്കേണ്ടിവരും. ഇപ്പോൾ കൊല്ലംതോറും 20 ലക്ഷം ഉറുപ്പിക അദ്ധ്യാപകന്മാരുടെ വേതനത്തിന്നായും 4 ലക്ഷം ഉറുപ്പിക വിദ്യാലയങ്ങളുടെ വാടകക്കായും ചെലവുചെയ്യുന്നുണ്ടു്. ഇതുപ്രകാരം ശരാശരി ഒരു കുട്ടിക്കു് 40–42 ക. ചെലവുവരുന്നുണ്ടു്. തൊഴിൽപ്പഠിപ്പു

കൊണ്ടു് ഒരു കുട്ടിക്കു് ഇത്രയും സമ്പാദിക്കുക സാധ്യമാണോ? സാധ്യമല്ലെങ്കിൽ പ്രാഥമികവിദ്യാഭ്യാസത്തെ സ്വാവലംബിയാക്കാൻ സാധിക്കുന്നതെങ്ങനെ?"

ഒരു തൊഴിലിനെ ആധാരമാക്കിക്കൊണ്ടുള്ള പ്രാഥമികവിദ്യാഭ്യാസം സ്വീകരിക്കുന്നതുകൊണ്ടു് ബോമ്പെനഗരത്തിന്നും അവിടത്തെ കുട്ടികൾക്കും ലാഭമേ ഉണ്ടാവൂ; ഇക്കാര്യത്തിൽ എനിക്കു് ഒട്ടും സംശയമില്ല. ഇന്നു പ്രാഥമികവിദ്യാഭ്യാസം ലഭിച്ച കുട്ടികൾക്കു കാര്യമായൊന്നും ചെയ്യാൻ കഴിയുന്നില്ല. അതവരെ നല്ല പൗരരാകാൻ സഹായിക്കുന്നതുമില്ല.

തൊഴിലിനെ ആധാരമാക്കിക്കൊണ്ടുള്ള പ്രാഥമികവിദ്യാഭ്യാസത്തെ നഗരങ്ങൾക്കും ശുപാർശചെയ്യാൻ എനിക്കു തീരേ സങ്കോചമില്ല. ഇന്നു ബോമ്പായിൽ പ്രാഥമികവിദ്യാഭ്യാസത്തിന്നായി ചെലവാക്കുന്ന 35 ലക്ഷം ഉറുപ്പിക മുഴവനും, ഇല്ലെങ്കിൽ അതിൻെറ ഒരു വലിയ ഭാഗമെങ്കിലും, വ്യർത്ഥമാകാതെകഴിക്കാൻ ഇതുകൊണ്ടു സാധിക്കും. ബോമ്പായിൽ ഒരു കുട്ടിക്കു പ്രാഥമികവിദ്യാഭ്യാസം നല്കുന്നതിന്നുള്ള വാർഷികച്ചെലവു് 40 ക.യാണെന്നു കണക്കാക്കിയാൽ നഗരസഭയുടെ സഹായംകൊണ്ടു് ഇന്നു് 87,500 കുട്ടികൾക്കു വിദ്യാഭ്യാസം ലഭിക്കുന്നുണ്ടു് എന്നു പറയാം. അവിടത്തെ ജനസംഖ്യ പത്തുലക്ഷമാണെന്നു കണക്കാക്കിയാൽ അവിടെ ഏതാണ്ടു് ഒന്നരലക്ഷം കുട്ടികൾ സ്കൂൾവയസ്സിൽ പെട്ടവരായിരിക്കും. ഇതിൻെറ താത്പര്യം, ഇന്നു ബോമ്പെനഗരത്തിൽ ചുരുങ്ങിയതു് 62,000 കുട്ടികൾ പ്രാഥമികവിദ്യാഭ്യാസം ലഭിക്കാത്തവരായിട്ടുണ്ടു് എന്നാണു്. ഇതിൽ ഏതാണ്ടു് 6,000 കുട്ടികൾക്കു് വീട്ടുകളിൽവെച്ചു സ്വന്തം ഏർപ്പാടിൽ വിദ്യാഭ്യാസം ലഭിക്കുന്നു എന്നു കണക്കാക്കിയാൽ പിന്നേയും 56,000 പേൎക്കു വിദ്യാഭ്യാസം നല്കുന്നതിന്നു് എന്തെങ്കിലും

ഏൎപ്പാട്ട ചെയ്യേണ്ടതായിട്ടാണിരിക്കുന്നതു്. ഇന്നത്തെ ചെലവിൻെറ തോതു വെച്ചുനോക്കിയാൽ ഇതിന്നു് 22,40,000 ക. ആവശ്യമായിരിക്കും. ഈ കുഴപ്പംപിടിച്ചകാലത്തു് ഇത്രയും സംഖ്യ ലഭിക്കുന്നകാൎയ്യം ഏറെക്കുറെ അസാദ്ധ്യമായിട്ടാണു് എനിക്കു തോന്നുന്നതു്.

ഇന്ത്യയിൽ എല്ലാവൎക്കും സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം ലഭിക്കണമെന്നു ദൃഢമായി വിശ്വസിക്കുന്ന ഒരാളാണു് ഞാൻ. കുട്ടികളെ ഉപയോഗപ്രദമായ ഒരു തൊഴിൽ പഠിപ്പിക്കുകയും അവരുടെ മാനസികവും കായികവും ആദ്ധ്യാത്മികവുമായ കഴിവുകളെ വികസിപ്പിക്കുന്നതിന്നുള്ള ഒരു മാർഗ്ഗമായി അതിനെ ഉപയോഗിക്കുകയും ചെയ്താലേ നമുക്കു് ആ ആദൎശത്തെ സാക്ഷാത്കരിക്കാൻ സാധിക്കു എന്നും ഞാൻ വിശ്വസിക്കുന്നു. വിദ്യാഭ്യാസകാൎയ്യത്തിൽ ഈ സാമ്പത്തികപരിഗണന നീതിവിരുദ്ധമാണെന്നോ അസ്ഥാനത്താണെന്നോ ആരും വിചാരിക്കരുതു്. സാമ്പത്തികപരിഗണനയിൽ നീതിവിരുദ്ധമായി ഒന്നുമില്ല. ശരിയായ അൎത്ഥശാസ്ത്രം ഒരിക്കലും നീതിവിരുദ്ധമാവില്ല. അതുപോലെതന്നെ ഏതു നൈതികകാൎയ്യവും, ആ പേരിന്നർഹമാവണമെങ്കിൽ നല്ല അൎത്ഥശാസ്ത്രമായിരിക്കണം. കുബേരാരാധനയെ പ്രോത്സാഹിപ്പിക്കയും ദുർബലരെ ചൂഷണംചെയ്തു പണക്കാരാവാൻ പ്രബലന്മാൎക്കു കഴിവുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന സാമ്പത്തികശാസ്ത്രം വ്യാജവും അയഥാൎത്ഥവുമാണു്. അതു നാശത്തെയാണു സൂചിപ്പിക്കുന്നതു്. മറിച്ചു്, ശരിയായ സാമ്പത്തികശാസ്ത്രം നിലകൊള്ളുന്നതു് സാമൂഹ്യനീതിക്കുവേണ്ടിയാണു്. അതു് ഏററവും ദുർബലരടക്കം എല്ലാവരുടേയും നന്മയെ വളൎത്തുന്നു. അതു മാന്യമായ ജീവിതം നയിക്കുന്നതിന്നു് അനിവാര്യമാണു്. അതിനാൽ, ബോംബെനഗരത്തിലുള്ള കുട്ടികളെ ഉപയോഗപ്രദമായ ഒരു തൊഴിൽ പഠി

പ്പിച്ച് അതുമുഖേന അവിടത്തെ പ്രാഥമികവിദ്യാഭ്യാസത്തിന്നുള്ള വക കണ്ടുപിടിക്കാൻ കഴിയുമെങ്കിൽ അതു രാഷ്ട്രത്തിന്നാകെ അനുകരണാർഹമായ ഒരു മാതൃകയായിരിക്കുമെന്നഭിപ്രായപ്പെടാൻ ഞാൻ ധൈര്യപ്പെടുന്നു. ഒരു കുട്ടി ദിവസേന 4 മണിക്കൂർവീതം എന്തെങ്കിലും കൈത്തൊഴിൽ ചെയ്യുന്നുവെന്നും മാസത്തിൽ 25 പ്രവൃത്തിദിവസമുണ്ടെന്നും ഒരു മണിക്കൂർ നേരത്തെ പ്രവൃത്തിക്ക് അരയണ പ്രതിഫലമുണ്ടാവുമെന്നും കണക്കാക്കിയാൽ അവൻ അഥവാ അവൾ സ്കൂളിലേയ്ക്കു പ്രതിമാസം 3 ക. 2 ണ. സമ്പാദിച്ചുതരുന്നതാണ്. തൊഴിൽ പരിശീലനം വിദ്യാർത്ഥിയുടെ മനസ്സിന്നു് ഉത്സാഹവും ചൈതന്യവും നല്കുന്നതാണ്. അതേസമയത്തു് അതു് അവന്റെ അഥവാ അവളുടെ ബുദ്ധിയെ വികസിപ്പിക്കുന്നതിന്നുള്ള ഒരു മാർഗ്ഗവുമായിരിക്കും. കുട്ടി ആരംഭംമുതല്ക്കുതന്നെ മണിക്കൂറിൽ അരയണയുണ്ടാക്കുമെന്നു് ഇതിന്നർത്ഥമില്ല. പക്ഷേ, ഏഴുകൊല്ലത്തെ വിദ്യാഭ്യാസത്തെ ഒന്നായി എടുക്കുന്നതായാൽ അവൻ ആ കാലത്തൊക്കെ മണിക്കൂറിന്നു് ശരാശരി അരയണവീതം സമ്പാദിച്ചിരിക്കും.

ഇത്തരം തൊഴിൽപരിശീലനം വിദ്യാഭ്യാസത്തെ വിരസമാക്കുമെന്നോ വിദ്യാർത്ഥിയുടെ മനസ്സിനെ ഞെരുക്കുമെന്നോ വിചാരിക്കുന്നതു വെറും അന്ധവിശ്വാസമാണ്. സമർത്ഥരായ അദ്ധ്യാപകന്മാരുടെ കീഴിൽ തൊഴിൽപരിശീലനം ലഭിക്കുമ്പോൾ കുട്ടികളുടെമുഖത്തു കാണാൻകഴിഞ്ഞ പ്രകാശവും പ്രസന്നതയും ഞാനിന്നും സന്തോഷപൂർവ്വം സ്മരിക്കുന്നുണ്ടു്. ഇതിന്നുവിപരീതമായി, ഏറ്റവും രസകരമായ വിഷയങ്ങൾപോലും കൊള്ളരുതാത്ത അദ്ധ്യാപകന്മാർ തെററായ മാർഗ്ഗത്തിലൂടേ പഠിപ്പിക്കുമ്പോൾ കുട്ടികൾക്കു നീരസംതോന്നുന്നതും ഞാൻ കണ്ടിട്ടുണ്ടു്. എന്നാൽ, നമുക്കാവശ്യമായതരത്തിലുള്ള സമർത്ഥരായ അദ്ധ്യാപകന്മാരെ എവിടെനിന്നു കിട്ടുമെന്നു ചോദി

ച്ചേക്കാം. "ആവശ്യമാണു് ആവിഷ്കാരത്തിൻെറ അമ്മ" എന്നാണു് എൻെറ മറുപടി. നമ്മുടെ വിദ്യാഭ്യാസനയത്തെ പുനഃസംവിധാനം ചെയ്യുന്നതിൻെറ ആവശ്യകത ബോധ്യപ്പെട്ടാൽ പിന്നെ വലിയ ക്ലേശമൊന്നുംകൂടാതെ അതിനെ പ്രവൃത്തിയിൽ കൊണ്ടുവരാനുള്ള മാർഗ്ഗംകാണാൻ കഴിയുന്നതാണു്. ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കും അതിലേ അദ്ധ്യാപകന്മാക്കുംവേണ്ടി ചെലവാക്കുന്ന പണത്തിൻേറയും സമയത്തിൻേറയും ഒരു ചെറിയ ഭാഗംകൊണ്ടു് നമുക്കാവശ്യമായത്ര തൊഴിൽവിദഗ്ദ്ധന്മാരെ ഉണ്ടാക്കാൻ കഴിയുമെന്നു് എനിക്കുറപ്പുണ്ടു്. ബോമ്പായിലെ വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ ഒരു കമ്മററിക്കു്, ആത്മാത്ഥമായി പ്രവത്തിക്കുന്നതായാൽ ഞാൻ നിർദ്ദേശിച്ചതരത്തിലുള്ള ഒരു വിദ്യാഭ്യാസപദ്ധതിയുണ്ടാക്കാനും അതിനെ താമസിയാതേ പ്രവൃത്തിയിൽ കൊണ്ടുവരാനും സാധിക്കേണ്ടതാണു്. അവക്കതിൽ എനിക്കുള്ളതുപോലെ സജീവമായ വിശ്വാസം ഉണ്ടായിരിക്കണം എന്നുമാത്രം. അത്തരം വിശ്വാസം ഉള്ളിൽനിന്നേ ഉണ്ടാവൂ. അതു പുറമെനിന്നുണ്ടാക്കുക സാധ്യമല്ല. വിശ്വാസമില്ലാതെ ലോകത്തിൽ മഹത്തായ ഒന്നും സാധിച്ചിട്ടില്ല.

നഗരങ്ങളിലെ വിദ്യാലയങ്ങളിൽപഠിപ്പിക്കാൻ ഏററവും പററിയതു് ഏതുതരം തൊഴിലുകളാണു്? അതിനെസ്സംബന്ധിച്ചു സുനിശ്ചിതമായ നിയമങ്ങളൊന്നുമില്ല. എന്നാൽ, എന്റെ മറുപടി സ്പഷ്ടമാണു്. എനിക്കു് ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഒരു നവചൈതന്യം ഉളവാക്കണം. ഇന്നു നമ്മുടെഗ്രാമങ്ങൾ നഗരങ്ങളെ ആശ്രയിച്ചു കഴിയുന്നവയായിത്തീൎന്നിട്ടുണ്ടു്. അവ നിലകൊള്ളുന്നതുതന്നെ നഗരങ്ങൾക്കു ചൂഷണംചെയ്യുന്നതിന്നുവേണ്ടിയാണു്. നഗരങ്ങളുടെ സന്മനസ്സിനെ ആശ്രയിച്ചുകൊണ്ടാണു ഗ്രാമങ്ങൾ കഴിഞ്ഞുകൂടുന്നതു്. ഇതു് അസ്വാഭാവികമാണു്. ഗ്രാമങ്ങളെ സ്വാത്ഥതാത്പര്യത്തിന്നായി

ചൂഷണംചെയ്യുന്നതിന്നു പകരം അവയിൽനിന്നു തങ്ങൾക്കു ലഭിക്കുന്ന ശക്തിക്കും പോഷണത്തിന്നും അനുസരിച്ചവിധത്തിൽ അവക്കു പ്രത്യുപകാരം ചെയ്യുന്നതു തങ്ങളുടെ കടമയാണെന്നു നഗരങ്ങൾ മനസ്സിലാക്കിയാലേ ഇവക്കുതമ്മിൽ ആരോഗ്യപൂർണ്ണവും നീതിപൂർണ്ണവുമായ ബന്ധം ഉളവാകയുള്ളൂ. മഹത്തും പരിശുദ്ധവുമായ ഈ സാമുദായികപുനരുദ്ധാരണപ്രവൃത്തിയിൽ നഗരങ്ങളിലെ കുട്ടികൾ തങ്ങളുടെപങ്കു നിർവ്വഹിക്കണമെങ്കിൽ അവക്കു ഗ്രാമങ്ങളുടെ ആവശ്യങ്ങളോടു പ്രത്യക്ഷബന്ധമുള്ള തൊഴിലുകൾമുഖേന വിദ്യാഭാസം നല്കണം. പരുത്തി കരടുകളയൽ കുരുക്കളയൽ മുതലായ വിവിധപ്രക്രിയകളിൽനിന്നാരംഭിച്ചു നൂല്ക്കൽവരെയുള്ള തൊഴിൽ ഈ പരീക്ഷയിൽ മറേറതിനേക്കാളുമധികം ശരിയായ സമാധാനം നല്കുന്നുണ്ടെന്നാണു് എൻെറ അഭിപ്രായം. ഇന്നുപോലും പരുത്തി കൃഷി ചെയ്യുന്നതു ഗ്രാമങ്ങളിലാണു്. അതു കുരുക്കളയുന്നതും നൂല്ക്കുന്നതും തുണിയാക്കുന്നതും നഗരങ്ങളിലും. പരുത്തിമില്ലുകളിലെ വിവിധപ്രക്രിയകൾ ഹേതുവായി മനുഷ്യക്കും സാധനങ്ങൾക്കും യന്ത്രശക്തിക്കും നേരിടുന്ന നഷ്ടം ഭയാവഹമാണു്. അതിനാൽ, പഞ്ഞിയടിക്കുക, നൂല്ക്കുക മുതലായ കൈത്തൊഴിലുകൾമുഖേന പ്രാഥമികവിദ്യാഭ്യാസം നല്കുന്നതിന്നുള്ള എൻെറ പദ്ധതി വളരെ ദൂരവ്യാപകമായ പരിണാമങ്ങളോടുകൂടിയ ഒരു നിശ്ശബ്ദസാമൂഹ്യവിപ്ലവത്തിന്നുള്ള ഉത്തമമാർഗ്ഗമായിട്ടാണു് ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതു്. ഗ്രാമത്തിന്നും നഗരത്തിന്നും തമ്മിൽ ആരോഗ്യപൂർണ്ണവും സദാചാരപരവുമായ ബന്ധം സ്ഥാപിക്കുന്നതിന്നു് ഇതൊരടിസ്ഥാനമായിത്തീരും. സമുദായത്തിൽ ഇന്നു കാണുന്ന അനിശ്ചിതാവസ്ഥക്കും വർഗ്ഗങ്ങൾക്കുതമ്മിലുള്ള വിഷപൂർണ്ണമായ ബന്ധത്തിന്നും ഹേതുവായ ചില ദുഷിച്ച സമ്പ്രദായങ്ങളെ ദൂരീകരിക്കാനും ഇതു സഹായകമായിത്തീരും. ഇതു നമ്മുടെ ഗ്രാമങ്ങ

ളുടെ അനുദിനം വർദ്ധിച്ചുവരുന്ന നാശത്തെ തടയും. ഉള്ളവക്കും, ഇല്ലാത്തവക്കും ഇടയിൽ അന്തരമില്ലാത്തതും കൂടുതൽ നീതിയുക്തവുമായ ഒരു സാമൂഹ്യവ്യവസ്ഥിതിക്ക് അസ്ഥിവാരമിടുകയും ചെയ്യും. ആ സമുദായത്തിൽ എല്ലാവർക്കും ജീവിക്കാൻ പര്യാപ്തമായ വേതനം ലഭിക്കുന്നതാണ്. ഇതൊക്കെ രക്തപങ്കിലമായ ഒരു വർഗ്ഗസമരത്തിന്റെ ഭയങ്കരതകളില്ലാതേയും ഇന്ത്യയെപ്പോലുള്ള ഒരു വൻകരയെ യന്ത്രവത്കരിക്കുന്നതിന്നുള്ള വമ്പിച്ച മൂലധനച്ചെലവുകൂടാതേയും സാധിക്കാവുന്നതാണ്. അതിൽ വിദേശത്തുനിന്ന് ഇറക്കുമതിചെയ്ത യന്ത്രങ്ങളേയോ സാങ്കേതികകുശലതയേയോ നിസ്സഹായരായി ആശ്രയിച്ചിരിക്കേണ്ടിവരികയും ഇല്ല. അവസാനം, ഉയന്നതരത്തിലുള്ള പ്രത്യേക വൈദഗ്ദ്ധ്യത്തിന്റെ ആവശ്യകതയെ നിരാകരിക്കുന്നതിനാൽ അതു സാധാരണക്കാരന്റെ ഭാവിയെ സുരക്ഷിതമാക്കുന്നു; അവന്റെ ഭാവി അവന്റെ കൈയിൽത്തന്നെയായിരിക്കും. പക്ഷേ, ആരാണ് "പൂച്ചയെ മണികെട്ടിക്കുക?" നഗരവാസികൾ എന്റെ വാക്കു കേൾക്കുമോ? അല്ലാ, ഇതു വെറും വനരോദനമായിപ്പരിണമിക്കുമോ? ഈ ചോദ്യത്തിന്നും ഇതുപോലുള്ള മററു ചോദ്യങ്ങൾക്കും മറുപടിനല്കുന്നകാര്യം എന്നെ അപേക്ഷിച്ചു നഗരങ്ങളിൽ നിവസിക്കുന്ന എന്റെ ലേഖകനെപ്പോലുള്ളവരെ ആശ്രയിച്ചാണിരിക്കുന്നതു്.

ഹരിജൻ, 9-10-'37

## ഇരുപതു്

## സ്വാവലംബനമല്ല ഉരകല്ലു്

ഒരു തൊഴിൽമുഖേനയുള്ള വിദ്യാഭ്യാസത്തെപ്പററി സംസാരിക്കുന്നതിന്നിടയിൽ ഗാന്ധിജി പറഞ്ഞു:

"അത്തരം വിദ്യാഭ്യാസം നല്ലതായാൽ അതിൻെറ പ്രത്യക്ഷഫലം അതു സ്വാവലംബിയായിരിക്കും എന്നതാണ്. എന്നാൽ, സ്വാവലംബനമല്ല അതിന്റെ സഫലതയുടെ ഉരകല്ല്. ഒരു കൈത്തൊഴിൽ ശാസ്ത്രീയമായി പഠിപ്പിക്കുകയും അതുമുഖേന വിദ്യാർത്ഥിയുടെ സമഗ്രമായ വികാസം സാധിക്കുകയും വേണം—എന്നാലതു സഫലമായി എന്നു കരുതാം. ഏതു പരിതഃസ്ഥിതിയിലും അതിനെ സ്വാവലംബിയാക്കുമെന്നു പ്രതിജ്ഞചെയ്യുന്ന അദ്ധ്യാപകനെ ഞാൻ ഉപേക്ഷിക്കുകയാണു ചെയ്യുക. കുട്ടി തൻെറ എല്ലാ കഴിവുകളേയും ശരിയായി ഉപയോഗപ്പെടുത്താൻ പഠിച്ചു എന്നതിൻെറ സ്വാഭാവിക പരിണാമമാണ് സ്വാവലംബനം. ദിവസേന മൂന്നുമണിക്കൂർ പണിചെയ്യുന്ന ഒരു കുട്ടി തൻെറ ഉപജീവനത്തിന്നുള്ള വക തീർച്ചയായും സമ്പാദിക്കുമെങ്കിൽ ആ പണിയോടൊപ്പം മനസ്സിൻേറയും ആത്മാവിൻേറയും വികാസംകൂടി സാധിക്കുന്ന ഒരു കുട്ടിയുടെ സമ്പാദ്യം അതിലും എത്ര അധികമായിരിക്കും!

ഹരിജൻ, 11-6-'38

## ഇരുപത്തൊന്നു്

## നിഗമനങ്ങൾ

നമ്മുടെ നാട്ടിൻെറ ആവശ്യങ്ങൾക്കനുസരിച്ച് ഇവിടത്തെ അന്തരീക്ഷത്തിൽനിന്നുണ്ടായതാണ് അടിസ്ഥാനവിദ്യാഭ്യാസം. അതു് ആ അന്തരീക്ഷത്തിന്നനുകൂലമായ വിധത്തിലാണ് ആസൂത്രണംചെയ്യപ്പെട്ടിട്ടുള്ളതു്. ആ അന്തരീക്ഷം ഇന്ത്യയിലെ ഏഴുലക്ഷം ഗ്രാമങ്ങളേയും അതിലേ അനേകലക്ഷം നിവാസികളേയും ആവരണംചെയ്യുന്നുണ്ടു്. അവരെ വിസ്മരിക്കുക; നിങ്ങൾ ഇന്ത്യയെ വിസ്മരിച്ചു. ശരിയായ ഇന്ത്യയെ നമ്മുടെ നഗരങ്ങളിൽ കാണുക സാധ്യമല്ല. അതു് നമ്മുടെ നിരവധി ഗ്രാമങ്ങളിലാണു്.

അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ മൗലികതത്ത്വങ്ങൾ താഴെ പറയുന്നവയാണു്.

(1) ഏതു വിദ്യാഭ്യാസവും യഥാൎത്ഥമാവണമെങ്കിൽ സ്വാവലംബിയാവണം, എന്നുവെച്ചാൽ അവസാനത്തിൽ അതു മൂലധനമൊഴികെ എല്ലാ ചെലവുകളും സ്വയം വഹിക്കുന്നതാവണം, മൂലധനം അതേനിലയിൽ അവശേഷിക്കയും വേണം.

(2) അതിൽ അവസാനത്തെ ക്ലാസ്സുവരെ കൈകളുടെ കുശലതയെ ഉപയോഗപ്പെടുത്തുന്നതാണു്. അതായതു്, ദിവസേന കുറച്ചുനേരത്തേക്കെങ്കിലും വിദ്യാൎത്ഥികളുടെ കൈകൾ ഏതെങ്കിലും തൊഴിൽ കുശലതാപൂൎവ്വം ചെയ്യുന്നതാണു്.

(3) വിദ്യാഭ്യാസം മുഴുവനും പ്രാദേശികഭാഷാമുഖേന നല്ലപ്പെടണം.

(4) അതിൽ വിവിധമതങ്ങളെപ്പററി പഠിക്കുന്നതിന്നു് ഇടമുണ്ടായിരിക്കയില്ല. എന്നാൽ, വിശ്വവ്യാപകമായ ധൎമ്മതത്ത്വങ്ങൾ പഠിപ്പിക്കാൻ യഥേഷ്ടം അവസരമുണ്ടായിരിക്കും.

(5) കുട്ടികളായാലും ശരി, വൃദ്ധന്മാരായാലും ശരി ഈ പദ്ധതിയനുസരിച്ചു് പഠിക്കുന്നതായാൽ ആ പഠിപ്പു് അവരുടെ ഗൃഹങ്ങളിലേയ്ക്കു് എത്തുന്നതാണു്.

(6) ഈ പദ്ധതിയനുസരിച്ചു് വിദ്യാഭ്യാസം ലഭിക്കുന്ന അനേകലക്ഷം വിദ്യാർത്ഥികൾ, തങ്ങൾ ഇന്ത്യയിലെ പൗരന്മാരാണെന്നു കരുതും. അതിനാലവർ ഒരു പൊതുഭാഷ പഠിക്കണം. അതു നാഗരിലിപിയിലോ ഉർദ്ദുലിപിയിലോ എഴുതുന്ന ഹിന്ദുസ്ഥാനിയേ ആവുകയുള്ളു. അതിനാൽ, വിദ്യാൎത്ഥികൾ രണ്ടു ലിപികളും പഠിക്കണം.

ഹരിജൻ, 2–11–'47

## ഖണ്ഡം നാല്: അദ്ധ്യാപകന്മാർ

### ഇരുപത്തിരണ്ട്

### ഒരഭ്യർത്ഥന

ഞാൻ പ്രതിപാദിച്ചുവരുന്ന പ്രാഥമികവിദ്യാഭ്യാസ പദ്ധതിയിൽ ഏറെക്കുറെ വിശ്വസിക്കുന്ന ഒട്ടേറെ അദ്ധ്യാപകന്മാരുണ്ടെന്ന് എനിക്കറിയാം. ഏതെങ്കിലും കൈത്തൊഴിൽമുഖേന അത്തരം പരിശീലനം നല്കുന്നതിൽ പരീക്ഷണം നടത്തുന്ന ചിലർ ഉണ്ടെന്നും എനിക്കറിയാം. ആ മാർഗ്ഗത്തിൽ പരിശ്രമം നടത്താനാഗ്രഹമുണ്ടെങ്കിലും പരിതഃസ്ഥിതികളുടെ പ്രാതികൂല്യംനിമിത്തം അദ്ധ്യാപകവൃത്തി സ്വീകരിക്കാൻ സാധിക്കാത്തവരായും ചിലരുണ്ട്. ഇപ്പോൾ കോൺഗ്രസ്സ് മന്ത്രിമാർ, ഞാൻ രൂപവത്കരിച്ച പദ്ധതിയോട് ആനുകൂല്യം കാണിക്കുന്നുണ്ട്. അതിനാൽ, ഈ പരീക്ഷണത്തിന്നു തങ്ങളുടെ സേവനം നല്കാനാഗ്രഹിക്കുന്നവരുടെ പേരറിഞ്ഞിരിക്കുന്നതു് ആവശ്യമായിരിക്കുന്നു. അത്തരം സുഹൃത്തുക്കൾ തങ്ങളുടെ പേരും യോഗ്യതകളും, തങ്ങൾക്കാവശ്യമായ ശമ്പളവും, വല്ല നിബന്ധനകളുമുണ്ടെങ്കിൽ അതും എനിക്കയച്ചുതരുമോ?

ഹരിജൻ, 25–9–'37

### ഇരുപത്തിമൂന്ന്

### പ്രാഥമികാദ്ധ്യാപകന്മാരാവാനുള്ള അപേക്ഷകരോട്

ഞാൻ ഈ പത്രംമുഖേന ആഴ്ചതോറും വികസിപ്പിച്ചുവരുന്ന പ്രാഥമികവിദ്യാഭ്യാസപദ്ധതിയെ അനുമോദിക്കുകയും

അതിന്നായി പ്രവത്തിക്കാൻ ഇഷ്ടപ്പെട്ടുകയും ചെയ്യുന്ന അദ്ധ്യാപകന്മാരെ ആവശ്യപ്പെട്ടുകൊണ്ടു ഞാൻ ചെയ്ത അഭ്യത്ഥനയ്ക്കു മറുപടിയായി എനിക്കു ദിനംപ്രതി കത്തുകൾ കിട്ടിക്കൊണ്ടിരിക്കുന്നുവെന്നതു് സന്തോഷാവഹമായ ഒരു കാര്യമാണു്. ആ കത്തുകളിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു്, അവ എഴുതിയിട്ടുള്ളവർ എന്റെ അഭ്യത്ഥനയുടെ താത്പര്യം മനസ്സിലാക്കിയിട്ടില്ലെന്നാണു്. ആദായപ്രദമായ ഒരു കൈത്തൊഴിൽമുഖേന പ്രാഥമികവിദ്യാഭ്യാസം നല്കാനുള്ള പദ്ധതിയിൽ പൂണ്ണമായി വിശ്വസിക്കുകയോ അതിനോടുള്ള താത്പര്യം ഹേതുവായി ഉപജീവനത്തിന്നുള്ള വകമാത്രം സ്വീകരിച്ചുകൊണ്ടു് അതു ചെയ്യാൻ സന്നദ്ധരാവുകയോ ചെയ്യാത്ത ഒരാളെപ്പോലും എനിക്കാവശ്യമില്ല. അവരോടെല്ലാം നൂല്പും അതിന്നുമുമ്പുള്ള പ്രക്രിയകളും ശരിയായി പഠിക്കാൻ ഞാനാവശ്യപ്പെടുന്നു. ഞാൻ എല്ലാവരുടേയും പേർ രജിസ്റ്റർചെയ്തുകൊണ്ടിരിക്കയാണു്. ഈ പദ്ധതി നടപ്പാക്കുന്നതിലുള്ള പുരോഗതിയെപ്പററി ഞാൻ അവരെയെല്ലാം യഥാവസരം അറിയിക്കുന്നതാണു്. ഏഴു സംസ്ഥാനങ്ങളിലെ മന്ത്രിമാർ എന്റെ പദ്ധതി സ്വീകരിക്കുകയും അതിനെ പരീക്ഷിച്ചുനോക്കാനാഗ്രഹിക്കുകയും ചെയ്യുന്നതായാൽ അപ്പോൾ അവരുടെ ആവശ്യം ഞാൻ സാധിപ്പിച്ചുകൊടുക്കണമല്ലോ. അതിന്നുള്ള ഒരു പരിശ്രമം എന്ന നിലയിലാണു് ഞാൻ ആ അഭ്യത്ഥന പുറപ്പെടുവിച്ചിട്ടുള്ളതു്.

ഹരിജൻ, 9–10–'37

## ഇരുപത്തിനാല്

## അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിലെ അദ്ധ്യാപകന്മാരോട്

**(1938 ഏപ്രിൽ 18-ാം തീയതി വർദ്ധയിലെ വിദ്യാമന്ദിർ ട്രെയിനിങ്സ്കൂൾ ഉദ്ഘാടനം ചെയ്ത അവസരത്തിൽ ഗാന്ധിജി ഹിന്ദുസ്ഥാനിയിൽചെയ്ത ഭാഷണം സംക്ഷിപ്തരൂപത്തിൽ താഴെ കൊടുക്കുന്നു.)**

നിങ്ങളുടെ പ്രതിജ്ഞ തുലോം കഠിനമാണ്. അയ്യായിരത്തിലധികം അപേക്ഷകൾ കിട്ടിയിട്ടുണ്ട് എന്നതു് ദേശഭക്തിയുടെ തെളിവൊന്നുമല്ല. അതങ്ങനെ ആയിരുന്നെങ്കിൽ എന്നു ഞാനാശിക്കുന്നു. അതു് പഠിച്ചവരുടേയും പകുതി പഠിച്ചവരുടേയും തൊഴിലില്ലായ്മയെയാണ് കാണിക്കുന്നതു്. അതേസമയത്തു് സക്കാരുദ്യോഗത്തെ ആവരണംചെയ്ത മാന്ത്രികശക്തിക്കുള്ള ഒരു തെളിവുമാണ്. ആളുകൾ അദ്ധ്യാപകജോലിക്കും പോലീസുജോലിക്കും ഹരജി അയയ്ക്കുന്നതു് തങ്ങളുടെ നിയമവിധേയമായ ശമ്പളത്തിനോട്ട് നിയമവിരുദ്ധമായ മാർഗ്ഗങ്ങളിലൂടെ വല്ലതുംകൂട്ടിച്ചേർക്കാൻ കഴിയുമെന്ന പ്രതീക്ഷയോടുകൂടിയാണെന്നു് എനിക്കറിയാം. നിങ്ങളാരും അത്തരം പ്രതീക്ഷ വെയ്ക്കുന്നില്ലെന്നു ഞാൻ വിശ്വസിക്കുന്നു. എത്രതന്നെ ദേശഭക്തിയുണ്ടെങ്കിലും എനിക്കു്, 15ക. മാസപ്പടിയിൽ അദ്ധ്യാപകജോലി ചെയ്യാമെന്നു പ്രതിജ്ഞചെയ്യാൻ സാധിക്കുമെന്നു തോന്നുന്നില്ല. സ്കൂളുകളിൽ നിങ്ങൾക്കു പങ്കിട്ടെടുക്കാൻ സാധിക്കത്തക്ക നിലയിൽ വല്ല ആദായവും അവശേഷിക്കും എന്ന വിചാരം നിങ്ങൾ മനസ്സിൽനിന്നു ദൂരീകരിക്കണം. അതിനാൽ, ഇങ്ങനെ ഒരു കരാറിലേർപ്പെട്ടതിൽ പശ്ചാത്തപിക്കുന്ന വല്ലവരും ഉണ്ടെങ്കിൽ അവർ ഉടനേ മന്ത്രിയെ സമീപിച്ചു് തങ്ങളെ ഇതിൽനിന്നൊഴിവാക്കാൻ ആവശ്യപ്പെടണം. ഞാൻ, നിങ്ങൾക്കുവേണ്ടി വാദിക്കുന്നതാണെന്നു വാഗ്ദാനം ചെയ്യുന്നു. ഇത്രയും പറഞ്ഞശേഷം, തങ്ങ

ളുടെ കരാറിനെ മുറുകെപ്പിടിക്കുന്നവരെ ഞാനഭിനന്ദിക്കുന്നു. നിങ്ങളുടെ പ്രതിജ്ഞ പാലിക്കാൻ ദൈവം നിങ്ങൾക്കു ശക്തി തരുമെന്നു ഞാനാശിക്കുന്നു.

ഈ വിദ്യാഭ്യാസപദ്ധതി നിർമ്മിച്ചിട്ടുള്ളതു് കോൺഗ്രസ്സിൻെറ പരിപാടിയെ നടപ്പാക്കുന്നതിന്നുവേണ്ടിയാണെന്നു നിങ്ങൾക്കറിയാം. കോൺഗ്രസ്സ് അഹിംസാത്മകവും സത്യസന്ധവുമായ മാർഗ്ഗങ്ങളിലൂടെ സ്വരാജ്യം സമ്പാദിക്കാൻ പ്രതിജ്ഞചെയ്തിട്ടുണ്ട്. അതിനാൽ, മൗലികമായ ഈ സദ്ഗുണങ്ങൾ ഉളവാക്കുകയാണ് ഈ പദ്ധതിയുടെ അടിസ്ഥാനം. വിദ്യാർത്ഥികളോടുള്ള നിങ്ങളുടെ ദൈനംദിന ഏടപാടുകളിൽ ഇവയെ പ്രകടിപ്പിക്കാതിരിക്കയും നിങ്ങൾക്കുതന്നെ വേണ്ടത്ര സ്വഭാവശുദ്ധിയില്ലാതിരിക്കയും ചെയ്യുന്നതായാൽ നിങ്ങളും തന്നിമിത്തം നിങ്ങളുടെ വിദ്യാലയവും പരാജയപ്പെടും. ഹിററ്ലർ ജർമ്മനിയിൽ എന്താണ് ചെയ്യുന്നതെന്നു നിങ്ങൾക്കറിയാം. അദ്ദേഹത്തിൻെറ മതം ഹിംസയാണ്. അതദ്ദേഹം ഒളിച്ചുവെയ്ക്കുന്നില്ല. അവരുടെ ആത്മാവ് വാളാണെന്നു് ഇതിനിടെ ആരോ പറയുകയുണ്ടായി. അവിടെ ബാലികാബാലകന്മാരെ ആരംഭംമുതല്ക്കുതന്നെ ഹിംസയുടെ ശാസ്ത്രമാണ് പഠിപ്പിക്കുന്നതു്. ഗണിതശാസ്ത്രത്തിൽപ്പോലും ശത്രുവിനെ വെറുക്കാനാണ് പഠിപ്പിക്കുന്നതു്. പട്ടാളഭാവനയുളവാക്കാൻ പര്യാപ്തമായ ഉദാഹരണങ്ങളാണ് അവർ സാധാരണ തിരഞ്ഞെടുക്കുന്നതു്. നാം അവരുടെ മതത്തെ അനുമോദിക്കുന്നതായാൽ ശിശുപ്രായത്തിൽത്തന്നെ ഹിംസാഭാവനയുളവാക്കുന്നതിൻെറ ആവശ്യകതയെ അംഗീകരിക്കണം. ഇററലിയിലും ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതു്. നമ്മളും അവരെപ്പോലെ, സത്യസന്ധരാവണം. ഈ പദ്ധതിയെ ഇതിലടങ്ങിയ എല്ലാ തത്ത്വങ്ങളേയും ആദരിച്ചുകൊണ്ടു നടപ്പാക്കുകയും, ഇന്ത്യയിലാകെ ഇതിന്നു ജനസമ്മതി ലഭിക്കു

കയും ചെയ്യുന്നതായാൽ ഇവിടെ ഒരു നിശ്ശബ്ദവിപ്ലവം നടക്കും; തീർച്ചയായും സ്വരാജ്യം ലഭിക്കുകയും ചെയ്യും.

ഹരിജൻ, 30–4–'38

## ഇരുപത്തഞ്ച്

## അഹിംസാത്മകമായ അടിസ്ഥാനം

പുതുതായി സ്ഥാപിച്ച ഹിന്ദുസ്ഥാനി താലിമിസംഘത്തിൻെറ (Indian National Education Board) ഒരു യോഗത്തിൽ ഗാന്ധിജി പുതിയ വിദ്യാഭ്യാസത്തിന്റെ ആന്തരാത്ഥവും ഉദ്ദേശ്യവും വിവരിക്കുകയുണ്ടായി. ഇവിടേയും അദ്ദേഹത്തെ ബാധിച്ച മാനസികപാതിത്യം സ്പഷ്ടമായി കാണപ്പെട്ടിരുന്നു. അദ്ദേഹം അവസാനം ഇങ്ങനെ പറഞ്ഞു: "പുതിയ വിദ്യാഭ്യാസപദ്ധതി പുറത്തിറക്കിയപ്പോൾ എനിക്ക് പൂണ്ണമായ ആത്മവിശ്വാസം ഉണ്ടായിരുന്നു. എന്നാൽ, ഇന്നതു് അല്പം കുറഞ്ഞിട്ടുണ്ടെന്നു തോന്നിപ്പോകുന്നു. ആദ്യമെല്ലാം എൻെറ വാക്കിന്നു നല്ല ശക്തിയുണ്ടായിരുന്നു. ഇന്നു് ആ ശക്തി ഇല്ലാതായപോലെ തോന്നുന്നു. ആത്മവിശ്വാസം കുറഞ്ഞതു് ബാഹ്യമായ കാരണങ്ങളെക്കൊണ്ടല്ല, പ്രത്യുത, ആന്തരമായ കാരണങ്ങളെക്കൊണ്ടാണു്. ഇതിൻെറ താത്പയ്യം, എൻെറ ഭാവനകൾ സ്തംഭിച്ചിരിക്കുന്നു എന്നല്ല. എൻെറ ബുദ്ധി പ്രായത്തിന്നനുസരിച്ചവിധത്തിൽ ശരിയായി പ്രവത്തിക്കുന്നുണ്ടു്. എനിക്കു് അഹിംസയിൽ വിശ്വാസമില്ലാതായി എന്നും ഇതിന്നത്ഥമില്ല. ആ വിശ്വാസം അഭ്രുതപൂവ്വമായ വിധത്തിൽ പ്രകാശമാനമായിരിക്കുന്നുണ്ടു്. എന്നാലും, തത്കാലം എനിക്കു് ആത്മവിശ്വാസം ഇല്ലാതായിരിക്കുന്നു. അതിനാൽ, ഞാൻ പറയുന്ന ഒരു കായ്യവും നിങ്ങൾ ചോദ്യംചെ

യ്യാതെ സ്വീകരിക്കരുതു് എന്നു ഞാൻ ആവശ്യപ്പെടുന്നതാണു്. ഏതൊരു കാര്യവും നിങ്ങൾക്കു ബോധ്യമായ ശേഷമേ സ്വീകരിക്കാവൂ. നമുക്കു ശരിയായരീതിയിൽ രണ്ടു സ്കൂളെങ്കിലും നടത്താൻ സാധിച്ചാൽ ഞാൻ തീർച്ചയായും സന്തോഷം കൊണ്ടു തുള്ളിച്ചാടും.''

ശരിയായ രീതി ഏതെന്നു് അദ്ദേഹം ഭാഷണത്തിന്റെ ആരംഭത്തിൽ വിവരിച്ചിരുന്നു. ''നമുക്കു് ഈ പുതിയ ട്രെയിനിങ്ങ്സ്കൂളിനെ സ്വാതന്ത്ര്യം സമ്പാദിക്കുന്നതിന്നും, നമ്മുടെ മറെറല്ലാ ന്യൂനതകളേയും—അതിൽ സുപ്രധാനമായതു് സാമുദായികമത്സരമാണു്—പരിഹരിക്കുന്നതിന്നും പര്യാപ്തമായ ഒരു സ്കൂളാക്കണം. അതിന്നു നമ്മുടെ ശക്തി മുഴുവനും അഹിംസയിൽ കേന്ദ്രീകരിക്കേണ്ടിവരും. ഹിററ്ലരുടേയും മുസ്സോളിനിയുടേയും സ്കൂളുകൾ ഹിംസയെ തങ്ങളുടെ അടിസ്ഥാനസിദ്ധാന്തമായി സ്വീകരിച്ചിട്ടുണ്ടു്. എന്നാൽ, നമ്മുടെ സിദ്ധാന്തം കോൺഗ്രസ്സിനെ സംബന്ധിച്ചേടത്തോളം അഹിംസയാണു്. അതിനാൽ, നമുക്കു് എല്ലാ സമസ്യകളേയും അഹിംസാമാർഗ്ഗത്തിലൂടെ പരിഹരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ഗണിതശാസ്ത്രം, നമ്മുടെ ചരിത്രം, നമ്മുടെ വിജ്ഞാനം മുതലായവയെയെല്ലാം അഹിംസാത്മകമായ ദൃഷ്ടിയോടുകൂടിയാണു് നാം സമീപിക്കുക. ഈ വിഷയങ്ങളിലെ സമസ്യകൾക്കു് അഹിംസയുടെ നിറം നല്കുന്നതാണു്. മാഡം ഹാലിദ എഡിബ് ഹന്നും തുർക്കിസ്ഥാനത്തെപ്പററി ജാമിയ മിലിയാ ഇസ്ലാമിയയിൽവെച്ചു് പ്രസംഗിച്ച അവസരത്തിൽ ഞാൻ പറയുകയുണ്ടായി: 'സാധാരണ ചരിത്രം യുദ്ധത്തിൻേറയും ഹിംസയുടേയും വർണ്ണനമാത്രമാണു്. എന്നാൽ, ഭാവിയിൽ ചരിത്രം മനുഷ്യൻെറ ചരിത്രമായിരിക്കും.' അതു് അഹിംസയുടെ ചരിത്രമേ ആയിരിക്കൂ; അഥവാ, അതു് അഹിംസയുടെ ചരിത്രം മാത്രമാണു്. അപ്പോൾ നമുക്കു് ശക്തി കേന്ദ്രീകരിക്കേണ്ടതു്

നഗരവ്യവസായങ്ങളിലല്ല, മറിച്ച് ഗ്രാമവ്യവസായങ്ങളിലാണ്. അതായതു്, നാം നമ്മുടെ 7 ലക്ഷം ഗ്രാമങ്ങളിൽ ഒരു വിഭാഗത്തെയല്ല, പ്രത്യുത, എല്ലാ ഗ്രാമങ്ങളേയും സജീവമാക്കിവെയ്ക്കാനാഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് ഗ്രാമങ്ങളിലെ കൈത്തൊഴിലുകളെ പുനരുദ്ധരിക്കേണ്ടിവരും. ആ ഗ്രാമവ്യവസായങ്ങൾമുഖേന, എന്നുവെച്ചാൽ കൈത്തൊഴിലുകൾ മുഖേന, സ്കൂൾപഠിപ്പ് നല്കാൻ കഴിയുമെങ്കിൽ നമുക്കൊരു വിപ്ലവം വരുത്താൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിച്ചുകൊൾക. നമ്മുടെ പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതു് ആ ഉദ്ദേശ്യത്തോടുകൂടിയായിരിക്കണം.

"ഞാൻ പറയുന്നതിനെപ്പററി നിങ്ങൾ ഗാഢമായി ചിന്തിക്കുകയും നിങ്ങൾക്കു ബോധ്യമാവാത്തതിനെ ഉപേക്ഷിക്കുകയും വേണം. നമ്മുടെ മുസ്ലീംസഹോദരന്മാർക്കു ഞാൻ പറയുന്നതു് സ്വീകാര്യമായി തോന്നുന്നില്ലെങ്കിൽ അവരതിനെ അപ്പടി ഉപേക്ഷിച്ചുകൊള്ളട്ടെ. ഞാനാഗ്രഹിക്കുന്ന അഹിംസ ഇംഗ്ലീഷുകാരോടു സമരംചെയ്യുന്നതിന്നു മാത്രമുള്ള അഹിംസയല്ല; അതു നമ്മുടെ ആന്തരകാര്യങ്ങളിലും മററു പ്രശ്നങ്ങളിലും പ്രയോഗിക്കാൻ കഴിയുന്നതരത്തിലുള്ളതാവണം. എന്നുവെച്ചാൽ, ക്രിയാത്മകവും യഥാർത്ഥവുമായ അഹിംസയായിരിക്കണം. അതിൽനിന്നുളവാകുന്നതു് സജീവമായ ഹിന്ദു–മുസ്ലീം മൈത്രിയായിരിക്കണം. അല്ലാതെ, പരസ്പരഭയത്തെ ആസ്പദമാക്കിക്കൊണ്ടുള്ള ഐക്യമാവരുതു്, ഹിററ്ലരും മുസ്സോളിനിയും തമ്മിൽ ചെയ്ത കരാറിലും മററും അതാണ് കാണുന്നതു്.

ഹരിജൻ, 7–5–'38

## ഇരുപത്താറ്

## അടിസ്ഥാനവിദ്യാഭ്യാസത്തിന്നുള്ള അദ്ധ്യാപകന്മാർ

കർഷകരുടെ വിദ്യാഭ്യാസകാര്യം ഏറ്റെടുക്കുന്നതിന്നായി താൻ സർവ്വകലാശാലയിലെ ജോലി ഉപേക്ഷിച്ചിരിക്കയാണെന്നും തനിക്ക് അടിസ്ഥാനവിദ്യാഭ്യാസ പദ്ധതിയിൽ അഗാധമായ താത്പര്യമുണ്ടെന്നും പ്രൊഫസർ 'ടാഗോ' പറയുകയുണ്ടായി. അദ്ദേഹം ചോദിച്ചു: "ശരിക്കെന്താണ് പദ്ധതിയുടെ ആന്തരതത്ത്വം (ഗരിമകേന്ദ്രം)?"

"ഗരിമകേന്ദ്രം (core) ഏതെങ്കിലും ഗ്രാമവ്യവസായമാണ്. അതുമുഖേന കുട്ടിയിലുള്ള പുരുഷനെ അഥവാ സ്ത്രീയെ സമഗ്രമായി പുറത്തുകൊണ്ടുവരാൻ സാധിക്കണം."

പക്ഷേ, തക്ക അദ്ധ്യാപകന്മാരെ ലഭിക്കുന്നതിന്നു വിഷമമുണ്ടാവും എന്നു പ്രൊഫസർ പറഞ്ഞു. അതുകേട്ട് ഗാന്ധിജി ചിരിച്ചു. കാരണം, നമ്മുടെ വിഷമവും അതുതന്നെയാണ്. "അങ്ങുന്ന് പരിശീലനം സിദ്ധിച്ച അദ്ധ്യാപകന്മാരെ കൈത്തൊഴിൽ പഠിപ്പിക്കുമോ അല്ലാ, കൈത്തൊഴിലറിയുന്നവരെ (ശില്പികളെ) അദ്ധ്യാപനകല പഠിപ്പിക്കുമോ?" പ്രൊഫസർ ചോദിച്ചു.

ഗാന്ധിജി പറഞ്ഞു: "സാമാന്യവിദ്യാഭ്യാസം സിദ്ധിച്ച ഒരാൾക്കു് ഒരു കൈത്തൊഴിൽ എളുപ്പത്തിൽ പഠിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കാം. നിങ്ങളെപ്പോലെ അഭ്യസ്തവിദ്യനായ ഒരാൾക്കു് ഒരു തൊഴിൽ, ഉദാ: ആശാരിപ്പണി, പഠിക്കാൻ എത്ര സമയം വേണ്ടിവരുമോ അതിലും എത്രയോ അധികം സമയം വേണ്ടിവരും നമ്മുടെ ശില്പികൾക്കു കുട്ടികളെ പഠിപ്പിക്കാൻ വേണ്ടത്ര സാമാന്യജ്ഞാനം സമ്പാദിക്കാൻ."

"എന്നാൽ," പ്രൊഫസർ പറഞ്ഞു: "നമ്മുടെ അഭ്യസ്തവിദ്യരെല്ലാം വലിയ ഉദ്യോഗവും പണവും അന്വേഷിക്കുന്ന

വരാണു്. അവരെ ഇതിലേയ്ക്കാകർഷിക്കാൻ കഴിയുന്നതെങ്ങനെ?"

"ഈ പദ്ധതി ശരിയാണെങ്കിൽ, അഭ്യസ്തവിദ്യർ ഇഷ്ടപ്പെടുന്ന ഒന്നാണെങ്കിൽ, ഇതവൎക്കു് ആകർഷകമായിത്തീരും, കൂടാതെ അവരെ ധനലോഭത്തിൽനിന്നു മുക്തരാക്കുകയും ചെയ്യും. ഇതു് അഭ്യസ്തവിദ്യരായ യുവാക്കളിൽ വേണ്ടത്ര സ്വദേശഭക്തിയുളവാക്കുന്നില്ലെങ്കിൽ തീർച്ചയായും പരാജയപ്പെടും. ഒരു കാൎയ്യം നമുക്കനുകൂലമായിട്ടുണ്ടു്. ഭാരതീയഭാഷകളിലൂടെ വിദ്യാഭ്യാസം സിദ്ധിച്ചവൎക്കു് കോളേജുകളിൽ പ്രവേശിക്കുകസാദ്ധ്യമല്ല. അവർക്കു് ഈ പദ്ധതി ആകർഷകമായി തോന്നാനിടയുണ്ടു്."

ഹരിജൻ, 27–8–'38

## ഖണ്ഡം അഞ്ചു്: വിമശ്നങ്ങളും വിശദീകരണങ്ങളും

### ഇരുപത്തേഴ്

### സമത്ഥനം

"കുട്ടിയെ ഏതെങ്കിലും കൈത്തൊഴിൽ ശാസ്ത്രീയമായും സാംസ്കാരികമായും പഠിപ്പിക്കണമെന്നും പരിശീലനാരംഭംമുതല്ക്കുതന്നെ എന്തെങ്കിലും ഉത്പാദിപ്പിക്കാൻ അവനെ പ്രാപ്തനാക്കണമെന്നും അങ്ങുന്നഭിപ്രായപ്പെടുന്നതിനോടു ഞാൻ തികച്ചും യോജിക്കുന്നു, അല്ലാ അതിന്നുവേണ്ടി വാദിക്കുകകൂടി ചെയ്യുന്നു. അതു് തീർച്ചയായും വിപ്ലവപരമായ ഒരഭിപ്രായമാണു്, ഞാനതിനോടു പരിപൂണ്ണമായി യോജിക്കുന്നു. ധാമ്മികമായും സാംസ്കാരികമായും സാമ്പത്തികമായും അതുകൊണ്ടു് വ്യക്തിക്കും രാഷ്ട്രത്തിന്നും ഒരു അപാരമായ ലാഭം കിട്ടും. അതു തൊഴിലിന്നുള്ള മാന്യതയെ മാത്രമല്ല സ്വാശ്രയശീലത്തേയും ജീവിതത്തിന്റെ സൃഷ്ടിപരമായ മൂല്യങ്ങളേയും വർദ്ധിപ്പിക്കും. ബുദ്ധി, ശരീരം, ധാമ്മികത, തൊഴിൽ ഈവകകാര്യങ്ങളിൽ കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുകയായിരിക്കണം നമ്മുടെ ലക്ഷ്യം. തൊഴിൽപരിശീലനത്തോടൊപ്പംതന്നെ ഉത്പാദനമുറകളെക്കുറിച്ചുള്ള സാമാന്യതത്ത്വങ്ങളും കുട്ടികളെ പഠിപ്പിക്കണം. കൂടാതെ, കുട്ടിക്കു് അഥവാ യുവാവിന്നു് എല്ലാ തൊഴിലുകളുടേയും ലഘുതമമായ ഉപകരണങ്ങളുപയോഗിക്കാനുള്ള പരിശീലനവും നല്കണം. പുതിയ തലമുറയ്ക്കു് ഉത്പാദനപരമായ പ്രവൃത്തികളോടൊപ്പം ബോധനവും നല്കുക എന്നതാവണം നമ്മുടെ ആദശം. ഇതിന്റെ താത്പര്യം, സാധാരണ ബോധനത്തിനോടു്

കായികാദ്ധ്വാനത്തെ കൂട്ടിച്ചേക്കുക എന്നാണു്. ശാരീരികമായ അദ്ധ്വാനത്തിനോടു കൂട്ടിച്ചേക്കാൻ കഴിയുന്ന കൈത്തൊഴിലുകളുടെ പ്രധാനശാഖകളെപ്പറ്റിയ ഒരു സാമാന്യബോധം നല്കുക എന്നതാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. വിദ്യാഭ്യാസപരമായ നമ്മുടെ വീക്ഷണം ബൗദ്ധികവും ധാമ്മികവുമായ പ്രയത്നത്തോടൊപ്പമുള്ള കായികാദ്ധ്വാനമായിരിക്കണം. ബൗദ്ധികപ്രവത്തനത്തിന്നും കായികപ്രവത്തനത്തിന്നും തമ്മിൽ യാതൊരു ഇടപ്പഴുതും ഉണ്ടായിരിക്കരുതു്.

"നമ്മുടെ പ്രാഥമികവിദ്യാഭ്യാസപദ്ധതിയിൽ താഴെ എഴുതിയ കാര്യങ്ങൾ ഉൾപ്പെടുത്തണം:

1. മാതൃഭാഷ.
2. കണക്കു്.
3. പ്രകൃതിശാസ്ത്രം.
4. സാമുദായികശാസ്ത്രം.
5. ഭൂമിശാസ്ത്രവും ചരിത്രവും.
6. കായികപ്രവൃത്തി അഥവാ വിവിധ സാങ്കേതികപ്രവൃത്തി.
7. കായികാഭ്യാസം.
8. കലയും സംഗീതവും.
9. ഹിന്ദുസ്ഥാനി.

"ഒരു ശിശുവിൻെറ വിദ്യാഭ്യാസം ആരംഭിക്കേണ്ടതു് എത്രാമത്തെ വയസ്സിലാണു് എന്നതുമാത്രമാണു് ഇവിടെ പ്രശ്നം. അഞ്ചാമത്തേയോ ആറാമത്തേയോ വയസ്സിലാണെങ്കിൽ ആ പ്രായത്തിൽ ഒരു കൈത്തൊഴിൽ ആരംഭിക്കുക സാധ്യമാണോ? അതു പഠിപ്പിക്കുന്നതിനുള്ള ചെലവിൻെറ കാര്യമോ? ഇതു സാക്ഷരതാപ്രചരണത്തെ അപേക്ഷിച്ചു് സുഗമമോ ആദായകരമോ ആയിരിക്കയില്ല. ഞാൻ

എട്ടാമത്തേയോ പത്താമത്തേയോ വയസ്സിലേ കൈത്തൊഴിൽ പഠിപ്പിക്കാനാരംഭിക്കൂ. കാരണം, നാം വിചാരിക്കുന്നവിധത്തിൽ ഉപകരണങ്ങളുപയോഗിക്കുന്നതിന്നു കൈകൾക്കു കുറച്ചൊക്കെ ശക്തിയും കുശലതയും ആവശ്യമാണ്. പ്രാഥമികവിദ്യാഭ്യാസമാവട്ടെ അഞ്ചാമത്തേയോ ആറാമത്തേയോ വയസ്സിൽത്തന്നെ ആരംഭിക്കണം. കുട്ടിക്ക് അതിലധികം കാത്തിരിക്കേണ്ടിവരരുത്. നാം നല്ലാനുദ്ദേശിക്കുന്ന (വിവിധ) സാങ്കേതികപരിശീലനത്തിന്നു പുറമെ കുട്ടിയെ മെട്രിക്കുലേഷൻനിലവാരത്തിലെത്തിക്കണമെങ്കിൽ പത്തുകൊല്ലത്തേയ്ക്കുള്ള ഒരു പാഠ്യക്രമം ആവശ്യമാണ്. ഈ കുട്ടികളുടെ ഉത്പന്നങ്ങളുടെ—പ്രത്യേകിച്ച് ആരംഭകാലത്തെ ഉത്പന്നങ്ങളുടെ—സാമ്പത്തികമൂല്യത്തിന്റെ കാര്യത്തിൽ എനിക്കു തീർച്ചയായും സംശയമുണ്ട്. ആ പദാർത്ഥങ്ങൾക്ക് ഉറപ്പോ പൂർണ്ണതയോ ഉണ്ടായിരിക്കയില്ല. ആ സ്ഥിതിക്ക് സ്വതന്ത്രവ്യാപാരവും പുത്തൻമോടികളും നടപ്പുള്ള ഒരു രാജ്യത്ത് അവ വിറ്റഴിക്കുക സാധ്യമാവില്ല. രാഷ്ട്രം അതൊക്കെ വിലയ്ക്കു വാങ്ങുന്നതായാൽ അഥവാ പാഠശാലകൾക്കു നല്കിയ സേവനത്തിന്നോ സഹായത്തിന്നോ പകരമായി സ്വീകരിക്കുന്നതായാൽ രാഷ്ട്രം അതുകൊണ്ടെന്തുചെയ്യും? ഇങ്ങനെ ചെയ്യുന്നതിന്നു പകരം കുട്ടികളുടെ വിദ്യാഭ്യാസത്തിന്നു നേരിട്ടു ചെലവു ചെയ്യുന്നതായിരിക്കും ഉത്തമം. മുതിർന്നവർ, എന്നുവെച്ചാൽ 12-നും 16-നും ഇടയിലുള്ള കുട്ടികൾ, ഉണ്ടാക്കുന്ന സാധനങ്ങൾ വില്ക്കാൻ കൊള്ളാവുന്നവയാക്കാൻ സാധിക്കും. അതിനാൽ, അവ വരവിന്റെ പ്രധാന ഇനമായിത്തീരുകയും ചെയ്യും.

"ഞാൻ അക്ഷരജ്ഞാനത്തിന്റെ പ്രശ്നത്തെ മറെറാരു പ്രകാരത്തിൽ കൈകാര്യം ചെയ്യും. അതിന്നാവശ്യമായി

വരുന്ന നികുതിഭാരത്തേയും ചെലവിനേയും സധൈര്യം നേരിട്ടും.

"ഉപയോഗപ്രദമായ കൈത്തൊഴിലിനെപ്പററിയ ആശയം പ്രാഥമികവിദ്യാഭ്യാസത്തിൻെറ ഉയൎന്ന ദശയിൽ അഥവാ സെക്കണ്ടറിവിദ്യാഭ്യാസത്തിൽ നല്ലപോലെ വികസിപ്പിക്കാം. ഉത്പന്നങ്ങളുടെ വിലയുടെ അടിസ്ഥാനത്തിൽ കഴിയുമെങ്കിൽ ആദ്യംതന്നെ ഇതിനെ ഭാഗികമായിട്ടും പിന്നീട്, അനുഭവത്തിന്നുശേഷം, പൂൎണ്ണമായിട്ടും സ്വാവലംബിയാക്കാൻ പരിശ്രമിക്കണം. ഒരപകടം മാത്രം പററാതെ നോക്കണം, ശരീരം, മനസ്സ്, ആത്മാവ്— ഇവയുടെ ശിക്ഷണം സ്കൂളിൻെറ സാമ്പത്തികോദ്ദേശ്യത്തിന്നും സാമ്പത്തികതത്വത്തിന്നും അധീനമാവരുതു്.

"പ്രാഥമികവിദ്യാഭ്യാസത്തെ ഇംഗ്ലീഷൊഴികെ ഇന്നു മെട്രിക്കുലേഷൻവരെയുള്ള വിദ്യാഭ്യാസത്തിന്നു തുല്യമാക്കണമെന്ന അങ്ങയുടെ അഭിപ്രായത്തോട്ടും ഞാൻ യോജിക്കുന്നു. ഞാനതിൽ ഹിന്ദുസ്ഥാനിയും കൂട്ടിച്ചേൎക്കും. ഇതിൻെറ താത്പൎയ്യം അങ്ങുന്നു പ്രാഥമികവിദ്യാഭ്യാസപദ്ധതിയിൽ സെക്കണ്ടറി വിദ്യാഭ്യാസവും കൂട്ടിച്ചേൎക്കും എന്നാണു്. പത്തുകൊല്ലത്തെ പഠിപ്പിന്നുള്ള ഒരു പരിപൂൎണ്ണ പദ്ധതിയാണു് അങ്ങുന്നു് ഉദ്ദേശിക്കുന്നതു്. ആ പഠിപ്പു മുഴുവനും മാതൃഭാഷാമുഖേന നല്കണം, അതിന്നു മററൊരു ഭാഷയും ഉപയോഗിക്കരുതു് എന്നുകൂടി അതിൽ ചേൎക്കാൻ ഞാനാഗ്രഹിക്കുന്നു. ഇതു് കുട്ടിയുടെ മനസ്സിനെ സ്വതന്ത്രമാക്കുകയും അവന്നു ജ്ഞാനത്തിൻേറയും ജീവിതത്തിൻേറയും പ്രശ്നങ്ങളിൽ സജീവമായ താത്പൎയ്യം ഉളവാക്കുകയും ചെയ്യും. കൂടാതെ, ഇതു കുട്ടിക്കു സാഹിത്യകപ്രവണതയും വീക്ഷണവും നല്കുന്നതാണു്.

"മദ്ധ്യകാലത്തു് വിദ്യാഭ്യാസം മിക്കവാറും സ്വാവലം

ബിയായിരുന്നു എന്നു ഞാൻ സമ്മതിക്കുന്നു. നമ്മുടെ സാമുദായിക–സാമ്പത്തിക–രാഷ്ട്രീയവ്യവസ്ഥകളും നമ്മുടെ വീക്ഷണവും മദ്ധ്യകാലത്തേതാണെങ്കിൽ, എന്നു വെച്ചാൽ നാം വർഗ്ഗങ്ങളേയും ജാതികളേയും അടിസ്ഥാനമാക്കിയുള്ള പഴയ സങ്കുചിതമായ സാമ്പത്തിക–സാമുദായിക – രാഷ്ട്രീയവ്യവസ്ഥകൾക്കടിമപ്പെട്ടിരിക്കയാണെങ്കിൽ, ഇനിയും അതങ്ങനെ ആക്കാൻ സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. എന്നാൽ, നമ്മളിൽ ജീവിതത്തെസ്സംബന്ധിച്ച ജനാധിപത്യപരവും ദേശീയവും സാമൂഹ്യവുമായ ആശയങ്ങളുളവായിക്കൊണ്ടിരിക്കുന്ന ഈ കാലത്തു വിദ്യാഭ്യാസം സ്വാവലംബിയാവുക സാദ്ധ്യമല്ല. സമുദായത്തിന്റെ ശാസനാബലവും വിഭവങ്ങളും ഉള്ളതായ ഏകമാത്ര സംഘടിതശക്തി രാഷ്ട്രമാണു്. അതിനാൽ, രാഷ്ട്രം തന്നെ ഈ കാര്യം ഏറ്റെടുക്കേണ്ടിവരും. പണ്ടത്തെ ശാക്തികകക്ഷികളുടെ—ജാതി, വർഗ്ഗം, തൊഴിൽ, സംഘങ്ങൾ, സഭ, ദേവാലയം മുതലായവയുടെ—ശക്തിയും ശാസനാബലവും വിഭവങ്ങളും ഇന്നു നശിച്ചുകഴിഞ്ഞിരിക്കുന്നു. പഴയകാലത്തെ, ആ വിശാലമായ അർത്ഥത്തിൽ ഇന്നവ നിലനില്ക്കുന്നില്ല. ജനങ്ങൾക്കവയിൽ വിശ്വാസമില്ലാതായിരിക്കുന്നു. സാമുദായികശക്തി മുഴുവനും രാഷ്ട്രീയസംഘത്തിലേക്കു നീങ്ങിയിരിക്കുന്നു. ഇന്നു ഹിന്ദുസ്ഥാനത്തിൽപ്പോലും അതു സാമുദായികശക്തിയും സാമ്പത്തികശക്തിയും ആയി പരിണമിച്ചിട്ടുണ്ടു്. അതിനാൽ, രണ്ടു പ്രത്യയശാസ്ത്രങ്ങൾക്കു്—അവയിൽ ഒന്നു പ്രാചീനവും മറേറതു് അർവ്വാചീനവുമാണു്, ഒന്നു് ബഹുമുഖവും ഉപാധിപൂർണ്ണവും മറേറതു് ഏകമുഖവും രാജ്യവ്യാപകവുമാണു്—ഒരുമിച്ചു പ്രവർത്തിക്കുക സാദ്ധ്യമല്ല.

"പണ്ടു് സാർവ്വത്രികവിദ്യാഭ്യാസമുണ്ടായിരുന്നില്ല, ജനാ

ധിപത്യപരമായ ഏകഘടകഭരണസമ്പ്രദായമുണ്ടായിരുന്നില്ല, ദേശീയസമത്വവീക്ഷണവും ഉണ്ടായിരുന്നില്ല.

"വിദ്യാഭ്യാസകാര്യത്തിന്നായി യുവതീയുവാക്കളുടെ നിർബന്ധസേവനം സ്വീകരിക്കുക എന്നതു് ഇന്നൊരു പുതിയ ആശയമല്ല. അതു് അനുഗമനാർഹമാണു്. കോൺഗ്രസ്സും സംസ്ഥാനമന്ത്രിമാരും തങ്ങളുടെ ഔദ്യോഗികനിലയിൽ നാട്ടിലെ ബുദ്ധിജീവികളോടു്—നാട്ടുകാരുടെ വിദ്യാഭ്യാസത്തിൽ താത്പര്യമുള്ള എല്ലാവരോടും—സാക്ഷരതയും സാംസ്കാരികതയും വിദ്യാഭ്യാസവും പ്രചരിപ്പിക്കുന്നതിൽ പുതിയ ഗവണ്മേണ്ടുകളെ സഹായിപ്പാനായിട്ടു് അവയ്ക്കുചുററും അണിനിരക്കാനഭ്യർത്ഥിക്കണം. ഇതുനിമിത്തം പൊതുജനങ്ങളോടു് ഒരു പുതിയ അടിസ്ഥാനത്തിൽ സമ്പക്കമുളവാകും, അതു കേവലം രാഷ്ട്രീയമോ സാമ്പത്തികമോ ആയ അടിസ്ഥാനത്തിലുള്ള ബന്ധമായിരിക്കയില്ല. ഇതുവഴി നാട്ടുകാരുടെ സാമൂഹ്യശക്തിയേയും ബുദ്ധിയേയും ഉണർത്തി സംഘടിപ്പിച്ചു സുവ്യവസ്ഥിതമാമാക്കുക എന്ന ഉന്നതതരമായ ഉദ്ദേശ്യവും സാധിക്കുന്നതാണു്."

ഞാൻ ഒരു തൊഴിൽമുഖേനയുള്ള പ്രാഥമികവിദ്യാഭ്യാസത്തെപ്പററി ആദ്യം എഴുതിയപ്പോൾ, വിദ്യാഭ്യാസരംഗത്തിലെ സഹപ്രവത്തകരോടു തങ്ങളുടെ അഭിപ്രായം എനിക്കയച്ചുതരാനഭ്യർത്ഥിച്ചിരുന്നു. പ്രൊഫസർ പുണതാംബേക്കറാണു് ആദ്യമായി തൻെറ അഭിപ്രായം എനിക്കയച്ചുതന്നതു്. അദ്ദേഹം കാര്യകാരണങ്ങൾ കാണിച്ചുകൊണ്ടു് എനിക്കു സുദീർഘമായ ഒരു മറുപടി അയച്ചു. എന്നാൽ, സ്ഥലദൗർലഭ്യം ഹേതുവായി ഈ പത്രത്തിൽ അതിനെപ്പററി ഇതിന്നുമുമ്പു് എഴുതാൻ കഴിഞ്ഞില്ല. മേലുദ്ധരിച്ചതു് അദ്ദേഹത്തിൻെറ അഭിപ്രായത്തിലെ ഏററവും

പ്രധാനപ്പെട്ട ഭാഗമാണു്. സംക്ഷേപിക്കുന്നതിന്നായി, സാക്ഷരതയെപ്പററിയും കാളേജുവിദ്യാഭ്യാസത്തെപ്പററിയും ഉള്ള ഭാഗങ്ങൾ ഞാൻ വിട്ടുകളഞ്ഞിട്ടുണ്ടു്. കാരണം, ഒക്ടോബർ 22, 23 തീയതികളിൽ കൂടാൻപോകുന്ന സമ്മേളനത്തിലെ പ്രധാന ചർച്ച ഒരു കൈത്തൊഴിൽമൂഖേനയുള്ള സ്വാവലംബന പ്രാഥമികവിദ്യാഭ്യാസത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായിരിക്കും.

ഹരിജൻ, 16–10–'37

## ഇരുപത്തെട്ടു്

## ചില വിമർശനങ്ങൾക്കു മറുപടി

തൻെറ പേരു് പറയാനിഷ്ടപ്പെടാത്ത ഒരു ഉയന്ന വിദ്യാഭ്യാസ ആഫീസർ എൻെറ പ്രാഥമിക വിദ്യാഭ്യാസപദ്ധതിയെപ്പററിയ സുദീർഘവും സുചിന്തിതവുമായ ഒരു വിമർശനം, ഞങ്ങൾക്കു രണ്ടുപേക്കും ഒരുപോലെ സുഹൃത്തായ ഒരാൾ മൂഖേന എനിക്കയച്ചുതന്നിരിക്കുന്നു. സ്ഥലദൗർലഭ്യം ഹേതുവായി ഞാനദ്ദേഹത്തിൻെറ വാദം മുഴുവനും ഇവിടെ ഉദ്ധരിക്കുന്നില്ല. എന്നാലും, അതു തയാറാക്കാൻ ചെയ്ത പ്രയത്നം നോക്കുമ്പോൾ അതൊരു മറുപടിയെ അർഹിക്കുന്നുണ്ടു്.

അദ്ദേഹം എൻെറ അഭിപ്രായങ്ങളെ പരാവർത്തനം ചെയ്തിട്ടുള്ളതു് ഇപ്രകാരമാണു്:

"(i) പ്രാഥമികവിദ്യാഭ്യാസം ആരംഭിക്കുന്നതും അവസാനിക്കുന്നതും കൈത്തൊഴിലുകളിലും വ്യവസായങ്ങളിലും ഉള്ള പരിശീലനത്തോടുകൂടിയാവണം. സാമാന്യജ്ഞാനത്തിൻെറ നിലയിൽ ആവശ്യമായതൊക്കെ ആരംഭദശയിൽ സഹായകരൂപത്തിൽ വരണം. എഴുത്തും വായന

യുംമുഖേന കണക്കു് ചരിത്രം ഭൂമിശാസ്ത്രം മുതലായവയിൽ നല്കുന്ന ഔപചാരികബോധനം അന്തിമദശയിലാണു വരുന്നതു്.

(ii) പ്രാഥമികവിദ്യാഭ്യാസം ആരംഭംമുതല്ക്കേ സ്വാവലംബിയാവണം. സ്കൂളുകളിൽ കുട്ടികളുണ്ടാക്കിയ സാധനങ്ങൾ രാഷ്ട്രം വിലയ്ക്കെടുത്തു് നാട്ടുകാർക്കു വില്ക്കുന്നതായാൽ ഇതു സാധിക്കാവുന്നതാണു്, തീർച്ചയായും സാധിക്കണം.

(iii) പ്രാഥമികവിദ്യാഭ്യാസത്തിൽ ഇംഗ്ലീഷൊഴികെ മെട്രിക്കുലേഷൻവരെയുള്ള പഠിപ്പുമുഴുവനും ഉൾപ്പെടണം.

(iv) നിർബന്ധസേവാപദ്ധതിപ്രകാരം പ്രാഥമികവിദ്യാലയങ്ങളിൽ പ്രവർത്തിക്കാൻ യുവാക്കളെ—സ്ത്രീകളേയും പുരുഷന്മാരേയും—ചേർക്കണമെന്നു പ്രൊഫസർ കെ. ടി. ഷാ അഭിപ്രായപ്പെടുന്നതിനെ പൂർണ്ണമായി പരിശോധിക്കണം. കഴിയുമെങ്കിൽ അതു നടപ്പാക്കുകയും വേണം.''

പിന്നെ പെട്ടെന്നു് ഇങ്ങനെ തുടരുന്നു:

''നാം പ്രസ്തുത പരിപാടിയെ വിശ്ലേഷണംചെയ്തുനോക്കുന്നതായാൽ അതിന്നാധാരമായ വിചാരങ്ങളിൽ ചിലതു് മദ്ധ്യയുഗത്തിലേതാണു് എന്നും ചിലതു് പരീക്ഷണത്തെ അതിജീവിക്കാൻ സാധിക്കാത്ത സങ്കല്പങ്ങൾ മാത്രമാണു് എന്നും തോന്നുന്നതാണു്. ഒരുപക്ഷേ, ഇതിൽ മൂന്നാമത്തേതു് വളരെ ഉയന്ന ഒരു നിലവാരമാണു്.''

അദ്ദേഹം പരാവർത്തനംചെയ്യാൻ നില്ക്കാതെ എന്റെ വാക്കുകൾതന്നെ ഉദ്ധരിച്ചിരുന്നുവെങ്കിൽ അധികം നന്നാവുമായിരുന്നു. കാരണം, ആദ്യത്തെ ഖണ്ഡികയിൽ പറഞ്ഞതൊക്കെ സത്യത്തിൽനിന്നു് എത്രയോ ദൂരെയാണു്. ഞാൻ പറഞ്ഞിട്ടുള്ളതു് വിദ്യാഭ്യാസം ആരംഭിക്കുന്നതു് കൈത്തൊഴിലുകൾകൊണ്ടാവണം, മററുള്ളതൊക്കെ സഹായകത്രുപത്തിൽ മതി എന്നല്ല; പ്രത്യുത സാമാന്യവിദ്യാഭ്യാസം മുഴുവനും

കൈത്തൊഴിലുകൾമുഖേന, അവയുടെ പുരോഗതിയോടൊപ്പം വരണമെന്നാണ്. ഇതു്, ഞാൻ പറഞ്ഞതായി ലേഖകൻ വിവരിക്കുന്നതിന്നു തീരെ വിരുദ്ധമാണു്. മദ്ധ്യയുഗത്തിൽ എന്തൊക്കെ സംഭവിച്ചു എന്നെനിക്കറിയില്ല. എന്നാൽ, മദ്ധ്യയുഗത്തിലാവട്ടെ മറേറതെങ്കിലും യുഗത്തിലാവട്ടെ, കൈത്തൊഴിൽമുഖേന മനുഷ്യൻെറ പൂൎണ്ണവികാസത്തെ ലക്ഷ്യമാക്കിയിരുന്നില്ല എന്നെനിക്കറിയാം. ഈ വിചാരം പുതുതാണ്, മൗലികമാണ്. ഇതു തെററാണെന്നു തെളിഞ്ഞേക്കാം. അതിതിൻെറ നവീനതയേയോ മൗലികതയേയോ ബാധിക്കുന്നില്ല. നാമൊരു പുതിയ ആശയത്തെ പൂൎണ്ണമായും പ്രയോഗിച്ചുനോക്കാതെ അതിനെ പെട്ടെന്നെതിക്കുന്നതു് ഉചിതമല്ല. അതു് അസാധ്യമാണെന്നു മുൻകൂട്ടിപ്പറയുന്നതു് ഒരിക്കലും ശരിയല്ല.

എഴുത്തും വായനയും മുഖേനയുള്ള ഔപചാരികബോധനം അന്തിമദശയിലാണു വരേണ്ടതു് എന്നും ഞാൻ പറഞ്ഞിട്ടില്ല. മറിച്ചു്, ഔപചാരികബോധനം ശരിക്കാരംഭത്തിൽത്തന്നെ വരുന്നതാണു്. തീർച്ചയായും അതു് സാമാന്യവിദ്യാഭ്യാസത്തിൻെറ അനുപേക്ഷ്യമായ ഒരു ഭാഗമാണു്. വായന അല്പം വൈകിയിട്ടു പഠിപ്പിച്ചാലും മതി. എഴുത്തു് ഒട്ടവിൽ വന്നാൽമതി എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്, അതിവിടെ ആവൎത്തിക്കുന്നു. പക്ഷേ, ആ പ്രക്രിയ (Process) മുഴുവനും ആദ്യത്തെകൊല്ലത്തിൽത്തന്നെ പൂൎത്തിയാക്കണം. അങ്ങനെ, എൻെറ ആശയത്തിന്നനുസരിച്ച സ്കൂളിലെ ഏഴുവയസ്സായ കുട്ടിക്കു് ആദ്യത്തെ കൊല്ലം അവസാനിക്കുമ്പോൾ ഉണ്ടാവുന്ന സാമാന്യജ്ഞാനം സാധാരണ പ്രാഥമികവിദ്യാലയങ്ങളിലെ കുട്ടിക്കു് ആദ്യത്തെ കൊല്ലത്തിൽ ഉണ്ടാവുന്നതിനെ അപേക്ഷിച്ചു് അധികമായിരിക്കും. ആ കുട്ടി ശരിയായി വായിക്കുകയും അക്ഷരങ്ങൾ, ഇന്നത്തെ കുട്ടികളെപ്പോലെ കുത്തിക്കുറി

ക്കുന്നതിന്നുപകരം ശരിയായ രൂപത്തിൽ വരയ്ക്കുകയുംചെയ്യും. കുട്ടിക്കു് ലഘുവായ കൂട്ടലും കിഴിക്കലും പെരുക്കൽപട്ടികകളും അറിഞ്ഞിരിക്കും. അവൻ ഉദ്പാദനപരമായ ഒരു കൈത്തൊഴിലും, ഉദാഹരണം നൂല്പുനൂല്പ്, പഠിച്ചിരിക്കും.

രണ്ടാമത്തെ ഖണ്ഡികയും ആദ്യത്തേതുപോലെതന്നെ അനത്ഥകരമായിട്ടുണ്ടു്. കാരണം, കൈത്തൊഴിൽമുഖേനയുള്ള വിദ്യാഭ്യാസം, അതിന്നായി നിർദ്ദേശിച്ച ഏഴുകൊല്ലം മുഴവനും എട്ടുക്കുമ്പോൾ സ്വാവലംബിയാവുമെന്നു ഞാനവകാശപ്പെട്ടിട്ടുള്ള. അതിൽ ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ അല്പം നഷ്ടംതന്നെ നേരിട്ടേയ്ക്കുാമെന്നു ഞാൻ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടു്.

മദ്ധ്യയുഗം ചീത്തയായിരുന്നിരിക്കാം. എന്നാൽ, ആ കാലത്തേതായിരുന്നു എന്നതുകൊണ്ടുമാത്രം ഞാൻ ഒരു കാര്യത്തെ അപലപിക്കുകയില്ല. നൂല്പുചക്രം തീർച്ചയായും മദ്ധ്യയുഗത്തിലേതാണു്. എന്നാലതു നിലനില്ക്കുന്ന ഒരു ലക്ഷണമുണ്ടു്. ഒരു കാലത്തു്, പൂർവ്വേന്ത്യാകച്ചവടസംഘത്തിന്റെ ആവിർഭാവത്തിന്നുശേഷം അടിമത്തത്തിന്റെ ചിഹ്നമായിരുന്ന ആ സാധനം ഇന്നു് സ്വാതന്ത്ര്യത്തിന്റേയും ഐക്യത്തിന്റേയും ചിഹ്നമായിത്തീർന്നിട്ടുണ്ടു്. നമ്മുടെ പൂർവ്വന്മാർ സ്വപ്നത്തിൽപ്പോലും വിചാരിച്ചിട്ടില്ലാത്ത അഗാധവും വാസ്തവവുമായ ഒരത്ഥം ആധുനികഭാരതം അതിൽ കാണുന്നുണ്ടു്. അതുപോലെതന്നെ, ഒരുകാലത്തു് കൈത്തൊഴിലുകൾ യാന്ത്രികപ്രവത്തനത്തിന്റെ ചിഹ്നങ്ങളായിരുന്നുവെങ്കിൽ ഇന്നവ സമ്പൂണ്ണവും പരമാത്ഥവുമായ അത്ഥത്തിൽ വിദ്യാഭ്യാസത്തിന്റെ ചിഹ്നങ്ങളും വാഹനങ്ങളും ആകാവുന്നതാണു്. മന്ത്രിമാക്കു വേണ്ടത്ര കല്പനാവൈഭവവും ധൈര്യവുമുണ്ടെങ്കിൽ അവർ, വിദ്യാഭ്യാസവിഭാഗത്തിലെ ഉയന്ന ഉദ്യോഗസ്ഥന്മാരുടേയും മററും അത്ഥവത്തായ—പക്ഷേ, അനുമാനങ്ങളെമാത്രം

ആധാരമാക്കിയ—വിമർശനങ്ങളുണ്ടെങ്കിൽക്കൂടി ഈ പദ്ധതിയെ ഒന്നു ശരിയായി പരീക്ഷിച്ചുനോക്കുന്നതാണു്.

നിർബന്ധസേവാപദ്ധതിയെപ്പററി പ്രൊഫസർ കെ. ടി. ഷാ അഭിപ്രായപ്പെട്ടതിൻെറ പ്രായോഗികതയെ ലേഖകൻ സ്വീകരിക്കുന്നുണ്ടെങ്കിലും പിന്നീടതിൽ പ്രത്യക്ഷമായി പശ്ചാത്തപിക്കുന്നുണ്ടു്. കാരണം, അദ്ദേഹം പറയുന്നു:

"യുവതീയുവാക്കന്മാരെ നിർബന്ധപൂർവ്വം അദ്ധ്യാപകവൃത്തിയിൽ ചേർക്കുന്നതു് ഒരു ക്രൂരതയായിട്ടാണു് എനിക്കു തോന്നുന്നതു്. ചെറുകുട്ടികൾ സമ്മേളിക്കുന്ന വിദ്യാലയങ്ങളിൽ, ഇതിന്നായി സ്വജീവിതം സമർപ്പിച്ച സ്ത്രീപുരുഷന്മാരെയാണു് നമുക്കാവശ്യമായിട്ടുള്ളതു്. അവർ കുട്ടികളെ ഉത്സാഹപൂർവ്വം പഠിപ്പിക്കാനും ലോകത്തിൽ ഒരു പുതിയ പ്രകാശം പരത്താനും കഴിവുള്ളവരായിരിക്കണം. നാം ഈ നാട്ടിലെ യുവതീയുവാക്കന്മാരെക്കൊണ്ടു പലതരം പരീക്ഷണങ്ങളും നടത്തിയിട്ടുണ്ടു്. എന്നാൽ, ഇതു നമ്മെ വലുതായ അനർത്ഥത്തിൽ ചാടിക്കുന്നതാണു്. പിന്നെ ചുരുങ്ങിയതു് അമ്പതുകൊല്ലത്തേക്കെങ്കിലും അതിൽനിന്നു രക്ഷപ്പെടുന്ന കാര്യം അശക്യമായിരിക്കും. അത്ര പരിശീലനമൊന്നും ആവശ്യമില്ലാത്ത ഒരു കലയാണു് അദ്ധ്യാപനം, ഏതൊരാളും ജന്മനാ അദ്ധ്യാപകനാണു് എന്നീ തെറ്റുധാരണകളെ ആധാരമാക്കിക്കൊണ്ടുള്ളതാണു് ഈ വിചാരം. കെ. ടി. ഷായെപ്പോലെ യോഗ്യനായ ഒരാൾക്കു് ഇങ്ങനെ ഒരു വിചാരം വന്നതെങ്ങനെയെന്നു മനസ്സിലാവുന്നില്ല. ഈ വിചാരം അതീവ വിചിത്രമാണു്. പ്രവൃത്തിയിൽ കൊണ്ടുവരുന്നതായാൽ ഇതിൻെറ പരിണാമം ഭയാവഹമായിരിക്കും. കൂടാതെ, ഏതൊരാൾക്കും കുട്ടികളെ കൈത്തൊഴിലും മററും പരിശീലിപ്പിക്കാൻ കഴിയുന്നതെങ്ങനെ?"

പ്രൊഫസ്സർ ഷാസ്സു താൻ പറഞ്ഞതിനെ സമത്ഥിക്കാൻ നല്ലപോലെ കഴിയും. എന്നാൽ, ഇന്നത്തെ അദ്ധ്യാപകന്മാർ സ്വയംസേവകരല്ലെന്നു് ലേഖകനെ ഓമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. അവർ വേതനഭോഗികളാണു്. (ആ വാക്കു് അതിൻെറ ശരിയായ അത്ഥത്തിലാണു് പ്രയോഗിച്ചിരിക്കുന്നതു്.) അവർ തങ്ങളുടെ ആഹാരത്തിന്നുവേണ്ടിയാണു് ജോലിചെയ്യുന്നതു്. പ്രൊഫസ്സർ ഷായുടെ പദ്ധതിപ്രകാരം തിരഞ്ഞെടുക്കുന്ന അദ്ധ്യാപകന്മാക്കു ദേശഭക്തിയും, ത്യാഗഭാവനയും, കുറച്ചൊക്കെ സംസ്കാരവും ഒരു കൈത്തൊഴിലിൽ പരിശീലനവും ഉണ്ടായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നുണ്ടു്. അദ്ദേഹത്തിൻെറ ആശയം സാരവത്താണു്, വ്യാവഹാരികമാണു്. ഏററവുമധികം പരിഗണനയെ അർഹിക്കുന്നതുമാണു്. ജനനാൽത്തന്നെ അദ്ധ്യാപകരായവരെ നമുക്കു കിട്ടണമെങ്കിൽ അതിന്നു പ്രളയകാലംവരെ കാത്തിരിക്കേണ്ടിവരും. വളരെയധികം അദ്ധ്യാപകന്മാക്കു് കഴിയുന്നത്ര കുറച്ചുകാലം കൊണ്ടു പരിശീലനം നല്കണമെന്നു ഞാൻ പറയും. നാട്ടിൽ ഇന്നുള്ള അഭ്യസ്തവിദ്യരായ യുവാക്കൾ ഇതിന്നായി സ്വമനസ്സാലെ മുന്നോട്ടുവരണം. അല്ലാതെ ഇതു സഫലമാവില്ല. നിസ്സഹകരണപ്രസ്ഥാനകാലത്തു് ഒരു ചെറിയ തോതിലാണെങ്കിലും അവർ മുന്നോട്ടു വന്നു. ഉപജീവനത്തിന്നു് ഒരു ചുരുങ്ങിയ വേതനം സ്വീകരിച്ചു് സൃഷ്ടിപരമായ ഈ സേവനത്തിന്നു മുന്നോട്ടുവരാനുള്ള ആഹ്വാനത്തെ അവർ ആദരിക്കാതിരിക്കുമോ?

പിന്നെ ലേഖകൻ ചോദിക്കുന്നു:

(1) ചെറുകുട്ടികൾ തൊഴിൽചെയ്യുമ്പോൾ അസംസ്കൃതപദാത്ഥങ്ങൾ വൃഥാവ്യയംചെയ്യപ്പെടുകയില്ലേ?

(2) വില്പന നടത്തുന്നതു് ഒരു കേന്ദ്രസംഘടനമുഖേനയാവില്ലേ? അതിൻെറ ചെലവിൻെറ കാര്യമോ?

(3) ഈ സ്റ്റോറുകളിൽനിന്നു സാമാനം വാങ്ങാൻ ജനങ്ങളെ നിർബന്ധിക്കുമോ?

(4) ഇപ്പോൾ ഇത്തരം പദാർത്ഥങ്ങളുണ്ടാക്കുന്ന സമുദായങ്ങളുടെ സ്ഥിതി എന്താവും? അവരിൽ ഇതിന്റെ പ്രത്യാഘാതം എന്തായിരിക്കും?''

എന്റെ ഉത്തരങ്ങൾ:

(1) തീർച്ചയായും നഷ്ടമുണ്ടായിരിക്കും. പക്ഷേ, ആദ്യത്തെ കൊല്ലത്തിന്റെ ഒടുവാകുമ്പോഴേയ്ക്കു് ഓരോ കുട്ടിയും കുറച്ചെങ്കിലും ലാഭമുണ്ടാക്കും.

(2) സ്കൂളുകളിലുണ്ടാക്കിയ പദാർത്ഥങ്ങളിൽ ഒരു വലിയഭാഗം രാഷ്ട്രം സ്വന്തം ആവശ്യത്തിന്നു് എടുക്കുന്നതാണു്.

(3) നാട്ടിന്റെ കുട്ടികളുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരേയും നിർബന്ധിക്കില്ല. എന്നാൽ നാട്ടുകാർ അല്പം അഭിമാനത്തോടും ദേശഭക്തിജന്യമായ സന്തോഷത്തോടുംകൂടി ആ സാധനങ്ങൾ തങ്ങളുടെ ആവശ്യത്തിന്നായി വാങ്ങുമെന്നു പ്രതീക്ഷിക്കുന്നുണ്ടു്.

(4) ഗ്രാമവ്യവസായോത്പന്നങ്ങളിൽ ഒരുതരം പ്രതിസ്പർദ്ധയും ഉണ്ടാവില്ല. കൂടാതെ, തദ്ദേശത്തെ ഉത്പന്നങ്ങളോടു് അനുചിതമായ പ്രതിസ്പർദ്ധയ്ക്കു് ഇടയാക്കുന്ന പദാർത്ഥങ്ങൾ നിർമ്മിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതുമാണു്. ഖാദി, ഗ്രാമക്കടലാസ്, ചക്കര മുതലായവയോടു് ആക്കും ഒരു സ്പർദ്ധയും ഉണ്ടാവില്ല.

ഹരിജൻ, 16–10–'37

## ഇരുപത്തൊമ്പതു്

## ഒരമേരിക്കക്കാരനിൽ ഉണ്ടായ പ്രതികരണം

തെക്കേഇന്ത്യയിലെ ഒരു വിദ്യാഭ്യാസസ്ഥാപനത്തിന്റെ മേൽനോട്ടംവഹിക്കുന്ന ഡാക്ടർ ജോൺ ഡി.ബോവർ ദീർഘകാലാവധിയിൽ പ്രവേശിച്ചു നാട്ടിലേയ്ക്കു പുറപ്പെടുന്നതിന്നു മുമ്പായി വർദ്ധയിലേയ്ക്കു വന്നിരുന്നു. അദ്ദേഹം അടിസ്ഥാനവിദ്യാഭ്യാസപദ്ധതി സശ്രദ്ധം പഠിച്ചിരുന്നു. അതിനാൽ, ശ്രീ. ആര്യനായകവും കാക്കാസാഹബുമായി ഉപയോഗപ്രദമായ ചില കാര്യങ്ങളെപ്പററി ചർച്ചചെയ്തു. അദ്ദേഹത്തിന്നു ഗാന്ധിജിയോടും ചില കാര്യങ്ങൾ ചർച്ചചെയ്യണമെന്നുണ്ടായിരുന്നു. ഈ പദ്ധതിയുടെ പശ്ചാത്തലം അഹിംസാത്മകമായതിനാൽ ഇതു തനിക്കു വളരെ ഇഷ്ടപ്പെട്ടിട്ടുണ്ടെന്നു് അദ്ദേഹം പറഞ്ഞു. എന്നാൽ, പാഠ്യക്രമത്തിൽ അഹിംസയ്ക്കു നല്കിയ സ്ഥാനം ഇത്ര കുറവായതെന്തുകൊണ്ടാണു്? അദ്ദേഹത്തെ വിഷമിപ്പിച്ച സംഗതി ഇതായിരുന്നു.

"നിങ്ങൾ ഈ പദ്ധതി ഇഷ്ടപ്പെട്ടതിന്നുള്ള കാരണം തികച്ചും ശരിയാണു്," ഗാന്ധിജി പറഞ്ഞു: "എന്നാൽ, പാഠ്യക്രമം മുഴുവനും അഹിംസയെ കേന്ദ്രീകരിച്ചുകൊണ്ടാക്കുക സാധ്യമല്ല. അഹിംസയിൽ വിശ്വസിക്കുന്ന ഒരാളുടെ മസ്തിഷ്കത്തിൽനിന്നാണു് ഇതു പുറപ്പെട്ടതു് എന്നോർത്താൽ മതി. ഇതിനെ സ്വീകരിക്കുന്നവരെല്ലാം അഹിംസയേയും സ്വീകരിക്കും എന്നു പ്രതീക്ഷിച്ചുകൂടാ. കമ്മററിയിലെ എല്ലാ അംഗങ്ങളും അഹിംസയെ ഒരു ജീവിതസിദ്ധാന്തമെന്നനിലയിൽ സ്വീകരിക്കുന്നില്ല. സസ്യഭക്ഷണക്കാരനായ ഒരാൾ അഹിംസയിൽ അവശ്യം വിശ്വസിക്കുന്നവനായിരിക്കണമെന്നില്ല. ഒരുയാൾ ആരോഗ്യകാരണങ്ങളാലായിരിക്കാം സസ്യഭക്ഷണം കഴിക്കുന്നതു്. അതുപോലെതന്നെ ഈ പദ്ധതി സ്വീകരിക്കു

ന്നവരെല്ലാം അഹിംസയിൽ വിശ്വസിക്കുന്നവരായിക്കൊള്ളണം എന്നില്ല.''

ഡാക്ടർ ബോവർ: ''അഹിംസാത്മകമായ ജീവിതദർശനത്തെ ആധാരമാക്കിയുള്ളതാണു് എന്ന കാരണത്താൽ ചില വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ ഈ പദ്ധതി സ്വീകരിക്കുന്നില്ല എന്നെനിക്കറിയാം.''

ഗാന്ധിജി: ''അതെനിക്കറിയാം. അതുപോലെതന്നെ എൻെറ ജീവിതദർശനത്തെ ആധാരമാക്കിയതാകയാൽ ഖാദിയെ സ്വീകരിക്കാത്ത ചില പ്രമുഖവ്യക്തികളെ എനിക്കറിയാം! എന്താണതിനു പ്രതിവിധി? പദ്ധതിയുടെ ഹൃദയത്തിൽ തീർച്ചയായും അഹിംസയുണ്ടു്. എനിക്കതു നിഷ്പ്രയാസം പ്രദർശിപ്പിക്കാനും കഴിയും. പക്ഷേ, ഞാനങ്ങനെ ചെയ്യുന്നതായാലും ജനങ്ങൾക്കതു കാണാൻ അത്ര ഉത്സാഹമുണ്ടാവുമെന്നു തോന്നുന്നില്ല. പക്ഷേ, ഈ പദ്ധതിയെ സ്വീകരിക്കുന്നവർ, കോടിക്കണക്കിൽ ജനങ്ങൾ പട്ടിണികൊണ്ടു മരിക്കുന്ന ഒരു രാജ്യത്തു മറ്റൊരുതരത്തിൽ കുട്ടികളെ പഠിപ്പിക്കുക സാധ്യമല്ലെന്നും, ഈ പദ്ധതി തുടൻുപോകുന്നതുകൊണ്ടു നാട്ടിൽ ഒരു പുതിയ സാമ്പത്തികക്രമം ഉളവാകുന്നതാണെന്നും സമ്മതിക്കുന്നുണ്ടു്. എനിക്കതുമതി. കോൺഗ്രസ്സുകാർ അഹിംസയെ സ്വീകരിച്ചിട്ടുള്ളതു് ഒരു ജീവിതസിദ്ധാന്തമായിട്ടല്ല, സ്വാതന്ത്ര്യസമ്പാദനത്തിന്നുള്ള ഒരു മാർഗ്ഗമായിട്ടുമാത്രമാണു്. ഞാനതുകൊണ്ടു തൃപ്തിപ്പെടുന്നുണ്ടു്. ഇന്ത്യക്കാരെല്ലാം അഹിംസയെ ജീവിതസിദ്ധാന്തമായും ജീവിതമാർഗ്ഗമായും സ്വീകരിച്ചാൽ നമുക്കു് ഉടൻതന്നെ ഒരു 'റിപ്പബ്ളിക്' സ്ഥാപിക്കാൻ കഴിയും.''

ഡാക്ടർ ബോവർ: ''അതു മനസ്സിലായി. എന്നാൽ, ഒരു കാര്യം എനിക്കു മനസ്സിലാവുന്നില്ല. ഞാനൊരു സോഷ്യലിസ്റ്റാണു്. അഹിംസയിൽ വിശ്വസിക്കുന്ന ഒരാളെന്ന നില

യിൽ ഞാൻ ഈ പദ്ധതി ഇഷ്ടപ്പെടുന്നുണ്ടു്. പക്ഷേ, സോഷ്യലിസത്തെ മുൻനിർത്തി ചിന്തിക്കുമ്പോൾ ഇതു ലോകത്തിൽ ഇന്ത്യയെ ഒററപ്പെടുത്തുമെന്നു് എനിക്കു തോന്നിപ്പോകുന്നു. ഇന്നാവശ്യമായിട്ടുള്ളതു് എല്ലാവരും ഒത്തുചേരുകയാണു്. മറേറതിനേക്കാളും കൂടുതലായി സോഷ്യലിസം ഇതു സാധിപ്പിക്കുന്നുണ്ടു്."

ഗാന്ധിജി: "എനിക്കിതിൽ ഒരു വിഷമവും തോന്നുന്നില്ല. ഞങ്ങൾ ലോകത്തിൽ ഒററതിരിഞ്ഞു ജീവിക്കാനാഗ്രഹിക്കുന്നില്ല. എല്ലാ രാഷ്ട്രങ്ങളുമായി ഞങ്ങൾക്കു സ്വതന്ത്രനിലയിൽ ആദാന–പ്രദാനമുണ്ടായിരിക്കും. എന്നാൽ, ഇന്നു് ആദാന–പ്രദാനത്തിൽ കാണുന്ന നിർബന്ധം ഇല്ലാതാവുകതന്നെ വേണം. ഞങ്ങളെ ആരെങ്കിലും ചൂഷണംചെയ്യുന്നതിനെ ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല; അതുപോലെതന്നെ ഞങ്ങൾ ആരേയും ചൂഷണംചെയ്യാനും ഇഷ്ടപ്പെടുന്നില്ല. ഈ പദ്ധതി മുഖേന ഞങ്ങൾ എല്ലാ കുട്ടികളേയും ഉത്പാദകരാക്കാനും അങ്ങനെ രാഷ്ട്രത്തിൻെറ രൂപംതന്നെ ഒന്നു മാററാനും ആഗ്രഹിക്കുന്നു. കാരണം, ഇതു ഞങ്ങളുടെ സാമുദായികജീവിതത്തെയാകെ ബാധിക്കുന്ന ഒന്നാണു്. എന്നാൽ, അതിൻെറ താത്പര്യം ഞങ്ങൾ ലോകത്തിൽനിന്നു് ഒററതിരിഞ്ഞു ജീവിക്കുന്നു എന്നല്ല. തങ്ങൾക്കാവശ്യമായ എല്ലാം സ്വയം ഉണ്ടാക്കാൻ സാധിക്കാത്ത ചില രാഷ്ട്രങ്ങളുണ്ടായിരിക്കും. അവയ്ക്കു് അന്യരാഷ്ട്രങ്ങളുമായി ആദാന-പ്രദാനം ചെയ്യേണ്ടിവരും. കാരണം, എല്ലാവർക്കും എല്ലാ സാധനങ്ങളും ഉണ്ടാക്കുക സാധ്യമില്ല. ആവക രാഷ്ട്രങ്ങൾ അത്തരം സാധനങ്ങൾക്കായി അന്യ രാഷ്ട്രങ്ങളെ ആശ്രയിക്കും. അപ്പോഴും, ആദാനംചെയ്യുന്ന രാഷ്ട്രങ്ങളെ പ്രദാനംചെയ്യുന്ന രാഷ്ട്രങ്ങൾ ചൂഷണം ചെയ്യരുതു്."

ബോവർ: "മററു രാഷ്ട്രങ്ങളിലുണ്ടാക്കുന്ന സാധനങ്ങൾ

തീരെ ആവശ്യമില്ല എന്ന നിലയിൽ നിങ്ങളുടെ ആവശ്യകതകളെ ലഘുവാക്കുന്നതു നിങ്ങൾതന്നെ മററുള്ളവരിൽനിന്നു നിങ്ങളെ വേർതിരിക്കുകയാണു്. എന്നാൽ, അങ്ങുന്നു് അമേരിക്കയുടെനേരേയും ഉത്തരവാദിത്വത്തോടേ വർത്തിക്കണമെന്നാണു് എൻെറ ആഗ്രഹം."

ഗാന്ധിജി: "ഞങ്ങൾ ആരേയും ചൂഷണം ചെയ്യാതിരിക്കുകയും ഞങ്ങളെ ചൂഷണംചെയ്യാൻ ആരേയും അനുവദിക്കാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ഞങ്ങൾക്കു് അമേരിക്കയുടെനേരേ ഉത്തരവാദിത്വത്തോടേ വർത്തിക്കുക സാധ്യമാവൂ. കാരണം, അപ്പോൾ അമേരിക്ക ഞങ്ങളുടെ മാതൃകയനുസരിക്കും. പിന്നെ നമുക്കന്യോന്യം, സ്വതന്ത്രമായി ആദാന—പ്രദാനംചെയ്യാൻ ഒരു വിഷമവും ഉണ്ടായിരിക്കയില്ല."

ബോവർ: "പക്ഷേ, അങ്ങുന്നു് ജീവിതത്തെ അത്യധികം ലഘുവാക്കാനും വ്യവസായവല്ക്കരണത്തെ തടയാനും ആഗ്രഹിക്കുന്നു."

ഗാന്ധിജി: "3 കോടി ജനങ്ങളുടെ പ്രയത്നത്തിന്നുപകരം 30 ആയിരം ജനങ്ങളുടെ പ്രയത്നംകൊണ്ടു് എൻെറ നാട്ടിന്നു വേണ്ടതൊക്കെ ഉണ്ടാക്കാൻ കഴിയുമെങ്കിൽ ഞാനതിനെ അത്ര സാരമാക്കുകയില്ല. പക്ഷേ, ആ 3 കോടി ജനങ്ങൾ മടിയന്മാരും തൊഴിലില്ലാത്തവരും ആയിത്തീരരുതു്. സോഷ്യലിസ്ററുകാർ പ്രവർത്തനസമയം പ്രതിദിനം ഒന്നോ രണ്ടോ മണിക്കൂറാക്കി ചുരുക്കത്തക്കനിലയിൽ വ്യവസായവത്കരണം ഏർപ്പെടുത്തുമെന്നു് എനിക്കറിയാം. ഞാനതു ചെയ്യാനാഗ്രഹിക്കുന്നില്ല."

ബോവർ: "അവക്കു് ഒഴിവുസമയം കിട്ടും."

ഗാന്ധിജി: "എന്തിന്നാണു് ഒഴിവുസമയം? ഹോക്കി കളിക്കുന്നതിന്നോ?"

ബോവർ: "അതിന്നു മാത്രമല്ല, സൃഷ്ടിപരവും ഉപയോഗപ്രദവുമായ തൊഴിലുകൾ ചെയ്യുന്നതിന്നും."

ഗാന്ധിജി: "അത്തരം കൈത്തൊഴിലുകൾ ചെയ്യാൻതന്നെയാണു് ഞാനവരോടാവശ്യപ്പെടുന്നതു്. പക്ഷേ, അവർ സ്വന്തം കൈകൊണ്ടു് പ്രതിദിനം എട്ടുമണിക്കൂറുവീതം പണിയെടുത്തിട്ടാണു് ഉത്പാദിപ്പിക്കുക."

ബോവർ: "ഓരോ വീട്ടിലും ഓരോ റേഡിയോസെററും ഓരോ ആൾക്കും ഓരോ കാറും ഉള്ള ഒരു സാമുദായികസ്ഥിതിയല്ല അങ്ങുന്നു് പ്രതീക്ഷിക്കുന്നതെന്ന കാര്യം തീർച്ചയാണു്. അതായിരുന്നു പ്രസിഡണ്ടു് ഹൂവറുടെ 'ഫോർമുല.' അദ്ദേഹം ആഗ്രഹിച്ചതു് ഒന്നല്ല, രണ്ടു കാറുകളും രണ്ടു റേഡിയോസെററുമാണു്."

ഗാന്ധിജി: "അത്രയേറെ കാറുകളുണ്ടെങ്കിൽ പിന്നെ നടക്കാനവശേഷിക്കുന്ന സ്ഥലം തുലോം കുറവായിരിക്കും."

ബോവർ: "ഞാനതിനോടു യോജിക്കുന്നു. ഞങ്ങളുടെ നാട്ടിൽ കൊല്ലംതോറും മോട്ടോറപകടങ്ങൾനിമിത്തം ഏകദേശം 40 ആയിരംപേർ മരിക്കുന്നു; അതിൻെറ മൂന്നിരട്ടി ആളുകൾക്കു് അംഗഭംഗം നേരിടുന്നുമുണ്ടു്."

ഗാന്ധിജി: "ഏതായാലും ഹിന്ദുസ്ഥാനത്തിലെ ഓരോ ഗ്രാമത്തിലും റേഡിയോ ഉണ്ടായിരിക്കുന്ന ആ കാലം കാണാൻ ഞാൻ ജീവിച്ചിരിക്കയില്ല."

ബോവർ: "പണ്ഡിത ജവഹർലാൽനെഹറു സമ്പൽസമൃദ്ധിയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണു് ചിന്തിക്കുന്നതു് എന്നു തോന്നുന്നു."

ഗാന്ധിജി: "എനിക്കറിയാം. എന്നാൽ, എന്താണു് ഈ സമ്പൽസമൃദ്ധി? നിങ്ങൾ അമേരിക്കയിൽ ചെയ്യുന്നതുപോലെ ലക്ഷക്കണക്കിൽ തൻ ഗോതമ്പം നശിപ്പിച്ചുകളയുകയല്ലല്ലോ?"

ബോവർ: "അതു് മുതലാളിത്തത്തിൻെറ ശാപമാണു്. ഇപ്പോൾ അവർ ചെയ്യുന്നതു് നശിപ്പിച്ചുകളയുകയല്ല; പ്രത്യുത, കോതമ്പു് കൃഷിചെയ്യാതിരിക്കാനായി കൎഷകൎക്കു പണം കൊടുക്കുകയാണു്. മുട്ടയുടെ വില താണുപോയതിനാൽ ജനങ്ങൾ അന്യോന്യം മുട്ട വലിച്ചെറിയുക എന്ന വിനോദത്തിൽ ഏൎപ്പെട്ടുന്നുണ്ടു്."

ഗാന്ധിജി: "അതുതന്നെയാണു് ഞങ്ങൾ ഇഷ്ടപ്പെടാത്തതു്. ഓരോ വ്യക്തിക്കും ഉണ്ണാനും ഉടുക്കാനും യഥേഷ്ടം ഉണ്ടായിരിക്കുക, മനസ്സിനെ സുശിക്ഷിതമാക്കിവെക്കാൻ സാധിക്കുക—ഇതാണു് നിങ്ങൾ സമൃദ്ധിയെന്നു പറയുന്നതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ ഞാനതിനോടു തികച്ചും യോജിക്കുന്നു. എന്നാൽ, ദഹിക്കാത്തത്ര ഭക്ഷണം വയററിൽ കുത്തിനിറയ്ക്കാനോ ആവശ്യത്തിലധികം സാധനങ്ങൾ ഉപയോഗിക്കാനോ ഞാനിഷ്ടപ്പെടുകയില്ല. ഹിന്ദുസ്ഥാനത്തിൽ ദാരിദ്ര്യമോ, ദുരിതമോ, അഴക്കോ, പൊടിയോ ഉണ്ടാവരുതെന്നു ഞാൻ തീൎച്ചയായും ആഗ്രഹിക്കുന്നുണ്ടു്."

ബോവർ: "എന്നാൽ, പണ്ഡിററ്നെഹ്രു, ആത്മകഥയിൽ അങ്ങുന്നു ദരിദ്രനാരായണനെ പൂജിക്കുന്നു എന്നും ദാരിദ്ര്യത്തിന്നായിട്ടുതന്നെ ദാരിദ്ര്യത്തെ ആദരിക്കുന്നു എന്നും പറഞ്ഞിട്ടുണ്ടു്."

ഗാന്ധിജിചിരിച്ചുകൊണ്ടു പറഞ്ഞു: "എനിക്കറിയാം."

ഹരിജൻ, 12–2–'38

## മുപ്പതു്

## മതപഠനം

ഒരു മുസ്ലീംലേഖകൻ എഴുതുന്നു:

"കഴിഞ്ഞ നാലുമാസങ്ങളായി ഉർദ്ദുപത്രങ്ങളിൽ വൎദ്ധാ

വിദ്യാഭ്യാസപദ്ധതിയെപ്പററിയ അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ആരുംതന്നെ സാക്കിർ ഹുസ്സെയ്ൻകമ്മററിയുടെ റിപ്പോർട്ട ശ്രദ്ധാപൂവ്വം വായിക്കുകയോ ഈ വിഷയത്തെപ്പററി ചിന്തിക്കുകയോ ചെയ്യിട്ടുള്ളതായി തോന്നുന്നില്ല. അതാണല്ലോ സാധാരണ പതിവ്! മൂന്നു കായ്യങ്ങളെപ്പററിയാണ് വിരുദ്ധാഭിപ്രായങ്ങളുള്ളത്.

(അ) മതപഠനത്തെ തീരെ അവഗണിച്ചിരിക്കുന്നു.

(ആ) ബാലികാബാലകന്മാരെ ഒരുമിച്ചുപഠിപ്പിക്കണം.

(ഇ) എല്ലാ മതങ്ങളോടും ബഹുമാനം ഉളവാക്കണം.

ഈ അഭിപ്രായങ്ങൾ ഉർദുപത്രങ്ങളിൽനിന്നു് എടുത്തവയാണ്."

സാമ്പ്രദായികമായ അത്ഥത്തിലുള്ള മതപഠനത്തെ ആലോചനാപൂവ്വം ഉപേക്ഷിച്ചിട്ടുണ്ട്. ഒരു രാഷ്ട്രമതം (State religion) ഇല്ലാതിരിക്കുന്നേടത്തോളംകാലം മതപഠനം ഏർപ്പെടുത്തുന്ന കായ്യം ഏറെക്കുറെ അസാധ്യമാണ്. ഏതായാലും അതു് വിഷമമേറിയ ഒരു കായ്യമായിരിക്കും. കാരണം, അതിൻെറ താത്പയ്യം ഓരോ മതക്കാക്കും തങ്ങളുടെ മതം പഠിപ്പിക്കുന്നതിന്നു സൗകയ്യംചെയ്തുകൊടുക്കുക എന്നായിരിക്കും. അത്തരം ശിക്ഷണം നല്കാൻ ഏററവും പററിയ സ്ഥലം വീടാണ്. ഓരോ കുട്ടിക്കും വീട്ടിൽവെച്ചോ മററുവിധത്തിലോ അതു കിട്ടുന്നതിന്നു വേണ്ട സമയം അനുവദിച്ചുകൊടുക്കണം, അതു് രാഷ്ട്രത്തിൻെറ കടമയാണ്. ആവശ്യമായ ദിക്കിൽ സ്വന്തം ചെലവിന്മേൽ തങ്ങളുടെ കുട്ടികൾക്കു മതപഠനം നല്കുന്നതിന്നുവേണ്ട സൗകയ്യങ്ങളും രാഷ്ട്രം ചെയ്തുകൊടുക്കണം.

സഹവിദ്യാഭ്യാസത്തിന്റെകായ്യം സാക്കിർ ഹുസ്സെയ്ൻ കമ്മററി നിർബന്ധമാക്കിയിട്ടില്ല. ബാലികമാക്കു പ്രത്യേകം പാഠശാല ആവശ്യമാണെന്നു പറയുന്ന ദിക്കിൽ അതിന്നുവേണ്ട ഏർപ്പാടു രാഷ്ട്രം ചെയ്തുകൊടുക്കണം. സഹവിദ്യാഭ്യാസ

ത്തിൻെറ കാര്യം തുറന്നുവെച്ചിരിക്കയാണു്. അതു് കാലത്തിന്നനുസരിച്ചവിധത്തിൽ സ്വയം ശരിപ്പെടുന്നതാണു്. കമ്മറ്റിയിലെ അംഗങ്ങളെല്ലാം ഈ കാര്യത്തിൽ ഒരേ അഭിപ്രായക്കാരായിരുന്നില്ല എന്നാണു് ഞാൻ ധരിച്ചിട്ടുള്ളതു്. വ്യക്തിപരമായി എനിക്കു് ഒരു തുറന്ന മനസ്സാണു് ഉള്ളതു്. സഹവിദ്യാഭ്യാസത്തിന്നനുകൂലമായും പ്രതികൂലമായും ഒരേമാതിരി വിലയേറിയ കാരണങ്ങളുണ്ടെന്നു് എനിക്കറിയാം. ഈ കാര്യത്തിൽ വല്ല പരീക്ഷണവും നടത്തുന്നതായാൽ ഞാനതിനെ എതിർക്കുകയില്ല.

എല്ലാ മതങ്ങളോടും തുല്യമായ ആദരവു കാണിക്കണമെന്ന കാര്യത്തിൽ എനിക്കു ശക്തിയായ അഭിപ്രായങ്ങളുണ്ടു്. ആ സന്തോഷപ്രദമായ സ്ഥിതി പ്രാപിക്കുന്നതുവരെ വ്യത്യസ്ത സമുദായങ്ങൾക്കിടയിൽ ശരിയായ ഐക്യമുണ്ടാവുന്നതിന്നു ഞാൻ ഒരു മാർഗ്ഗവും കാണുന്നില്ല. തങ്ങളുടെ മതം മറെറല്ലാ മതങ്ങളേക്കാളും ശ്രേഷ്ഠമാണു്, അതുമാത്രമാണു് ശരിയായ മതം എന്നു വിവിധമതക്കാരായ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതായാൽ അതു് ആ കുട്ടികൾക്കുതമ്മിൽ സൗഹാർദ്ദഭാവം ഉണ്ടാവുന്നതിന്നു് തടസ്സമായിരിക്കുമെന്നു ഞാൻ കരുതുന്നു. അത്തരം സങ്കുചിതഭാവന നാട്ടിലെങ്ങും വ്യാപിക്കുന്നതായാൽ അതിൻെറ പരിണാമമായി ഓരോ മതത്തിൻെറ അനുയായികൾക്കും അന്യരെ യഥേഷ്ടം അപലപിക്കാൻ സ്വാതന്ത്ര്യമുള്ള വ്യത്യസ്തപാഠശാലകൾ ആരംഭിക്കേണ്ടിവരും. അല്ലെങ്കിൽ മതമെന്ന പേരു പറയുന്നതിനെത്തന്നെ നിരോധിക്കേണ്ടിവരും—രണ്ടിലൊന്നു് അനിവാര്യമാണു്. അത്തരം ഒരു പരിപാടിയുടെ ഫലം വിചാരിക്കാൻപോലും സാധിക്കാത്തവിധത്തിൽ അത്ര ഭയങ്കരമായിരിക്കും. എല്ലാ മതങ്ങളുടേയും മൗലികമായ സദാചാരതത്വങ്ങൾ ഒന്നാണു്. കുട്ടികളെ ആ തത്വങ്ങൾ തീർച്ചയായും പഠിപ്പിക്കണം. വർദ്ധാ

പദ്ധതിയനുസരിച്ച വിദ്യാലയങ്ങളിൽ മതപഠനത്തിന്നു് ഇതു പര്യാപ്തമാണെന്നു കരുതണം.

ഹരിജൻ, 16–7–'38

## മുപ്പത്തൊന്നു്

## അടിസ്ഥാനവിദ്യാഭ്യാസപദ്ധതി തീച്ചൂളയിൽ—I

### മാറാലനീക്കൽ

പ്രതിനിധികൾ ഗാന്ധിജിയോട്ട് പല ചോദ്യങ്ങളും ചോദിച്ചു. വർദ്ധാപദ്ധതി കാലത്തിന്റെ പരീക്ഷയെ അതിജീവിക്കുമോ? അല്ലാ അതു് വെറും താത്കാലികമായ ഒരു ഉപായമാണോ?—ആദ്യത്തെ ചോദ്യത്തിൽ പ്രകടിപ്പിച്ച സംശയം ഇതായിരുന്നു. പ്രധാനികളായ പല വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരും കൈത്തൊഴിലുകൾക്കു് ഇന്നല്ലെങ്കിൽ നാളെ വ്യവസായവത്കരണത്തിന്നു സ്ഥലമൊഴിഞ്ഞുകൊടുക്കേണ്ടിവരും എന്ന അഭിപ്രായക്കാരായിരുന്നു. അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചു് ശിക്ഷണം ലഭിച്ചതും നീതി, സത്യം, അഹിംസ എന്നിവയെ ആധാരമാക്കിക്കൊണ്ടുള്ളതുമായ ഒരു സമുദായത്തിന്നു വ്യവസായവത്കരണമുറയുടെ ഊക്കുള്ള പ്രവാഹത്തിൽനിന്നു രക്ഷനേടുക സാധ്യമാണോ?

ഗാന്ധിജി: "ഇതു്, വ്യാവഹാരികമായ ഒരു പ്രശ്നമല്ല; നമ്മുടെ തത്ക്കാലത്തെ പരിപാടിയെ ബാധിക്കുന്ന ഒന്നല്ല. നമ്മുടെ മുമ്പിലുള്ള പ്രശ്നം തലമുറകൾക്കുശേഷം എന്തു സംഭവിക്കും എന്നല്ല; പ്രത്യുത, ഈ അടിസ്ഥാനവിദ്യാഭ്യാസപദ്ധതി നമ്മുടെ ഗ്രാമങ്ങളിൽ നിവസിക്കുന്ന കോടിക്കണക്കായ ജനങ്ങളുടെ യഥാർത്ഥാവശ്യങ്ങളെ നിറവേററുന്നുണ്ടോ ഇല്ലയോ എന്നതാണു്. ഗ്രാമങ്ങൾതന്നെ അവശേഷിക്കയില്ല

എന്നനിലയിൽ ഇന്ത്യ എന്നെങ്കിലും വ്യവസായവത്കരിക്കപ്പെട്ടുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇന്ത്യയുടെ ഭൂരിഭാഗം ഏതുകാലത്തും ഗ്രാമങ്ങളിലായിരിക്കും.''

''അടുത്ത അവസരത്തിൽ, കഴിഞ്ഞ അദ്ധ്യക്ഷവരണത്തിൻെറ ഫലമായി, കോൺഗ്രസ്സിൻെറ നയത്തിൽ മാററം വരുന്നതായാൽ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിക്ക് എന്തു സംഭവിക്കും?'' ഇതായിരുന്നു അടുത്ത ചോദ്യം.

ആ ഭയം അസ്ഥാനത്താണെന്നു ഗാന്ധിജി മറുപടി പറഞ്ഞു. കോൺഗ്രസ്സിൻെറ നയത്തിൽ ഉണ്ടാവുന്ന മാററം അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയെ സ്പർശിക്കാൻപോകുന്നില്ല. ''അതു് വല്ലതിനേയും ബാധിക്കുമെങ്കിൽ ഉച്ചകോടിയിലുള്ള രാജനീതിയെ മാത്രമാണ്.'' അദ്ദേഹം തുടൎന്നു: ''നിങ്ങൾ ഇവിടെ വന്നിട്ടുള്ളതു് മൂന്ന് ആഴ്ചക്കാലത്തെ പരിശീലനത്തിന്നാണ്. അതുകഴിഞ്ഞു തിരിച്ചുചെന്നാൽ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചു കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുമെന്നു നിങ്ങൾ പ്രതീക്ഷിക്കുന്നു. ഈ വിദ്യാഭ്യാസപദ്ധതികൊണ്ടു നമ്മുടെ ഉദ്ദേശ്യം പൂൎത്തിയാവുമെന്നു് നിങ്ങൾക്കു വിശ്വാസമുണ്ടായിരിക്കണം.

''നാടിന്റെ വ്യവസായവത്കരണത്തിന്നുള്ള പല പദ്ധതികളും ആവിഷ്കരിച്ചേക്കാമെങ്കിലും ഇന്നു കോൺഗ്രസ്സ് തൻെറ മുമ്പിൽ വെച്ചിട്ടുള്ള ലക്ഷ്യം വ്യവസായവത്കരണമല്ല. ബോമ്പെ സമ്മേളനത്തിൽ പാസ്സാക്കിയ ഒരു പ്രമേയപ്രകാരം കോൺഗ്രസ്സിൻെറ ലക്ഷ്യം ഗ്രാമവ്യവസായങ്ങളുടെ പുനരുദ്ധാരണമാണ്. കൃഷിക്കാരുടെ മുമ്പിൽ വെക്കുന്ന ഏതെങ്കിലും വിശാലമായ വ്യവസായവത്കരണപദ്ധതിമുഖേന സാധാരണജനങ്ങളിൽ ഉണർവ്വുളവാക്കുക സാദ്ധ്യമല്ല. അതവരുടെ വരവിൽ ഒരു കാശുപോലും വൎദ്ധിപ്പിക്കുകയില്ല.

എന്നാൽ [1]അഖിലഭാരത ചക്കാസംഘവും, [2]അഖിലഭാരത ഗ്രാമോദ്യോഗസംഘവും ഒരു കൊല്ലത്തിലിടയ്ക്കു് ഗ്രാമീണരുടെ കീശയിൽ ലക്ഷക്കണക്കിൽ പണം നിക്ഷേപിക്കുന്നതാണു്. വർക്കിങ്ങ്കമ്മററിക്കോ മന്ത്രിമാർക്കോ എന്തുതന്നെ സംഭവിച്ചാലും കോൺഗ്രസ്സിൻെറ നിർമ്മാണപരിപാടികൾക്കു് ഒരു വിഘ്നവും വരുമെന്നു് എനിക്കു തോന്നുന്നില്ല. ഞാനിതു പറയുന്നതു് വ്യക്തിപരമായിട്ടാണു്. ആ സ്ഥാപനങ്ങളാരംഭിച്ചതു് കോൺഗ്രസ്സാണു്. എന്നാലും വളരെക്കാലമായി അവ സ്വതന്ത്രമായ അസ്തിത്വം പുലർത്തിപ്പോരുന്നുണ്ടു്. അവ തങ്ങളുടെ ഉപയുക്തതയെ തികച്ചും തെളിയിച്ചിട്ടുണ്ടു്. അടിസ്ഥാനവിദ്യാഭ്യാസം നിർമ്മാണപരിപാടിയുടെ ഒരു ശാഖയാണു്. വിദ്യാഭ്യാസമന്ത്രിമാർ മാറിയേക്കാം. പക്ഷേ, ഈ പദ്ധതി നിലനില്ക്കും. അതിനാൽ, അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ താത്പര്യമുള്ളവരാരും കോൺഗ്രസ്സിന്റെ രാജനീതിയെപ്പററി ആശങ്കവെയ്ക്കേണ്ടതില്ല. ഈ പുതിയ വിദ്യാഭ്യാസപദ്ധതി ജീവിക്കുകയോ മരിക്കുകയോ ചെയ്യുന്നതു് അതിന്റെ ഗുണങ്ങളെക്കൊണ്ടോ ദോഷങ്ങളെക്കൊണ്ടോ ആയിരിക്കും.''

''എന്നാൽ, ഈ ചോദ്യങ്ങൾ എന്നെ തൃപ്തിപ്പെടുത്തുന്നില്ല.'' അദ്ദേഹം അഭിപ്രായപ്പെട്ടു. ''ഇവയ്ക്കു് അടിസ്ഥാനവിദ്യാഭ്യാസത്തോടു പ്രത്യക്ഷമായ ബന്ധമില്ല. ഇവ നമ്മെ തെല്ലുപോലും മുമ്പോട്ടു നയിക്കുന്നില്ല. നിങ്ങൾ പദ്ധതിയോടു നേരിട്ടു ബന്ധമുള്ള ചോദ്യങ്ങൾ ഉന്നയിക്കണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്. എന്നാൽ, നിങ്ങൾക്കു് എൻെറ വിദഗ്ദ്ധോപദേശം നല്കാൻ എനിക്കു കഴിയും.''

---

1. All India Spinners Association
2. All India Village Industries Association.

## പ്രധാനമായ ആശയം

സമ്മേളനത്തിന്നു പോകുന്നതിന്നു മുമ്പായി ഒരു സുഹൃത്തു് അദ്ദേഹത്തോടു ചോദിച്ചിരുന്നു: "തക്ലിയോടനുബന്ധപ്പെടുത്താൻ കഴിയാത്ത ഒരു വാക്കുപോലും അദ്ധ്യാപകന്മാർ വിദ്യാർത്ഥികളോടു പറയരുതു് എന്നതാണോ പദ്ധതിയുടെ പ്രധാനാശയം?" പൊതുയോഗത്തിൽ ഈ ചോദ്യത്തിന്നു മറുപടിനൽകിക്കൊണ്ടു ഗാന്ധിജി പറഞ്ഞു:

"ഇതു് എന്നെ പരിഹസിക്കുകയാണ്. എല്ലാ ബോധനവും ഏതെങ്കിലും അടിസ്ഥാനത്തൊഴിലിനോടു ബന്ധപ്പെടുത്തിക്കൊണ്ടാവണമെന്നു ഞാൻ പറഞ്ഞിട്ടുണ്ടെന്നതു ശരി തന്നെ. ഏഴോ എട്ടോ വയസ്സായ ഒരു കുട്ടിക്കു് ഒരു തൊഴിൽ മുഖേന അറിവുനൽകുമ്പോൾ ആരംഭത്തിൽ ആ തൊഴിലിനോടു ബന്ധപ്പെടുത്താൻ കഴിയാത്ത വിഷയങ്ങളൊക്കെ നിങ്ങൾ ഉപേക്ഷിക്കണം. ദിവസേന അങ്ങനെ ചെയ്യുന്നതായാൽ ആരംഭത്തിൽ ഉപേക്ഷിച്ച പലതും, കൈത്തൊഴിലിനോടു ബന്ധപ്പെടുത്താനുള്ള മാർഗ്ഗം പിന്നീടു നിങ്ങൾ കണ്ടുപിടിക്കുന്നതാണ്. ആദ്യംതന്നെ ഇങ്ങനെ ഒരു പദ്ധതി സ്വീകരിക്കുന്നതായാൽ നിങ്ങളുടേയും വിദ്യാർത്ഥികളുടേയും ശക്തി വൃഥാവ്യയം ചെയ്യാതെകഴിക്കാൻ സാധിക്കും. ഇന്നു നമുക്കു മാർഗ്ഗദർശനം നല്കാൻ പര്യാപ്തമായ പുസ്തകങ്ങളോ ഭൂതകാലത്തെ അനുഭവങ്ങളോ ഇല്ല. അതിനാൽ, നമുക്കു സാവധാനത്തിൽ പോകേണ്ടിയിരിക്കുന്നു. അദ്ധ്യാപകൻ പ്രത്യുത്പന്നമതിയായിരിക്കണം, അതാണു് പ്രധാനകാര്യം. കൈത്തൊഴിലിനോടു ബന്ധപ്പെടുത്താൻ കഴിയാത്ത വല്ലതും കാണുമ്പോഴേയ്ക്കു് നിങ്ങൾ അമ്പരക്കുകയോ നിരാശരാകയോ അരുതു്. തത്കാലം അതുപേക്ഷിച്ചു് നിങ്ങൾക്കനുബന്ധപ്പെടുത്താൻ കഴിയുന്ന വിഷയങ്ങൾ പഠിപ്പിച്ചുകൊണ്ടു മുന്നോട്ടുപോകണം. ഒരുപക്ഷേ, മറെറാരദ്ധ്യാപകന്നു്, ശരിയായ മാർഗ്ഗം

തോന്നിയേക്കാം; അതെങ്ങനെ അനുബന്ധപ്പെട്ടത്താമെന്നു കാണിച്ചുതരാൻ കഴിഞ്ഞേക്കാം. അങ്ങനെ നിങ്ങളിൽ പലരുടേയും അനുഭവങ്ങൾ ഒന്നിച്ചുകൂട്ടുമ്പോൾ നിങ്ങൾക്കു മാർഗ്ഗദർശനത്തിന്നു പററിയ പുസ്തകങ്ങളുണ്ടാവും, നിങ്ങളുടെ അനന്തരഗാമികളുടെ മാർഗ്ഗം സുഗമമാവുകയുംചെയ്യും.

"ഈ തള്ളിക്കളയുന്ന മുറ (Process of exclusion) എത്രകാലം തുടരണമെന്നു നിങ്ങൾ ചോദിച്ചേക്കാം. ജീവകാലം മുഴുവനും എന്നാണു് എൻെറ മറുപടി. ആരംഭത്തിലുപേക്ഷിച്ച പലതും— ഉൾപ്പെടുത്താൻ കൊള്ളാവുന്നതൊക്കെ—ക്രമേണ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്നു് നിങ്ങൾക്കു് ഒടുവിൽ മനസ്സിലാവുന്നതാണു്. അവസാനംവരെ വല്ലതും ഉപേക്ഷിക്കേണ്ടതായി വന്നാൽ, അതു് ഉപയോഗശൂന്യമാണു്. ഉപേക്ഷിക്കേണ്ടതുമാണു്. ഇതാണു് എൻെറ ജീവിതത്തിലെ അനുഭവം. ഞാൻ പല കാര്യങ്ങളും ഇങ്ങനെ ഉപേക്ഷിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ ചെയ്ത പലതും എനിക്കു ചെയ്യാൻ സാധിക്കുമായിരുന്നില്ല.

"നമ്മുടെ വിദ്യാഭ്യാസത്തിൻെറ അടിമുതൽ മുടിവരെ മാററംവരുത്തണം. കൈകൾമുഖേന മസ്തിഷ്ക്കത്തിന്നു ശിക്ഷണം നൽകണം. ഞാനൊരു കവിയായിരുന്നുവെങ്കിൽ അഞ്ചു വിരലുകളുടെ കഴിവുകളെപ്പററി ഞാൻ കവിതയെഴുതുമായിരുന്നു. മനസ്സാണു് എല്ലാം, കൈകാലുകൾ ഒന്നുമല്ല എന്നു കരുതുന്നതെന്തിനാണു്? കൈകളെ സുശിക്ഷിതമാക്കാതെ പഴയ മാമൂലനുസരിച്ചുമാത്രം പഠിക്കുന്നവരുടെ ജീവിതം സംഗീതശൂന്യമായിരിക്കും. അവരുടെ എല്ലാ ശക്തികളും വികസിച്ചിട്ടില്ല. തൻെറ ശ്രദ്ധയെ മുഴുവനും ആകർഷിക്കത്തക്കവിധത്തിൽ കുട്ടിക്കു പുസ്തകപ്പഠിപ്പു് അത്ര രസകരമായിത്തോന്നുന്നില്ല. വെറും വാക്കുകളെക്കൊണ്ടു മസ്തിഷ്ക്കത്തിന്നു ക്ഷീണം തട്ടുന്നു, കുട്ടിയുടെ മനസ്സു് അലഞ്ഞുതിരിയാൻ തുടങ്ങുന്നു.

കൈകൾ ചെയ്യാൻ പാടില്ലാത്തതു ചെയ്യുന്നു, കണ്ണുകൾ കാണാൻ പാടില്ലാത്തതു കാണുന്നു, കാതുകൾ കേൾക്കാൻപാടില്ലാത്തതു കേൾക്കുന്നു. എന്നാൽ, ചെയ്യേണ്ടതോ കാണേണ്ടതോ കേൾക്കേണ്ടതോ ആയ കാര്യങ്ങൾ ചെയ്യുകയോ കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ല. ശരിയായ ഒരു തെരഞ്ഞെടുപ്പുനടത്താൻ അവയെ പഠിപ്പിച്ചിട്ടില്ല. അതിനാൽ, അവയുടെ ശിക്ഷണം പലപ്പോഴും വിനാശകാരിയായിപ്പരിണമിക്കുന്നു. ഗുണദോഷവിവേചനംചെയ്തു ഗുണത്തെ ഗ്രഹിക്കാനും ദോഷത്തെ ത്യജിക്കാനും പഠിപ്പിക്കാത്ത വിദ്യാഭ്യാസം ശരിയായ വിദ്യാഭ്യാസമല്ല. അതു് ആ പേരിനേ അർഹിക്കുന്നില്ല."

### കൈകൾമുഖേന ശിക്ഷണം

കൈകൾമുഖേന മനസ്സിന്റെ ശിക്ഷണം സാധിക്കുന്നതെങ്ങനെ എന്നു് അവർക്കു വിവരിച്ചുകൊടുക്കാൻ ശ്രീമതി ആശാദേവി ഗാന്ധിജിയോടപേക്ഷിച്ചു.

ഗാന്ധിജി: "സ്കൂളിലെ സാധാരണ പാഠ്യക്രമത്തോടു് ഏതെങ്കിലും ഒരു കൈത്തൊഴിൽ കൂട്ടിച്ചേർക്കുക എന്നതായിരുന്നു പഴയ ആശയം. അതായതു്, വിദ്യാഭ്യാസത്തിൽനിന്നു തികച്ചും വ്യത്യസ്തമായ ഒരു വസ്തുവെന്ന നിലയിലാണു് കൈത്തൊഴിലിനെ കരുതിയിരുന്നതു് എന്നു താത്പര്യം. അതൊരു വമ്പിച്ച തെററാണെന്നു് എനിക്കു തോന്നുന്നു. ഗുരുനാഥൻ കൈത്തൊഴിൽ പഠിച്ചു് തന്റെ അറിവിനെ ആ കൈത്തൊഴിലിനോടു് അനുബന്ധപ്പെടുത്തണം. അങ്ങനെ ആയാൾ ആ പ്രത്യേക കൈത്തൊഴിൽമുഖേന തന്റെ വിദ്യാർത്ഥികൾക്കു് എല്ലാ അറിവുകളും നല്കും.

"ഉദാഹരണത്തിന്നു നൂല്നൂല്പു് എടുക്കാം. കണക്കറിയാതെ തക്ലിയിൽ എത്രവാര നൂലുണ്ടാക്കി എന്നോ അതിന്നു്

എത്ര *ഇഴയുണ്ടെന്നോ, ആ നൂലിൻെറ നമ്പർ എത്രയാണെന്നോ പറയുക സാദ്ധ്യമല്ല. അതു സാധിക്കുന്നതിന്നു് ഞാൻ അക്കങ്ങൾ പഠിക്കണം. കൂട്ടൽ കിഴിക്കൽ പെരുക്കൽ ഹരിക്കൽ എന്നീ ക്രിയകളും പഠിക്കണം. വിഷമംപിടിച്ച കണക്കുകൾ ചെയ്യുന്നതിന്നായി എനിക്കു് അക്ഷരങ്ങളുപയോഗിക്കേണ്ടിവരും. അങ്ങനെ എനിക്കു ബീജഗണിതം (ആൾജിബ്ര) ലഭിക്കുന്നു. ഇവിടേയും റോമൻ അക്ഷരങ്ങൾക്കു പകരം ഹിന്ദുസ്ഥാനി അക്ഷരങ്ങൾ ഉപയോഗിക്കണമെന്നു ഞാൻ നിഷ്കൎഷിക്കും.

"പിന്നെ രേഖാഗണിതം (ജ്യോമട്രി) എടുക്കാം. വൃത്തത്തെ പ്രദർശിപ്പിക്കാൻ തക്ലിയുടെ വട്ടിനേക്കാളധികം നന്നായി മററെന്തൊരു വസ്തുവാണുള്ളതു്? ഇങ്ങനെ 'യൂക്ലിഡി'ൻെറ പേരുപോലും ഉച്ചരിക്കാതെ വൃത്തത്തെപ്പററിയ വിവരങ്ങളെല്ലാം എനിക്കു പഠിപ്പിക്കാൻ കഴിയും.

"ഇനി നൂല്പുമുഖേന ചരിത്രവും ഭൂമിശാസ്ത്രവും പഠിപ്പിക്കാൻ കഴിയുന്നതെങ്ങനെയെന്നും നിങ്ങൾ ചോദിച്ചേക്കാം. കുറച്ചുദിവസം മുമ്പു് 'പരുത്തി—മനുഷ്യവർഗ്ഗത്തിൻെറ കഥ' എന്നൊരു പുസ്തകം ഞാൻ കാണുകയുണ്ടായി. അതെന്നെ ആശ്ചര്യചകിതനാക്കി. അതൊരു വീരഗാഥയാണെന്നു തോന്നിപ്പോയി. അതു പ്രാചീനചരിത്രത്തോടുകൂടിയാണു് ആരംഭിച്ചിട്ടുള്ളതു്. എപ്പോഴാണു്, എങ്ങനെയാണു് പരുത്തി ആദ്യം കൃഷിചെയ്തതു്, അതിൻെറ വികാസക്രമം, വിവിധരാജ്യങ്ങൾതമ്മിലുള്ള പരുത്തിവ്യാപാരം മുതലായ പലതും അതിൽ വിവരിച്ചിട്ടുണ്ടു്. കുട്ടിക്കു് ഈ വിവിധരാജ്യങ്ങളുടെ പേരു പറഞ്ഞുകൊടുക്കുന്നതോടുകൂടി ഞാൻ ആ രാജ്യങ്ങളുടെ ഭൂമിശാസ്ത്രത്തെപ്പററിയും ചരിത്രത്തെപ്പററിയും സ്വാഭാവികമായി ചിലതൊക്കെ മനസ്സിലാക്കിക്കൊടുക്കും.

* 1 ഇഴ = 4 അടി.

ഏതേതു ഭരണാധിപന്മാരുടെ വാഴ്ചയിലാണ് വ്യത്യസ്ത കച്ചവടക്കരാറുകളിൽ വ്യത്യസ്തകാലത്തു് ഒപ്പുവെച്ചതു്; ചില രാജ്യങ്ങൾക്കു തുണിയും ചില രാജ്യങ്ങൾക്കു പരുത്തിയും ഇറക്കുമതിചെയ്യേണ്ടിവരാൻ കാരണമെന്തു്? എന്തുകൊണ്ടു് എല്ലാ രാജ്യക്കാൎക്കും തങ്ങൾക്കാവശ്യമായ പരുത്തി കൃഷി ചെയ്യാൻ കഴിയുന്നില്ല?—ഈവക പ്രശ്നങ്ങൾ എന്നെ കൃഷിയുടെ പ്രാഥമികതത്വങ്ങളിലേയ്ക്കും സാമ്പത്തികതത്വത്തിലേയ്ക്കും നയിക്കും. പലജാതി പരുത്തികൾ തിരിച്ചറിയാനും ഓരോന്നും ഏതുതരം മണ്ണിലാണു് വളരുക, എങ്ങനെയാണു കൃഷിചെയ്യുക, എവിടെനിന്നാണു കിട്ടുക എന്നിങ്ങനെ പലതും ഞാൻ പഠിപ്പിക്കും. അങ്ങനെ തക്ലിനൂല്പു് എന്നെ പൂൎവ്വേന്ത്യാക്കമ്പനിക്കാരുടെ ചരിത്രത്തിലേയ്ക്കു നയിക്കുന്നു. അവരിങ്ങോട്ടു വരാൻ കാരണമെന്തു്? അവർ നമ്മുടെ നൂല്പുവ്യവസായത്തെ നശിപ്പിച്ചതെങ്ങനെ? ഇംഗ്ലീഷുകാരെ, ഇങ്ങോട്ടു കൊണ്ടുവന്ന സാമ്പത്തികാഭിലാഷം രാഷ്ട്രീയാധികാരം സമ്പാദിക്കാനുള്ള ആഗ്രഹത്തിലേയ്ക്കു നയിച്ചതെങ്ങനെ? തക്ലി മുഗിളരുടേയും മഹാരാഷ്ട്രരുടേയും അധഃപതനത്തിന്നും ബ്രിട്ടീഷുഭരണത്തിൻെറ സ്ഥാപനത്തിന്നും പിന്നീടു (നമ്മുടെകാലത്തു്) വീണ്ടും സാധാരണജനങ്ങളുടെ ഉണൎവ്വിന്നും കാരണമായിത്തീൎന്നതെങ്ങനെ?—ഇതൊക്കെ വിവരിച്ചു പറഞ്ഞുകൊടുക്കേണ്ടിവരും. ഇങ്ങനെ ഈ പുതിയ പദ്ധതിയുടെ വിദ്യാഭ്യാസപരമായ കഴിവുകൾക്കു യാതൊരന്തവുമില്ല. കൂടാതെ തങ്ങളുടേ മനസ്സിലും സ്മരണമണ്ഡലത്തിലും അനാവശ്യമായ ഭാരം ഉളവാകാതെതന്നെ കുട്ടികൾ ഇതൊക്കെ വളരെവേഗം പഠിക്കുകയും ചെയ്യും!

“ഞാൻ ഈ ആശയത്തെ അല്പംകൂടി വിസ്തരിക്കാം. ഒരു പ്രാണിശാസ്ത്രജ്ഞനു തൻെറ വിഷയത്തിൽ വൈദഗ്ധ്യം നേടുന്നതിന്നു് ആ ശാസ്ത്രത്തിന്നു പുറമെ മററു പല ശാസ്ത്രങ്ങളും

പഠിക്കേണ്ടിവരും. അതുപോലെതന്നെ, അടിസ്ഥാനവിദ്യാഭ്യാസം ഒരു ശാസ്ത്രമാണെന്നു കരുതുന്നതായാൽ അതു നമ്മെ ജ്ഞാനത്തിൻെറ നിരവധി ശാഖകളിലേക്കു നയിക്കുന്നതാണ്. തക്ലിയുടെ ഉദാഹരണംതന്നെ അല്പംകൂടി വിസ്തരിക്കാം. തക്ലിയുടെ യാന്ത്രികമുറയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ—അതു തീർച്ചയായും പഠിക്കണം—അതിൻെറ തത്ത്വവും മനസ്സിലാക്കാൻ പരിശ്രമിക്കുന്ന ഒരു അദ്ധ്യാപകവിദ്യാത്ഥി അതിൻെറ എല്ലാ വശങ്ങളെപ്പററിയും ശരിയായി പഠിക്കും. എന്തിനാണ് തക്ലിയുടെ കതിര് ഉരുക്കുകൊണ്ടും വട്ട് പിത്തളകൊണ്ടും ഉണ്ടാക്കിയിരിക്കുന്നതു് എന്നു് അവൻ സ്വയം ചോദിക്കും. പണ്ടുകാലത്തു് മരംകൊണ്ടുള്ള കതിരും മണ്ണുകൊണ്ടോ സ്ലേററുകൊണ്ടോ ഉള്ള വട്ടമാണ് ഉണ്ടായിരുന്നതു്. അതിൽ ശാസ്ത്രീയമായ പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ട്. വട്ട് പിത്തളകൊണ്ടും കതിര് ഉരുക്കുകൊണ്ടും ഉണ്ടാക്കിയതിന്നു കാരണമുണ്ട്. അദ്ധ്യാപകൻ അതു കണ്ടുപിടിക്കണം. പിന്നെ ആ വട്ടിൻെറ വ്യാസം ഇത്രയായിരിക്കണമെന്നു നിശ്ചയിക്കാൻ കാരണമെന്തു്? എന്തുകൊണ്ടു് അല്പം കൂടുതലോ കുറവോ ആയിക്കൂടാ? ഈ ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി കണ്ടുപിടിക്കുകയും അതിൻെറ ഗണിതശാസ്ത്രത്തിലേക്കു പ്രവേശിക്കുകയും ചെയ്താൽ ആ വിദ്യാത്ഥി ഒരു നല്ല എഞ്ചിനീയറായി. തക്ലി ആയാളുടെ 'കാമധേനു'വായിത്തീരും. ഈ മാധ്യമംമുഖേന നല്കാൻകഴിയുന്ന ജ്ഞാനത്തിന്നു് ഒരു പരിധിയുമില്ല. നിങ്ങളുടെ വിശ്വാസത്തിന്നും ശക്തിക്കുമനുസരിച്ചായിരിക്കും ഇതിൻെറ പരിധി. നിങ്ങൾ മൂന്നാഴ്ചക്കാലത്തേയ്ക്കാണ് ഇങ്ങോട്ടു വന്നിരിക്കുന്നതു്. ഇതിന്നിടയിൽ ഈ പദ്ധതിയെ കാര്യമായ നിലയിൽ സ്വീകരിക്കാനും 'ഞാൻ ഒന്നുകിൽ ഈ ഏറെറടുത്ത കാര്യം നിറവേററും; അല്ലെങ്കിൽ മരിക്കും!' എന്നു പറയാനും നിങ്ങൾക്കു

കഴിവുണ്ടാവുന്നതായാൽ നിങ്ങൾ ഈ കാലം ഉപയോഗപ്രദമായവിധത്തിൽ വിനിയോഗിച്ചു എന്നു പറയാം.

“ഞാൻ നൂല്പിന്റെ ഉദാഹരണം ഇത്ര വിസ്തരിക്കുന്നതു് അതെനിക്കറിയാമെന്നതുകൊണ്ടാണു്. ഞാൻ ഒരാശാരിയായിരുന്നുവെങ്കിൽ എന്റെ കുട്ടിയെ ആശാരിപ്പണിമുഖേന ഇതൊക്കെ പഠിപ്പിക്കും. അതുപോലെതന്നെ ഒരു കാർഡ്ബോർഡുപണിക്കാരനായിരുന്നുവെങ്കിൽ അതുമുഖേനയും പഠിപ്പിക്കും.”

ഗാന്ധിജി തുടന്നു: “നമുക്കാവശ്യമായതു് കല്പനാശക്തിയും ഉത്സാഹവുമുള്ള വിദ്യാഭ്യാസശാസ്ത്രജ്ഞന്മാരാണു്. തങ്ങൾ കുട്ടികളെ എന്താണു പഠിപ്പിക്കാൻ പോകുന്നതെന്നു് അവർ പ്രതിദിനം ചിന്തിക്കും. അദ്ധ്യാപകന്നു് പഴയ ഗ്രന്ഥങ്ങളിൽനിന്നു് ഈ ജ്ഞാനം കിട്ടുകയില്ല. അയാൾ തന്റെ നിരീക്ഷണശക്തിയേയും ചിന്താശക്തിയേയും ഉപയോഗിക്കുകയും തന്റെ അറിവിനെ ഒരു കൈത്തൊഴിലിന്റെ സഹായത്തോടെ വാമൊഴിയായി നല്കുകയും ചെയ്യണം. ഇതിന്റെ അത്ഥം വിദ്യാഭ്യാസപദ്ധതിയിൽ ഒരു വിപ്ലവം വരുത്തുക എന്നാണു്, അദ്ധ്യാപകന്റെ വീക്ഷണത്തിൽ ഒരു വിപ്ലവം വരുത്തുക എന്നാണു്. ഇന്നേവരെ ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടുകൊണ്ടാണു നിങ്ങൾ നയിക്കപ്പെട്ടിരുന്നതു്. നിങ്ങൾ അവരുടെ ആഗ്രഹത്തിന്നനുസരിച്ചു നടന്നിരുന്നു. കാരണം, നിങ്ങൾക്കു തങ്ങളുടെ സ്ഥാപനത്തിന്നു് അധികം പണം കിട്ടണം, അല്ലെങ്കിൽ സ്വന്തം ശമ്പളം വർദ്ധിപ്പിച്ചുകിട്ടണം എന്നായിരുന്നു വിചാരം. എന്നാൽ, പുതിയ അദ്ധ്യാപകൻ അതിനൊന്നും ശ്രദ്ധിക്കയില്ല. അയാൾ പറയും: ‘ഞാനെന്റെ വിദ്യാത്ഥിയെ കൂടുതൽ നല്ല മനുഷ്യനാക്കുകയും അതിന്നായി എന്റെ എല്ലാ കഴിവും ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടു

ണ്ടെങ്കിൽ ഞാനവരോടു് എനിക്കുള്ള കടമ നിറവേററിക്കഴിഞ്ഞു. എനിക്കതു മതി.''

ഹരിജൻ, 18–2–'39

മുപ്പത്തിരണ്ടു്

## അടിസ്ഥാനവിദ്യാഭ്യാസം തീച്ചൂളയിൽ—II

### അദ്ധ്യാപകപരിശീലനം

ചോദ്യം: "അദ്ധ്യാപകന്മാക്കു പരിശീലനം നല്കുമ്പോൾ ആദ്യം കേവലമൊരു കൈത്തൊഴിൽ പഠിപ്പിക്കുകയും പിന്നെ ആ കൈത്തൊഴിലിനെ വാഹനമാക്കി അദ്ധ്യാപനപദ്ധതി സ്പഷ്ടമായും വിസ്തൃതമായും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നതു് കൂടുതൽ നന്നായിരിക്കയില്ലേ? തങ്ങൾ ഏഴു വയസ്സായ കുട്ടികളാണെന്നു സങ്കല്പിച്ചു് ഒരു കൈത്തൊഴിൽ മുഖേന എല്ലാം രണ്ടാമതും പഠിക്കാൻ അവരോടുപദേശിക്കയാണു് ഇന്നു ചെയ്യുന്നതു്. ഇപ്രകാരം പുതിയ പദ്ധതി പഠിച്ചു് പ്രാപ്തരായ അദ്ധ്യാപകരാവുന്നതിന്നു് അവക്കു വളരെക്കൊല്ലം വേണ്ടിവരും."

ഉത്തരം: "ഇല്ല, വളരെക്കൊല്ലം വേണ്ടിവരില്ല. എന്റെ അടുക്കലേക്കു വരുമ്പോൾ അദ്ധ്യാപകന്നു് കണക്കിലും ചരിത്രത്തിലും മററു വിഷയങ്ങളിലും കുറച്ചൊക്കെ അറിവുണ്ടെന്നു വിചാരിക്കുക. ഞാനയാളെ നൂല്ക്കാനോ കാർഡ്ബോർഡുകൊണ്ടു പെട്ടികളുണ്ടാക്കാനോ പഠിപ്പിക്കും. അയാൾ, അതു ചെയ്തുകൊണ്ടിരിക്കുമ്പോൾ ആ തൊഴിൽമുഖേന കണക്കിലും ചരിത്രത്തിലും ഭൂമിശാസ്ത്രത്തിലും മററും അറിവുസമ്പാദിക്കുന്നതെങ്ങനെയായിരിക്കും എന്നു ഞാൻ കാണിച്ചുകൊടുക്കും. അങ്ങനെ, തന്റെ അറിവിനെ കൈത്തൊഴിലിനോടു ബന്ധ

പ്പെട്ടുത്തുന്നതെങ്ങനെയെന്നു് ആയാൾ പഠിക്കുന്നു. ആയാൾക്കു് അതിന്നായി അധികം സമയം വിനിയോഗിക്കേണ്ടിവരില്ല. മററൊരുദാഹരണമെടുക്കാം. ഞാൻ എൻെറ ഏഴുവയസ്സായ കുട്ടിയുടെകൂടെ ഒരു ബേസിക്സ്കൂളിലേയ്ക്കു പോകുന്നു എന്നു കരുതുക. ഞങ്ങളിരുവരും നൂല്പുപഠിക്കുന്നു. ഞാനെന്റെ പഴയ അറിവിനെ മുഴുവനും നൂല്പിനോടു ബന്ധപ്പെടുത്തും. കുട്ടിക്കതൊക്കെ പുതുതാണു്. 70 വയസ്സായ അച്ഛന്നോ ആവർത്തനവും, പക്ഷേ, അദ്ദേഹം തൻെറ പഴയ അറിവിനെ ഒരു പുതിയ രൂപത്തിൽ സംഗ്രഹിക്കും. അതിനദ്ദേഹം അല്പം ആഴ്ചകളിലധികം എടുക്കരുതു്. അദ്ധ്യാപകൻ എട്ടുവയസ്സായ ഒരു കുട്ടിയുടെ ഗ്രഹണശക്തിയും ഔത്സുക്യവും പ്രദർശിപ്പിക്കാതിരുന്നാൽ ആയാൾ അവസാനം വെറുമൊരു നൂല്പുകാരനായിത്തീരും. ഈ പുതിയ പദ്ധതി കൈകാര്യം ചെയ്യാൻ അതയാളെ പ്രാപ്തനാക്കുകയില്ല.''

ചോദ്യം: "മെട്രിക്കുലേഷൻ പാസ്സായ ഒരു കുട്ടിക്കു വേണമെങ്കിൽ കാളേജിലേയ്ക്കു പോകാം. അടിസ്ഥാനവിദ്യാഭ്യാസത്തിലെ പാഠ്യക്രമമനുസരിച്ചു് പഠിപ്പു പൂർത്തിയാക്കിയ കുട്ടിക്കു് അതു സാധ്യമാണോ?''

ഉത്തരം: ''മെട്രിക്കുലേഷൻ പാസ്സായ കുട്ടിയേയും അടിസ്ഥാനവിദ്യാഭ്യാസം പൂർത്തിയാക്കിയ കുട്ടിയേയും താരതമ്യപ്പെടുത്തിയാൽ രണ്ടാമത്തെ കുട്ടി തൻെറ ജോലി കൂടുതൽ നന്നായി നിർവ്വഹിക്കും. കാരണം, അവൻെറ കഴിവുകളെല്ലാം വികസിച്ചിട്ടുണ്ടു്. കാളേജിൽ ചേരുമ്പോൾ സാധാരണ മെട്രിക്കുലേഷൻകാരെപ്പോലെ അവന്നു നിസ്സഹായത തോന്നില്ല.''

ചോദ്യം: ''അടിസ്ഥാനവിദ്യാലയങ്ങളിൽ ചേക്കുന്നതിന്നു് കുട്ടിയുടെ ചുരുങ്ങിയ വയസ്സു് ഏഴാണെന്നു നിർണ്ണയിക്ക

പ്പെട്ടിട്ടുണ്ട്. ഇതു് കാലത്തെ സൂചിപ്പിക്കുന്നതോ മാനസിക വളർച്ചയെ സൂചിപ്പിക്കുന്നതോ?"

ഉത്തരം: "ഏഴ് എന്നതു് ഏറ്റവും ചുരുങ്ങിയ ശരാശരി വയസ്സാണു്. അതിലധികം പ്രായമായ ചിലരുണ്ടായിരിക്കും, കുറച്ചു പ്രായമായ ചിലരും ഉണ്ടായിരിക്കും. നാം ശാരീരികവളൎച്ചയേയും മാനസികവളർച്ചയേയും—രണ്ടിനേയും—പരിഗണിക്കണം. ഏഴുവയസ്സായ ഒരു കുട്ടി കൈത്തൊഴിൽ ചെയ്യുന്നതിന്നു വേണ്ടത്ര ശാരീരികവളൎച്ച് പ്രാപിച്ചിരിക്കാം. വേറൊരു കുട്ടിക്കു് ഏഴുവയസ്സിൽ അതു ചെയ്യാൻ കഴിഞ്ഞില്ല എന്നു വരാം. അതിനാൽ, ഈ കാൎയ്യത്തിൽ ഒരു നിശ്ചിതനിയമം വെയ്ക്കുക സാധ്യമല്ല. എല്ലാ കാൎയ്യങ്ങളെപ്പററിയും ചിന്തിച്ചു് വിവേകപൂൎവ്വം പ്രവൎത്തിക്കേണ്ടിവരും."

ഗാന്ധിജി തുടൎന്നു: "ഈ ചോദ്യങ്ങൾ കാണിക്കുന്നതു് നിങ്ങളിൽ പലരും സംശയഗ്രസ്തരാണെന്നാണു്. ഇതു കാൎയ്യനിൎവ്വഹണത്തിന്നു യോജിച്ച മാൎഗ്ഗമല്ല. നിങ്ങൾക്കു് അചഞ്ചലമായ വിശ്വാസം ഉണ്ടായിരിക്കണം. നമ്മുടെ നാട്ടിലെ ലക്ഷക്കണക്കായ കുട്ടികൾക്കു് ജീവിതത്തിന്നുള്ള പരിശീലനം നല്കാൻ പററിയ സാധനം അടിസ്ഥാനവിദ്യാഭ്യാസമാണെന്നു് എന്നെപ്പോലെ നിങ്ങൾക്കും വിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ പ്രവൃത്തി പുരോഗമിക്കും. നിങ്ങൾക്കു് അത്തരം വിശ്വാസമില്ലെങ്കിൽ നിങ്ങളുടെ ശിക്ഷണത്തിന്നുത്തരവാദിയായവരിൽ എന്തോ ന്യൂനതയുണ്ടു്. നിങ്ങൾക്കു മററുവല്ലതും തരാൻ സാധിച്ചാലും ശരി ഇല്ലെങ്കിലും ശരി ഇത്രയും വിശ്വാസം നിങ്ങളിലുണ്ടാക്കാൻ അവൎക്കു സാധിക്കണം."

### അദ്ധ്യാപനപരമായ ചില സംശയങ്ങൾ

ചോദ്യം: "അടിസ്ഥാനവിദ്യാഭ്യാസപദ്ധതി ഗ്രാമങ്ങൾക്കുള്ളതാണെന്നു പരിഗണിക്കപ്പെട്ടിട്ടുണ്ടു്. അപ്പോൾ നഗര

വാസികൾക്കു് ഒരു പോംവഴിയുമില്ലേ? അവക്കു് ആ പഴയ വഴിയിലൂടെത്തന്നെ പോകേണ്ടിവരുമോ?''

ഉത്തരം: "ഇതു വളരെ ഉചിതമായ ഒരു ചോദ്യമാണു്, നല്ല ചോദ്യവുമാണു്. എന്നാൽ, 'ഹരിജൻ'പത്രത്തിൽ ഇതിന്നുള്ള മറുപടി മുൻപുതന്നെ ഞാൻ നല്കിയിട്ടുണ്ടു്. നാം കൈയേററ കാര്യം ഭംഗിയായി ചെയ്തുതീർത്താൽത്തന്നെ വളരെയൊക്കെ സാധിച്ചു. ഇന്നത്തെ സ്ഥിതിക്കു നാം കൈയേററ കാര്യം വളരെ മഹത്തായ ഒന്നാണു്. ഏഴുലക്ഷം ഗ്രാമങ്ങളുടെ വിദ്യാഭ്യാസപ്രശ്നം നമുക്കു പരിഹരിക്കാൻ കഴിഞ്ഞാൽ തത്കാലത്തേക്കു് അതു ധാരാളമായി. വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ നഗരങ്ങളെപ്പററിയും ചിന്തിക്കുന്നുണ്ടു്. പക്ഷേ, നാം ഗ്രാമങ്ങളുടെ പ്രശ്നത്തോടൊപ്പം നഗരങ്ങളുടെ പ്രശ്നവും എടുക്കുന്നതു് നമ്മുടെ ശക്തിയെ വൃഥാ വ്യയം ചെയ്യുകയായിരിക്കും.''

ചോദ്യം: "ഒരു ഗ്രാമത്തിൽ മൂന്നു സ്കൂളുകളുണ്ടെന്നും ഓരോന്നിലും വേറെ വേറെ കൈത്തൊഴിലാണു് പഠിപ്പിക്കുന്നതെന്നും വിചാരിക്കുക. അപ്പോൾ പഠിക്കാനുള്ള സൗകര്യങ്ങൾ ഒന്നിൽ മറെറാന്നിലേക്കാൾ അധികമായിരിക്കും. ഇവയിൽ ഏതിലേക്കാണു് കുട്ടി പോകേണ്ടതു്?''

ഉത്തരം: "ഒരേ ഗ്രാമത്തിൽ അനേകം കൈത്തൊഴിലുകൾ പഠിപ്പിക്കാനിടവരരുതു്. കാരണം, നമ്മുടെ മിക്കഗ്രാമങ്ങളും ചെറിയവയാണു്. അവയിൽ ഒന്നിലധികം സ്കൂളുകൾ ആവശ്യമായിരിക്കയില്ല. ഒരു വലിയ ഗ്രാമത്തിൽ ഒന്നിലധികം സ്കൂൾ ഉണ്ടാവാം. എന്നാൽ, എല്ലാറ്റിലും പഠിപ്പിക്കുന്നതു് ഒരേ കൈത്തൊഴിലായിരിക്കണം. പക്ഷേ, ഞാൻ കർശനമായ നിയമങ്ങളൊന്നും വെക്കുകയില്ല. ഇത്തരം കാര്യങ്ങളിൽ ഏററവും വലിയ മാർഗ്ഗദർശി അനുഭവമാണു്. വ്യത്യസ്ത തൊഴിലുകളെ വിദ്യാർത്ഥികൾ എത്രകണ്ടു് ഇഷ്ടപ്പെടുന്നുണ്ടു്, അവ

യോരോന്നിന്നും അവരുടെ ശക്തികളെ വികസിപ്പിക്കാൻ എത്രമാത്രം കഴിവുണ്ട് എന്നെല്ലാം പരിശോധിക്കണം. നിങ്ങൾ ഏതു കൈത്തൊഴിൽ തിരഞ്ഞെടുത്താലും അതുമൂഖേന കുട്ടികളുടെ ശക്തികളെ സമഗ്രമായും സമഞ്ജസമായും വികസിപ്പിക്കണം. അതു് ഉപയോഗപ്രദമായിരിക്കയും വേണം."

ചോദ്യം: "ഭാവിയിൽ അവൻ സ്വീകരിക്കുന്ന തൊഴിൽ മറെറാന്നാവാനിടയുള്ളപക്ഷം കുട്ടി ഒരു കൈത്തൊഴിൽ പഠിക്കുന്നതിന്നായി ഏഴുകൊല്ലം വൃഥാവ്യയം ചെയ്യുന്നതെന്തിനാണു്? ഉദാഹരണം: ഒരു ബാങ്കറുടെ മകൻ വലുതാകുമ്പോൾ ബാങ്കിങ്ങ്ജോലി ഏറെറടുക്കുമെന്നു പ്രതീക്ഷിക്കുന്നു. ആ കുട്ടി എന്തിനാണു് ഏഴുകൊല്ലം നൂല്പുപഠിക്കുന്നതു്?"

ഉത്തരം: "ഈ ചോദ്യം പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പററിയ അഗാധമായ അജ്ഞതയെയാണു് പ്രദർശിപ്പിക്കുന്നതു്. അടിസ്ഥാനവിദ്യാലയങ്ങളിലേയ്ക്കു് കുട്ടികൾ പോകുന്നതു് കേവലം ഒരു കൈത്തൊഴിൽ പഠിക്കുന്നതിന്നല്ല; പ്രത്യുത, തന്റെ പ്രാഥമികവിദ്യാഭ്യാസം നേടുന്നതിന്നാണു്, കൈത്തൊഴിൽമൂഖേന തന്റെ മനസ്സിനെ വികസിപ്പിക്കുന്നതിന്നാണു്. പുതിയ പദ്ധതിയനുസരിച്ചു് ഏഴുകൊല്ലം പഠിച്ച ഒരു കുട്ടി സാധാരണപള്ളിക്കൂടത്തിൽ പഠിച്ച കുട്ടിയേക്കാൾ നല്ല ബാങ്കറാവുമെന്നു ഞാൻ അവകാശപ്പെടുന്നു. രണ്ടാമതുപറഞ്ഞ കുട്ടിക്കു് ബാങ്കിങ്ങ്സ്കൂളിലേയ്ക്കു പോകുമ്പോൾ വിഷമം തോന്നും. കാരണം, അവന്റെ ശക്തികളെല്ലാം വികസിച്ചിട്ടുണ്ടായിരിക്കയില്ല. മുൻനിർണ്ണയംമൂലം വേരുറച്ച വിചാരങ്ങളെ നശിപ്പിക്കുക എളുപ്പമല്ല. ഈ പുതിയ വിദ്യാഭ്യാസപദ്ധതി അല്പം അക്ഷരജ്ഞാനവും അല്പം കൈത്തൊഴിലുമല്ല എന്ന പ്രധാനവസ്തുത നിങ്ങൾക്കു മനസ്സിലാക്കിത്തരാൻ കഴിഞ്ഞാൽ എന്റെ ഇന്നത്തെ പ്രയത്നം സഫലമായി എന്നു കരുതാം. ഇതു് ഒരു കൈത്തൊഴിൽമൂഖേന പ്രാഥമികഘട്ടംവരെയുള്ള പൂർണ്ണവിദ്യാഭ്യാസമാണു്."

ചോദ്യം: "ഓരോ സ്കൂളിലും ഒന്നിലധികം കൈത്തൊഴിൽ പഠിപ്പിക്കുന്നതു് കൂടുതൽ നന്നായിരിക്കയില്ലേ? മാസം തോറും കൊല്ലംതോറും ഒരേകാര്യം ചെയ്താൽ കുട്ടികൾക്കു മടുപ്പുതോന്നാൻ തുടങ്ങും."

ഉത്തരം: "ഒരുമാസം നൂല്നൂല്ക്കുമ്പോഴേക്കു് ഏതെങ്കിലും അദ്ധ്യാപകനിൽ കുട്ടികൾക്കു് താത്പര്യം കുറഞ്ഞുകണ്ടാൽ ഞാനായാളെ പിരിച്ചുവിടും. ഒരു സംഗീതോപകരണംകൊണ്ടു പുതിയ പുതിയ സ്വരങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുന്നതുപോലെതന്നെ നമ്മുടെ ഓരോ പാഠത്തിലും പുതുമയുണ്ടായിരിക്കും. ഒരു കൈത്തൊഴിലിൽനിന്നു മറ്റൊന്നിലേക്കു് പോയിക്കൊണ്ടേ ഇരിക്കുന്ന കുട്ടിയുടെ സ്ഥിതി കൊമ്പുതോറും ചാടിനടക്കുന്ന കുരങ്ങന്റേതുപോലെ ആയിരിക്കും. ശാസ്ത്രീയരീത്യാ നൂല്പുപഠിപ്പിക്കുന്നതിൽ നൂല്പിന്നുപുറമെ മററു പലതും ഉൾപ്പെടുന്നുണ്ടെന്നു് നമ്മുടെ ചർച്ചക്കിടയിൽ ഞാൻ വിശദമാക്കിക്കഴിഞ്ഞു. തന്റെ തക്ലിയും തക്ലിപ്പലകയും ഉണ്ടാക്കാൻ കുട്ടിയെ ഉടനെ പഠിപ്പിക്കുന്നതാണു്. ശാസ്ത്രീയ ഭാവത്തോടെ കൈത്തൊഴിൽ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകൻ തന്റെ വിദ്യാർത്ഥികളോടു പല സരണികളിലൂടെയും സംസാരിക്കും. അതൊക്കെ അവരുടെ വിവിധശക്തികളെ വികസിപ്പിക്കാൻ സഹായകമായിത്തീരും."

ഹരിജൻ, 4–3–'39

## മുപ്പത്തിമൂന്നു്

## പടിഞ്ഞാറുനിന്നുള്ള ഒരിറക്കുമതിയല്ല

(ബേസിക് നാഷനൽ എഡ്യൂക്കേഷൻ—1937 ഒക്ടോബർമാസത്തിൽ വർദ്ധയിൽവെച്ചു കൂടിയ വിദ്യാഭ്യാസസമ്മേളനത്തിന്റെ റിപ്പോർട്ട്—എന്ന പുസ്തകത്തിന്റെ രണ്ടാംപതിപ്പിനെഴുതിയ മുഖവുര.)

ഈ പുസ്തകത്തിന്റെ ആദ്യത്തേ ആയിരം പ്രതികൾ

വിററുതീൎന്ന എന്ന വസ്തുത, ഡോക്ടർ സാക്കിർ ഹുസ്സെയ്നും അദ്ദേഹത്തിൻെറ കമ്മറ്റിയും അടിസ്ഥാനദേശീയവിദ്യാഭ്യാസം എന്നു വിളിച്ചിട്ടുള്ള ഈ പദ്ധതി ഇന്ത്യയിലും വിദേശങ്ങളിലും ധാരാളം താത്പൎയ്യം ഉളവാക്കിക്കൊണ്ടിരിക്കുന്നുണ്ടു് എന്നു കാണിക്കുന്നു. അത്രതന്നെ ആകർഷകമല്ലെങ്കിലും ഇതിനെ 'ഗ്രാമവ്യവസായങ്ങൾമുഖേനയുള്ള ഗ്രാമീണ ദേശീയ വിദ്യാഭ്യാസം' എന്നു പറയുന്നതു കൂടുതൽ ശരിയായ വിവരണമായിരിക്കും. 'ഗ്രാമീണം' എന്നതുകൊണ്ടു് ഉന്നതവിദ്യാഭ്യാസത്തെ, എന്നുവെച്ചാൽ ഇംഗ്ലീഷുവിദ്യാഭ്യാസത്തെ, ഉപേക്ഷിച്ചിട്ടുണ്ടു്. 'ദേശീയം' എന്നതു തത്കാലം സത്യത്തേയും അഹിംസയേയുമാണു സൂചിപ്പിക്കുന്നതു്. 'ഗ്രാമവ്യവസായങ്ങൾമുഖേന' എന്നതിൻെറ താത്പൎയ്യം അദ്ധ്യാപകന്മാർ അതതു ഗ്രാമങ്ങളിൽവച്ചുതന്നെ, മേലേനിന്നു ചുമത്തിയ നിബന്ധനകളിൽനിന്നും കൈകടത്തലുകളിൽനിന്നും സ്വതന്ത്രമായ ഒരന്തരീക്ഷത്തിൽ, ഏതെങ്കിലും തിരഞ്ഞെടുത്ത കൈത്തൊഴിൽമുഖേന ആ ഗ്രാമത്തിലേ കുട്ടികളുടെ എല്ലാ ശക്തികളേയും വികസിപ്പിക്കാൻ സാധിക്കുന്നവിധത്തിൽ പഠിപ്പിക്കും എന്നു വർദ്ധാപദ്ധതിയുടെ നിൎമ്മാതാക്കൾ പ്രതീക്ഷിക്കുന്നു എന്നാണു്. ഈ ദൃഷ്ടിയോടുകൂടി ചിന്തിക്കുമ്പോൾ ഈ പദ്ധതി ഗ്രാമീണബാലരുടെ വിദ്യാഭ്യാസത്തിലേ ഒരു വിപ്ലവംതന്നെയാണു്. ഇതു് ഒരുവിധത്തിലും പടിഞ്ഞാറുനിന്നുള്ള ഒരിറക്കുമതിയല്ല. ഈ വസ്തുത മനസ്സിൽവയ്ക്കുന്നതായാൽ വായനക്കാരനു് ഇതു കൂടുതൽ നന്നായി മനസ്സിലാക്കാൻ കഴിയും. കാരണം, ഇതു തയാറാക്കുന്നതിന്നു ശ്രേഷ്ഠന്മാരായ ചില വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ തങ്ങളുടെ അനുസ്യൂതമായ ശ്രദ്ധയെ നല്കിയിട്ടുണ്ടു്.

ഹരിജൻ, 28-5-'38

## മുപ്പത്തിനാല്

## മദ്ധ്യസംസ്ഥാനത്തിലേ തദ്ദേശസ്ഥാപനങ്ങൾ നേതൃത്വംനല്കുന്നു

മദ്ധ്യസംസ്ഥാനത്തിലേ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം കഴിഞ്ഞ ആഴ്ച കൂട്ടുകയുണ്ടായി. അവർ ഗാന്ധിജിയെ സമ്മേളനത്തിലേയ്ക്കു ക്ഷണിച്ചിരുന്നു. മെമ്പർമാരിലൊരാൾ ഗാന്ധിജിയോടു സാമാന്യമായ ഒരു ചോദ്യം ചോദിച്ചു: "അടിസ്ഥാനവിദ്യാഭ്യാസപദ്ധതി നാട്ടിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ പുരോഗതിയെ സഹായിക്കുമെന്നു കരുതുന്നതെങ്ങനെ?" ഗാന്ധിജി തൻെറ ഭാഷണത്തിൽ ഇതിന്നു മറുപടിപറയുകയാണു ചെയ്തതു്.

"നിങ്ങൾ ഇങ്ങനെ ഒരു ചോദ്യം ചോദിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. ഇന്നു പ്രചാരത്തിലുള്ള പ്രാഥമികവിദ്യാഭ്യാസപദ്ധതി നാടിൻെറ പുരോഗതിയെ ഉദ്ദേശിച്ചുകൊണ്ടല്ല ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നതു് എന്നു പറഞ്ഞാൽ അതിന്നുള്ള മറുപടിയായി. പ്രാഥമികവിദ്യാഭ്യാസത്തിന്നായി ചെലവാക്കുന്ന പണത്തിന്നു പകരം സ്റ്റേററിന്നു് ഒന്നുംതന്നെ കിട്ടുന്നില്ല. തഥാകഥിതമായ ഉന്നതവിദ്യാഭ്യാസത്തിന്റെ ഫലമായി നമുക്കു് *ശുക്ലജിയെപ്പോലുള്ള ദുർലഭം ചില നല്ല ഭരണാധികാരികളെ കിട്ടുന്നുണ്ടെന്നതു പ്രാഥമികവിദ്യാഭ്യാസത്തിലേ ദുർവ്യയത്തെ ന്യായീകരിക്കുന്നില്ല. അതു്, ഇംഗ്ലീഷുബിരുദമോ ഇംഗ്ലീഷിൽ പരിജ്ഞാനമോ ഉള്ളവരെക്കൊണ്ടല്ലാതെ ഇന്ത്യയിലേ കാര്യങ്ങൾ നടത്തുക സാധ്യമല്ല എന്ന ദയനീയമായ അന്ധവിശ്വാസത്തെ വേദനാജനകമായ വിധത്തിൽ ശമിപ്പിക്കുകയേ ചെയ്യുന്നുള്ളു. ഇന്നത്തേ

---

* ശ്രീ. രവിശങ്കർശുക്ല. അന്നത്തെ മുഖ്യമന്ത്രി (വിവ.)

പ്രാഥമികവിദ്യാഭ്യാസം ഒരു വ്യഥാവ്യയമാണു്, ഒരു ചെറിയ ശതമാനം വിദ്യാർത്ഥികളേ ഉയർന്ന ക്ലാസ്സുകളിലേക്കെത്തുന്നുള്ളു. കുട്ടികൾക്കു നല്കുന്ന അക്ഷരാഭ്യാസം സ്ഥായിയായി നില്ക്കുന്നില്ല; ആ വിദ്യാഭ്യാസംപോലും വിശാലമായ ഗ്രാമപ്രദേശങ്ങളുടെ ഒരു ചെറിയ അംശത്തെ മാത്രമേ സ്പർശിക്കുന്നുള്ളു എന്നൊക്കെ വിദ്യാഭ്യാസാധികൃതന്മാർ സമ്മതിച്ചിട്ടുണ്ടു്. മദ്ധ്യസംസ്ഥാനത്തിലെ ഗ്രാമങ്ങളിൽത്തന്നെ എത്ര ചെറിയ ഒരു വിഭാഗത്തിലാണു് ഇത്തരം സ്കൂളുകളെങ്കിലും ഉള്ളതെന്നു് ആലോചിച്ചുനോക്കുക! അവയും ഗ്രാമങ്ങൾക്കു് ഒന്നും തിരികെ കൊടുക്കുന്നില്ല.

"അതിനാൽ, നിങ്ങൾ ഉന്നയിച്ച പ്രശ്നം ഉളവാകുന്നതേ ഇല്ല. എന്നാൽ, ഈ പുതിയ വിദ്യാഭ്യാസപദ്ധതി ശരിയായ സാമ്പത്തികതത്ത്വങ്ങളെ ആധാരമാക്കിക്കൊണ്ടുള്ളതാണെന്നു് അവകാശപ്പെടുന്നുണ്ടു്. കാരണം, വിദ്യാഭ്യാസം മുഴവനും ഒരു തൊഴിൽമുഖേനയാണു നടത്തുക. ഇതു വിദ്യാഭ്യാസത്തോടുകൂടി ഒരു കൈത്തൊഴിൽപരിശീലനത്തെ കൂട്ടിച്ചേർക്കുകയല്ല, മറിച്ചു്, കൈത്തൊഴിൽമുഖേനയുള്ള സമഗ്രശിക്ഷണമാണു്. നെയ്ത്തുമുഖേന വിദ്യയഭ്യസിക്കുന്ന ഒരു കുട്ടി സാധാരണ നെയ്ത്തുകാരനെക്കാൾ നല്ല നെയ്ത്തുകാരനായിരിക്കും, തീർച്ചയായും ആയിരിക്കണം. നെയ്ത്തുകാരൻ രാഷ്ട്രത്തിന്നു സാമ്പത്തികമായ ഒരു നഷ്ടമാണെന്നു് ആർക്കും പറയുക സാദ്ധ്യമല്ല. ഈ നെയ്ത്തുകാരന്നു് വിവിധങ്ങളായ ഉപകരണങ്ങളെപ്പററിയും നെയ്ത്തിൻെറ വിവിധമുറകളെപ്പററിയും സാമ്പത്തികവശത്തെപ്പററിയും അറിയാം. ആയാൾ തൻെറ പ്രവൃത്തിയിൽ ഒരു സാധാരണ നെയ്ത്തുകാരനേക്കാൾ അധികം നല്ല ഫലം കാണിക്കുകയും ചെയ്യും. കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഈ പദ്ധതി നടത്തിയതിൻെറ സാമ്പത്തികപരിണാമങ്ങൾ ശ്രീമതി ആശാ

ദേവിശേഖരിച്ച വസ്തുതകളിൽനിന്നും കണക്കുകളിൽനിന്നും മനസ്സിലാക്കാവുന്നതാണു്. അതു പഠിക്കുന്നതു നന്നായിരിക്കും. അതു നമ്മുടെ പ്രതീക്ഷകളിലും അധികമാണു്. അതാണു് ഞാൻ സ്വാവലംബനവിദ്യാഭ്യാസം എന്നു പറയുന്നതുകൊണ്ടു് അർത്ഥമാക്കുന്നതു്. ഞാൻ സ്വാവലംബനമെന്ന വാക്കുപയോഗിച്ചപ്പോൾ അർത്ഥമാക്കിയിരുന്നതു് എല്ലാ മൂലധനച്ചെലവുകളും ഇതിൽനിന്നുണ്ടാവുമെന്നല്ല; പ്രത്യുത, കുട്ടികളുണ്ടാക്കിയ സാധനങ്ങളുടെ വില്പനയിൽനിന്നു് അദ്ധ്യാപകന്റെ ശമ്പളമെങ്കിലും ഉണ്ടാവുമെന്നാണു്. ഇങ്ങനെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയുടെ സാമ്പത്തികവശം സ്വയംസിദ്ധമാണു്.

"പിന്നെ മറെറാരു വശമുണ്ടു്. അതു ദേശീയമായ ഉണർവ്വാണു്. കുമാരപ്പ മദ്ധ്യസം... കുമാരപ്പക്കമ്മററി ഗ്രാമവ്യവസായങ്ങളെപ്പററി തയാറാക്കിയ റിപ്പോർട്ടു് നിങ്ങൾ വായിച്ചിട്ടുണ്ടോ എന്നറിയുകയില്ല. വളരെക്കാലമായി ഈ നാട്ടിലെ ഒരാളുടെ ശരാശരി വാർഷികവരവു് 70 ക.യാണെന്നു കരുതിവരുന്നുണ്ടു്. എന്നാൽ, മദ്ധ്യസംസ്ഥാനങ്ങളിലെ ഗ്രാമങ്ങളിൽ അതു് 12 ക. മുതൽ 14 ക. വരെയാണു്—അതിൽ കവിയുന്നില്ല—എന്നദ്ദേഹം തെളിയിച്ചിട്ടുണ്ടു്. അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ നൂലുനൂല്പും മററു കുടിൽവ്യവസായങ്ങളും തിരഞ്ഞെടുത്തിട്ടുള്ളതു് അവയ്ക്കു ഗ്രാമങ്ങളുടെ ആവശ്യകതകളെ പൂർത്തിയാക്കാൻ കഴിയുമെന്നു കരുതിയിട്ടാണു്. അതിനാൽ, ഗ്രാമവ്യവസായങ്ങൾമുഖേന വിദ്യയഭ്യസിക്കുന്ന കുട്ടികൾ തങ്ങളുടെ അറിവിനെ സ്വന്തം വീട്ടുകളിലേയ്ക്കു വ്യാപിപ്പിക്കണം. ഇങ്ങനെ നമ്മുടെ ഗ്രാമവ്യവസായങ്ങളെ പുനരുദ്ധരിച്ചാൽ ഗ്രാമീണരുടെ ശരാശരിവരവു് എളുപ്പത്തിൽ ഇരട്ടിപ്പിക്കാൻ കഴിയുമെന്നു നിങ്ങൾക്കു കാണാം. നിങ്ങൾ ജനങ്ങളുടെ സേവകന്മാരാവുകയും ഈ പുതിയ പദ്ധതിയിൽ ക്രിയാത്മകമായ

താത്പര്യം പ്രദർശിപ്പിക്കാൻ തുടങ്ങുകയും ചെയ്താൽ ഇന്നു ജില്ലാബോർഡുകളിൽ കാണുന്ന മിക്ക കലഹങ്ങളും അവസാനിക്കും. ഒരു സ്കൂളുകാരയച്ച ഒരു കത്തു ഞാനിങ്ങോട്ടു വരുമ്പോൾ എനിക്കു കിട്ടുകയുണ്ടായി. അവിടെ ദിവസേന നാലു മണിക്കൂർവീതം മുപ്പതുദിവസം നൂററിട്ട് കുട്ടികൾ എഴുപത്തഞ്ചിൽചില്ല്വാനം ഉറുപ്പിക സമ്പാദിച്ചു. 30 കുട്ടികൾ മാസത്തിൽ 75 രൂപ സമ്പാദിച്ചുവെങ്കിൽ ഇന്ത്യയിലെ പ്രാഥമിക പാഠശാലകളിലെ കോടിക്കണക്കായ കുട്ടികളുടെ സമ്പാദ്യം എത്രയായിരിക്കുമെന്നു നിങ്ങൾക്കുതന്നെ കണക്കാക്കാം.

"ഇനി ഇതുനിമിത്തം കുട്ടികൾക്കുണ്ടാവുന്ന ആത്മവിശ്വാസത്തേപ്പററിയും കാര്യക്ഷമതയെപ്പററിയും ചിന്തിക്കുക. തങ്ങൾ രാഷ്ട്രത്തിൻെറ വരുമാനം വർദ്ധിപ്പിക്കുകയും അസമാനമായ വിതരണത്തിൻെറ പ്രശ്നം പരിഹരിക്കുകയും ചെയ്യുകയാണെന്ന ബോധവും അവരിലുളവാകും—ഇതിൻെറയെല്ലാം പരിണാമം എന്തായിരിക്കും! ഇതൊരു രാഷ്ട്രീയമായ ഉണർവ്വിലേയ്ക്കു നമ്മെ നയിക്കുന്നതാണ്. കുട്ടികൾക്കു തദ്ദേശത്തെ എല്ലാ കാര്യങ്ങളെപ്പററിയും—നമ്മുടെ കൈക്കൂലി മുതലായ അഴിമതികളെപ്പററിയും അവയുടെ നിവാരണമാർഗ്ഗത്തെപ്പററിയും—അറിഞ്ഞിരിക്കണം. ഈ തരത്തിലുള്ള രാഷ്ട്രീയവിദ്യാഭ്യാസം നമ്മുടെ ഓരോ കുട്ടിക്കും കിട്ടണമെന്നു ഞാനാശിക്കുന്നു. അതവരുടെ വളർച്ചയെ ഒരു മുഴമെങ്കിലും വർദ്ധിപ്പിക്കുമെന്നതു തീർച്ചയാണ്.

"അടിസ്ഥാനവിദ്യാഭ്യാസപദ്ധതി നാടിനെ സാമ്പത്തികമായും രാഷ്ട്രീയമായും പുരോഗമിപ്പിക്കുമെന്നതു തീർച്ചയാണ്. ഞാനതു തെളിയിച്ചുതന്നു എന്നു വിശ്വസിക്കുന്നു.

"ഇത്രയും പറഞ്ഞതിന്നുശേഷം ഞാൻ നിങ്ങളോട്ട് ഒരഭ്യർത്ഥന ചെയ്യുന്നതാണ്: ഇപ്പോൾ ഇവിടെ വന്ന സ്ഥിതിക്ക് നിങ്ങൾ ഈ പദ്ധതി സശ്രദ്ധം പഠിക്കണം. തങ്ങൾ

ഇതിൽ വിശ്വസിച്ചുകൊണ്ടാണ് അഥവാ വിശ്വസിക്കാതെയാണ് തിരിച്ചുപോകുന്നതെന്ന് ശ്രീ. ശുക്ലജിയോട്ടം ആര്യനായകംജിയോട്ടം പറയുകയും വേണം. ആത്മാർത്ഥമായി പരിശ്രമിച്ചാൽ മൂന്നുമാസത്തിന്നുള്ളിൽ തങ്ങൾ സ്കൂളുകളെ പുനരുദ്ധരിച്ചുവെന്നും കുട്ടികളിൽ ഒരു നവചൈതന്യം ഉളവാക്കിയെന്നും റിപ്പോർട്ടുചെയ്യാൻ നിങ്ങൾക്കു കഴിയുന്നതാണ്. ഒരു ബീജം മരമാവുന്നതിന്നു വളരെക്കൊല്ലം വേണ്ടിവന്നേക്കാം. എന്നാൽ, നിങ്ങൾ വിതക്കുന്ന വിദ്യാഭ്യാസബീജത്തിൻെറ പരിമിതഫലം പ്രത്യക്ഷപ്പെടുന്നതിന്നു് കുറച്ചുമാസം മതിയാവും. ഞാൻ രാഷ്ട്രത്തിൻെറ മുമ്പിൽ വെച്ചിട്ടുള്ളതു് ഖാദി, മദ്യനിരോധം, കൈത്തൊഴിൽ പുനരുദ്ധാരണം, തൊഴിൽമുഖേന വിദ്യാഭ്യാസം തുടങ്ങിയ ലഘുതമമായ—എന്നാൽ, വിപ്ലവപരമായ പരിവർത്തനങ്ങൾ വരുത്താൻ പര്യാപ്തമായ—പരിപാടികളാണ്. എന്നാൽ, ഇന്നത്തെ ഭരണവ്യവസ്ഥയുടെ ലഹരിയിൽനിന്നു രക്ഷപ്പെട്ടല്ലാതെ നിങ്ങൾ ഈ ലഘുവായ കാര്യങ്ങളെ കാണുകയില്ല.

"നിങ്ങൾ ഏതുകാര്യം ചെയ്യുന്നതായാലുംശരി ആത്മവഞ്ചന ചെയ്യരുതു്, ഞങ്ങളേയും വഞ്ചിക്കരുതു്. ഈ പദ്ധതിയിൽ ഉത്സാഹം തോന്നുന്നില്ലെങ്കിൽ നിങ്ങളതു ദയവായി തുറന്നുപറയണം.

"മൂലധനച്ചെലവിനെപ്പററിയും ഒരു വാക്കു്. നിങ്ങൾ ഇറക്കുന്ന മൂലധനം ഒരു തീരാത്ത നഷ്ടമായിരിക്കയില്ല, കെട്ടിടങ്ങൾക്കും മററും ചെയ്യുന്ന ചെലവുപോലെ. നിങ്ങൾ ഉപകരണങ്ങൾക്കും മററും വേണ്ടിയാണ് പണം ചെലവാക്കുക. അവയെല്ലാം ഉത്പാദനാർത്ഥം ചിരകാലം ഉപയോഗിക്കാം. നിങ്ങൾക്കു് ചക്കു, കൈത്തറി, കൈവില്ലു് മുതലായവസ്തുക്കളായി പണം ചെലവാക്കേണ്ടിവരും. അവ എത്രയോ ക്ലാസ്സുകൾക്കു് ഉപയോഗപ്രദമായിരിക്കും. വ്യവസായവത്കരണത്തിന്നു

വളരെയധികം മൂലധനം വേണ്ടിവരും. അതിൽ ധാരാളം നാശനഷ്ടങ്ങളും തേമാനവും വരുന്നതാണു്. ഈ പുതിയ പദ്ധതിയിൽ ആമാതിരി ഒന്നുമില്ല. സുവ്യവസ്ഥിതമായി ആസൂത്രണംചെയ്ത ഗ്രാമീണസമ്പദ്വ്യവസ്ഥയിൽ ഈമാതിരി ഒന്നും ആവശ്യമായി വരികയുമില്ല.

"അവസാനമായി ഒരുകാര്യം: നമ്മുടെ നാട്ടിൽ സംഭവിക്കുന്ന രാഷ്ട്രീയപരിവർത്തനങ്ങൾനിമിത്തം നിങ്ങൾ വിചലിതരാവരുതു് എന്നു ഞാനാഗ്രഹിക്കുന്നു. മന്ത്രിസഭകൾ വന്നതുപോലെ പോവുകയും ചെയ്യും. ഏററവും ചുരുങ്ങിയ കാലത്തെ നോട്ടീസുകൊണ്ടു് ഒഴിഞ്ഞുപോവാനൊരുങ്ങിക്കൊണ്ടാണു് അവർ ആ സ്ഥാനം സ്വീകരിച്ചതെന്നു് നിങ്ങൾ ഓർക്കണം. അവസരം വന്നാൽ സെക്രട്ടരിയേററിൽനിന്നു ജയിലിലേയ്ക്കു പോകേണ്ടിവരുമെന്നു് അവർ മനസ്സിലാക്കിയിട്ടുണ്ടു്. അവർ ഒരു പുഞ്ചിരിയോടെ അങ്ങനെ ചെയ്യും. എന്നാൽ, നിങ്ങളുടെ പരിപാടികൾ മന്ത്രിസഭകളെ ആശ്രയിച്ചിരിക്കേണ്ടതില്ല. നിങ്ങൾ ആസൂത്രണംചെയ്ത പ്രവൃത്തിയുടെ അസ്തിവാരം നല്ല ഉറപ്പുള്ളതാണെങ്കിൽ എത്ര മന്ത്രിസഭ വന്നാലുംശരി പോയാലുംശരി അതിന്നു് ഒരിളക്കവും തട്ടുകയില്ല. അതു് നിങ്ങൾക്കിതിലുള്ള വിശ്വാസത്തെ ആശ്രയിച്ചാണിരിക്കുന്നതു്. തന്റെ ധ്യേയമായ സത്യത്തിലും അഹിംസയിലും നിഷ്ഠയുള്ളേടത്തോളംകാലം കോൺഗ്രസ്സ് നിലനില്ക്കും: അതിന്റെ പ്രവൃത്തിയും നിലനില്ക്കും. ഞാൻ കോൺഗ്രസ്സിനെ കഠിനമായി വിമർശിച്ചിട്ടുണ്ടു്: അതിന്റെ കുറവുകളെ നിഷ്ഠുരണം വെളിപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ, ഇപ്പോഴും അതിന്നു നല്ലൊരു കഴിവു ബാക്കിയുണ്ടെന്നു് എനിക്കറിയാം.

"എല്ലാററിനും ഉപരിയായി ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. എല്ലാ കാര്യവും നിങ്ങളുടെ വിശ്വാസത്തേയും ദൃഢനിശ്ചയത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. നിങ്ങൾ

ക്കാഗ്രഹമുണ്ടെങ്കിൽ തീർച്ചയായും ഒരു വഴിയുണ്ടാവും. ഇതു് അവശ്യം പ്രവൃത്തിയിൽ കൊണ്ടുവരേണ്ട ഒരു പദ്ധതിയാണെന്നു നിങ്ങൾ മനസ്സിലുറപ്പിക്കുന്നതായാൽ ഏതു വിഷമതയും ദൂരീകരിക്കപ്പെട്ടും, നിങ്ങളുടെ വിശ്വാസം സജീവമായിരിക്കണമെന്നുമാത്രം. അനേകായിരം ആളുകൾ തങ്ങൾക്കു് ഈശ്വരവിശ്വാസമുണ്ടെന്നു പറയുന്നു. പക്ഷേ, ചെറിയ ഒരാപത്തു വരുമ്പോഴേയ്ക്കു് ഭയപ്പെട്ടോടുന്നതായാൽ അവരുടെ വിശ്വാസം കേവലം നിർജ്ജീവമാണു്. സജീവവിശ്വാസമുള്ള ഒരാൾക്കു് തന്റെ പരിപാടി നടപ്പാക്കുന്നതിന്നാവശ്യമായ അറിവും കുശലതയും ഉണ്ടായിത്തീരുന്നതാണു്. നിങ്ങളോരോരുത്തനും അത്തരം വിശ്വാസമുണ്ടെന്നവകാശപ്പെടുന്നതിൽ ഞാൻ സന്തോഷിക്കുന്നു. അതു വാസ്തവമാണെങ്കിൽ നിങ്ങളുടെ സംസ്ഥാനം മററു സംസ്ഥാനങ്ങൾക്കു് ഒരു നല്ല മാതൃകയായിത്തീരുന്നതാണു്."

ഹരിജൻ, 28–10–'39

## മുപ്പത്തഞ്ച്

## തക്ലിയും കളിക്കോപ്പുകളും

മാർച്ച് 31–ാം തീയതി വൈകുന്നേരം അഞ്ചുമണിക്കു് ഖാദിയാത്ര* അവസാനിച്ചു. പക്ഷേ, വല്ല ചോദ്യങ്ങളുമുണ്ടെങ്കിൽ താൻ പ്രാർത്ഥനാനന്തരം മറുപടി പറയാമെന്നു് ഗാന്ധിജി സമ്മതിച്ചിരുന്നു. അതിനാൽ, പലരും അന്നവിടെ താമ

* വർദ്ധജില്ലയിലെ ഖാദിപ്രേമികൾ ഖാദിയാത്ര എന്നറിയപ്പെടുന്ന ഈ സമ്മേളനം ഇക്കൊല്ലം സേവാഗ്രാമത്തിൽ വെച്ചാണു് നടത്തിയതു്. ഇവ വിനോബാജിയുടെ നേതൃത്വത്തിലും മാർഗ്ഗദർശനത്തിലുമാണു് നടത്തപ്പെടാറുള്ളതു്.

സിച്ചു. ഒരു ചോദ്യവും അതിന്നു ഗാന്ധിജി നല്കിയ മറുപടി യും താഴെ കൊടുക്കുന്നു:

ചോദ്യം: "അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ തക്ലി ഏൎപ്പെടുത്തിയിട്ടുള്ളതിൻെറ ഉദ്ദേശ്യം എന്താണു്—സാമ്പത്തികമോ (എന്നുവെച്ചാൽ സ്വാവലംബനമോ) അല്ലാ വിദ്യാഭ്യാസപരമോ?"

ഉത്തരം: "അടിസ്ഥാനവിദ്യാഭ്യാസത്തിൽ ഏൎപ്പെടുത്തിയ ഏതൊന്നിനും ഒരുദ്ദേശ്യമേ ഉണ്ടാവാനിടയുള്ളു, വിദ്യാഭ്യാസപരം. ഒരു കൈത്തൊഴിൽമുഖേനയുള്ള കായികവും ബുദ്ധിപരവും സദാചാരപരവുമായ വികാസമാണു് അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. എന്നാൽ, വിദ്യാഭ്യാസദൃഷ്ട്യാ ഭദ്രതയുള്ള ഒരു പദ്ധതി വേണ്ടപോലെ കൈകാൎയ്യം ചെയ്താൽ അതു് സാമ്പത്തികമായും ഭദ്രതയുള്ളതായിത്തീരും. ഉദാഹരണം: നമുക്കു് കളിമണ്ണുകൊണ്ടു കളിക്കോപ്പുണ്ടാക്കാൻ കുട്ടികളെ പഠിപ്പിക്കാം; അതു പിന്നെ ഉടച്ചുകളയുകയും ആവാം. അതും അവരുടെ ബുദ്ധിയെ വികസിപ്പിക്കും. പക്ഷേ, അതു് മനുഷ്യപ്രയത്നവും സാധനങ്ങളും നഷ്ടമുളവാക്കുന്ന വിധത്തിൽ അഥവാ അനുത്പാദകമായ വിധത്തിൽ ഒരിക്കലും ഉപയോഗിക്കരുതു് എന്ന അതിമഹത്തായ നീതിബോധത്തെ അവഗണിക്കുന്നു. വ്യക്തിയുടെ ജീവിതത്തിലെ ഓരോ നിമിഷവും ഉപയോഗപ്രദമായവിധത്തിൽ വിനിയോഗിക്കണമെന്ന സിദ്ധാന്തത്തിൽ നിഷ്കൎഷവെക്കുന്നതുതന്നെ പൗരത്വത്തിന്നുള്ള സൎവ്വോത്തമമായ വിദ്യാഭ്യാസമാണു്. അതു് അടിസ്ഥാനവിദ്യാഭ്യാസത്തെ ആനുഷംഗികമായി സ്വാവലംബിയാക്കുകയും ചെയ്യുന്നു."

ഹരിജൻ, 6–4–'40

# മുപ്പത്താറ്

## അക്ഷരജ്ഞാനവും കൈത്തൊഴിലും

ശ്രീ. നരഹരിപരീഖ് എഴുതുന്നു:

"നമ്മുടെ ഖാദിവിദ്യാലയങ്ങളിലും മററു വിദ്യാലയങ്ങളിലും അക്ഷരജ്ഞാനത്തിന്നു നല്കിയിട്ടുള്ള പ്രാധാന്യം തീരെ അനുചിതമാണ്, തെററാണ്. കൈത്തൊഴിലിന്നു കുറച്ചുമണിക്കൂർ നീക്കിവെച്ചിട്ടുണ്ട്; കുറച്ചുമണിക്കൂർ അക്ഷരജ്ഞാനത്തിന്നും. എന്നാൽ, പുസ്തകപാരായണംകൊണ്ടേ അറിവുണ്ടാവൂ എന്നാണ് എല്ലാവരുടേയും വിശ്വാസം. നമ്മുടെ വിദ്യാർത്ഥികൾക്ക് പുസ്തകദ്വാരാ ഉണ്ടാവുന്നതിനെ അപേക്ഷിച്ച് അധികം ബുദ്ധിവികാസം കൈത്തൊഴിൽപരിശീലനംമൂഖേന ഉണ്ടാവുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം അറിയിച്ചുതന്നാൽ ഉപകാരം."

ലേഖകൻെറ ആക്ഷേപം തികച്ചും ശരിയാണ്. അക്ഷരജ്ഞാനം എന്നതിന്ന് എല്ലായ്പോഴും ബുദ്ധിവികാസം എന്നർത്ഥമാവുന്നില്ല. അതു പ്രധാനമായി സ്മരണശക്തിയുടെ വിഷയമാണ്. ഒരക്ഷരം മറേറതൊരു ചിത്രത്തേയുംപോലെ തലച്ചോറിൽ പതിയുന്നു. എന്നാൽ, അക്ഷരജ്ഞാനം വെറും വായനയല്ല, അതിലും വലുതാണ്. ആ കാര്യം കൈത്തൊഴിലുകളുടെ കാര്യത്തിലും പരമാർത്ഥമാണ്. കൈത്തൊഴിലിനെപ്പററിയ ജ്ഞാനം വെറും കൈത്തൊഴിലിനോട്ടുകൂടി അവസാനിക്കുന്നില്ല. അതിൽ അതിൻെറ ശാസ്ത്രവും ഉൾപ്പെട്ടുന്നുണ്ട്. ഈ രീതിയിൽ പഠിപ്പിക്കുമ്പോൾ ഉണ്ടാവുന്ന ബുദ്ധിവികാസം ഹൈസ്കൂളുകളിലും കാളേജുകളിലും ഉണ്ടാവുന്നതിനെ അപേക്ഷിച്ച് അധികമായിരിക്കും, അധികം വേഗം സാധിക്കയും ചെയ്യും. അതിനാൽ, തൊഴിൽപരിശീലന

ത്തിനെ തരംതാഴ്ത്തുകയോ അതിന്നു് സ്കൂൾപരിപാടിക ളിൽ ദ്വിതീയസ്ഥാനം നല്കുകയോ ചെയ്യുന്നതു് തികച്ചും അ പലപനീയമാണു്. അതുനിമിത്തം വിദ്യാർത്ഥികൾ തൊഴിൽ പരിശീലനത്തിന്നു ബുദ്ധിവികാസത്തിൻെറ കാര്യത്തിലുള്ള വിലയും സ്ഥാനവും താഴ്ത്തിക്കളയുന്നു. പുസ്തകപ്പഠിപ്പു് കണ്ണു കളെ കേടുവരുത്തുകയും ചിന്താശക്തിയേയും കല്പനാശക്തി യേയും മുരടിപ്പിക്കുകയും ചെയ്യുന്നു. കൈത്തൊഴിലുകളും അ വയുടെ ശാസ്ത്രവും പഠിക്കുന്നതിൽ അത്തരം ആപത്തൊന്നുമി ല്ല. ഇതിലും ചില പുസ്തകങ്ങൾ പഠിക്കേണ്ടതുണ്ടു്. പക്ഷേ, ആ പഠനം തൊഴിലുകളോടു ബന്ധപ്പെട്ടതായിരിക്കും. അതി ന്നു ബുദ്ധിപരമായ പരിശ്രമം ആവശ്യമായിരിക്കും. ഇതാ ണു് അടിസ്ഥാനപരിശീലനം എന്നു പറയുന്നതുകൊണ്ടു ഞാൻ അർത്ഥമാക്കുന്നതു്. അതു യഥാവസരം സ്വയംസിദ്ധമാ വണം. കാരണം, അതു് യഥാർത്ഥമാണു്. പക്ഷേ, ഇടക്കാ ലത്തു പുസ്തകപ്പഠിപ്പിന്നും കൈത്തൊഴിലിന്നും തമ്മിൽ ഒരു തരം വ്യത്യസ്തതയും ഉണ്ടാവാതിരിക്കട്ടെ. കൈത്തൊഴിൽ പരിശീലനം വിദ്യാഭ്യാസത്തിൻെറ അവിഭാജ്യഘടകമാ ണെന്നു കരുതണം; അതിന്നു വിദ്യാഭ്യാസത്തിൽ മറേറതു വി ഷയത്തിന്നുമുള്ള നിലയുണ്ടായിരിക്കണം. ദേശീയവിദ്യാല യങ്ങളിലെങ്കിലും ഈ സ്പഷ്ടമായ സത്യം അംഗീകരിക്കപ്പെ ടണം.

ഹരിജൻ, 5–4–'42

## മുപ്പത്തേഴ്

## ശരീരശ്രമവും ബുദ്ധിവികാസവും

"നിങ്ങളിൽ ഒരാൾ ഉന്നയിച്ച ആക്ഷേപങ്ങളിൽ ഒന്നി താണു്." ഗാന്ധിജി പറഞ്ഞു: "ഇവിടെ ശരീരശ്രമത്തിൽ

(കായികാദ്ധ്വാനത്തിൽ) അത്യധികം നിഷ്കർഷ വെക്കുന്നുണ്ട്. ഞാൻ ശരീരശ്രമത്തിൻെറ ശിക്ഷണമൂല്യത്തിൽ ദൃഢവിശ്വാസമുള്ള ഒരാളാണ്. ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ ഇന്ത്യയിൽ സാമ്രാജ്യശക്തിയെ സുശക്തമാക്കാനും ശാശ്വതമാക്കാനും ഉദ്ദേശിച്ചുണ്ടാക്കിയതാണ്. ആ പദ്ധതിയനുസരിച്ചു വളൎന്നുവന്ന നിങ്ങൾക്ക്, അതിൽ സ്വാഭാവികമായ ഒരഭിരുചി ഉളവായിട്ടുണ്ട്. അതിനാൽ, ശരീരശ്രമം ദുസ്സഹമായിത്തോന്നുന്നു. ഗവമ്മേണ്ടുവക സ്കൂളുകളിലോ കാളേജുകളിലോ ഉള്ളവരാരുംതന്നെ പാത്രകളോ കക്കൂസുകളോ ശുചിയാക്കേണ്ടതെങ്ങനെയെന്നു കുട്ടികളെ പഠിപ്പിക്കാൻ വിഷമിക്കയില്ല. ഇവിടെയാകട്ടെ വെട്ടപ്പും വൃത്തിയുമാണ് നിങ്ങളുടെ പഠിപ്പിൻെറ മുഖ്യഭാഗം. തോട്ടിപ്പണി നിങ്ങൾ ക്ലേശിച്ചു പഠിക്കേണ്ട ഒരു വിശിഷ്ടകലയാണ്. നിരന്തരം ചോദിച്ചുകൊണ്ടിരിക്കുക, ആരോഗ്യകരമായ ജിജ്ഞാസ വെയ്ക്കുക—ഇവയാണ് ഏതുതരം അറിവു സമ്പാദിക്കുന്നതിന്നും ആദ്യമായി വേണ്ടതു്. ജിജ്ഞാസയോടൊപ്പം വിനയവും ഗുരുഭക്തിയും ഉണ്ടായിരിക്കണം. ജിജ്ഞാസ കുസൃതിത്തരമായി അധഃപതിക്കരുതു്. അപ്പോൾ അതു മനസ്സിൻെറ പരിഗ്രഹണശക്തിയുടെ ശത്രുവാണ്. വിനയവും പഠിക്കാനാഗ്രഹവുമില്ലാതെ ഒരുവിധ ജ്ഞാനവും ഉണ്ടാകയില്ല.

"ബുദ്ധിപൂൎവ്വമായ ശരീരശ്രമം ബുദ്ധിവികാസത്തിന്നുള്ള ഉത്തമമാൎഗ്ഗമാണ്, അതു് ഉപയോഗപ്രദവുമായിരിക്കണം. മററു പ്രകാരത്തിലും ബുദ്ധിയുടെ തീക്ഷ്ണത വർദ്ധിപ്പിക്കാൻ സാധിച്ചേക്കാം. പക്ഷേ, അതു് സന്തുലിതവളർച്ചയായിരിക്കയില്ല; സന്തുലിതമല്ലാത്ത വക്രമായ ഗർഭസ്രാവമായിരിക്കും. അതു വ്യക്തിയെ വികൃതിയും നീചനുമാക്കിത്തീർക്കാനിടയുണ്ട്. ബുദ്ധി സന്തുലിതമാവുന്നതിന്നു് ശരീരം, മനസ്സ്, ആത്മാവു് എന്നിവയുടെ സമഞ്ജസമായ വളർച്ച ആവ

ശ്യമാണ്. അതുനിമിത്തമാണ ഞങ്ങൾ ഈ പാഠ്യപദ്ധതി യിൽ ശരീരശ്രമത്തിന്ന കേന്ദ്രസ്ഥാനം നല്കിയിരിക്കുന്നത്. സാമുദായികമായി ഉപയോഗപ്രദമായ ഒരു തൊഴിൽമുഖേന വികസിച്ച ബുദ്ധി ഒരു സേവനോപകരണമായിരിക്കും. അതിന്ന മാൎഗ്ഗഭ്രംശം വരികയോ അതു് ദുൎമ്മാൎഗ്ഗങ്ങളിൽ പതിക്കുകയോ ഇല്ല. താദൃശമല്ലാത്ത ബുദ്ധി ഒരാപത്തായി പരിണമിച്ചേക്കാം. ഈ മുഖ്യസംഗതി മനസ്സിലാക്കുന്നതായാൽ നിങ്ങളെ ഇങ്ങോട്ടയച്ചതിന്നു് അതതു ഗവൎമ്മേണ്ടുകൾ ചെലവാക്കിയ പണം സദുപയോഗപ്പെട്ടത്തി എന്നു കരുതാം."

ഹരിജൻ, 8–9–'46

## മുപ്പത്തെട്ട്

## ബേസിക്‌സ്കൂളിൽ പഠിച്ച ഒരു കുട്ടിയുടെ ഗുണങ്ങൾ

ശ്രീ. ആര്യനായകംജി ഏഴാംതരത്തിലേ ഒമ്പതു കുട്ടികളെ ഗാന്ധിജിയെ കാണാൻ കൊണ്ടുവന്നു. അവർ, സേവാഗ്രാം ബേസിക്‌സ്കൂളിലെ ഏഴുകൊല്ലത്തെ പഠിപ്പു് ഏതാണ്ടു് പൂൎത്തിയാക്കിയവരായിരുന്നു; സേവാഗ്രാമത്തിലേയും അയൽപക്കത്തെ ഗ്രാമങ്ങളിലേയും കുട്ടികളായിരുന്നു. ഒരിക്കലും സ്കൂളിൽ പോയിട്ടില്ലാത്തവരും സാധാരണ വയലുകളിൽ വേല ചെയ്യുന്നവരുമായ ഗ്രാമീണരോടു താരതമ്യപ്പെടുത്തുമ്പോൾ ഈ പ്രഥമപരിശ്രമത്തിൻെറ ഫലം തികച്ചും പ്രോത്സാഹജനകമായിരുന്നു. അവർ വൃത്തിയും അച്ചടക്കവും ഉള്ളവരും സത്സ്വഭാവരും ആയിരുന്നു. ഗാന്ധിജി അവരോടു ചില തമാശകൾ പറഞ്ഞു. അതിൽ അവർ ആഹ്ലാദപൂൎവ്വം ചിരിച്ചുകൊണ്ടു പങ്കെടുത്തു. അതിൽ ഒരു കുട്ടി, ബേസിക്‌സ്കൂളിലെ ഏഴുകൊല്ലത്തെ പഠിപ്പു കഴിഞ്ഞു പുറത്തുവരുന്ന, പതിന്നാലു

വയസ്സായ ഒരു കുട്ടി ഏതുതരക്കാരനായിരിക്കണമെന്നാണു് അദ്ദേഹം പ്രതീക്ഷിക്കുന്നതെന്നു ഗാന്ധിജിയോടു ചോദിക്കാൻ ധൈര്യപ്പെട്ടു.

ആ അവസരത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടു ഗാന്ധിജി പറഞ്ഞു: "ബേസിക് സ്കൂളുകൾ കുട്ടികളോടുള്ള തങ്ങളുടെ കർത്തവ്യം നിറവേററുന്നതായാൽ പതിന്നാലുവയസ്സായ കുട്ടികൾ സത്യസന്ധരും പരിശുദ്ധരും അരോഗദൃഢഗാത്രരുമായിരിക്കും. അവർ ഗ്രാമീണഭാവനയുള്ളവരായിരിക്കും. അവരുടെ തലച്ചോറും (ബുദ്ധിയും) കൈകളും ഒരേവിധത്തിൽ വികസിച്ചിട്ടുണ്ടായിരിക്കും. അവരിൽ വഞ്ചനയ്ക്കുള്ള വാസനപോലും കാണില്ല. അവരുടെ ബുദ്ധി തീക്ഷ്ണമായിരിക്കും. പക്ഷേ, അവർ പണം സമ്പാദിക്കുന്ന കാര്യത്തെപ്പററി ചിന്തിച്ചു് അസ്വസ്ഥരാവില്ല. അവർ കൈയിൽ കിട്ടിയ, സത്യസന്ധമായ ഏതു പ്രവൃത്തിയും കുശലതാപൂർവ്വം ചെയ്യാൻ കഴിവുള്ളവരായിരിക്കും. അവർ നഗരങ്ങളിലേയ്ക്കു പോകാൻ ആഗ്രഹിക്കയില്ല. സ്കൂളിൽ സഹകരണത്തിൻേറയും സേവനത്തിൻേറയും പാഠങ്ങൾ പഠിക്കുകനിമിത്തം അവർ തങ്ങളുടെ ചുററുപാടിലും ആ ഭാവന നിറയ്ക്കും. അവർ ഒരിക്കലും പിച്ചക്കാരോ പരോപജീവികളോ ആവില്ല.

ഹരിജൻ, 8–9–'46.

## മുപ്പത്തൊമ്പതു്

## മന്ത്രിമാരുടെ സമ്മേളനത്തിലെ പ്രശ്നങ്ങൾ

**(1946 ജൂലായി 29, 30 തീയതികളിൽ പൂനയിലെ കൗൺസിൽഹാളിൽവെച്ചു് ശ്രീ. ബി. ജി. ഖറിൻ്റെ അദ്ധ്യക്ഷതയിൽ വിദ്യാഭ്യാസമന്ത്രിമാരുടെ ഒരു യോഗം ചേരുകയുണ്ടായി. ഗാന്ധിജി ഒരുമണിക്കൂറുനേരത്തിലധികം യോഗത്തിൽ പങ്കുകൊണ്ടു.)**

ചോദ്യം: സ്വാവലംബനതത്ത്വം ഉപേക്ഷിച്ചുകൊണ്ടു് അടിസ്ഥാനവിദ്യാഭ്യാസം നടത്തുക സാധ്യമാണോ?

ഉത്തരം: നിങ്ങൾക്കു തീർച്ചയായും പരീക്ഷിച്ചുനോക്കാം. പക്ഷേ, എൻെറ ഉപദേശം ആവശ്യപ്പെട്ടുന്നതായാൽ, ആ സ്ഥിതിയിൽ അതു വിസ്മരിക്കുകയാണ് ഉത്തമമെന്നു ഞാൻ പറയും. മുൻകൂട്ടി ആവശ്യമായ ഒരു നിബന്ധനയല്ല സ്വാവലംബനം. എന്നാൽ, എന്നെസ്സംബന്ധിച്ചേടത്തോളം അതാണ് അതിൻെറ നികഷോപലം. ഇതിൻെറ താത്പര്യം അടിസ്ഥാനവിദ്യാഭ്യാസം ആരംഭംമുതല്ക്കേ സ്വാവലംബിയായിരിക്കും എന്നല്ല. എന്നാൽ, ഏഴുകൊല്ലത്തെ അടിസ്ഥാനവിദ്യാഭ്യാസത്തെ ഒന്നായെടുക്കുന്നതായാൽ വരവും ചെലവും സമമായിരിക്കണം. അതു സാധിക്കാഞ്ഞാൽ, അടിസ്ഥാനവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷവും വിദ്യാർത്ഥികൾ ജീവിതത്തിന്നു സമർത്ഥരായിട്ടില്ല എന്നാണ് അതിൻെറ താത്പര്യം. അതു് അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ നിഷേധനമായിരിക്കും. അതിനാൽ, സ്വാവലംബനതത്ത്വം ഉപേക്ഷിച്ചുകൊണ്ടുള്ള അടിസ്ഥാനവിദ്യാഭ്യാസം പ്രാണഹീനമായ ശരീരംപോലെയായിരിക്കും.

ചോദ്യം: ഒരടിസ്ഥാനത്തൊഴിൽമുഖേന വിദ്യാഭ്യാസം നൽകുക എന്ന തത്ത്വത്തെ ഞങ്ങൾ സ്വീകരിക്കുന്നുണ്ടു്. എന്നാൽ, ഏതോപ്രകാരത്തിൽ മുസൽമാന്മാർ ചക്രത്തെയുതിരാണ്. നൂലുനൂല്പിലുള്ള അങ്ങയുടെ നിഷ്കർഷ പരുത്തിവിളയുന്ന പ്രദേശങ്ങളിലേയ്ക്കു് ഒരുപക്ഷേ, യോജിച്ചതായിരിക്കാം. എന്നാൽ, പരുത്തി വിളയാത്ത പ്രദേശങ്ങൾക്കു് അതു് അനുയോജ്യമല്ല എന്ന അഭിപ്രായത്തോടു് അങ്ങുന്നു യോജിക്കുന്നില്ലേ? അത്തരം പ്രദേശങ്ങളിൽ നൂല്പിന്നുപകരം മറ്റുവല്ല കൈത്തൊഴിലും സ്വീകരിച്ചുകൂടേ—ഉദാഹരണം: കൃഷി?

ഉത്തരം: ഇതു വളരെ പഴയ ഒരു ചോദ്യമാണ്. ഒരു അടിസ്ഥാനത്തൊഴിൽ വിദ്യാഭ്യാസത്തിന്റെ മാദ്ധ്യമമാവണമെങ്കിൽ അതു് എല്ലാദിക്കിലേയ്ക്കും യോജിച്ചതായിരിക്കണം.

ഇന്ത്യയെ സ്വതന്ത്ര്യയാക്കുന്നതിന്നും ഇന്ത്യയ്ക്കു സ്വന്തം കാലുക ളിൽ നില്ക്കാൻ കഴിവുണ്ടാക്കുന്നതിന്നും ഓരോ വീട്ടിലും നൂല്പു ചക്രം കറങ്ങിക്കൊണ്ടിരിക്കണം എന്ന നിഗമനത്തിൽ ഞാൻ 1908-ൽത്തന്നെ എത്തിയിരുന്നു. ഇംഗ്ലണ്ടിൽ ഒരൊററ പരു ത്തിക്കായപോലും ഉണ്ടാവുന്നില്ല. എന്നിട്ടും, ഇംഗ്ലണ്ട് ഇന്ത്യ യിലേയ്ക്കും ലോകത്തിലെ ഇതര പ്രദേശങ്ങളിലേയ്ക്കും വസ്ത്ര ങ്ങൾ കയറ്റിഅയയ്ക്കുന്നുണ്ട്. ആ സ്ഥിതിക്ക്, അടുത്ത സംസ്ഥാ നത്തിൽനിന്നോ ജില്ലയിൽനിന്നോ പരുത്തി വാങ്ങേണ്ടിവ രുമെന്ന കാരണത്താൽമാത്രം നമുക്കു സ്വന്തം വീടുകളിൽ നൂല്പ് ഏറ്റെടുത്താൻ എന്തുകൊണ്ടു സാധിക്കയില്ല എന്നു മനസ്സി ലാക്കാൻ എനിക്കു കഴിയുന്നില്ല. ഒരുകാലത്ത് നമ്മുടെ നാ ട്ടിൽ പരുത്തി തീരെ കൃഷിചെയ്യാത്ത ഒരു പ്രദേശവും ഉണ്ടാ യിരുന്നില്ല എന്നതു് ഒരു പരമാൎത്ഥമത്രെ! പരുത്തി വിളയുന്ന പ്രദേശങ്ങളെ വേർതിരിച്ച് അവിടെമാത്രം അതു കൃഷിചെ യ്യാനാരംഭിച്ചതു് അടുത്തകാലത്താണു്. അതു് പരുത്തിവ്യവ സായക്കാർ ദരിദ്രരായ നികുതിദായകന്മാരുടേയും നൂല്പുകാരു ടേയും ഹിതത്തെ ബലികഴിച്ചുകൊണ്ടു് ഇന്ത്യയുടെമേൽ വെച്ചുകെട്ടിയ ഒരു സമ്പ്രദായമാണു്. ഇന്നുപോലും ദേവക്ക പ്പാസ് (മരപ്പരുത്തി) ഇന്ത്യയിലെവിടേയും കൃഷിചെയ്യുന്നു ണ്ടു്. നിങ്ങൾ ഉന്നയിച്ചതുപോലുള്ള വാദങ്ങൾ കാലത്തിന്ന നുസരിച്ച് പുതിയ കാൎയ്യങ്ങൾ ആരംഭിക്കുന്നതിൽ നമുക്കുള്ള അയോഗ്യതയെ വിളിച്ചുപറയുകയാണു ചെയ്യുന്നതു്. അസം സ്കൃതപദാൎത്ഥങ്ങൾ അയൽപ്രദേശങ്ങളിൽനിന്നു കൊണ്ടുവരു ന്നതു് പരിഹരിക്കാനാവാത്ത ഒരു തടസ്സമാണെന്നു കരുതു ന്നതായാൽ എല്ലാത്തരം വ്യവസായങ്ങളും നിൎത്തേണ്ടതായി വരും.

കൂടാതെ, സ്വപരിശ്രമംകൊണ്ടു് തനിക്കുവേണ്ട വസ്ത്രം നിൎമ്മിക്കാൻ ഒരാൾക്കു കഴിവുണ്ടാക്കുന്നതുതന്നെ—അങ്ങനെ

ചെയ്യാത്തപക്ഷം നഗ്നത മറയ്ക്കുക സാദ്ധ്യമല്ല എന്നു വരുമ്പോൾ—ഒരു വിദ്യാഭ്യാസമാണ്. ഇതിനെല്ലാം പുറമെ പരുത്തിനൂല്പിന്റെ വിവിധമുറകൾ ബുദ്ധിപൂർവ്വം ആരായുന്നതിന്ന് വിദ്യാഭ്യാസപരമായി വലിയ മൂല്യമുണ്ട്. വാസ്തവത്തിൽ മനുഷ്യന്റെ വിദ്യാഭ്യാസം മുഴുവനും ഇതിലടങ്ങിയിട്ടുണ്ട്; മറെറാരു കൈത്തൊഴിലിന്നും ഇത്ര സാദ്ധ്യതയില്ല. ഒരുപക്ഷേ, ഇന്നു നമുക്കു മുസൽമാന്മാരുടെ സംശയങ്ങളെ ദൂരീകരിക്കാൻ സാധിച്ചില്ല എന്നുവരാം. കാരണം, അതൊരു മിഥ്യാബോധത്തെ ആധാരമാക്കിയുള്ളതാണ്. മിഥ്യാബോധമാവട്ടെ, അതു ബാധിച്ച വ്യക്തിക്ക്—അതിന്നധീനനായിരിക്കുന്നേടത്തോളംകാലം—ഒരു യാഥാർത്ഥ്യമായിരിക്കയുംചെയ്യും. എന്നാൽ,നമ്മുടെ വിശ്വാസം സ്പഷ്ടവും ദൃഢവുമാണെങ്കിൽ—നമുക്ക് ഈ പദ്ധതി വിജയകരമാംവണ്ണം നടത്തിക്കാണിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ—മുസൽമാന്മാർ പരപ്രേരണകൂടാതെ നമ്മുടെ അടുക്കലേയ്ക്കു വരികയും നമ്മുടെ വിജയത്തിന്റെ രഹസ്യം പഠിപ്പിച്ചുതരാൻ നമ്മോടാവശ്യപ്പെടുകയും ചെയ്യും. ഏററവും സാധുക്കളായ മുസൽമാന്മാർക്ക് മുസ്ലീംലീഗോ മറേറതെങ്കിലും മുസ്ലീംസംഘടനയോ ചെയ്തിട്ടില്ലാത്തത്ര നന്മ ചർക്ക ചെയ്തിട്ടുണ്ടെന്ന് അവർ മനസ്സിലാക്കിയിട്ടുള്ളതായിത്തോന്നുന്നില്ല. ബങ്കാളിലെ ഭൂരിഭാഗം നെയ്ത്തുകാരും മുസൽമാന്മാരാണ്. കൂടാതെ അതിവിശേഷമായ 'ഡാക്കാ മസ്ലി'ന്റെ ലോകപ്രസിദ്ധിക്ക് 'ഡാക്കാ,' അവിടത്തെ നൂല്പുകാരും നെയ്ത്തുകാരുമായ മുസ്ലീംവനിതകളോടാണു കടപ്പെട്ടിരിക്കുന്നതു് എന്ന സംഗതിയും മറന്നുകൂടാ.

ഈ കാര്യം മഹാരാഷ്ട്രത്തിന്നും ബാധകമാണ്. മിഥ്യാബോധത്തിനെ പരിഹരിക്കുന്നതിന്നുള്ള ഏററവും നല്ല വഴി നാം കത്തവ്യം നിറവേററുന്നതിൽ തന്മയരാവുകയാണ്. സത്യം ഒന്നേ സ്ഥായിയായി നിൽക്കൂ. മറെറല്ലാം കാലപ്രവാ

ഹത്തിൽപ്പെട്ടു് ഒലിച്ചുപോകും. അതിനാൽ, എല്ലാവരും സ ന്ത്യജിച്ചാലും ഞാൻ എന്നെന്നും സത്യത്തിന്നു സാക്ഷ്യംവഹി ക്കുന്നതാണു്. ഒരുപക്ഷേ, എൻെറ വാക്കു് ഇന്നു വനരോദന മായിത്തോന്നിയേക്കാം. എന്നാൽ, അതു സത്യത്തിൻെറ ശബ്ദ മാണെങ്കിൽ മററു ശബ്ദങ്ങൾ നിലയ്ക്കുമ്പോൾ ജനങ്ങൾ അതു കേൾക്കും.

### വിഷമചക്രം

"നവീനവിദ്യാഭ്യാസത്തിന്നു് പ്രാപ്തരായ അദ്ധ്യാപക ന്മാരെ ഉണ്ടാക്കാൻ സമയം വേണ്ടിവരും. അതിലിടയ്ക്കു് സ്കൂ ളുകളിലെ വിദ്യാഭ്യാസം നന്നാക്കാനെന്തുചെയ്യണം?" അവി നാശിലിംഗംചെട്ടിയാർ ഇംഗ്ലീഷിൽ ചോദിച്ചു.

അതിന്നദ്ദേഹത്തെ കളിയാക്കിക്കൊണ്ടു്, സദസ്യരുടെ ചിരിമുഴക്കത്തിന്നിടയിൽ ഗാന്ധിജി അഭിപ്രായപ്പെട്ടു: "ഹി ന്ദുസ്ഥാനിയിൽ സംസാരിക്കുക സാധ്യമല്ലെങ്കിൽ അദ്ദേഹം തനിക്കു പറയാനുള്ളതു് അടുത്ത ആളുടെ ചെവിയിൽ മന്ത്രി ക്കണം, ആയാൾ അതു ഗാന്ധിജിക്കുവേണ്ടി ഹിന്ദുസ്ഥാനിയി ലേയ്ക്കാക്കും!'' തുടൎന്നുകൊണ്ടു് ഗാന്ധിജി പറഞ്ഞു:

"ഇന്നത്തെ വിദ്യാഭ്യാസപദ്ധതിക്കു് ഇന്ത്യയെ സ്വത ന്ത്രയാക്കുക സാധ്യമല്ല. അതു് ഇന്ത്യയുടെ അടിമത്തത്തിൻെറ അഗാധത വർദ്ധിപ്പിക്കയേ ഉള്ളൂ എന്നു മനസ്സിലാക്കുന്നതാ യാൽ നിങ്ങളതിനെ പ്രോത്സാഹിപ്പിക്കാൻ വിസമ്മതിക്കും, പിന്നെ മറെറാന്നു് ആ സ്ഥാനത്തേയ്ക്കു വരുന്നുണ്ടോ എന്നൊ ന്നും നോക്കുകയില്ല. നിങ്ങൾ, സാധിക്കുന്നതൊക്കെ നവീന വിദ്യാഭ്യാസത്തിൻെറ നാലുമൂലയ്ക്കുള്ളിലായി പഠിപ്പിക്കുക യും അതുകൊണ്ടു തൃപ്തിപ്പെട്ടുകയും ചെയ്യും.'' ജനങ്ങൾക്കു് ആ നിബന്ധനകളിൽ മന്ത്രിമാരെ ആവശ്യമില്ലെങ്കിൽ അവർ രാജിവെക്കുകയാണു നല്ലതു്. ജനങ്ങൾക്കു് ജീവസന്ദായകമാ യ ഭക്ഷണം നല്കാൻ തങ്ങൾക്കു സാധിക്കുന്നില്ല, അഥവാ ജന

ങ്ങളതു് ഇഷ്ടപ്പെടുന്നില്ല എന്ന കാരണത്താൽ അവരെ വിഷംതീററുന്നതിൽ മന്ത്രിമാർ ഭാഗഭാക്കുകളായിക്കൂടാ.

ചോദ്യം: നവീനവിദ്യാഭ്യാസത്തിന്നാവശ്യമായതു് പണമല്ല മനുഷ്യരാണു് എന്നു് അങ്ങുന്നു പറയുന്നുണ്ടു്. എന്നാൽ, മനുഷ്യർക്കു് പരിശീലനം നല്കുന്നതിന്നു് സ്ഥാപനങ്ങളാവശ്യമാണു്. അതിന്നു പണംവേണം. നമുക്കു് ഈ പരസ്പരാശ്രയദോഷത്തിൽനിന്നും പുറത്തുകടക്കാൻ കഴിയുന്നതെങ്ങനെ?

ഉത്തരം: അതിൻെറ പരിഹാരമാർഗ്ഗം നിങ്ങളുടെ കൈയിലാണു കിടക്കുന്നതു്. നിങ്ങൾ സ്വയം ആരംഭിക്കുക. ഇംഗ്ലീഷിൽ ഒരു നല്ല ആപ്തവാക്യമുണ്ടു്: 'Charity begins at home' (തന്നില്ലം പൊരിഞ്ഞു ധർമ്മമില്ല). എന്നാൽ നിങ്ങൾ 'സാഹബി'നെപ്പോലെ ചാരുകസേലയിലിരിക്കുകയും നിങ്ങളോളംതന്നെ 'ഭാഗ്യവാന്മാ'രല്ലാത്തവർ ഈ ജോലിക്കൊരുങ്ങിവരുമെന്നു പ്രതീക്ഷിക്കുകയും ചെയ്യുന്നതായാൽ നിങ്ങൾ എവിടേയും എത്തുകയില്ല. എൻെറ വഴി അതല്ല. എത്ര ചുരുങ്ങിയ നിലയിലാണെങ്കിലും സ്വയമായും അടുത്ത അയൽവാസികളെക്കൊണ്ടും ആരംഭിക്കുക എന്നതായിരുന്നു ചെറുപ്പംമുതല്ക്കേ എൻെറ പതിവു്. ഇക്കാര്യത്തിൽ നമുക്കു ബ്രിട്ടീഷുകാരിൽനിന്നു് ഒരു പാഠം പഠിക്കാം. ആദ്യം കുറച്ചുമാത്രം ബ്രിട്ടീഷുകാർ ഇവിടെവന്നു കുടിയേറിപ്പാർത്തു. പിന്നെ അവർ തങ്ങൾക്കായി ഒരു സാമ്രാജ്യം സ്ഥാപിച്ചു. അതു സാംസ്കാരികദൃഷ്ട്യാ എത്ര ഭയാവഹമാണോ രാഷ്ട്രീയദൃഷ്ട്യാ അത്ര ഭയാവഹമല്ല. അതിൻെറ ഫലമായി നാം മാതൃഭാഷയെ അവഗണിച്ചു് ഇംഗ്ലീഷിൽ വ്യാമോഹിതരായിത്തീന്നിട്ടുണ്ടു്. ഒരു തടവുപുള്ളി തൻെറ വിലങ്ങുകളെ ആഭരണമാണെന്നു കരുതുന്നതുപോലെയാണു് ഇതു്. ആംഗ്ലേയരുടെ പ്രയത്നത്തിന്നു പിന്നിലുണ്ടായിരുന്ന വിശ്വാസം, ഏകാഗ്രഭക്തി, ത്യാഗം, നിരന്തരപരിശ്രമം ഇവയെപ്പററി ചിന്തിച്ചു

നോക്കുക. ആഗ്രഹമുള്ള ദിക്കിൽ വഴിയുണ്ട് എന്നേ ഇതുകാണിക്കുന്നുള്ളു. നാം ഏഴുന്നേററു നിന്നു്, എന്തുവന്നാലും വിടില്ല എന്ന ദൃഢനിശ്ചയത്തോടെ പ്രവർത്തിക്കണം. അപ്പോൾ വിഷമതകളെല്ലാം തനിയേ ഉരുകിപ്പോകും.

## ഇംഗ്ലീഷിൻെറ സ്ഥാനം

ചോദ്യം: ഈ പദ്ധതിയിൽ ഇംഗ്ലീഷിന്നുള്ള സ്ഥാനമെന്താണു്? അതു നിർബന്ധമാക്കണമോ അല്ലാ, ഐച്ഛികമായ ഒരു ദ്വിതീയഭാഷയായി മാത്രം പഠിപ്പിച്ചാൽ മതിയോ?

ഉത്തരം: എൻെറ മാതൃഭാഷയ്ക്കു് എന്തുതന്നെ ന്യൂനതയുണ്ടെങ്കിലും ഞാൻ അമ്മയുടെ മാറിടത്തെയെന്നപോലെ അതിനെ ദൃഢമായി പിടിക്കും. എനിക്കു പ്രാണദായകമായ പാൽ നല്കാൻ അതിന്നേ സാധിക്കു. ഞാൻ ഇംഗ്ലീഷുഭാഷയെ അതിൻെറ സ്ഥാനത്തു സ്നേഹിക്കുന്നുണ്ടു്. എന്നാൽ, തനിക്കവകാശപ്പെടാത്ത ഒരു സ്ഥാനം കരസ്ഥമാക്കാൻ ശ്രമിക്കുന്നതായാൽ ഞാനതിനെ കഠിനമായി എതിർക്കും. ഇന്നു് ഇംഗ്ലീഷ് വിശ്വവ്യാപകമായ ഒരു ഭാഷയാണെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടു്. അതിനാൽ, ഞാനതിന്നു് ഐച്ഛികമായ ഒരു ദ്വിതീയഭാഷയുടെ സ്ഥാനം നല്കും. പക്ഷേ, അതു സ്കൂളിലല്ലാ സർവ്വകലാശാലയിൽ. അതു ദുർലഭം ചിലക്കുള്ളതേ ആയിരിക്കു, ലക്ഷക്കണക്കായ സാധാരണക്കാർക്കുള്ളതായിരിക്കയില്ല. ഇന്നു നിർബന്ധവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം നടപ്പാക്കാൻപോലും നമുക്കു സാധിക്കുന്നില്ല. പിന്നെ നാം ഇംഗ്ലീഷു പഠിപ്പിക്കാൻ വക കാണുന്നതെങ്ങനെ? റഷ്യ ശാസ്ത്രീയപുരോഗതി നേടിയിട്ടുള്ളതു് ഇംഗ്ലീഷുകൂടാതെയാണു്. മാനസികമായ അടിമത്താംകൊണ്ടാണു നമുക്കു് ഇംഗ്ലീഷ് അനിവാര്യമാണെന്നു തോന്നുന്നതു്. എനിക്കു് അന്തരം പരാജയസിദ്ധാന്തത്തോടു് ഒരിക്കലും യോജിക്കാൻ വയ്യ.

ഹരിജൻ, 25–8–'46

## നാല്പതു്

## മാതൃഭാഷയും ഇംഗ്ലീഷും

ഒരു വിദ്യാഭ്യാസശാസ്ത്രജ്ഞൻ എഴുതുന്നു:

"അങ്ങുന്നു് ശ്രദ്ധവെയ്ക്കാതിരുന്നാൽ പട്ടണപ്രദേശങ്ങളിൽ അടിസ്ഥാനവിദ്യാഭ്യാസം ഗ്രാമപ്രദേശങ്ങളിലേതിൽനിന്നു വ്യത്യസ്തമായ ഒരു രൂപം കൈക്കൊള്ളും. ഉദാഹരണം: അവിടെ മാതൃഭാഷയ്ക്കു് ഹാനികരമാംവണ്ണം ഇംഗ്ലീഷിനെ പ്രവേശിപ്പിക്കും. ഒരുതരം ഉത്കൃഷ്ടതാബോധവും (Superiority Complex) വന്നുചേരും."

ഗ്രാമപ്രദേശങ്ങളെ ഉദ്ദേശിച്ചാണു് എന്റെ പദ്ധതി രൂപവത്കരിച്ചിട്ടുള്ളതെന്നു ഞാൻ സമ്മതിക്കുന്നു. അതു് നഗരങ്ങളിൽ നടപ്പാക്കുമ്പോൾ ചില മാററങ്ങളൊക്കെ ആവശ്യമായിരിക്കുമെന്നു് ആരംഭത്തിൽത്തന്നെ—അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ—ഞാൻ പറഞ്ഞിരുന്നു. ഈ പറഞ്ഞതു് വാഹനങ്ങളാക്കാനുള്ള കൈത്തൊഴിലുകളെ ഉദ്ദേശിച്ചായിരുന്നു. പ്രാഥമികഘട്ടത്തിൽ എപ്പോഴെങ്കിലും ഇംഗ്ലീഷിന്നു സ്ഥാനമുണ്ടാവാമെന്നു് ഞാൻ വിചാരിച്ചിട്ടില്ല. തത്കാലം ഈ പദ്ധതി പ്രാഥമികഘട്ടത്തെമാത്രം ഉദ്ദേശിച്ചുകൊണ്ടുണ്ടാക്കിയതാണു്. പ്രാഥമികഘട്ടത്തെ ഇംഗ്ലീഷൊഴികെ ഇന്നത്തെ മെട്രിക്കുലേഷന്റെ നിലവാരത്തിൽ ആക്കിയിട്ടുണ്ടെന്നതു ശരിതന്നെ. കുട്ടികളുടെമേൽ ഇംഗ്ലീഷു വെച്ചുകെട്ടുന്നതു് അവരുടെ വളർച്ചയെ തടയുകയാണു്; അവരുടെ കല്പനാശക്തിയെ നശിപ്പിക്കുകയാണു്. ഭാഷാപഠനം പ്രധാനമായും സ്മരണശക്തിയെ വികസിപ്പിക്കാനുള്ള ഒരു പരിശീലനമാണു്. ആരംഭംമുതല്ക്കേ ഇംഗ്ലീഷു പഠിക്കുന്നതു് കുട്ടിക്കു് അനാവശ്യമായ ഒരു ഭാരമായിരിക്കും. മാതൃഭാഷയെ അവഗണിച്ചുകൊണ്ടേ അവന്നതു ചെയ്യാൻ സാധിക്കൂ.

ഗ്രാമത്തിലായാലുംശരി നഗരത്തിലായാലുംശരി കുട്ടിയുടെ വികാസത്തിൻെറ അസ്ഥിവാരം മാതൃഭാഷയാകുന്ന കരിംപാറയായിരിക്കണമെന്നു ഞാൻ കരുതുന്നു. ഇത്ര സ്പഷ്ടമായ ഒരു വസ്തുതയെ തെളിയിക്കേണ്ടിവരുന്നതു് ദുർഭഗയായ ഹിന്ദുസ്ഥാനത്തിൽ മാത്രമാണു്.

ഹരിജൻ, 9–9–'39

## നാല്പത്തിയൊന്നു്

## നവീനവിദ്യാഭ്യാസത്തിൽ മരുന്നിൻെറ സ്ഥാനം

ശ്രീമതി ആശാദേവി തൻെറ പ്രവൃത്തിയിൽ തന്മയിയായിരിക്കുന്നതുകൊണ്ടും, എൻെറ സമയം നഷ്ടപ്പെടാതിരിക്കാനാഗ്രഹിക്കുന്നതുകൊണ്ടും അത്യാവശ്യമുണ്ടെങ്കിലല്ലാതെ അതെടുക്കാറില്ല. ഞാൻ ഡൽഹിക്കു പുറപ്പെട്ടതിന്റെ തലേന്നു് അവർ വന്നു് എന്നോടു് അഞ്ചുമിനിട്ടുസമയം ആവശ്യപ്പെട്ടു. അവർ ചോദിച്ചു: "അങ്ങയുടെ അഭിപ്രായത്തിൽ താലിമിസംഘത്തിലെ അദ്ധ്യാപകന്മാർ വൈദ്യം പഠിക്കണമെന്നുണ്ടോ? ഞാൻതന്നെ ഡാക്ടർമാരെപ്പോലെ നാലഞ്ചുകൊല്ലം അതു പഠിക്കണോ?"

എത്ര ആത്മാർത്ഥമായി പരിശ്രമിച്ചിട്ടും പഴയ പദ്ധതിയിൽ എം. എ. ബിരുദമെടുത്ത ആശാദേവിയെപ്പോലുള്ള ഒരാൾക്കു് അതിൻെറ സ്വാധീനശക്തിയിൽനിന്നു് രക്ഷപ്പെടാൻ സാധിക്കുന്നില്ല എന്നു് എനിക്കു പെട്ടെന്നു മനസ്സിലായി.

എനിക്കഭിമാനിക്കാൻ ഒരു ബിരുദവുമില്ല. ഹൈസ്കൂളിൽനിന്നു സമ്പാദിച്ച സ്വല്പമായ ജ്ഞാനത്തിന്നു് എന്തെങ്കിലും വിലകല്പിക്കാൻ ഞാനെന്നോ മറന്നിരിക്കുന്നു. കൂടാതെ, ഞാൻ പ്രകൃതിചികിത്സയിൽ ആമഗ്നനുമാണു്. അതിനാൽ, ഞാനവരോടു പറഞ്ഞു:

"ആരോഗ്യം സംരക്ഷിക്കേണ്ടതെങ്ങനെ, തങ്ങളുടെ ദേഹവും പരിസരങ്ങളും സവ്വഥാ ശുചിയാക്കി വെക്കേണ്ടതെങ്ങനെ?—ഇതാണു് നമ്മുടെ കുട്ടികൾ പഠിക്കേണ്ട പ്രഥമ പാഠം എന്നു നിങ്ങൾ പറയുന്നു. നിങ്ങൾക്കു വൈദ്യസംബന്ധമായ എന്തെല്ലാം അറിവു വേണമോ അതെല്ലാം ഇതിൽ ഉൾപ്പെട്ടുന്നുണ്ടെന്നു് ഞാൻ പറയും. നമ്മുടെ വിദ്യാഭ്യാസ പദ്ധതി കോടിക്കണക്കായ ഗ്രാമീണരെ ഉദ്ദേശിച്ചുകൊണ്ടുണ്ടാക്കിയതാണു്. ഇതവരുടെ നന്മയ്ക്കുള്ളതാണു്. അവർ പ്രകൃതിയോടുചേൎന്നു ജീവിക്കുന്നു. എന്നാലും, അവൎക്കു് പ്രകൃതിയുടെ നിയമങ്ങളറിയുകയില്ല. തങ്ങൾക്കറിയാവുന്ന ചില്ലറ കാൎയ്യങ്ങൾക്കൂടി അവർ പ്രവൃത്തിയിൽ കൊണ്ടുവരുന്നില്ല. ഗ്രാമീണരുടെ ഈ ദയനീയസ്ഥിതിയെപ്പററി നമുക്കുള്ള അറിവിൽനിന്നാണു് നവീനവിദ്യാഭ്യാസപദ്ധതി ആവിഷ്കൃതമായിട്ടുള്ളതു്. അതിനാൽ, ഇതിനെപ്പററി നമുക്കു് പുസ്തകങ്ങളിൽനിന്നു വളരെയൊന്നും മനസ്സിലാക്കുക സാധ്യമല്ല. നാം ഇതുവരെ സമ്പാദിച്ചതൊക്കെ പ്രകൃതിയാകുന്ന പുസ്തകത്തിൽനിന്നാണു്. അതുപോലെ ഗ്രാമീണൎക്കാവശ്യമായ വൈദ്യവും പ്രകൃതിയിൽനിന്നുതന്നെ പഠിക്കണം. നമുക്കു്, ആരോഗ്യശാസ്ത്രത്തിൻേറയും ശുചീകരണത്തിൻേറയും തത്ത്വങ്ങൾ പഠിക്കണം, ആ തത്ത്വങ്ങളേയും പോഷണം സംബന്ധിച്ച നിയമങ്ങളേയും പാലിക്കണം. അതാണു് പ്രകൃതിചികിത്സയുടെ തത്ത്വം. അങ്ങനെ ഓരോ ആളും തൻെറ ഡാക്ടരാവണം. ജീവിക്കാൻ വേണ്ടതു ഭക്ഷിക്കുകയും പഞ്ചഭൂതങ്ങളോടു് ഇണങ്ങി ജീവിക്കയും, ഇവയുടെയെല്ലാം സൃഷ്ടികൎത്താവായ ഈശ്വരനെ സേവിക്കയും ചെയ്യുന്ന മനുഷ്യൻ ഒരിക്കലും രോഗബാധിതനാവരുതു്. രോഗംബാധിച്ചാൽ ആയാൾ ഈശ്വരനെ ആശ്രയിച്ചുകൊണ്ടു് ശാന്തനായി ദിവസം കഴിക്കുകയും ആവശ്യമായാൽ സമാധാനപൂൎവ്വം മരിക്കുകയും ചെയ്യും. സ്വന്തം ഗ്രാമത്തിലെ വയലുകളിൽ വല്ല മരുന്നും ഉണ്ടെങ്കിൽ

അതയാൾ ഉപയോഗിക്കും. കോടിക്കണക്കായ ജനങ്ങൾ ഒന്നും പിറുപിറുക്കാതെ ഇങ്ങനെ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നുണ്ടു്. അവിടെ ഡാക്ടരെപ്പററി കേട്ടിട്ടുള്ളവർ ദുർലഭമാണു്, നേരിട്ടു് ഒരു ഡാക്ടരെ കണ്ടവരോ, അതിലും ദുർല്ലഭം! നമുക്കു് യഥാൎത്ഥത്തിൽ ഗ്രാമീണമനോഭാവമുള്ളവരാവുക. ഗ്രാമത്തിലെ കുട്ടികളും മുതിൎന്നവരും നമ്മുടെ അടുക്കലേയ്ക്കു വരുന്നു. നമുക്കവരെ സത്യസന്ധരായി ജീവിക്കേണ്ടതെങ്ങനെയെന്നു പഠിപ്പിക്കാം. 99ശതമാനം രോഗികളും വൃത്തികേടു് അഹിതഭക്ഷണം, പോഷണദൗർല്ലഭ്യം—ഇവമൂലമുണ്ടാവുന്ന രോഗങ്ങളാണു് അനുഭവിക്കുന്നതെന്നു് ഡാക്ടർമാർ ഉറപ്പിച്ചു പറയുന്നു. നമുക്കു് ഈ 99 ശതമാനത്തിന്നു് ജീവിതകല പഠിപ്പിച്ചുകൊടുക്കാൻ കഴിയുമെങ്കിൽ ബാക്കി ഒരു ശതമാനത്തെ മറക്കാം. അവൎക്കു് തങ്ങളെ ചികിത്സിക്കാൻ ഡാക്ടർ സുശീലാനയ്യാരെപ്പോലുള്ള പരോപകാരതത്പരരായ വല്ല ഡാക്ടരേയും കിട്ടും. നാമവരെപ്പററി വിചാരപ്പെടേണ്ടതില്ല. ഇന്നു് ശുദ്ധജലം, ശുദ്ധവായു, നല്ല മണ്ണു് എന്നിവ നമുക്കജ്ഞാതമാണു്. ആകാശത്തിൻേറയും സൂൎയ്യൻേറയും അപരിമേയമായ മൂല്യവും നമുക്കറിയില്ല. ഈ പഞ്ചഭൂതങ്ങളെ വിവേകപൂൎവ്വം ഉപയോഗപ്പെടുത്തുകയും സമനിലപ്പെടുത്തിയ ആഹാരം കഴിക്കുകയും ചെയ്താൽ യുഗങ്ങളിലെ പ്രവൃത്തി ചെയ്തു എന്നു കരുതാം. ഈ അറിവു സമ്പാദിക്കാനാവശ്യമായതു് ബിരുദങ്ങളോ കോടിക്കണക്കിൽ പണമോ അല്ല, സജീവമായ ദൈവവിശ്വാസം, സേവനൗത്സുക്യം, പ്രകൃതിയുടെ അഞ്ചു ശക്തികളോടുള്ള പരിചയം, ഭക്ഷണകാൎയ്യത്തിൽ ശാസ്ത്രീയജ്ഞാനം എന്നിവയാണു്. ഇതൊക്കെ സ്കൂളുകളിലോ കാളേജുകളിലോ സമയം വൃഥാ വ്യയംചെയ്യാതെ സമ്പാദിക്കാൻ സാധിക്കുന്നതാണു്.

ഹരിജൻ, 1–9–'46

## നാല്പത്തിരണ്ട്

## വിദ്യാഭ്യാസവിദഗ്ധന്മാരുടെകൂടെ

**(1947 ഏപ്രിൽ 22, 23 തീയതികളിൽ പാററ്നയിൽവെച്ചു ഹിന്ദുസ്ഥാനി താലിമിസംഘത്തിൻെറ ഒരു യോഗം കൂടുകയുണ്ടായി. ഗാന്ധിജി അതിലെ മെമ്പർമാരോടു ഹൃദയം തുറന്നു സംസാരിച്ചു.)**

### സ്വാവലംബനം

ബഡ്ജററിനെപ്പററി ചർച്ചചെയ്യാനാരംഭിച്ചപ്പോൾതന്നെ ഗവമ്മേണ്ടിനെ ആശ്രയിക്കാനുള്ള വാസനയ്ക്കെതിരായി ഗാന്ധിജി മെമ്പർമാക്കൊരു താക്കീതു നല്കി. "ഒരു പക്ഷെ, നാമാവശ്യപ്പെടുന്നതൊക്കെ തരാൻ അവർ സന്നദ്ധത കാണിച്ചേക്കാം. എന്നാൽ, നാമവരെ ആശ്രയിക്കാൻ തുടങ്ങിയാൽ അതു നവീനവിദ്യാഭ്യാസത്തിൻെറ നാശമായിട്ടാണു പരിണമിക്കുക." അവിടെ അവതരിപ്പിച്ച ബഡ്ജററു മൂന്നു കൊല്ലത്തേയ്ക്കുള്ളതായിരുന്നു. ആ കാലം കഴിയുമ്പോഴേയ്ക്ക് അവർ തികച്ചും സ്വാവലംബികളാവണം. ആ പ്രകാരത്തിലാണ് അവർ ബഡ്ജററു തയാറാക്കേണ്ടതു്. അപ്പോഴേയ്ക്കു സഫലത സിദ്ധിക്കാതിരുന്നാൽ അവർ രാഷ്ട്രത്തിനോടു തങ്ങളുടെ ദീവാളിത്തം തുറന്നു പറയണം. പരാജയകാരണം ശരിയായി പരിശോധിക്കുന്നതായാൽ ആ പരാജയം വിജയത്തിലേയ്ക്കുള്ള ചവിട്ടുപടിയാണ്.

### നിങ്ങളുടെ പരിമിതികൾ മനസ്സിലാക്കുക

ശ്രീ. അവിനാശിലിംഗംചെട്ടിയാർ (മതിരാശി വിദ്യാഭ്യാസമന്ത്രി) താലിമിസംഘം മതിരാശിയിൽ ഗവമ്മേണ്ടു ചെലവിൽ ഒരു ട്രെയ്നിങ്സ്കൂൾ നടത്തണമെന്നാവശ്യപ്പെട്ടിരുന്നു. ഇതിനെപ്പററിപറയുമ്പോൾ തങ്ങളുടെ ശക്തിയിൽ കവിഞ്ഞ കാര്യങ്ങൾ ഏറെറടുക്കുന്നതിൽ ഗാന്ധിജി അവക്കൊരു താക്കീതു നല്കി. അതുകൊണ്ടു് അവർ തങ്ങളുടെ

ശക്തി നശിപ്പിക്കുകയും മതിരാശി ഗവമ്മേണ്ടിനെ വിഷമ ത്തിലാക്കുകയും ചെയ്യും. ഇന്നു് അധികാരം ഏറ്റെടുത്തതോ ടുകൂടി, കോൺഗ്രസ് ഗവമ്മേണ്ടുകളുടെ കൈയിൽ കോടിക്ക ണക്കിൽ പണം വന്നിട്ടുണ്ടു്. കാൎയ്യത്തിൻെറ നാനാവശങ്ങ ളെപ്പററിയും ചിന്തിച്ചു തങ്ങളുടെ പക്കൽ അതിന്നു വേണ്ടത്ര അദ്ധ്യാപകന്മാരുണ്ടെന്നു തോന്നുന്നതായാൽ—എന്നുവെ ച്ചാൽ സഫലത സിദ്ധിക്കുമെന്നു തീർച്ചയായാൽ—മാത്രമേ താലിമിസംഘം അങ്ങനെ ഒരു സ്ഥാപനം ആരംഭിക്കാവൂ. തന്റെ പരിമിതി മനസ്സിലാക്കുന്നതു സൎവ്വഥാ ഗുണകരമാണു്.

ത്രിവിധവികാസം

ഗാന്ധിജി തുടൎന്നു: "നമ്മുടെ വിദ്യാഭ്യാസപദ്ധതി ശരീ രത്തിന്റേയും മനസ്സിനേയും ആത്മാവിനേയും വികസിപ്പിക്കു ന്നു. ഇന്നത്തെ വിദ്യാഭ്യാസപദ്ധതി മാനസികവികാസത്തെ പ്പററി മാത്രമേ ശ്രദ്ധിച്ചിട്ടുള്ളൂ. കുറച്ചു് നൂല്പും കുറച്ചു് അ ടിച്ചുവാരലും പഠിക്കുന്നതോടുകൂടി അടിസ്ഥാനവിദ്യാഭ്യാസം അവസാനിക്കുന്നില്ല. ഇവ, അനുപേക്ഷണീയംതന്നെ; പ ക്ഷേ, ശരീരത്തിനേയും മനസ്സിനേയും ആത്മാവിനേയും സമ ഞ്ജസമായി വികസിപ്പിക്കാതിരുന്നാൽ ഇവയ്ക്കു് ഒരു വിലയു മില്ല. ഇന്നു് ഞാൻ ഇതരകാൎയ്യങ്ങളിൽ ഏൎപ്പെട്ടിരിക്കയാ ണു്. എന്നാൽ, നവീനവിദ്യാഭ്യാസം ഒരിക്കലും എൻെറ മനസ്സിൽനിന്നു വിട്ടുപോയിട്ടില്ല." എന്നു ഗാന്ധിജി സംഘ ത്തിന്നു് ഉറപ്പുനല്കി.

ഖാദിയുടെ സ്ഥാനം

പിന്നെ ഗാന്ധിജി നവീനവിദ്യാഭ്യാസത്തിൽ ഖാദിയു ടെ സ്ഥാനമെന്തെന്ന കാൎയ്യത്തിലേയ്ക്കു തിരിഞ്ഞു. അദ്ദേഹം പറഞ്ഞു: "തെക്കേ ആഫ്രിക്കയിലായിരുന്നകാലത്താണു്— 1908-ൽ—ഖാദി എൻെറ മനസ്സിൽ ഒരു പ്രധാനസ്ഥാനം കൈക്കലാക്കിയതു്."എന്നാലും ഖാദിയേക്കാൾ നല്ലതും സൎവ്വ

വ്യാപകവുമായ ഒരു ഗ്രാമവ്യവസായം അറിഞ്ഞിരുന്നുവെങ്കിൽ ഖാദിയെ കേന്ദ്രമാക്കിക്കൊണ്ടു നവീനവിദ്യാഭ്യാസം നടത്തണമെന്നു് അദ്ദേഹം നിഷ്കർഷിക്കയില്ലായിരുന്നു. എല്ലാവരും ദിവസേന ഒരു മണിക്കൂർവീതം നൂല്ക്കുന്നതായാൽ ഇന്ത്യയ്ക്കാവശ്യമായ വസ്ത്രം മുഴുവനും ഇവിടെ നിർമ്മിക്കാൻ കഴിയുമെന്നു് അദ്ദേഹം വിശ്വസിച്ചു. അതിന്നു് ആറു മണിക്കൂറു വേണമെങ്കിൽ അദ്ദേഹത്തിന്റെ പരിപാടികളിൽ ഖാദിക്കു് ഒരു സ്ഥാനവും ഉണ്ടാവില്ല. കാരണം, ജനങ്ങൾക്കു വേറെ പലതും ചെയ്യേണ്ടതുണ്ടു്. അവക്കു ഭക്ഷണമുണ്ടാക്കണം. ബുദ്ധിപരമായും ചില കാര്യങ്ങൾ ചെയ്യണം. നവീനവിദ്യാഭ്യാസത്തിൽ അടിമപ്പണിക്കു സ്ഥാനമില്ല. നൂല്പിന്നു വിനിയോഗിക്കുന്ന ഒരു മണിക്കൂർ നൂല്പുകാരന്റെ ആത്മവികാസത്തിന്നായി ചെലവാക്കിയ ഒന്നായിരിക്കണം.

### ഖാദിയും പോസ്റ്റ്ബേസിക്കും

"പോസ്റ്റ്ബേസിക് ഘട്ടത്തിലെങ്കിലും മില്ലിലെ പ്രവൃത്തിമുറകൾ പഠിപ്പിക്കേണ്ടിവരുമെന്നു സെയ്ദീൻസാഹബ് പറഞ്ഞപ്പോൾ എനിക്കതു സ്വീകരിക്കാൻ സാധിച്ചില്ല. കൈനൂല്പു് പോസ്റ്റ്ബേസിക് ഘട്ടത്തിലെ വിദ്യാഭ്യാസത്തിന്നു പറ്റിയ ഒരു മാധ്യമമാണു്. അതിന്നുംപുറമെ ലക്ഷ്യമാണെങ്കിൽ വിദ്യാർത്ഥികളെ അത്യന്താപേക്ഷിതമായ ഒരു തൊഴിലിൽനിന്നു് ഒഴിവാക്കുകയും സാധ്യമല്ല. ദേവപ്രകാശ്, തക്ലിയെപ്പററിയും ചൂലിനെപ്പററിയും എഴുതിയതു് ഇന്നലെ എനിക്കു കാണിച്ചുതന്നു. അദ്ദേഹം എഴുതിയതൊക്കെ ശരിയാണെങ്കിൽ ആ രണ്ടു തൊഴിലിനെസ്സംബന്ധിച്ച വിവിധ മുറകൾ പഠിക്കുന്നതിൽനിന്നു പല അറിവും ഉണ്ടാവുന്നതാണു്. അതൊക്കെ ബേസിക്ഘട്ടത്തിൽത്തന്നെ പഠിച്ചുതീക്കുക സാദ്ധ്യമല്ല. ഈ പ്രധാന തൊഴിലുകളുടെ ശാസ്ത്രം എല്ലാവരുടേയും നന്മയ്ക്കനുയോജിച്ചവിധത്തിൽ നാം വികസി

ല്പിച്ചിട്ടില്ല, അതാണു വിഷമം. മില്ലിലെ നൂല്പിന്നും നെയ്ത്തിന്നും ആധാരമായിട്ടുള്ളതു തക്ലിയും കൈത്തറിയുമാണു്. പാശ്ചാത്യർ മില്ലുകളുണ്ടാക്കിയതു നമ്മെ ചൂഷണം ചെയ്യുന്നതിന്നുവേണ്ടിയാണു്. നമുക്കാരേയും ചൂഷണം ചെയ്യേണ്ടതില്ല. അതിനാൽ, നമുക്കു മില്ലുകൾ ആവശ്യമില്ല. പക്ഷേ, നാം തക്ലിയുടേയും കൈത്തറിയുടേയും ശാസ്ത്രം മനസ്സിലാക്കണം. ഇവയിൽ ഇന്ത്യ യൂറോപ്പിനെ അനുകരിക്കുന്നതായാൽ അതിൻെറ ഫലം ഇന്ത്യയുടേയും ലോകത്തിൻേറയും നാശമായിരിക്കും.''

### ഖാദിയും മില്ലുകളും

സ്കൂളുകളിൽനിന്നു പുറത്തുവരുന്ന കുട്ടികൾ ഉദ്യോഗത്തിന്നായി മില്ലുകളെ ആശ്രയിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു വിദ്യാഭ്യാസശാസ്ത്രജ്ഞന്മാൎക്കു് ആ വിധത്തിൽ ചിന്തിക്കാനുള്ള വിഷമതയെപ്പററി ഡാക്ടർ സാക്കിർ ഹുസെയ്ൻ സാഹബ് സൂചിപ്പിച്ചപ്പോൾ ഗാന്ധിജി പറഞ്ഞു: ''എന്റെ ആശയപ്രകാരമുള്ള സ്കൂളുകളിൽനിന്നു പുറത്തുവരുന്ന കുട്ടികൾ ഉദ്യോഗത്തിന്നായി മില്ലുകളെ ആശ്രയിക്കയില്ല. വാസ്തവത്തിൽ മിൽവസ്ത്രവും ഖാദിയും അടുത്തടുത്തു വെച്ചു വില്ക്കുകതന്നെ അരുതു്. നമ്മുടെ മില്ലുകൾ തങ്ങളുടെ വസ്ത്രം ഇന്ത്യക്കു പുറമെ കൊണ്ടുപോയി വിററുകൊള്ളട്ടെ. ലങ്കാഷയറില്ലുണ്ടാക്കിയ വസ്ത്രം നിങ്ങൾക്കു് ഇംഗ്ലണ്ടിൽ വാങ്ങാൻ കിട്ടില്ല. അതു മുഴുവനും കയററി അയയ്ക്കുകയാണു്. നമ്മുടെ മില്ലുകൾക്കു് വിദേശക്കമ്പോളങ്ങളിലും അധികംകാലം വില്ക്കാൻ സാധിച്ചു എന്നു വരില്ല.''

### നമ്മുടെ മാൎഗ്ഗം

''നമ്മുടെ ചുററുമുള്ള അന്തരീക്ഷമാകെ മില്ലുകളുടെ ആശയംകൊണ്ടു നിറഞ്ഞിരിക്കയാണു്. ആ സ്ഥിതിക്കു് നിങ്ങ

ളുടെ വിഷമത മനസ്സിലാക്കാൻ എനിക്കു കഴിയുന്നുണ്ടു്. നമ്മുടെ മന്ത്രിമാർപോലും മില്ലുകളെപ്പററിയേ സംസാരിക്കുന്നുള്ളു. നമ്മുടെ വിശ്വാസത്തിന്നനുസരിച്ചു ജീവിക്കുന്നതിൽ മരണം വരിക്കേണ്ടിവന്നാൽ അതു വരിക്കുക, അതാണു് നമ്മുടെ മാർഗ്ഗം. നാം, ഖാദിയുടെ സത്യത്തിൽ വിശ്വസിക്കുന്നുണ്ടെങ്കിൽ അതനുസരിച്ചു ജീവിക്കണം; അതിനെ പ്രചരിപ്പിക്കണം. നാം ദേശീയനന്മയ്ക്കനുയോജ്യമായ പ്രവൃത്തിയാണു ചെയ്യുന്നതെന്നു് മന്ത്രിമാരെ ബോദ്ധ്യപ്പെടുത്തുകയുംവേണം.

"കോൺഗ്രസ്സാണു് ഹിന്ദുസ്ഥാനി താലിമിസംഘത്തെ സൃഷ്ടിച്ചതു്. പക്ഷേ, അതു് സംഘത്തിൻെറ കാര്യത്തിൽ വേണ്ടത്ര താത്പര്യം ഒരിക്കലും കാണിച്ചിട്ടില്ല. ചർക്കാസംഘവും കോൺഗ്രസ്സിന്റെ സന്തതിയാണു്. കോൺഗ്രസ്സ് അതിനേയും തൻേറതാണെന്നു കരുതിയിട്ടില്ല. ഈ സംഘങ്ങളെപ്പററി ആരാണു ശ്രദ്ധിക്കുന്നതു്? പണവും അനുഭവവും കുറവായിരുന്നകാലത്തു് കോൺഗ്രസ്സ് നിർമ്മാണപ്രവർത്തനങ്ങളിൽ ഏറെക്കുറെ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഇന്നു ഗവമ്മെണ്ടാകെ നമ്മുടെ കൈയിൽ വന്നിട്ടുണ്ടു്. അതുമൂലം ലഭിച്ച ശക്തിയെ അവർ ഇനിയും ശരിക്കു മനസ്സിലാക്കിയിട്ടില്ല. അതിന്നു് ഇനിയും സമയം വേണ്ടിവരും."

### അതേശക്തി ഇന്നില്ല

നവീനവിദ്യാഭ്യാസത്തിൻെറ പ്രവത്തനം എന്നതിന്റെ താത്പര്യം പുതിയ സാമുദായികവ്യവസ്ഥയുടെ പ്രചരണമെന്നാണെന്നു ഗാന്ധിജി കണ്ടിരുന്നു. പക്ഷേ, അധികാരം വഹിച്ചിരുന്ന മന്ത്രിമാർ സംഘത്തിന്റെ അഭിപ്രായങ്ങളോടു തികച്ചും യോജിച്ചിരുന്നില്ല. ഡാക്ടർ സാക്കിർ ഹുസൈയ്ൻ സംഘത്തിൻേയും ഗവർമ്മെണ്ടിൻേറയും പ്രവർത്തനങ്ങളെ സംയോജിപ്പിക്കാൻ സഹായിക്കയോ അല്ലെങ്കിൽ സംഘത്തിനെ കാട്ടുകേറാനനുവദിക്കയോ ചെയ്യാൻ ഗാന്ധിജിയോടു്

അഭ്യത്ഥിച്ചിരുന്നു. തനിക്കു പണ്ടുണ്ടായിരുന്ന ശക്തി ഇന്നില്ലെന്നു ഗാന്ധിജി സമ്മതിച്ചു: "ഈ ഉദാസീനതയ്ക്കു ഞാൻ ഗവമ്മെണ്ടിനെ കുററപ്പെടുത്തുന്നില്ല. അവർ ഇവിടെ പണ്ടുണ്ടായിരുന്ന ഗവർമ്മെണ്ടിനെ പിന്തുടരുകയാണു്. അവക്കു് പഴയ സമ്പ്രദായമനുസരിച്ചു് പ്രവത്തിക്കേണ്ടിയിരിക്കുന്നു. ഒരു മന്ത്രിയായിരുന്നുവെങ്കിൽ ഒരുപക്ഷേ, ഞാനും അങ്ങനെ തന്നെയാണു ചെയ്യുമായിരിക്കുക. എന്നാലും, ഞാൻ പണ്ഡിററ് നെഹറുവിനോടുംമററും ഈ കാര്യത്തെപ്പററി സംസാരിക്കുന്നുണ്ടു്. വിദ്യാഭ്യാസപ്രവത്തകന്മാരുടെ ഒരു കത്തവ്യം കാര്യങ്ങൾ വിവരിച്ചുകൊടുക്കുകയാണു്. അല്ലേ?"

ഡാക്ടർ സാക്കിർഹുസെയ്ൻ: "കോൺഗ്രസ്സ് തങ്ങളുടെ വിദ്യാഭ്യാസനയം മന്ത്രിമാർക്കു വിവരിച്ചുകൊടുത്തിട്ടേയില്ല. അതാണു് തെററെന്നു ഞാൻ കരുതുന്നു. ഞാൻ ഇങ്ങോട്ടുവരുന്നതിന്നുമുമ്പു് മൗലാനാസാഹബിനെ കണ്ടിരുന്നു. അദ്ദേഹം നമ്മോടു് അനുകമ്പ പ്രകടിപ്പിക്കുകയും സംഘത്തെ കാണാനാഗ്രഹമുണ്ടെന്നു പറയുകയും ചെയ്തു. സംഘം അദ്ദേഹത്തെ ചെന്നുകാണാൻ തീർച്ചയാക്കിയിട്ടുണ്ടു്."

ഗാന്ധിജി: "ഗവമ്മെണ്ടു് ആദ്യംതന്നെ നിങ്ങളെ ക്ഷണിക്കേണ്ടതായിരുന്നു. മിസ്റ്റർ *സർജൻറ് സംഘത്തിൻെറ നിർദ്ദേശമനുസരിച്ചു പ്രവത്തിക്കണം. നിങ്ങളെ ക്ഷണിക്കണമെന്നു ഞാൻ ഗവമ്മേണ്ടിനോടാവശ്യപ്പെട്ടിരുന്നു."

## മതപഠനം

മതം മനസ്സിലാക്കിയവർക്കു് നമ്മുടെ സ്കൂളുകളിൽ വന്നു പഠിപ്പിക്കാൻ സമയവും സൗകര്യവും ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്നു് ഡാക്ടർ സാക്കിർ ഹുസെയ്ൻസാഹബിന്നു് അഭിപ്രായമുണ്ടായിരുന്നു. അനാവശ്യമായി കൈകടത്തുന്നു എന്ന

* ഇദ്ദേഹം കേന്ദ്രഗവമ്മേണ്ടിൻെറ വിദ്യാഭ്യാസ ഉപദേഷ്ടാവായിരുന്നു. (വിവ.)

തോന്നൽ ഉണ്ടാവാതെകഴിക്കണമെങ്കിൽ ഗവൎമ്മെണ്ട് അതി ലധികമായി ഒന്നും ചെയ്യരുതു്.

ഗാന്ധിജി മറുപടിയായി പറഞ്ഞു: "നിങ്ങൾ ഇതിനെ പ്പററി മൗലാനാസാഹബിനോട്ട സംസാരിക്കണം. ഗവൎമ്മേ ണ്ടു് മതപഠനത്തിന്നു സൗകൎയ്യമുണ്ടാക്കിക്കൊട്ടക്കണമെന്നു പറയുന്നതിനോട്ട ഞാൻ യോജിക്കുന്നില്ല. വല്ലവരും തെററാ യരീതിയിൽ മതം പഠിപ്പിക്കാനാഗ്രഹിക്കുന്നതായാൽ നി ങ്ങൾക്കതു തടയുക സാദ്ധ്യമല്ല. നിങ്ങൾ അതിന്നു പരിശ്രമി ച്ചാൽ ഫലം അനാശാസ്യമായിരിക്കാനേ തരമുള്ളു. മതം പഠി പ്പിക്കാനാഗ്രഹിക്കുന്നവർ അതിന്നു വേണ്ട ഏൎപ്പാട്ട സ്വയം ചെയ്തുകൊള്ളട്ടെ. നിയമത്തിന്നും സമാധാനത്തിന്നും സദാ ചാരത്തിന്നും വിരുദ്ധമല്ലാതിരിക്കുന്നേടത്തോളംകാലം അതനു വദിക്കാം. എല്ലാ മതങ്ങൾക്കും പൊതുവായ മുഖ്യതത്വങ്ങ ളെ ആധാരമാക്കിക്കൊണ്ടുള്ളതും എല്ലാ പക്ഷക്കാരും സമ്മ തിക്കുന്നതുമായ നീതിസംഹിതകൾ മാത്രമേ ഗവൎമ്മേണ്ടു പഠിപ്പിക്കാവൂ. വാസ്തവത്തിൽ നമ്മുടേതു് ഒരു ഭൗതികരാഷ്ട്ര മാണു്."

## സൎട്ടിഫിക്കററ്

അടിസ്ഥാനവിദ്യാഭ്യാസം കഴിഞ്ഞു പാസ്സാവുന്ന കുട്ടി കൾക്കു കൊട്ടക്കേണ്ട സൎട്ടിഫിക്കററുകളുടെ കാൎയ്യത്തെപ്പററി ഗാന്ധിജി ഇപ്രകാരം പറഞ്ഞു: "ആ യോഗ്യതയ്ക്കു യോജിച്ച ഒരു പേരുണ്ടായിരിക്കണം. അതു ചെറുതും കണിശവുമായി രിക്കണം. അല്പംപോലും അതിശയോക്തിയില്ലാതെ യോഗ്യ തയെന്തെല്ലാമാണെന്നു സൎട്ടിഫിക്കററിൽ ശുദ്ധ ഹിന്ദുസ്ഥാ നിയിൽ ശരിയായി എഴുതിയിരിക്കണം. ഒരു സാധനത്തി ന്നു് അതിൻെറ വിലയിൽക്കവിഞ്ഞു വലിയ വല്ല പേരും കൊട്ടക്കുന്നതു് ദാതാവിന്നു് ഒരുവിധത്തിലും ശോഭാവഹ മല്ല."

## സഹവിദ്യാഭ്യാസം

താലിമിസംഘത്തിൻെറ, സഹവിദ്യാഭ്യാസം സംബന്ധിച്ച നയം മതിരാശിക്കു യോജിച്ചതല്ലെന്നു് അവിടത്തെ വിദ്യാഭ്യാസമന്ത്രി, ശ്രീ. അവിനാശിലിംഗംചെട്ടിയാക്കു തോന്നി. ചെറുകുട്ടികളുടെ കാര്യത്തിലും തൻേറടം വന്ന മുതിന്നവരുടെ കാര്യത്തിലും സഹവിദ്യാഭ്യാസം നടത്തുന്നതിൽ അദ്ദേഹത്തിന്നു് എതിരഭിപ്രായമില്ല. എന്നാൽ, വികാരാധീനമായ 15, 16 വയസ്സുകാലത്തു് സഹവിദ്യാഭ്യാസം നല്കുന്നതിനോടു് അദ്ദേഹം എതിരാണു്. ആ പ്രായത്തിലാണു് മിക്ക ബാലികാബാലകന്മാരും അദ്ധ്യാപകപരിശീലനത്തിന്നു വരുന്നതു്. ഏതായാലും ഗാന്ധിജി അതിനോടു വിയോജിച്ചു. "നിങ്ങൾ സാധാരണസ്കൂളുകളിൽ സഹവിദ്യാഭ്യാസം നടത്തുകയും ട്രെയിനിങ്ങ്സ്കൂളുകളിൽ നടത്താതിരിക്കുകയും ചെയ്യുന്നതായാൽ കുട്ടികൾ എവിടെയോ എന്തോ തെററുണ്ടെന്നു വിചാരിക്കും. ഞാൻ എൻെറ കുട്ടികളെ ആപത്തിൽ ചെന്നു ചാടാനും അനുവദിക്കണം. ഈ ലൈംഗികമനോഭാവത്തിൽനിന്നു് നമുക്കൊരുദിവസം മോചനം നേടുകതന്നെ വേണം. ഉദാഹരണത്തിന്നായി നാം പടിഞ്ഞാട്ടു നോക്കരുതു്, അദ്ധ്യാപകന്മാർ ബുദ്ധിമാന്മാരും, സ്വഭാവശുദ്ധിയുള്ളവരും, നവീനപദ്ധതിയുടെ തത്വങ്ങളിൽ നിമഗ്നരുമാണെങ്കിൽ ട്രെയിനിങ്ങ്സ്കൂളുകളിലും ആപത്തുണ്ടാവില്ല. വല്ല യാദൃച്ഛികസംഭവവും ഉണ്ടാവുകതന്നെ ചെയ്യു എന്നു വിചാരിക്കുക. നാം അവയെക്കൊണ്ടു ഭയപ്പെട്ടുപോകരുതു്. എവിടേയും അത്തരം കാര്യങ്ങൾ സംഭവിക്കാറുണ്ടു്. ഞാൻ ഇങ്ങനെ ധൈര്യസമേതം സംസാരിക്കുന്നുണ്ടെങ്കിലും ഇതിലെ ആപത്തുകളെ മനസ്സിലാക്കാതിരിക്കുന്നില്ല. ഉത്തരവാദിത്വമുള്ള മന്ത്രിമാരെന്ന നിലയിൽ നിങ്ങൾ സ്വയം ചിന്തിക്കുകയും അതിന്നനുസരിച്ചു പ്രവത്തിക്കുകയും വേണം."

## ഖാദിയും സ്വാവലംബനവും

സ്വാവലംബനത്തിൻെറ കാൎയ്യത്തിൽ നൂല്പും നെയ്ത്തും മററു ചില കൈത്തൊഴിലുകളെപ്പോലെ, ഉദാഹരണം, ആശാരിപ്പണി—അത്ര ആദായകരമല്ലെന്നു ശ്രീ. ജാജ്ജുജി പറഞ്ഞു. ഏഴുകൊല്ലത്തെ പരിശീലനം കഴിഞ്ഞു പാസ്സാവുന്ന വിദ്യാൎത്ഥികൾപോലും സ്വാവലംബികളായിരിക്കുമെന്ന കാൎയ്യത്തിൽ സംശയമുണ്ടു്. അവൎക്കു ചൎക്കാസംഘത്തിൻെറ നിരക്കിൽ ആറണയോ എട്ടണയോ സമ്പാദിക്കാൻ സാധിച്ചേക്കാം. ഗാന്ധിജി പറഞ്ഞു: "നാം പണത്തെമാത്രം മുൻനിൎത്തി ചിന്തിക്കരുതു്. ഖാദി നമ്മുടെ പ്രവൎത്തനങ്ങളുടെ കേന്ദ്രമാണു്; കാരണം, നമുക്കെല്ലാം വസ്ത്രം ആവശ്യമാണു്. ഏഴുലക്ഷം ഗ്രാമങ്ങളെ വസ്ത്രധാരണംചെയ്യിക്കുക എന്നതാണു് നമ്മുടെ മുമ്പിലുള്ള പ്രശ്നം. ഇന്നു നെയ്ത്തുകാൎക്കു് ഉയൎന്ന നിരക്കിൽ കൂലികൊടുത്തിട്ടാണു് നമ്മുടെ നൂലു നെയ്യുകിട്ടുന്നതു്. നൂല്പെന്നപോലെതന്നെ നെയ്ത്തും ഓരോ ആളും പഠിക്കണമെന്നു നിഷ്കർഷിക്കാഞ്ഞതു് എൻെറ തെററായിരുന്നു. അതിനു് വളരെയധികം സമയം, എന്നുവെച്ചാൽ, ഒരാൾക്കു സൗകൎയ്യമായി നീക്കിവെക്കാൻ കഴിയുന്നതിലധികം സമയം ആവശ്യമായിവരരുതു്. അതു് എല്ലാവരും ഓൎക്കണം. നമ്മുടെ സമയം മുഴുവനും അതിന്നായി വിനിയോഗിക്കേണ്ടിവരികയാണെങ്കിൽ നമുക്കു് ആദ്യവസാനം ഒന്നു പുനരാലോചിക്കേണ്ടിവരും."

## പ്രേമത്തിന്നായി ചെയ്യുന്ന പ്രവൃത്തി

"നവീനവിദ്യാഭ്യാസത്തിലേ അദ്ധ്യാപകൻ വിദ്യാഭ്യാസശാസ്ത്രം അറിയുന്ന ഒരു ശില്പി (Crafts-man) ആയിരിക്കും. ആയാൾ പ്രവൃത്തിചെയ്യുന്നതു ശമ്പളത്തിന്നുമാത്രം വേണ്ടിയല്ല. ശമ്പളം അഥവാ മാസപ്പടി എന്നതു് ഒരു ചീത്തവാക്കാണു്. ആയാൾ, തൻെറ കൂലിക്കുതക്ക ജോലിചെയ്യുന്ന ഒരാ

ളായിരിക്കും. ആയാളുടെ സഹധർമ്മിണിയും മക്കളും എല്ലാം പ്രവൃത്തിചെയ്യും. അങ്ങനെമാത്രമേ ഇന്ത്യയിലെ ഓരോ ഗ്രാമത്തിലും നവീനവിദ്യാഭ്യാസം പ്രചരിക്കുകയുള്ളൂ."

### കൃഷി—ഒരു അടിസ്ഥാനത്തൊഴിൽ

"കൃഷിയെ എന്തുകൊണ്ട് ഒരു അടിസ്ഥാനത്തൊഴിലാക്കിക്കൂടാ എന്നു ചിലർ ചോദിക്കുന്നുണ്ട്. അതിന്നുള്ള മറുപടി ഇതാണ്: നൂല്പിലുള്ളത്ര വിദ്യാഭ്യാസപരമായ കഴിവുകൾ കൃഷിയിൽ ഇല്ല. ഉദാഹരണമായി നൂല്പിലെന്നപോലെ അതിന്നു് ശില്പകലാവൈദഗ്ദ്ധ്യം വികസിപ്പിക്കുക സാദ്ധ്യമല്ല. നവീനവിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം കേവലം ഒരു കൈത്തൊഴിൽ പഠിപ്പിക്കുകയല്ല, ആ തൊഴിൽമുഖേന മനുഷ്യന്റെ സമഗ്രമായ വികാസം സാധിക്കുകയാണ്.

"എന്നാൽ, ഞാൻ കൃഷികൊണ്ടാരംഭിക്കുന്നില്ലെങ്കിലും അവസാനം അതു വരുകതന്നെ ചെയ്യും. കാരണം, നവീനവിദ്യാഭ്യാസത്തിന്റെ പരിധി വളരെ വിശാലമാണ്. എന്റെ പദ്ധതിയനുസരിച്ചു നടത്തുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരും വിദ്യാർത്ഥികളുംകൂടി തങ്ങൾക്കാവശ്യമായതെല്ലാം അതിൽ ഉൾപ്പെടുത്തണം. ഈ പദ്ധതിയിലെ ഏതദ്ധ്യാപകനും ഒരൊന്നാന്തരം ശില്പിയാവേണ്ടിവരും. ഗ്രാമത്തിലെ എല്ലാ കുട്ടികളും വിദ്യാലയത്തിലേയ്ക്കു സ്വന്തം ഇഷ്ടപ്രകാരം വരും. അങ്ങനെ വിദ്യാഭ്യാസം തനിയേ സ്വതന്ത്രവും സർവ്വവ്യാപകവുമായിത്തീരും.

"ഗ്രാമങ്ങളിലുണ്ടാകുന്ന പച്ചക്കറികൾ ഗ്രാമീണരുടെ ഉപയോഗത്തിന്നു കിട്ടുന്നില്ല—ഇതാണ് ഇന്ന് ഇന്ത്യയിലേ സ്ഥിതി. തിരുവിതാംകൂറിലെ ഗ്രാമീണർക്ക് അവിടെയുണ്ടാവുന്ന തേങ്ങ ഉപയോഗിക്കാൻ കഴിയുന്നില്ല. അതൊക്കെ ഒരിടത്തു ശേഖരിച്ചു നഗരങ്ങളിലേയ്ക്കയയ്ക്കുന്നു. അടിസ്ഥാന

വിദ്യാലയങ്ങൾ നടപ്പാക്കുന്ന സ്ഥലങ്ങളിൽ ഈ വൈരുദ്ധ്യം അപ്രത്യക്ഷമാവും. കൂടാതെ, ഇന്നു നാം ഓപ്പിയം, പുകയില, പരുത്തി തുടങ്ങിയ കച്ചവടവസ്തുക്കളാണു് (Money crops) കൃഷിചെയ്യുന്നതു്. നവീനപദ്ധതിയിൽ വിദ്യയഭ്യസിച്ചവർ തങ്ങൾക്കാവശ്യമായ ഭക്ഷണപദാർത്ഥങ്ങളാണു കൃഷിചെയ്യുക.''

ഹരിജൻ, 9-11-'47

# ഖണ്ഡം ആറ്: അനുഭവങ്ങൾ

## നാല്പത്തിമൂന്ന്

## നൂല്നൂല്പും സ്വഭാവശുദ്ധിയും

അഖിലഭാരത ചക്കാസംഘത്തിൻെറ കർണ്ണാടകശാഖയുടെ സെക്രട്ടറി സെററിൽമെൻറ്സ്കൂളുകളിൽ നടത്തിയ നൂല്പിൻെറ റിപ്പോർട്ടയച്ചുതന്നതു താഴെ കൊടുക്കുന്നു:

"അഖിലഭാരതചക്കാസംഘത്തിൻെറ കർണ്ണാടകശാഖ ബീജാപ്പൂർസെററിൽമെൻറിലേയും ഗാഡ്ഗൽ സെററിൽമെൻറിലേയും തൊഴിലില്ലാത്ത ആളുകൾക്കു പഞ്ഞിയടിയും നൂല്പും പഠിപ്പിക്കാൻ അദ്ധ്യാപകന്മാരെ അയച്ചുകൊടുത്തു എന്ന വിവരം പത്രങ്ങളിൽ വായിച്ചപ്പോൾ ഹുബ്ളി സെറ്റിൽമെൻറിന്റെ മാനേജർ, റവറണ്ട് ആർ. എൻ. ഉഷർ വിത്സനും അവിടത്തെ സർട്ടിഫൈഡ്സ്കൂൾ ലേഡി സൂപ്പറിണ്ടൻറ് മിസ് ഇ.ഡബ്ളിയു. ബ്രിസ്കോവും പ്രസ്തുത പരീക്ഷണം തങ്ങളുടെ സെററിൽമെൻറിലും നടത്തിനോക്കുന്ന കാര്യത്തെപ്പററി ആലോചിക്കാൻ തുടങ്ങി. റവറണ്ട് വിൽസൻേറയും മിസ്. ബിസ്കോവിന്റേയും ഉത്സാഹവും ഔത്സുക്യവും ഹേതുവായി കർണ്ണാടകബ്രാഞ്ച് ഹുബ്ളി സെററിൽമെൻറിലെ പ്രവൃത്തി ഏറെറടുക്കാൻ തീരുമാനിച്ചു.

"ഞങ്ങൾ ആൺകുട്ടികൾക്കുള്ള 'റിമാണ്ട് ഹോമി'ലാണു പ്രവൃത്തി ആരംഭിച്ചതു്. അവിടെ എട്ടുമുതൽ 16 വരെ പല വയസ്സിലുംപെട്ട 33 കുട്ടികളുണ്ടായിരുന്നു. കുട്ടികളെ റിമാണ്ട്ഹോമിലേയ്ക്കയയ്ക്കുന്നതു് അവരുടെതന്നെ രക്ഷിതാക്കന്മാരോ പോലീസുകാരോ ആണ്. അവരെ സൂപ്പറി

ണ്ടണ്ടിന്റെ മേൽനോട്ടത്തിലും സംരക്ഷയിലും വളത്തണ മെന്നുദ്ദേശിച്ചുകൊണ്ടാണു് അങ്ങനെ ചെയ്യുന്നതു്. അതു കൊണ്ടു് അവരുടെ സ്വഭാവദൂഷ്യവും ചൗര്യവാസനയും ദൂരീകരിക്കാൻ സാധിക്കുമെന്നു കരുതപ്പെട്ടുന്നു. റിമാണ്ടു് ഹോം മാനേജർമാക്കു് കുട്ടികളെ നേർവഴിക്കു നടത്താൻ വളരെ വിഷമം നേരിടാറുണ്ടു്, അതു സ്വാഭാവികവുമാണു്. അവരിൽ പലരും ഓടിപ്പോകാറുണ്ടു്. പിന്നെ അവരെ പിന്തുടന്നു കണ്ടുപിടിച്ചു വീണ്ടും അങ്ങോട്ടുതന്നെ കൊണ്ടുവരേണ്ടിവരും. ആ കുട്ടികളെ നഗരത്തിലെ ഏതെങ്കിലും പ്രൈമറിസ്കൂളിലേക്കോ സെക്കണ്ടറിസ്കൂളിലേക്കോ അയയ്ക്കുക സാധ്യമല്ല. കാരണം, അവർ ഓടിപ്പോകുമെന്ന ഭയം എപ്പോഴും ഉണ്ടായിരിക്കും. അവരുടെ ദേഹവും മനസ്സും ഒരുപോലെ ഉപയോഗപ്പെട്ടുത്താൻ പററിയ എന്തെങ്കിലും പണി കണ്ടുപിടിക്കാൻ അധികൃതന്മാക്കു കഴിഞ്ഞിരുന്നില്ല.

"ചക്കാസംഘം ഒരദ്ധ്യാപകനെ അയച്ചുകൊട്ടുത്തു. ആയാൾ 3½ മാസം ആ കുട്ടികൾക്കു പരിശീലനം നല്കി. പരുത്തി കരട്ടുകളയുന്നതും, തിരിയാക്കുന്നതും നൂല്ക്കുന്നതും ആന്ധ്രാപദ്ധതിയനുസരിച്ചാണു ചെയ്തിരുന്നതു്. 14–നും 16–നും ഇടയ്ക്കുള്ള മുതിന്ന കുട്ടികളെയാണു പരിശീലനത്തിന്നെടുത്തതു്. ഓരോ കുട്ടിയും ദിവസേന 1200 വാരമുതൽ 1500 വാരവരെ നൂലുണ്ടാക്കുന്നുണ്ടു്. നൂലിന്റെ നമ്പർ 25 മുതൽ 30 വരെയാണു്. ഇങ്ങനെ പ്രതിഫലത്തോട്ടുകൂടിയ എന്തെങ്കിലും പണി ക്രമമായി ചെയ്യാൻ തുടങ്ങിയതുമുതൽ ആ കുട്ടികളുടെ സ്വഭാവവും പെരുമാററവും വളരെയധികം നന്നായിട്ടുണ്ടെന്നു മാനേജർ എന്നെ അറിയിച്ചിരിക്കുന്നു. മിസ് ബ്രിസ്കോവിന്റെ കത്തു് വളരെ വിശദമാണു്. ഞാനതിൽ ഒന്നും കൂട്ടിച്ചേക്കാനാഗ്രഹിക്കുന്നില്ല. ആ കത്തു് ഇതോടൊന്നിച്ചയയ്ക്കുന്നു."

ലേഡി സൂപ്പറിണ്ടണ്ട്, മിസ് ബ്രിസ്കോ എനിക്കയച്ച രസകരമായ കത്തു താഴെ കൊടുക്കുന്നു:

"ഞങ്ങളുടെ *സർട്ടിഫൈഡ് സ്കൂളിൽ നടത്തുന്ന നൂല്പി നെപ്പററി അങ്ങയെ അറിയിക്കണമെന്ന് അഖിലഭാരത ചക്രാസംഘക്കാർ എന്നോടാവശ്യപ്പെട്ടിരിക്കുന്നു.

1. 1940 ജനുവരി 15-ാംതീയതി ഞങ്ങൾ നൂല്പുക്ലാസ്സ് ആരംഭിച്ചു.

2. കുട്ടികളുടെ വയസ്സ് 14 മുതൽ 16 വരെയാണ്. അവ ക്ക് നൂല്പിലുള്ള ആനന്ദംകണ്ടു് ഞങ്ങൾ അത്ഭുതപ്പെട്ടു.

3. ഇതിന്നുമുമ്പ് അവർ പറയത്തക്ക പ്രവൃത്തിയൊന്നു മില്ലാതെ വെറുതെ ഇരിക്കുകയായിരുന്നു. ചെലവേറിയ വ്യവസായങ്ങളൊന്നും ആരംഭിക്കാൻ ഞങ്ങളുടെ ധനസ്ഥി തി അനുവദിക്കുന്നില്ല. ഇപ്പോൾ അവർ സന്തുഷ്ടരും തങ്ങ ളുടെ പ്രവൃത്തിയിൽ തന്മയരുമാണ്. ആക്കുംതന്നെ ഓടി പ്പോകാൻ ആഗ്രഹം കാണുന്നില്ല.

4. ഇപ്പോൾ ദിവസേന 5 മണിക്കൂർ പ്രവൃത്തിചെയ്തു് ഓരോ കുട്ടിയും രണ്ടണമുതൽ രണ്ടേകാലണവരെ സമ്പാദി ക്കുന്നുണ്ടു്. നൂല്പ് ആരംഭിക്കാൻ ആദ്യം സ്വകാര്യമായി ചെലവാക്കിയ പണം അവർ മടക്കിഅടയ്ക്കുന്നുണ്ടു്. കൂലി യിൽ കുറച്ചുവല്ലതും അവരുടെ കൈയിൽ കൊടുക്കും. ബാ ക്കി അവരുടെ പേരിൽ അനാമത്തായിവെയ്ക്കുകയാണ്. ഇവിടെനിന്നു വിട്ടുപോകുമ്പോൾ അവക്ക് കൈയിൽ വ ല്ലതും ഉണ്ടായിരിക്കണമെന്നു വിചാരിച്ചാണ് ഇങ്ങനെ ചെയ്യുന്നതു്. ആൺകുട്ടികളുടെ കാര്യത്തിൽ ഇതു് അത്രയ ധികം സഫലമായിക്കണ്ടതിനാൽ കഴിഞ്ഞ ആഴ്ച പെൺ കുട്ടികൾക്കുള്ള സർട്ടിഫൈഡ്ഹോമിലെ മുതിന്ന കുട്ടിക ളേയും ഇതു പഠിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ വാത്ത

* ദുർഗ്ഗുണപരിഹാരപാഠശാല.

അങ്ങേയ്ക്കു രസപ്രദമായിരിക്കുമെന്നു കരുതിയാണു് ഞാൻ ഈ കത്തെഴുതുന്നതു്. നൂററുകൊണ്ടിരിക്കുന്ന ആൺകുട്ടികളുടെ ഒരു ഫോട്ടോ ഇതൊന്നിച്ചയയ്ക്കുന്നുണ്ടു്. അവർ എത്ര സന്തുഷ്ടവദനരായിരിക്കുന്നുണ്ടെന്നു് അങ്ങേയ്ക്കു കാണാം."

നൂല്പിന്നു മനസ്സിനെ സ്ഥിരമാക്കിനിത്താൻ എത്രത്തോളം കഴിവുണ്ടെന്നു കാണിക്കാൻ ഇതുപോലുള്ള എത്രയോ പ്രമാണപത്രങ്ങൾ എനിക്കു കിട്ടിയിട്ടുണ്ടു്. മിസ് ബ്രിസ്കോ ഈ പരീക്ഷണത്തിന്റെ പുരോഗതിയുടെ റിപ്പോർട്ടു് ഇടയ്ക്കിടെ അയച്ചുകൊണ്ടിരിക്കുമെന്നു ഞാനാശിക്കുന്നു.

ഹരിജൻ, 4–8–'40

## നാല്പത്തിനാലു്

## മരുഭൂമിയിലെ മരുപ്പച്ച

ഗവമ്മേണ്ടുദ്യോഗസ്ഥന്മാർ വേണ്ടത്ര ആലോചിക്കാതെ അടിസ്ഥാനവിദ്യാഭ്യാസത്തിന്നെതിരായി ചെയ്യുന്ന വിമശ്നങ്ങളാകുന്ന മരുഭൂമിയുടെ മദ്ധ്യത്തിൽ ബീഹാർ ഗവർണ്ണരുടെ ഉപദേഷ്ടാവായ മിസ്റ്റർ കസിൻസ് ബേസിക്സ്കൂളുകളുടെ പ്രവത്തനത്തെ അഭിനന്ദിച്ചുകൊണ്ടു് താലിമിസംഘം സെക്രട്ടറി, ശ്രീ. ആര്യനായകത്തിന്നയച്ച കത്തു് താഴെ കൊടുക്കുന്നു, അതു് വളരെ ആനന്ദപ്രദമായിരിക്കുന്നുണ്ടു്:

"കഠിനമായ മഴകാരണം അടിസ്ഥാനവിദ്യാലയങ്ങൾ പരിശോധിക്കുന്നതിന്നുള്ള എന്റെ കാര്യപരിപാടിക്കു് വിഘ്നം നേരിട്ടതില്ലും അതു് തത്കാലം നിത്തിവെയ്ക്കേണ്ടിവന്നതില്ലും എനിക്കതിയായ വ്യസനമുണ്ടു്. എന്നാൽ, ആകെയുള്ള 27 സ്കൂളുകളിൽ വൃന്ദാവൻ രാമപുരത്തു് ആറെണ്ണവും ചോബത്തോല പുതുക്കിയിൽ പന്ത്രണ്ടെണ്ണവുംകൂടി

ആകെ 18 സ്കൂളുകളിലെ അദ്ധ്യാപകന്മാരേയും അദ്ധ്യേതാക്കളേയും കാണ്മാൻ എനിക്കു സാധിച്ചു. അവിടെ കണ്ടതെല്ലാം വളരെ രസാവഹമായിത്തോന്നി. ഏഴഗ്രേഡിലേയും പരിശീലനം പൂർത്തിയാവാതെ ഈ പരീക്ഷണത്തെ ശരിക്കു വിലമതിക്കുക സാധ്യമല്ല എന്നതു് തീർച്ചയാണു്. എന്നാൽ, കുട്ടികളുടെ ശുചിത്വം, ഗ്രഹണപാടവം, പ്രവൃത്തിയിൽ പ്രത്യക്ഷമായി കാണിക്കുന്ന ആനന്ദം എന്നിവ എന്നെ അതീവസന്തുഷ്ടനാക്കിയിരിക്കുന്നു. നാം ശരിയായ മാർഗ്ഗത്തിലാണു് മുന്നോട്ടു ചരിക്കുന്നതെന്നും പതിന്നാലു വയസ്സുവരെ അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചു പഠിച്ചു് ആ പാഠ്യക്രമം പൂർത്തിയാക്കിയ കുട്ടികൾ സാധാരണ സ്കൂളുകളിൽ പഠിച്ച കുട്ടികളോടു താരതമ്യപ്പെടുത്തുമ്പോൾ പരാജിതരാവില്ലെന്നും എനിക്കു ബോധ്യം വന്നിരിക്കുന്നു.

"വളരെ പ്രോത്സാഹജനകമായ ഒരു കാര്യം പ്രത്യേകം എടുത്തുപറയാം, ഞാനതിന്നു വളരെയധികം പ്രാധാന്യം നല്കുന്നുണ്ടു്. ഗ്രാമീണക്കു സ്കൂളിൻെറ കാര്യത്തിൽ അതിയായ താത്പര്യം ഉളവായിട്ടുണ്ടു്. അവരെല്ലാം സ്കൂളിൻെറ ഗുണകാംക്ഷികളായിത്തീന്നിരിക്കുന്നു. ഇതു നിലനിത്താൻ സാധിക്കുന്നേടത്തോളംകാലം പദ്ധതി തീർച്ചയായും വിജയപ്രദമാവും. ചൗബത്തോല പുതുക്കിയിലെ ഭൂവുടമസ്ഥന്മാരും ഗ്രാമവാസികളും സ്കൂളിന്നായി ഭംഗിയേറിയ കളിസ്ഥലങ്ങളും, വഴികളും, സ്കൗട്ട്ട്രൂപ്പിന്നു്—ഞാൻ കണ്ടതിൽവെച്ചു് ഏററവുമധികം വലുതാണു് അവിടത്തെ സ്കൗട്ട്ട്രൂപ്പു്—ആവശ്യമായ സാധനസാമഗ്രികളും നല്കുന്നതിൽ കാണിക്കുന്ന താത്പര്യം പ്രശംസനീയമാണു്: അതുപോലെതന്നെ ഗ്രാമബാലന്മാരെ സ്കൂളിലേക്കയക്കാൻ കാണിക്കുന്ന നിഷ്കർഷയും. എനിക്കു സന്ദർശിക്കാൻ സാധി

ക്കാത്ത സ്കൂളുകളുടെ കാര്യത്തിലും പൊതുജനങ്ങൾ ഇതേമാതിരി താത്പര്യം കാണിക്കുന്നുണ്ടെന്നു വിശ്വസനീയമായ വിധത്തിൽ അറിയാൻ എനിക്കു സാധിച്ചിട്ടുണ്ട്. ഗ്രാമവാസികളുടെ പ്രയത്നം സഫലമാവുമെന്നു ഞാൻ വിശ്വസിക്കുന്നു. ഗ്രാമത്തിലെ ഭാവിപൗരന്മാരായ വിദ്യാർത്ഥികൾ സ്കൂളിൽനിന്നു് സാധാരണ അർത്ഥത്തിലുള്ള വിദ്യാഭ്യാസത്തിന്നുപുറമെ മാനസികോന്മേഷം, ആരോഗ്യം, ശുചിത്വബോധം, കാര്യകുശലത എന്നിവ സമ്പാദിക്കുന്നുണ്ടു്. ഇതിൻെറ ഫലമായി ഭാവിയിൽ ഗ്രാമങ്ങൾ പണ്ടത്തേതിനെ അപേക്ഷിച്ചു് ആരോഗ്യപ്രദവും, ആകർഷകവും, സംസ്കാരപൂർണ്ണവുമായ സ്ഥലങ്ങളായിത്തീരുന്നതാണു്.''

ഹരിജൻ, 21–6–'42

## നാല്പത്തഞ്ചു്

## കൈത്തൊഴിലുകൾമുഖേന വിദ്യാഭ്യാസം

ശ്രീമതി ആശാദേവി താഴെ എഴുതിയ രസകരമായ കണക്കുകൾ അയച്ചുതന്നിരിക്കുന്നു:

''ബീഹാറിലെ ചമ്പാരൻജില്ലയിലെ ബേത്തിയതാനയിലെ ഒരു ചെറിയ പ്രദേശത്തുള്ള 27 ബേസിക്സ്കൂളുകളിലെ 3 കൊല്ലത്തെ പരിശീലനം 1942 ഏപ്രിൽമാസത്തിൽ പൂർത്തിയായി. ഈ സ്കൂളുകളിലെ ഒന്നും രണ്ടും മൂന്നും ഗ്രേഡുകളിലെ 1941–'42-ലെ വാർഷികവരുമാനത്തിൻെറ പട്ടിക അടിസ്ഥാനവിദ്യാഭ്യാസപ്രവർത്തകർക്കെല്ലാം വളരെ പ്രോത്സാഹജനകമായ ഒന്നാണു്. ആ പട്ടിക താലിമിസംഘത്തിന്റെ 'നയിതാലിം' എന്ന പ്രതിമാസപത്രത്തിൽ

പ്രസിദ്ധിപ്പെട്ടത്തുന്നതാണ്. അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയിൽ താത്പര്യമുള്ളവരുടെ ആവശ്യാത്ഥം അതിലെ പ്രധാനസംഗതികളുടെ ഒരു രത്നച്ചുരുക്കം ഇവിടെ കൊടുക്കുന്നു. ഈ 27 വിദ്യാലയങ്ങളിലെ നിത്യഹാജർ ഒന്നാംഗ്രേഡിൽ 70 ശതമാനവും രണ്ടാംഗ്രേഡിൽ 76 ശതമാനവും മൂന്നാംഗ്രേഡിൽ 79 ശതമാനവും ആകുന്നു; ശരാശരി ഒരു കുട്ടിയുടെ സമ്പാദ്യം ഒന്നാംഗ്രേഡിൽ 11ണ.യും രണ്ടാംഗ്രേഡിൽ 2 ക. 4 ണ. 2 പ.യും മൂന്നാംഗ്രേഡിൽ 6ക. 1 ണ. 1 പ.യും ആകുന്നു. നിത്യഹാജരിൻെറ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലുംകൂടി ഒന്നാംഗ്രേഡിലേ 390 കുട്ടികൾ ആകെ 10,264 മണിക്കൂറു ചെയ്ത പ്രവൃത്തിക്കുള്ള വരവ് 267 ക. 8 ണ. 6 പ.യും രണ്ടാംഗ്രേഡിലെ 356 കുട്ടികൾ ആകെ 14,082 മണിക്കൂറുചെയ്ത പ്രവൃത്തിക്കുള്ള വരവ് 804 ക. 13 ണ. 8 പ.യും മൂന്നാംഗ്രേഡിലെ 319 കുട്ടികൾ ആകെ 14,362 മണിക്കൂറുചെയ്ത പ്രവൃത്തിക്കുള്ള വരവ് 1,935 ക. 14 ണ. 11 പ.യും ആകുന്നു. അതായതു് 1,065 കുട്ടികളുടെ ഒരു കൊല്ലത്തെ ആകെ വരവ് 3,008 ക. 5 ണ. 1 പ. ആകുന്നു. ഈ സ്കൂളുകളിലെ വിദ്യാത്ഥികളുടെ വ്യക്തിഗതമായ ഏററവും വർദ്ധിച്ച ശരാശരി വരവ് മൂന്നാം ഗ്രേഡിൽ 15 ക. 12 ണ.യും രണ്ടാംഗ്രേഡിൽ 6 ക. 2 ണ.യും ഒന്നാംഗ്രേഡിൽ 2 ക. 10 ണ. 1 പ.യും ആകുന്നു. വ്യക്തിഗതമായ ഏററവും വർദ്ധിച്ച ശരാശരി വേഗത മൂന്നാംഗ്രേഡിൽ ചക്കയിൽ 480ഇഴയും തക്ലിയിൽ 281 ഇഴയും രണ്ടാം ഗ്രേഡിൽ ചക്കയിൽ 350 ഇഴയും തക്ലിയിൽ 242 ഇഴയും ഒന്നാംഗ്രേഡിൽ തക്ലിയിൽ 164 ഇഴയും ആകുന്നു.'' (എല്ലാം മണിക്കൂറിലുള്ള വേഗതയാണ്.)

ഉത്പാദനവും വരവും കാണിക്കാനായിട്ടല്ല ഈ കണക്കുകൾ ഇവിടെ കൊടുത്തിരിക്കുന്നതു്. ആ നിലയിൽ അവസ്ഥ്

തീർച്ചയായും പ്രാധാന്യമുണ്ട്. എന്നാൽ, വിദ്യാഭ്യാസ സംബന്ധമായ കണക്കുകൾ കാണിക്കുന്ന പട്ടികയിൽ ഉത്പാദനത്തിന്നും ആദായത്തിന്നും രണ്ടാംസ്ഥാനമേ ഉള്ളു. യുവാക്കളുടെ ശിക്ഷണത്തിന്നുള്ള ഒരു സാധനമെന്നനിലയിൽ കൈത്തൊഴിലിന്നുള്ള ഉന്നതമൂല്യത്തെ കാണിക്കുന്നതിന്നാണ് ഈ കണക്കുകൾ ഇവിടെ കൊടുത്തിരിക്കുന്നതു്. പ്രയത്നശീലം, ശ്രദ്ധ, സാവധാനത എന്നിവ കൂടാതെ പ്രവൃത്തി സഫലമാവുകയില്ല, തീർച്ച.

ഹരിജൻ, 21–6–'42

## ഖണ്ഡം ഏഴ്: പോസ്റ്റ് ബേസിക എഡ്യുക്കേഷൻ

### നാല്പത്താറ്

### കോൺഗ്രസ്സ്മന്ത്രിമാരും പോസ്റ്റ്ബേസിക് എഡ്യുക്കേഷനും

കോൺഗ്രസ്സ്സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസമന്ത്രിമാർ ശ്രീ. ബാലാസാഹബ്ഖറിൻെറ ക്ഷണമനുസരിച്ച് 1946 ജൂലായി 29, 30 തീയതികളിൽ പൂനയിലെ കൗൺസിൽ ഹാളിൽ സമ്മേളിച്ചു. ശ്രീ.ഖർ തന്നെയായിരുന്നു അദ്ധ്യക്ഷൻ. എല്ലാ സംസ്ഥാനങ്ങളിലേയും വിദ്യാഭ്യാസമന്ത്രിമാരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. 29-ാംനു ഉച്ചയ്ക്കുശേഷം ഒരു മണിക്കൂറിലധികംനേരം ഗാന്ധിജി അതിൽ പങ്കുകൊണ്ടു.

1944–ൽ തടങ്ങലിൽനിന്നു വിട്ടതിന്നുശേഷം ആദ്യമായി താലിമിസംഘംമെമ്പർമാരെക്കണ്ട അവസരത്തിൽ ഗാന്ധിജി അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ പരിധി വർദ്ധിപ്പിക്കേണ്ട സമയമായെന്നു് അവരോടു പറഞ്ഞിരുന്നു. അവർ ഇനി തങ്ങളുടെ വിദ്യാഭ്യാസപരിപാടിയിൽ അടിസ്ഥാനഘട്ടത്തിന്നുമുമ്പും പിമ്പുമുള്ള (Pre-basic and Post-basic) വിദ്യാഭ്യാസവും ഉൾപ്പെടുത്തേണ്ടതാണു്. അടിസ്ഥാനവിദ്യാഭ്യാസം യഥാർത്ഥത്തിൽ ജീവിതത്തിന്നുള്ള വിദ്യാഭ്യാസമാവണം. അന്നു പറഞ്ഞതിൻെറ തുടർച്ചയായി ഏതുപ്രകാരമാണു് പരിധി വർദ്ധിപ്പിക്കേണ്ടതെന്നും അക്കാര്യത്തിൽ—തന്റെ അഭിപ്രായത്തിൽ—മന്ത്രിമാരുടെ ചുമതലയെന്തെന്നും ഗാന്ധിജി വിവരിച്ചു. അദ്ദേഹം ഡാക്ടർ സാക്കിർ ഹുസെയ്ൻെറ ഒരു ചോദ്യത്തിന്നു മറുപടിനല്കിക്കൊണ്ടു സംസാരിക്കയായിരുന്നു. ആവേശത്തിൻെറ ആധിക്യംനിമിത്തം

താലിമിസംഘം തങ്ങളുടെ കഴിവിൽക്കവിഞ്ഞ കാര്യം ഏറ്റെടുക്കുന്നതിൽ ഡാക്ടർ സാഹബിന്നു് ആശങ്കയുണ്ടായിരുന്നു. കഴിവിൽക്കവിഞ്ഞതും ആവേശംനിമിത്തം നടപ്പാക്കാനാഗ്രഹിക്കുന്നതുമായ ഒരു പരിപാടി അവസാനം ഒരു ആപത്തും കുഴക്കം ആയിട്ടാണു പരിണമിക്കുക.

"ഞാൻ ഒരു മന്ത്രിയായിരുന്നുവെങ്കിൽ"

ഈ കാര്യത്തിൽ എന്തുചെയ്യണമെന്നു തനിക്കു സ്പഷ്ടമായറിയാം, പക്ഷേ, എങ്ങനെ ചെയ്യണമെന്നു ശരിക്കറിയുന്നില്ല എന്നാണു ഗാന്ധിജി പറഞ്ഞതു്. ഇന്നേവരെ അവർക്കു മുൻകൂട്ടി തയാറാക്കിയ ഒരു മാർഗ്ഗത്തിലൂടേയാണു സഞ്ചരിക്കേണ്ടിയിരുന്നതു്. ഇന്നാകട്ടെ, ആരും നടന്നിട്ടില്ലാത്ത ഒരു മാർഗ്ഗമാണു മുന്നിലുള്ളതു്. അദ്ദേഹത്തിന്നു് അവരുടെ വിഷമങ്ങളറിയാം. പഴയ പാരമ്പര്യത്തിൽ വളന്നുവന്നവക്കു പെട്ടെന്നു് അതുമുഴുവനും മാററുക സാധ്യമല്ല, അതത്ര എളുപ്പവുമല്ല. താൻ മന്ത്രിയുടെ കസേലയിലാണു് ഇരിക്കുന്നതെങ്കിൽ മേലാൽ ഗവമ്മേണ്ടിൻെറ വിദ്യാഭ്യാസസംബന്ധമായ എല്ലാ പ്രവത്തനങ്ങളും അടിസ്ഥാനവിദ്യാഭ്യാസപദ്ധതിയനുസരിച്ചായിരിക്കണമെന്നു നിർദ്ദേശിക്കും എന്നു ഗാന്ധിജി പറഞ്ഞു. പല സംസ്ഥാനങ്ങളിലും പ്രൗഢവിദ്യാഭ്യാസത്തിന്നുള്ള ഏർപ്പാടുകളാരംഭിച്ചിട്ടുണ്ടു്. തൻെറ അഭിപ്രായം സ്വീകരിക്കുമെങ്കിൽ അദ്ദേഹം പ്രൗഢവിദ്യാഭ്യാസവും ഒരു കൈത്തൊഴിൽമുഖേനയാക്കിത്തീക്കും. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ പരുത്തിനൂല്പും അതുസംബന്ധിച്ച പ്രക്രിയകളും അതിന്നേററവും പററിയതാണു്. എന്നാൽ, ഓരോസ്ഥലത്തും ഏതു കൈത്തൊഴിലാണു സ്വീകരിക്കേണ്ടതെന്ന കാര്യം അതതു പ്രദേശത്തെ പ്രവത്തകന്മാർക്കു വിട്ടുകൊടുക്കണം. കാരണം, ആന്തരികമായി നല്ല മൂല്യമുള്ള കൈത്തൊഴിൽ മാത്രമേ നിലനിൽക്കു എന്നദ്ദേഹത്തിന്നുറപ്പുണ്ടു്. ഇൻസ്പെക്ടർമാരും

വിദ്യാഭ്യാസവകുപ്പിലെ മററു് ഉദ്യോഗസ്ഥന്മാരും സാധാരണക്കാരുടേയും സ്കൂൾമാസ്റ്റർമാരുടേയും ഇടയിൽചെന്നു ഗവമ്മേണ്ടിൻെറ പുതിയ വിദ്യാഭ്യാസപദ്ധതിയുടെ മൂല്യവും ഉപയുക്തതയും വിവരിച്ചുകൊടുക്കണം; അതു നടപ്പാക്കാൻ അവരെ പ്രേരിപ്പിക്കുകയും വേണം. അതാണു് അവരുടെ പ്രഥമകത്തവ്യം. അല്ലാതെ ഇതു് ജനങ്ങളുടെമേൽ നിർബന്ധപൂവ്വം വെച്ചുകെട്ടുകയല്ല. അവക്കിതിൽ വിശ്വാസമില്ലെങ്കിൽ അഥവാ അവർ ഇതു ഭക്തിപൂവ്വം നടപ്പാക്കാൻ ഇഷ്ടപ്പെടുന്നില്ലെങ്കിൽ അദ്ദേഹം അവർക്കു രാജിവച്ചു പോകാൻ അവസരം കൊടുക്കും. എന്നാൽ, മന്ത്രിമാർ തങ്ങളുടെ ചുമതല മനസ്സിലാക്കി ഇതു നടപ്പാക്കാൻ ആത്മാത്ഥതയോടെ പ്രവത്തിക്കുന്നതായാൽ അതൊന്നും വേണ്ടിവരില്ലെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. വെറുതെ കല്പനകൾ പുറപ്പെടുവിച്ചതുകൊണ്ടുമാത്രം ഒരു കാര്യ്യവും നടക്കില്ല.

### സവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ പുനഃസംവിധാനം

അദ്ദേഹം പ്രൗഢവിദ്യാഭ്യാസത്തെപ്പററിപ്പറഞ്ഞതു സവ്വകലാശാലക്കും ബാധകമാണു്. അതു് ഇന്ത്യയുടെ ആവശ്യങ്ങൾക്കു തികച്ചും യോജിച്ചതായിരിക്കണം. അതിനാലതു് അടിസ്ഥാനവിദ്യാഭ്യാസക്രമത്തിനെത്തുടന്നുകൊണ്ടുള്ളതും അതിൻെറതന്നെ വിസ്തൃതരൂപവും ആയിരിക്കണം. അതാണു മൗലികമായ ആശയം. ആ ആശയത്തോടു യോജിക്കുന്നില്ലെങ്കിൽ പിന്നെ അദ്ദേഹത്തിൻെറ ഉപദേശംകൊണ്ടു് അവക്കു് ഒരു ഉപകാരവുമില്ല. ഇന്നത്തെ സവ്വകലാശാലാവിദ്യാഭ്യാസം നമ്മുടെ സ്വാതന്ത്ര്യത്തിന്നു യോജിച്ചതരത്തിലുള്ളതല്ല. അതു നമ്മെ അടിമകളാക്കിയിട്ടേ ഉള്ളു എന്നാണദ്ദേഹം കരുതുന്നതു്: അവർ അതിനോടു യോജിക്കുന്നുവെങ്കിൽ ആ പദ്ധതിയെ ആകെ പൊളിച്ചുകളഞ്ഞു നമ്മുടെ ദേശീയാവശ്യങ്ങൾക്കനുസരിച്ചവിധത്തിൽ സവ്വകലാശാലാവിദ്യാഭ്യാസത്തെ

പുനർവിരചിക്കുവാൻ അദ്ദേഹത്തെപ്പോലെ അവർക്കും ബദ്ധപ്പാടുണ്ടായിരിക്കും.

ഇന്നു നമ്മുടെ സർവ്വകലാശാലയിൽ പഠിച്ചവർ ഒന്നുകിൽ ഗവർമ്മെണ്ടുദ്യോഗങ്ങളുടെ പിന്നാലെ ഓട്ടം, അല്ലെങ്കിൽ ജനങ്ങൾക്കിടയിൽ അശാന്തി പരത്തിക്കൊണ്ടു തങ്ങളുടെ നൈരാശ്യത്തിനു് ഒരു പോംവഴി കാണുന്നതിന്നായി ദുർമ്മാർഗ്ഗങ്ങളിൽചെന്നു ചാട്ടം. അവർക്കു യാചിക്കാനോ മററുള്ളവരുടെ ദയയെ ചെന്നാശ്രയിക്കാനോ ലജ്ജയില്ല. നാട്ടിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ജീവിക്കുകയും വേണ്ടിവന്നാൽ മരിക്കുകയും ചെയ്യുന്ന യഥാർത്ഥ സേവകന്മാരെ ഉണ്ടാക്കിവിടുക എന്നതാവണം സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. അതിനാൽ, താലിമിസംഘത്തിൽനിന്നു് അദ്ധ്യാപകന്മാരെ എടുത്തുകൊണ്ടു സർവ്വകലാശാലാവിദ്യാഭ്യാസത്തെ അടിസ്ഥാനവിദ്യാഭ്യാസത്തോടു യോജിപ്പിക്കയും ആ മാർഗ്ഗത്തിലാക്കുകയും ചെയ്യണമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു.

മന്ത്രിമാർ ജനപ്രതിനിധികളെന്നനിലയിലാണു് ഉദ്യോഗം സ്വീകരിച്ചിട്ടുള്ളതു്. തങ്ങളുടെ പ്രവൃത്തിക്കു ജനങ്ങളുടെ ആനുകൂല്യം നേടാൻ കഴിയില്ലെങ്കിൽ അവരുടെ കല്പന കൗൺസിൽഹാളിന്റെ നാലു ചുമരുകളുടെ അപ്പുറത്തേയ്ക്കു പോകയില്ല. ഇന്നു ബോമ്പായിലും അഹമ്മദാബദിലും നടക്കുന്നതു് കോൺഗ്രസ്സിന്നു ജനങ്ങളുടെമേലുണ്ടായിരുന്ന സ്വാധീനശക്തി കുറഞ്ഞിരിക്കുന്നു എന്നാണു കാണിക്കുന്നതെങ്കിൽ അതു തീർച്ചയായും ഒരു ദുഃശകുനമാണു്. നവീനവിദ്യാഭ്യാസം ഇന്നൊരു ഇളംതൈയാണു്. പക്ഷേ, അതിന്നു് ഒരു വലിയ ഭാവിയുണ്ടു്. പൊതുജനാനുകൂല്യമില്ലെങ്കിൽ പിന്നെ മന്ത്രിമാരുടെ ശാസനങ്ങളെക്കൊണ്ടു് അതിനെ തച്ചുനീട്ടുക സാധ്യമല്ല. അതിനാൽ, പൊതുജനാനുകൂല്യം സമ്പാദിക്കാൻ കഴിയാത്തപക്ഷം മന്ത്രിമാർ രാജി സമർപ്പിക്കണമെന്നാണു്

അദ്ദേഹം ഉപദേശിക്കുക. അവർ അരാജകത്വത്തെ ഭയപ്പെടരുതു്. സ്വന്തം വെളിച്ചത്തിന്നനുസരിച്ച വിധത്തിൽ കർത്തവ്യം അനുഷ്ഠിക്കുകയും ബാക്കിയൊക്കെ ദൈവത്തിങ്കൽ സമർപ്പിക്കുകയും ചെയ്യുക—ഇതേ അവർ ചെയ്യേണ്ടതുള്ളൂ. ആ അനുഭവത്തിൽനിന്നുപോലും ജനങ്ങൾ യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ പാഠം പഠിക്കുന്നതാണു്.

ഹരിജൻ, 25–8–'46

## നാല്പത്തേഴ്

## പുതിയ സർവ്വകലാശാലകൾ

ഇപ്പോൾ സംസ്ഥാനങ്ങളിൽ പുതിയ വിശ്വവിദ്യാലയങ്ങൾ (സർവ്വകലാശാലകൾ) ആരംഭിക്കാൻ ഒരുതരം വെമ്പൽ കാണപ്പെടുന്നുണ്ടു്. ഗുജറാത്തിന്നു ഗുജറാത്തിഭാഷയ്ക്കായി ഒരു സർവ്വകലാശാല വേണം. മഹാരാഷ്ട്രത്തിന്നു മറാത്തിക്കായും, കർണ്ണാടകത്തിന്നു് കന്നടത്തിന്നായും, ഒറീസ്സയ്ക്കു് ഒറിയയ്ക്കായും, ആസ്സാമിന്നു് ആസ്സാമിസ്സിന്നായും എല്ലാം പ്രത്യേകം പ്രത്യേകം സർവ്വകലാശാലകൾ വേണം. സമൃദ്ധങ്ങളായ ഈ പ്രാദേശികഭാഷകളും അവ സംസാരിക്കുന്ന ജനങ്ങളും പൂർണ്ണവളർച്ച പ്രാപിക്കണമെങ്കിൽ അത്തരം സർവ്വകലാശാലകൾ ആവശ്യമാണെന്നു ഞാൻ തീർച്ചയായും വിശ്വസിക്കുന്നുണ്ടു്.

അതേസമയത്തു് ആ ലക്ഷ്യം പ്രാപിക്കുന്നതിന്നായി നാം അനുചിതമായ ബദ്ധപ്പാടു് കാണിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അതിന്നുള്ള ആദ്യത്തെ കാല്വെപ്പു് ഭാഷയനുസരിച്ചു് സംസ്ഥാനങ്ങളെ പുനർവിഭജിക്കുകയാണു്. അതു് സർവ്വകലാശാലകളില്ലാത്തേടിക്കിൽ അവ സ്ഥാപിക്കാൻ സ്വാഭാവികമായിത്തന്നെ സഹായകമായിത്തീരും.

ബോമ്പെസംസ്ഥാനത്തിൽ മൂന്നു ഭാഷകളുണ്ടു്—ഗുജറാത്തി, മറാത്തി, കന്നട. അതുനിമിത്തം അവയുടെ വളർച്ചയ്ക്കു വിഘാതം നേരിടുന്നു. മദ്രാസിൽ നാലു ഭാഷകളുണ്ടു്—തമിഴ്, തെലുങ്കു്, മലയാളം, കന്നട. അങ്ങനെ അവിടെ ഒരു വല്ലാത്ത തിങ്ങൽ അനുഭവപ്പെടുന്നുണ്ടു്. ആന്ധ്രയിൽ ഒരു സർവ്വകലാശാലയുണ്ടെന്നതു ശരിതന്നെ. എന്നാൽ, ആന്ധ്ര പുറമേനിന്നു നിയന്ത്രണമില്ലാത്ത, ഭരണപരമായ ഒരു പ്രത്യേകഘടകമായിരുന്നുവെങ്കിൽ ആ സർവ്വകലാശാലയ്ക്കുണ്ടാവുമായിരുന്ന സ്ഥാനം ഇന്നതിന്നില്ലെന്നാണു് എന്റെ അഭിപ്രായം. ഇന്ത്യയ്ക്കുതന്നെ സ്വാതന്ത്ര്യം കിട്ടിയതു് രണ്ടുമാസം മുമ്പാണു്. അണ്ണാമല സർവ്വകലാശാലയെപ്പററിയും അതുതന്നെ പറയാം. അതിൽ തമിഴിന്നു വേണ്ടത്ര പോഷണം കിട്ടിയിട്ടുണ്ടെന്നു പറയാൻ ആർക്കാണു് കഴിയുക?

പുതിയ സർവ്വകലാശാലകൾക്കു് ഒരു ശരിയായ പശ്ചാത്തലമുണ്ടായിരിക്കണം. അവയെ പോഷിപ്പിക്കുന്നതിന്നു് അതതു പ്രാന്തീയഭാഷകൾമുഖേന വിദ്യാഭ്യാസം നല്കുന്ന സ്കൂളുകളും കാളേജുകളും ഉണ്ടായിരിക്കണം. അപ്പോഴേ പശ്ചാത്തലം ശരിയായതാണെന്നു കരുതാൻ സാധിക്കൂ. സർവ്വകലാശാല അഗ്രത്തിലുള്ളതാണു്. അസ്തിവാരത്തിന്നു് ഉറപ്പുണ്ടെങ്കിലേ അതിന്മേൽ പണിയുന്ന മാളികപ്പുര ചിരകാലം നില്ക്കുകയുള്ളൂ.

രാഷ്ട്രീയമായി സ്വതന്ത്രരായിട്ടുണ്ടെങ്കിലും നാം സൂക്ഷ്മമായ പാശ്ചാത്യപ്രഭാവത്തിൽനിന്നു് ഇനിയും സ്വതന്ത്രരായിട്ടില്ല. പടിഞ്ഞാറുനിന്നു മാത്രമേ ജ്ഞാനം വരികയുള്ളൂ എന്നു വിശ്വസിക്കുന്ന രാഷ്ട്രീയക്കാരോടു് എനിക്കൊന്നും പറയാനില്ല. അതുപോലെതന്നെ പടിഞ്ഞാറുനിന്നു നല്ലതായി ഒന്നും വരില്ല എന്നും ഞാൻ വിചാരിക്കുന്നില്ല. ഇക്കാര്യത്തിൽ ഇനിയും ശരിയായ ഒരു നിർണ്ണയത്തിലെത്താൻ നമുക്കു സാധിച്ചിട്ടില്ല. വൈദേശികാധിപത്യത്തിൽനിന്നു രാഷ്ട്രീയമായി

മുക്തരായിത്തീന്നിട്ടുണ്ടെങ്കിലും അതുകൊണ്ടുമാത്രം നാം ഭാഷയുടേയും ചിന്തയുടേയും സൂക്ഷ്മമായ സ്വാധീനശക്തിയിൽനിന്നു സ്വതന്ത്രരായിട്ടുണ്ടെന്നു കരുതി ആരും സമാധാനിച്ചിരിക്കയില്ലെന്നു ഞാനാശിക്കുന്നു. പുതിയ സവ്വകലാശാലകളുടെ പ്രവത്തനത്തിലേപ്പെട്ടുന്നതിന്നുമുമ്പായി അല്പം നിന്നു് നാം നമ്മുടെ ശ്വാസകോശങ്ങൾ നമുക്കു ലഭിച്ച പുതിയ സ്വാതന്ത്ര്യത്തിന്റെ പരിശുദ്ധമായ വീര്യാമിലതം (Ozone) കൊണ്ടു നിറയ്ക്കണം. അതല്ലേ വിവേകം, അതല്ലേ രാഷ്ട്രത്തോടുള്ള കത്തവ്യം നമ്മോടാവശ്യപ്പെട്ടുന്നതു്? സവ്വകലാശാലയ്ക്കു വലിയവലിയ എടുപ്പുകളോ സ്വണ്ണവും വെള്ളിയും നിറച്ച ഖജാനകളോ ഒരിക്കലും ആവശ്യമില്ല. വിവേകപൂണ്ണമായ ജനാഭിപ്രായമാണു് എല്ലാററിലുമധികം ആവശ്യമായിട്ടുള്ളതു്. പിന്നെ സദാ സന്നദ്ധരായ നിരവധി അദ്ധ്യാപകന്മാരും വേണം. അതിൻെറ സ്ഥാപകന്മാർ ദൂരദർശിത്വമുള്ളവരായിരിക്കണം.

എൻെറ അഭിപ്രായത്തിൽ ഒരു പ്രജാധിപത്യരാഷ്ട്രം സവ്വകലാശാലകൾ സ്ഥാപിക്കുന്നതിന്നായി പണം കാണേണ്ടതില്ല. തങ്ങൾക്കാവശ്യമാണെങ്കിൽ ജനങ്ങൾ അവയ്ക്കു വേണ്ട പണവും ഉണ്ടാക്കിത്തരും. അങ്ങനെ സ്ഥാപിച്ച സവ്വകലാശാലകൾ അവ പ്രതിനിധാനംചെയ്യുന്ന രാഷ്ട്രത്തിന്നു് ഒരലങ്കാരമായിരിക്കും. ഭരണം അന്യരുടെ കൈയിലായ സ്ഥലങ്ങളിൽ ഏതൊന്നും ജനങ്ങളുടെ അടുക്കലേയ്ക്കു വരുന്നതു മുകളിൽനിന്നാണു്. അങ്ങനെ അവർ അധികമധികം പരാധീനരായിത്തീരുന്നു. എന്നാൽ, പൊതുജനാഭിപ്രായത്തെ ആധാരമാക്കി ഭരണം നടത്തുന്ന സ്ഥലത്തു് ഏതൊന്നും അടിയിൽനിന്നു മേലോട്ടാണു പോവുക. അതിനാൽ, അതു നിലനില്ക്കും, കാണാൻ കൗതുകമുള്ളതാവും, ജനങ്ങളുടെ ശക്തിയെ വദ്ധിപ്പിക്കയും ചെയ്യും. അത്തരം പ്രജാധിപത്യവ്യവസ്ഥ

യിൽ വിജ്ഞാനവർദ്ധനയ്ക്കായി വിനിയോഗിക്കുന്ന പണം, നല്ല മണ്ണിൽ വിതച്ച വിത്തുപോലെ പത്തിരട്ടിയായി മടങ്ങിക്കിട്ടുന്നതാണു്. വിദേശഭരണത്തിൽ സ്ഥാപിതമായ സർവ്വകലാശാലകൾ ഇതിന്നു വിപരീതമായ വിധത്തിലാണു് പ്രവർത്തിച്ചിട്ടുള്ളതു്. അതുകൊണ്ടു മറെറാരു ഫലവും ഉണ്ടാവുക സാദ്ധ്യമായിരുന്നില്ല. അതിനാൽ ഇന്ത്യ പുതുതായിക്കിട്ടിയ സ്വാതന്ത്ര്യത്തെ സാത്മ്യപ്പെടുത്തുന്നതുവരെ പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുന്ന കാര്യത്തിൽ വളരെ കരുതലോടെ പ്രവർത്തിക്കേണ്ടതാണു്.

ഇനി ഹിന്ദുമുസ്ലീം പ്രശ്നമെടുക്കാം. അതു നമ്മെ എവിടെയാണു് എത്തിക്കുക എന്നു പ്രവചിക്കാൻ സാധിക്കാത്ത വിധത്തിൽ അതിന്റെ വിഷം അത്രയധികം ഭയങ്കരമായിത്തീൎന്നിട്ടുണ്ടു്. ഇന്ത്യായൂനിയനിൽ ഒരു മുസൽമാന്നുപോലും സുരക്ഷിതമായോ മാനമായോ ജീവിക്കുക സാദ്ധ്യമല്ലാതായി, അതുപോലെതന്നെ ഒരു ഹിന്ദുവിന്നോ സിക്കിന്നോ പാക്കിസ്ഥാനിലും ജീവിക്കുക സാധ്യമല്ലാതായി എന്നു വിചാരിക്കുക—അതു വിചാരിക്കാൻപോലും വയ്യാത്ത ഒരു കാൎയ്യമാണു്. അപ്പോൾ നമ്മുടെ വിദ്യാഭ്യാസം വിഷമയമായ ഒരു രൂപം ധരിക്കും. മറിച്ചു്, ഹിന്ദുക്കൾക്കും മുസൽമാന്മാൎക്കും, വ്യത്യസ്ത മതക്കാരായ മറെറല്ലാവൎക്കും രണ്ടിടത്തും പരിപൂൎണ്ണമായ രക്ഷയോടും അഭിമാനത്തോടുംകൂടി ജീവിക്കാൻ സാധിക്കുമെങ്കിൽ നമ്മുടെ വിദ്യാഭ്യാസം സ്വാഭാവികമായിത്തന്നെ സന്തോഷപ്രദമായ ഒരു രൂപം കൈക്കൊള്ളും. ഒന്നുകിൽ വിവിധ മതസ്ഥരായ ജനങ്ങൾ ഒരുമിച്ചു് മൈത്രിയിൽ ജീവിച്ചു്, അങ്ങനെ ഉണ്ടാവുന്ന മനോഹരമായ സംസ്കാരസമന്വയത്തെ ശാശ്വതമാക്കാനും ഉത്തരോത്തരം സുശക്തമാക്കാനും നാം പ്രയത്നിക്കും. അല്ലാത്തപക്ഷം ഹിന്ദുസ്ഥാനത്തിൽ ഒരു മതം മാത്രമുണ്ടായിരുന്ന ആ കാലഘട്ടത്തെ വീണ്ടും കൊണ്ടുവരാൻ പ്രയത്നിക്കുകയും ആ സങ്കുചിതസംസ്കാരത്തിലേയ്ക്കു മടങ്ങുകയും ചെയ്യും. ചരിത്രത്തിൽ അങ്ങനെ ഒരു കാലം കാണാൻ

നമുക്കു കഴിഞ്ഞില്ല എന്നു വരാം. അഥവാ അങ്ങനെ ഒരു കാലമുണ്ടായിരുന്നു എന്നു് കാണുന്നു എന്നും നാം ആ കാലത്തേക്കു് മടങ്ങുന്നു എന്നും വിചാരിക്കുക. അതു്, നമ്മുടെ സാസ്കാരത്തെ വിരൂപമാക്കുകയും ലോകത്തിന്റെ വെറുപ്പു സമ്പാദിക്കുകയും ആണു ചെയ്യുക. ഉദാഹരണം: നാം'മുസ്ലീം പീരീഡ്' ഇല്ലാതാക്കാൻ വൃഥാ പരിശ്രമിക്കുന്നതായാൽ നമുക്കു് ഡൽഹിയിലെ വിശ്വവിശ്രുതമായ ജുമാമസ്ജിദിനെ മറക്കേണ്ടിവരും, ആലിഗാറിലെ മുസ്ലീം സർവ്വകലാശാലയെ മറക്കേണ്ടിവരും, ലോകത്തിലെ സപ്താശ്ചര്യങ്ങളിലൊന്നായ താജ്മഹലിനെ മറക്കേണ്ടിവരും, മുഗളരുടെ കാലത്തു് ആഗ്രയിലും ഡൽഹിയിലും കെട്ടിയ എല്ലാ വലിയ കോട്ടകളേയും മറക്കേണ്ടിവരും. പിന്നെ ആ ലക്ഷ്യംവെച്ചു് നമ്മുടെ ചരിത്രം മാററി എഴുതേണ്ടിവരും. ഇന്നത്തെ നമ്മുടെ അന്തരീക്ഷം ശരിയായ ഒരു നിഗമനത്തിലെത്താൻ അനുകൂലമല്ല. രണ്ടുമാസം മാത്രം പ്രായമായ നമ്മുടെ സ്വാതന്ത്ര്യം രൂപപ്പെടാൻ കിടന്നു പിടഞ്ഞുകൊണ്ടിരിക്കയാണു്. അവസാനം അതെന്തു രൂപമാണു് കൈക്കൊള്ളുക എന്നു് പ്രവചിക്കുക സാധ്യമല്ല. അതു ശരിയായി മനസ്സിലാവുന്നതുവരെ ഇന്നുള്ള സർവ്വകലാശാലകളിൽ സാധിക്കുന്ന മാററങ്ങൾ വരുത്തുകയും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും നമ്മുടെ സ്വാതന്ത്ര്യത്തെ തരിതപ്പെടുത്താനുള്ള ഒരു നവചൈതന്യം നല്കുകയും ചെയ്താൽ ത്തന്നെ ധാരാളമായി. അങ്ങനെ സമ്പാദിക്കുന്ന അനുഭവം കാലമാവുമ്പോൾ പുതിയ സർവ്വകലാശാലകളാരംഭിക്കാൻ സഹായകമാവുകയും ചെയ്യും.

അതിനാൽ, വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ പുതിയ സർവ്വകലാശാലകൾ സ്ഥാപിക്കുന്ന കാര്യത്തിൽ വിവേകപൂർവ്വം കാലതാമസം വരുത്തുന്നതാവശ്യമാണെന്ന നിഗമനത്തിലെത്തുമെന്നു ഞാനാശിക്കുന്നു.

ഹരിജൻ, 2–11–'47

★

# പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| തിരുക്കുറൾ-വിവർത്തകൻ: വെണ്ണിക്കുളം | 5 | 00 |
| മലനാട്ടിൽ-കെ. കെ. രാജാ | 1 | 00 |
| ചന്തുമേനോൻ—ഒരു പഠനം-പി. കെ. ബാലകൃഷ്ണൻ | 2 | 50 |
| സൂചിമുഖി-മലയാററൂർ രാമകൃഷ്ണൻ | 1 | 25 |
| അടുക്കളപ്പുസ്തകം-കുമാരി ജോഷ്വാ & രത്നം | 1 | 25 |
| പൗരനും ഭരണഘടനയും-എം. രത്നസ്വാമി | 1 | 00 |
| ഉണ്ണികൾക്കു ജന്തുകഥകൾ-മാലി | 1 | 00 |
| സാഹിത്യപഞ്ചാനനൻ-പി.കെ.പരമേശ്വരൻനായർ | 5 | 00 |
| ഗൗതമബുദ്ധൻ-ഡാ: രാധാകൃഷ്ണൻ | 1 | 00 |
| മൺകോലങ്ങൾ-വിവർത്തകൻ: അഭയദേവ് | 2 | 00 |
| ജാതകംമാറുന്നു-കെ. രാമകൃഷ്ണപിള്ള | 1 | 00 |
| ഭാരതീയസാഹിത്യം-ഏ. പി. പി. നമ്പൂതിരി | 3 | 00 |
| കുട്ടികൾക്കുള്ള കഥകൾ-മുകുൾഭായ് | 0 | 75 |
| സ്വർഗ്ഗദൂതൻ-പോഞ്ഞിക്കര റാഫി | 5 | 00 |
| യക്ഷിപ്പറമ്പ് (രണ്ടാംഭാഗം)-ജി. വിവേകാനന്ദൻ | 3 | 50 |
| ഉത്തരരാമചരിതം-ചാത്തുക്കുട്ടിമന്നാടിയാർ | 2 | 00 |
| കുട്ടികളുടെ നിഘണ്ടു-പയ്യമ്പിള്ളി | 3 | 00 |
| റൈറ്റ്സഹോദരന്മാർ-ക്യൂ. റെയിനോൾഡ്സ് | 2 | 00 |
| ലക്ഷ്മീകല്യാണം—കെ. സി. കേശവപിള്ള | 0 | 75 |
| ബദാംപഴങ്ങൾ-കിഷൻചന്ദർ | 0 | 80 |
| മനുഷ്യരും നദികളും-ഹുമയൂൺ കബീർ | 3 | 00 |
| ഇടിവെട്ടുതൈലം-കെ. സരസ്വതിഅമ്മ | 1 | 50 |
| പൂമ്പാററകൾ—കെ. എസ്. വേണുഗോപാൽ | 1 | 00 |

**നാഷനൽ ബുക്ക്സ്റ്റാൾ**

**കോട്ടയം — തിരുവനന്തപുരം**



# അടിസ്ഥാന വിദ്യാഭ്യാസം

മഹാത്മാഗാന്ധി

4418
Q.S. 52